



The MALAYALA RAJYAM ILLUSTRATED WEEKLY.



സിനിമാപംക്തി

തോമസ് ബർളി



ചലച്ചിത്രത്തിൽ — പ്രത്യേകിച്ച് പ്രഥമചിത്രത്തിൽ — അഭിനയിച്ച പരിപൂർണ്ണവിജയം വരിക്കുന്നതു് ഏറ്റവും ശ്രമകരമായ കൃത്യമാണ്. നാടകലോകത്തു പ്രശസ്തി നേടിയിട്ടുള്ള നടന്മാർപോലും സിനിമയിൽ ഒരു നിയമമായി പരാജയപ്പെട്ടതിന് അനുഭവങ്ങളും സുലഭങ്ങളാണ്. ചലച്ചിത്രത്തിൽ നടന്മാരുടെ അഭിനയസ്വാതന്ത്ര്യം നിശിതമായി നിയന്ത്രിക്കപ്പെടുന്നു. യാന്ത്രികമായ ചുറ്റുപാടുകളിൽകൂടി ഒരു രംഗം സങ്കല്പിച്ചുകൊണ്ടു നൈസർഗ്ഗികമായി അഭിനയിച്ചു ഫലിപ്പിക്കുക എന്നതാണ് സിനിമയിലെ വൈഷമ്യം. സ്വന്തം കഴിവുകളുടെ മരംശം മാത്രമെ സിനിമാഅഭിനയത്തിൽ പുറത്തുവരും പാരമ്പര്യവുമില്ലാത്ത ഒരു നടനെ വെള്ളിത്തിരയിൽ വെളിപ്പെടുത്തുവാൻ സാഹസമാകും. ക്യാമറായിക്കു പിടികിട്ടത്തക്കവണ്ണം മുഖത്തിന്റെ കോണുകളും കൊടുക്കുക, തലയുമുകളിലായി തൂങ്ങിക്കിടക്കുന്ന മൈക്രോഫോണിൽ സംഭാഷണങ്ങളും ക്രമീകരിച്ചുപറയുക നില്പിനുള്ള സ്ഥാനത്തുനിന്നു വ്യതിചലിക്കാതെ അഭിനയിക്കുക തുടങ്ങിയ ബാഹ്യമുഖകാര്യങ്ങളിൽ നടന്റെ ശ്രദ്ധ ഒരേസമയത്തു കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. ഈ ദുഃപരിതഃസ്ഥിതിയിൽ കേവലം ഒരു കോളേജ് വിദ്യാർത്ഥിയായിരുന്ന തോമസ് ബർളി പ്രഥമ ചിത്രത്തിൽ പ്രതീക്ഷാനുസരണം വിജയിച്ചില്ലെങ്കിൽ അത്ഭുതത്തിന് അവകാശമില്ലല്ലോ. എന്നാൽ ഒരൊറ്റപടത്തിൽ പരാജയപ്പെട്ടു എന്ന കാരണത്താൽ ആ നടനു് ഇനിയും സന്ദർഭം നൽകാതിരിക്കുന്നതു് അഭിലഷണീയമാണെന്നു തോന്നുന്നില്ല. ഇതു് ബർളിയെ മാത്രം സ്പർശിക്കുന്ന കാര്യമല്ല. എല്ലാ പുതുമുഖങ്ങളെയും സംബന്ധിക്കുന്ന പൊതുപ്രശ്നമാണ്. പരാജയത്തിന്റെ പരുപരുത്ത അനുഭവങ്ങളേറെ പിന്നടങ്ങിയിട്ടുള്ള പലരും അനന്തരകാലത്തു് ചലച്ചിത്രംസൃഷ്ടിച്ചു പുതുക്ഷിപ്പെട്ട വിജയം വരിച്ചിട്ടുള്ളതിനു് നൂറുനൂറു തെളിവുകൾ ഹാജരാക്കാവുന്നതാണ്. ബർളി വിക്കസിക്കുവാനും വളരുവാനും ആഗ്രഹമുള്ള ഒരു കലാപ്രേമിയാണ്. മലയാളചലച്ചിത്രലോകത്തു നായകദാരിദ്ര്യമുള്ള ഇത്തരുണത്തിൽ നിർമ്മാതാക്കൾ ‘സ്റ്റാർവില്യൂ’ പിന്നാലെ പരക്കം പായാതെ — തമിഴ് ചലച്ചിത്രവേദിയിൽനിന്നു നടന്മാരെ കടമെടുക്കാതെ — മലയാളമണ്ണിൽ ജനിച്ചുവളർന്നിട്ടുള്ള കഴിവുള്ള പുതുമുഖങ്ങൾക്കു അഭിനയസൌകര്യവും പ്രോത്സാഹനവും നൽകി അവരുടെ കലാപരമായ കഴിവുകളെ പോഷിപ്പിക്കുന്നതിനു് ഉദ്യമിക്കേണ്ടതാണ്. അതു മലയാള ചലച്ചിത്രനിർമ്മാതാക്കളുടെ ധാർമ്മികമായ ഒരു കടമയാണെന്നും അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

കലാസംഗമം ഫിലിംസിന്റെ ‘നീതിരമാല’ യിൽകൂടി വെള്ളിത്തിരയിലെ വെളിച്ചം കണ്ട തോമസ് ബർളി 1931-ൽ ഫോർട്ടുകൊച്ചിയിലെ ഒരു പ്രശസ്ത ക്രിസ്ത്യാനികുടുംബത്തിൽ ജനിച്ചു. ഹൈസ്കൂൾ പഠനത്തിനുശേഷം ഉപരിപഠനാർത്ഥം മദ്രാസിലെ ‘ലയോള’ കോളേജിൽ ചെന്നുചേർന്നു. ചെറുപ്പംമുതലെ ബർളിയിൽ കലാഭിരുചി മൊട്ടിട്ടു വികസിച്ചിരുന്നു. ഒരു സിനിമാപ്രേമിയായ ബർളി ഒരു സിനിമാനടനാകുന്നതിനും ആഗ്രഹിച്ചു. പക്ഷേ രക്ഷകർത്താക്കൾ ആ ഉദ്യമത്തിൽനിന്നു പിൻതിരിയുന്നതിനു് ബർളിയെ പലപ്പോഴും നിർബന്ധിച്ചു. ലയോളകോളേജിലെ പല നാടകങ്ങളിലും ബർളി സ്ത്രീവേഷമായി അഭിനയിച്ചിട്ടുണ്ട്. കണ്ണികളുടെ ഹൃദയം കവരുന്ന ഒരു നടനായിട്ടാണ് കോളേജ് അന്തരീക്ഷത്തിൽ ബർളി അറിയപ്പെട്ടിരുന്നതും. നല്ല അഭിനയചാതുര്യമുള്ള ബർളിയുടെ കഴിവുകൾ വെള്ളിത്തിരയ്ക്കു സംഭാവനചെയ്യൽ മലയാളചലച്ചിത്രവേദിക്കു് ഒരു നേട്ടമായിരിക്കുമെന്നു് അഭ്യുദയകാംക്ഷികൾ ദിർഘദർശനം നടത്തുകയും ചെയ്തിട്ടുണ്ട്. അടക്കാനും ഒതുക്കുവാനും കഴിവില്ലാത്ത കലാസ്നേഹംമൂലം അവസാനം അഭ്യുദയകാംക്ഷികൾപോലും തള്ളാവുകയാണ് ബർളി തിരമാലയിൽ അഭിനയിക്കുവാൻ ഉദ്യുക്തനായതും.

ബർളി കാഴ്ചയിൽ കോമളനാണ്. കരുത്തിരുണ്ട പുരികങ്ങൾ. മിന്നിത്തിളങ്ങുന്ന നയനങ്ങൾ, കരുണനിറഞ്ഞുനില്ക്കുന്ന ചെറുതീശ, ചുരുണ്ടു തഴച്ചു വളർന്ന തലമുടി എന്നിവയൾ ആകാരസുഷമയിൽ ബർളി അനുഗ്രഹിതനാണ്. അല്പം പൊക്കക്കുറവുണ്ടെന്നുള്ള ന്യൂനതയൊഴിച്ചാൽ ഒരു ചലച്ചിത്രനടനു് ആവശ്യമായ എല്ലാലക്ഷണങ്ങളും ബർളിയിൽ തെളിഞ്ഞുശോഭിക്കുന്നുണ്ട്. തിരമാലയിൽ നായകസ്ഥാനം ഏറ്റെടുത്തതിനു് ബർളിക്കു സംഭവിച്ച പ്രമാദം. എതെങ്കിലും ഒരു ചെറിയഭാഗംഏറ്റെടുത്തു കൈകൊയ്യും ചെയ്തതിനുശേഷം നായകസ്ഥാനത്തു പ്രത്യക്ഷപ്പെട്ടാൽ മതിയായിരുന്നു. തിരമാലയിലെ വേണുവിനെ സജീവമായി പ്രതിനിധികരിക്കുന്നതിനു ബർളിക്കു കഴിവില്ലാതെപോയി. ബർളി രാജകപൂരനെ അനുകരിക്കുവാൻ ഒരു വിഫലയത്നം നടത്തുകയുംചെയ്തു. വികാരഭരിതമായ രംഗങ്ങളും അഭിനയിക്കുമ്പോൾ എന്തൊ ഒരു കുറവായിരിയണ് പ്രേക്ഷകർക്കു അനുഭവപ്പെട്ടതു്. വികാരവിക്ഷുബ്ധനത്തിൽ വേണ്ടത്ര തെളിവും മിഴിവും പ്രദർശിപ്പിച്ചിട്ടുമില്ല. എങ്കിലും ഉയരുവാനും വളരുവാനും വെമ്പൽകൊള്ളുന്ന കലാപരമായ കഴിവുകൾ തോമസ് ബർളിയിൽ ഒളിഞ്ഞും തെളിഞ്ഞും കിടപ്പുണ്ടെന്നു യാഥാർത്ഥ്യത്തെ വിസ്മരിക്കുന്നതിനും വിഗണിക്കുന്നതിനും സാധ്യവുമല്ല. വിഭാഗീയനായ ഒരു സംവിധായകന്റെ നിയന്ത്രണത്തിലും ശിക്ഷണത്തിലും അഭിനയിച്ചാൽ തോമസ് ബർളി കൂടുതൽ ശോഭിച്ചെന്നുവരാം. തിരമാലയിലെ സംഭാഷണരീതിയിലും ബർളിക്കു പ്രേക്ഷകലോകത്തിന്റെ സംതൃപ്തിനേടാൻ കഴിഞ്ഞില്ല. “നിങ്ങളും പോകേ സ്നേഹസമ്പന്നനായ ഒരു ഭർത്താവു നിങ്ങളെ പ്രതീക്ഷിച്ചു് അക്ഷമയായി കഴിഞ്ഞുകൂടുന്നു നിങ്ങളുടെ കാറും കാവും അവർ ക്ഷമിക്കും. സഹിക്കും. വേഗം നടക്കൂ അവളുടെ സവിധത്തിലേക്ക്” എന്നുമാത്രം വിജയനോടു പറയുന്ന സംഭാഷണങ്ങൾക്കു വൈദുഷ്യവും തന്മയത്വവും ലഭിക്കാതെ പോയിട്ടുണ്ട്. ഉരുക്കഴിച്ച സംഭാഷണങ്ങളും ഓറഞ്ചുപാസത്തിൽ ആ നടൻ പറയുക മാത്രമാണ് ചെയ്യുന്നതു്. സംഭാഷണങ്ങ
ഭാഗിക്കു
ക്ഷകരിൽ ഉ
ഭാഷണങ്ങളും ആ
ക്കഴിക്കുന്ന സമ്പ്രദായം
യെങ്കിലും ഉപേക്ഷിക്കേണ്ട
ഏതായാലും പ്രഥമചിത്രത്തിലെ
രാജയം ഭയ
നടൻ സിനിമാരംഗത്തുനിന്നു് പിൻ
തിരിയാതിരിക്കട്ടെ. അഭിനയകല
യിൽ പരിശീലനവും പ്രോത്സാഹന
വുംനൽകി ബർളിയുടെ കലാപരമായകഴിവുകളെ വളർത്തിയെടുക്കുവാൻ സാഹചര്യമുണ്ടാകുമെന്നു് ഒരിക്കൽകൂടി പരീക്ഷണംനടത്തുന്നതിനു മലയാളചലച്ചിത്രനിർമ്മാതാക്കളും ഉദ്യുക്തരാകുമെന്നും നമുക്കു് ന്യായമായി പ്രതീക്ഷിക്കാം.

★

ചലച്ചിത്രനിരൂപണം

മുയൽവേട്ട

★

സി. സി. പ്രൊഡക്ഷൻസ് മൈസൂർ നവജ്യോതിസ്സിന്റെയും നമ്മുടെ നവീനസംരംഭമായ തമിഴ് ചലച്ചിത്രമായ മുയൽവേട്ടയും സമകാലികമായ ജീവിതസമസ്യകളെ പ്രത്യേതപ്പിക്കുന്ന ചിത്രങ്ങളാണ്. പക്ഷേ അവ, വികൃതവും കൃത്രിമവുമായി ആവിഷ്കരിച്ചാൽ ചിത്രങ്ങളും വഷളാകുമോ? ഇല്ലാത്തവനു് ഉള്ളവനോടുള്ള നമ്മുടെ മുയൽവേട്ടയിലെ പ്രമേയവും. കൂർക്കിമായ അവിശുദ്ധിയിലൂടെ മുന്നേറുന്നതിനും വർഗ്ഗാന്തരീതമായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനും തൊഴിലാളി മുതലാളി സംഘട്ടനങ്ങളും ഘർഷണങ്ങളും മുയച്ചിയിൽ ആഹ്വാനം പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യപ്രശ്നങ്ങളെ കൈകാര്യംചെയ്യുന്നതിനു കാഥികൻ അവലംബിക്കുന്ന ശ്രമം നടത്തിയിട്ടുണ്ടെന്നുമാത്രമല്ല വിപ്ലവത്തിന്റെ വെന്നിക്കൊടി ഉയർത്തുന്നതിനും ഉദ്യമിച്ചിട്ടുണ്ട്. പക്ഷേ കഴിവില്ലാത്ത സംവിധാനവും അഭിനയവും ചിത്രത്തെ പരാജയത്തിൽനിന്നു രക്ഷിച്ചിട്ടില്ല. പി. ഏ തോമസ്, നരസിംഹഭാരതി, സുശീലാ രേവതി തുടങ്ങിയ നടീനടന്മാർ അഭിനയിച്ചിട്ടുള്ള ഈ ചിത്രം “ഗർവാലി” യിനെ സംബന്ധിച്ചിടത്തോളം ഉന്നതമായ മാനദണ്ഡമൊന്നും വച്ചുനീട്ടിയിട്ടില്ല.

(ശേഷം 34-ാം പേജിൽ)

മുഖചിത്രം

★

ഡൽഹിയിലെ ലോകപ്രസിദ്ധമായ കുട്ടബ്മിനാർ

മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ഒന്ന | കൊല്ലം, ക്രമവ കക്കടകം ക്രൻ ാംന തിങ്കളാഴ്ച | ലക്കം ൧൦

THE PERIYAM, C. K. P. VILASAM LIBRARY & READING ROOM. PERINAD QUILON.

വിദ്യാർത്ഥികളും ബ്രഹ്മചര്യവും

★

— പുത്തേഴത്തു രാമമേനോൻ —

ഇന്നത്തെ പരിതഃസ്ഥിതികളിൽ, ഈ വിഷയനിർദ്ദേശംപോലും പരിഭ്രമജനകമോ, പരിഭവജനകമോ ആയിരിക്കും. ബ്രഹ്മചര്യത്തെപ്പോലെ അനാദരിക്കപ്പെട്ടനന്തരയിമറെറന്തുതന്നെയില്ല. എന്നുമാത്രമല്ല, അതിന്റെ തിരസ്കരണമാണ് ശ്രേയസ്കരമെന്നുകൂടി അഭിപ്രായമുള്ളതുപോലെതോന്നും ഇന്നത്തെ വലിയവരുടെനടിപ്പും വിദ്യാർത്ഥികളുടെപെരുമാറ്റവും കണ്ടാൽ! തൽഫലമായി, ലോകത്തിൽ, സമരവും സമാധാനക്കേടും, മനുഷ്യരിൽ രോഗവും അകാലമരണവും വർദ്ധിച്ചതന്നെവരികയുംചെയ്യുന്നു! ബ്രഹ്മചര്യദീക്ഷയെ ശക്തിപ്പെടുത്തുവാനും, പ്രചാരപ്പെടുത്തുവാനുമല്ല അങ്ങിന്റെ നിരന്തരമായ നിരാകാരത്തിൽനിന്നുസംഭവിക്കുന്നനുനകളുടെപരിഹാരംകാണുവാനാണ് പരിശ്രമങ്ങളും പരന്നവരുന്നതു്. എന്നുവെച്ചാൽ? "ബ്രഹ്മചര്യംനിഷ്ഫലമില്ലാതെ, കണ്ടമാനം കാട്ടുകയറിക്കൊള്ളുക; അതുകൊണ്ടുള്ള ദോഷങ്ങൾക്കെല്ലാം, പ്രതിവിധികളുണ്ട്" എന്നിങ്ങനെ, ഇന്നത്തെ "സദാചാരം"തന്നെ, സാദരം പ്രഖ്യാപിക്കുന്നതായി തോന്നും! അത്യുഷ്ണം, അനിഷ്ട, അസുലഭവും, ആക്കം വേണ്ടാത്തതും ആയിത്തീർന്നിരിക്കുന്നു! "മേലേത്തരത്തിലുടയോരുടെചാപല്യങ്ങൾ, മേലേത്തരത്തിൽ" എന്നും ബ്രഹ്മചര്യനിഷേധത്തെക്കുറിച്ചു സാമാന്യമായി പറയാവുന്നതാണു്! അതിനിടക്കു "മേലാക്കിടക്കാരെ"നോക്കിക്കണ്ടെപോകുന്ന വിദ്യാർത്ഥികളും, "ബ്രഹ്മചാരിക"ളല്ലാതായിപ്പോകുന്നുണ്ടെങ്കിൽ, അതിൽ അത്ഭുതപ്പെടുവാനുമില്ല. അവരെമാത്രം കുറ്റക്കാരായി ഗണിക്കുവാനുമില്ല. എങ്കിലും, വിദ്യാർത്ഥികളുടെ ബ്രഹ്മചര്യത്തെക്കുറിച്ചു, കുറഞ്ഞൊന്നുപ്രസ്താവിക്കുന്നതു്, അയുക്തമാകയില്ലെന്നും, എങ്ങിനെയായാലും അതൊരു അപരാധമായി ബഹുഭവിക്കയില്ലെന്നും, ആശ്വസിക്കുന്നു.

പണ്ടത്തെ "ബ്രഹ്മചാരി" വിദ്യാർത്ഥിയായിരുന്നു. ബ്രഹ്മചര്യം വിദ്യാർത്ഥികാലത്തിന്റെ ലക്ഷ്യവും, ലക്ഷണവുമായിരുന്നു. ബ്രഹ്മചര്യാശ്രമകാലം മുഴുവനും വിദ്യാഭ്യാസകാലമായിരുന്നു. "ബ്രഹ്മ"ത്തിൽ ചരിക്കുകയും "വീര്യ"ത്തെ സംരക്ഷിക്കുകയും ചെയ്തിരുന്ന ബ്രഹ്മചാരികളായിരുന്നു പണ്ടത്തെ വിദ്യാർത്ഥികൾ. അവർ "ഗുരുകുലവാസ"ക്കാരാണ് അനുഷ്ഠിച്ചിരുന്നതു്. ഗുരുശുശ്രൂഷ, വിദ്യാർത്ഥിയുടെ പ്രഥമകർത്തവ്യമായിരുന്നു. ഗുരുകുലവാസം, സാധാരണയായി ഇരുപത്തിരണ്ടുവയസ്സുവരെയും, പലപ്പോഴും, മുപ്പത്തിരണ്ടുവയസ്സുവരെയും നീണ്ടുനിന്നിരുന്നു. 'വീര്യസംരക്ഷണം' അക്കാലത്തെയും, നിരതിശയമാംവണ്ണം നിലനിന്നിരുന്നു. അതിനെ താറുമാറാക്കുന്ന, ദുർബ്ബലമാക്കുന്ന പരിതഃസ്ഥിതികളും, പഠനവിഷയങ്ങളും, കാഴ്ചകളും കേൾവികളും വിദ്യാഭ്യാസകാലത്തുണ്ടായിരുന്നില്ല. പരിപ്പുകഴിഞ്ഞതോൽ, ഗുരുകുലവാസം അവസാനിച്ചാൽ, ഗുരുമുഖത്തുനിന്നുള്ള പരമോപദേശം സ്വീകരിച്ചു"—അതിനു് ഇന്നത്തെ 'കോൺവോക്കേഷൻ' പ്രസംഗത്തിന്റെ ഛായയുണ്ടായിരുന്നു—ജീവിതരംഗത്തിൽപ്രവേശിക്കുന്ന വിദ്യാസമ്പന്നനായവിദ്യാർത്ഥി, യഥാർഹം, ഗൃഹസ്ഥാശ്രമം സ്വീകരിക്കുകയും, ബ്രഹ്മചര്യവ്രതത്തെ ദീക്ഷിച്ചുകൊണ്ടതന്നെ ഗാർഹസ്ഥ്യം അനുഷ്ഠിച്ചുപോരുകയും ചെയ്യു. അവന്റെ ഭാര്യ 'സഹധർമ്മചാരിണി'യും, വംശതന്തുവിനെ നിലനിർത്തുവാൻമാത്രമുള്ള ഉപാധിയും ആയിരുന്നു. "ഇങ്ങിനിവരുതവണ്ണം" കഴിഞ്ഞുപോയ ആ കാലത്തെക്കുറിച്ചു കൂടുതലൊന്നും പറയുന്നില്ല.

ആ പഴയ ചിത്രത്തോടു, നമ്മുടെ ഇന്നത്തെ പുതിയചിത്രത്തെ, ഒന്നു താരതമ്യപ്പെടുത്തിനോക്കുക. പാലം കെട്ടിമുട്ടിക്കുവാൻ വയ്യാത്തതായ വളരെ വലിയ ഒരു വിടവാണു്, കടലുതന്നെയാണു മദ്ധ്യത്തിൽ കിടക്കുന്നതു്! ഇന്നത്തെ വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന അധികച്ചെലവിനെക്കുറിച്ചു തണ്ടെഴുത്തുകൂട്ടി താങ്ങാനാവാത്ത വ്യയാധിക്യത്തെക്കുറിച്ചു, മിണ്ടുന്നില്ല. സതൃധർമ്മാദികളും സദാചാരചിന്തകളും, സാങ്കേതികഭാവദൃഷ്ടിയും, അതിൽ അല്പവും അവശേഷിച്ചിട്ടില്ലെന്നുള്ളതാണു, ഖേദജനകവും, നാശകരവും ആയിരിക്കുന്നതു്! ഗുരുക്കേന്തിയും, ദൈവ്വിശ്വാസവും, ജ്ഞാനതൃഷ്ണയും, ചിന്നഭിന്നങ്ങളും ഗുരുകുലവിദ്യാർത്ഥികളുടെ പ്രത്യേകതകളായിരുന്നു. അവയിൽ ഒന്നുപോലും, ആധുനികവിദ്യാർത്ഥികൾക്കു് അവകാശപ്പെടാവുന്നതായിട്ടില്ല! ആത്മനിയന്ത്രണവും, അച്ചടക്കവും, അനന്യസരണസന്നദ്ധതയും, ലഘുജീവിതസമ്പ്രദായവും അന്നത്തെ "ബ്രഹ്മചാരി'കളുടെ "ടൈയിഡ്മാക്കുകൾ" ആയിരുന്നു. ഇന്നത്തെ "കോളേജുവിദ്യാർത്ഥി"കൾക്കു്, മേൽപറഞ്ഞവയെല്ലാംതന്നെ അരോചകമാകുന്നു. ആത്മനിയന്ത്രണം, ആത്മാവിന്റെ സത്തയിലും, നിയന്ത്രണത്തിന്റെ ആവശ്യകതയിലും വിശ്വസിക്കാത്ത വിദ്യാർത്ഥികളിൽ എങ്ങിനെയാണുണ്ടായിരിക്കുക. ധാരാളിതവും, അമിതവ്യയവും, അലങ്കാരാഭിലാഷങ്ങളിലുള്ള ആസക്തിയും, "അവനവൻ തന്നേ"ഭാവവും, അച്ചടക്കമില്ലായ്മയുമുള്ള അനാദരഭാവവും, "ന്യൂമേനി" വിളയിക്കുന്ന വയല്വകളുകൂടുന്നു, ഇന്നത്തെ കലാശാലകളും! ഗുരുക്കന്മാരിപോയിട്ടു്, ഗുരുസ്നേഹവുമില്ലാതെ, ഗുരുനിന്ദയിൽ അഭിമാനിക്കുന്നു, ആധുനികവിദ്യാർത്ഥികൾ! ഈ ശരവിശ്വാസത്തിന്റെ സ്ഥാനത്തു തനിനാസ്തികതയും, നിർമ്മതഭാവവുമാണു് കടന്നുകൂടീട്ടുള്ളതു്. ഈശ്വരനെ നിഷേധിക്കുന്നതും വെല്ലുവിളിക്കുന്നതും വലിയ "ബുദ്ധി"യും "ധീരത"യും പുരോഗമനവുമായി എണ്ണപ്പെടുന്നു. അവർക്കു് "ബ്രഹ്മചര്യ"ത്തെക്കുറിച്ചു യാതൊരു ജ്ഞാനവുമില്ല. അങ്ങിനെയൊന്നുണ്ടെന്നോ, വേണമെന്നോ, അവർ ധരിച്ചിട്ടില്ല. അന്നന്നത്തെ "പരിഷ്കാര"ത്തിനൊത്ത, വിലപിടിച്ച വേഷവിധാനങ്ങളിലുള്ള ഭ്രമം, ആരോഗ്യത്തെയും ആയുസ്സിനേയും നശിപ്പിക്കുന്ന പുത്തൻഭക്ഷണങ്ങളിലുള്ള ബുഭുക്ഷ, അശ്ലീലവും ആഭാസവുമായ പുസ്തകങ്ങളോടുള്ള ആദരം, അത്തരത്തിലുള്ള ചങ്ങാതിമാരോടു ദിവാനിശമുള്ള സഹവാസം, മനസ്സിനെ മലീമസമാക്കുന്ന സിനിമാപടങ്ങളോടുള്ള വർദ്ധിച്ച പ്രതിപത്തി, അന്യസംസ്കാരങ്ങളോടും സംപ്രദായങ്ങളോടുമുള്ള അടുപ്പം ഇങ്ങിനെ എത്രയെത്രയെന്നേ, എത്രയെത്രയെന്നേ, ഇന്നത്തെ വിദ്യാർത്ഥിലോകത്തെ അധഃപതിപ്പിക്കുകയും, അപകടത്തിലാക്കുകയും ചെയ്യുന്നതെന്നുപറയാൻതന്നെ പ്രയാസമായിരിക്കുന്നു.

"തിന്നുക, കുടിക്കുക, കളിക്കുക, രസിക്കുക" എന്നതിൽ കവിഞ്ഞൊന്നും ജീവിതത്തിൽ ഉള്ളതായിട്ടതന്നെ അവരിൽ അധികംപേരും അറിഞ്ഞിട്ടില്ലെന്നതോന്നും. ധരിപ്പിക്കുവാനുള്ള സൗകര്യസന്ദർഭാദികളും വിരളങ്ങളാകുന്നു. "മത്തേതരംപഴു"സൃഷ്ടിതന്നെ, ആ പരിതഃസ്ഥിതിയുടെ സന്താനമാണെന്നു സംശയിക്കുന്നു.

കേവലം "ദേഹരക്ഷാകാമ"രായ ആ ചാപല്യാഭിപ്രായക്കാരെയായികളും, ആ ദേഹത്തിന്റെ മേന്മയെത്തന്നെ വിസ്മരിച്ചും തിരസ്കരിച്ചും പ്രവർത്തിക്കുന്നു എന്നതാണു് കഷ്ടാൽക്കഷ്ടതരമായിരിക്കുന്നതു്. അവർക്കു് ദേഹം വേണമെങ്കിൽ, അതു മതിയെങ്കിൽ, അതിന്റെ പുഷ്ടിക്കും തുഷ്ടിക്കും ശ

ക്തിക്കും പ്രവൃത്തിക്കും ഏകനിഷ്ഠനമായിരിക്കുന്നതു് ബ്രഹ്മചര്യനിഷ്ഠയാകുന്നു എന്ന അനിഷേധ്യവും അനുഭവസിദ്ധവുമായ തത്ത്വത്തെയും, അവർ അവഗണിക്കുന്നു, അനാദരിക്കുന്നു, അവഹേളനീയിൽ അഹർനിശം ചെയ്യുന്നു! അസംഖ്യം ദുഷ്കർമ്മങ്ങളുടെ വഴികളിൽക്കൂടിയുള്ള വ്യതിയാനങ്ങളിൽ, അവർ ആരോഗ്യം നശിച്ചും ധനം കായബലം പൊയ്പോയവരുമായിത്തീരുന്നു. കസ്സ്കൂപം കൈയിൽപോയും, കവിളകലം ഒട്ടിക്കുഴിഞ്ഞും, ദേഹനശക്തി നിശ്ശേഷം നശിച്ചും യുവാക്കന്മാരുടെ പ്രേക്ഷണീയപ്പോലെയുള്ള കോളേജ് വിദ്യാർത്ഥികളെ എത്രയെങ്കിലും കാണാവുന്നതാണ്. വിദ്യാലയങ്ങളിൽ, ഞെരുണ്ടുശരീരമനസ്സുകളിലധികം എന്തെങ്കിലും സംരംഭമായ ഒരു രോഗം ബാധിച്ചിട്ടുള്ളവരാണെന്നു് ആരോഗ്യവകുപ്പുകാരുടെ കണക്കുകൾ വിളിച്ചുപറയുന്നു. ആരോഗ്യത്തെ ഹനിക്കുന്നതുകൊണ്ടാകട്ടെ, - യുവചാപല്യങ്ങൾ - വലിച്ചുപരികയാണെന്നാണ് അനുഭവസ്ഥന്മാരുടെ അഭിപ്രായം. പ്രകൃതിവിരുദ്ധങ്ങളായ വികൃതികൾ ദിനംപ്രതി എന്നപോലെ ഓരോ വിദ്യാലയങ്ങളിൽനിന്നും കണ്ടുപിടിക്കപ്പെടുന്നുണ്ട്. അതിൽ തികച്ചും "നിരപരാധിതം," അവകാശപ്പെടാവുന്ന ഒരൊറ്റക്കുട്ടിയെങ്കിലും ഉണ്ടായിരിക്കുന്നതല്ല. എങ്ങിനെയുള്ള "പാവ"ങ്ങളും അചിരേണ 'സമർത്ഥന്മാ'രായ സതീർത്ഥ്യന്മാരുടെ "വിദ്യ"കൾക്കു വശംവദന്മാരായി "മർദ്ദനം കൂടി" മലിനമനസ്സന്മാരും, "വികൃതിക്കുട്ടി"കളുമാകാതിരിക്കയില്ല! വിദ്യാലയങ്ങളിലൊന്നും സദാചാരപാഠപദ്ധതികളില്ല, പഠിപ്പിക്കലില്ല, കണ്ടുപഠിക്കാനുള്ള സൗകര്യങ്ങളുമില്ല. അദ്ധ്യാപകന്മാർപോലും പലപ്പോഴും അപരാധികളായും കാണപ്പെടുന്നു.

ധർമ്മചിന്തയുടെയും, ആധ്യാത്മിക വിചാരത്തിന്റെയും വ്യസനകരമായ നിരാകരത്തിൽ, നരകോപമമായിത്തീർന്നിട്ടുള്ള വിദ്യാലയങ്ങളിലെ അന്തരീക്ഷം, ഏതു സൗഭാഗ്യികനെപ്പോലും, മലിനപ്പെടുത്തുവാൻ മതിയായിട്ടുള്ളതായിരിക്കെ, അതിനെ പൂർവ്വാധികം മലീമസമാക്കുമാറു്, പുതിയ സിനിമാപടങ്ങളും, പുത്തൻ ക്രാഫുകാരുടെ ചെറുകഥകളും, കാമുകാംഗനകളും ആധുനിക വിദ്യാർത്ഥികളെ, വളരെയധികം വഴിപിഴപ്പിക്കുന്നുണ്ട്. "സിനിമ" ഇന്നത്തെ നിലയ്ക്കു്, 'സംസ്കാരത്തിന്റെ കോടാലി'യായിട്ടാണ് വന്നുചേർന്നിരിക്കുന്നതു്! സദാചാരവിരുദ്ധങ്ങളും, കാമോദ്ദീപകങ്ങളും, അക്രമപ്രധാനങ്ങളുമായ രംഗങ്ങൾകൂടാതെ, പുരാണകഥകൾപോലും, സിനിമകളിൽ പ്രദർശിപ്പിക്കപ്പെടുന്നില്ല! മനുഷ്യരുടെ ധർമ്മബോധത്തെ മയപ്പെടുത്തുന്നതിനുപകരം, അധർമ്മവാസനകളെ വളർത്തുകയും, അവയ്ക്കു വളംവെച്ചുകൊടുക്കുകയുമാണ് സിനിമാപ്രദർശനങ്ങൾ ചെയ്യുന്നതു്. "സെക്സ് അപ്പീൽ" എന്ന "ബഹുമാനപുരസ്സരം" വാഴ്ത്തപ്പെടുന്ന ആഭാസതത്വമാണ് ആരാലും കൊണ്ടാടപ്പെടുന്നതു്. "ഓടിക്കയറുന്ന കുരങ്ങനു് ഒരു ഏണിയും കൂടി' എന്ന പറയുന്നതുപോലെയായിരിക്കുന്നു, സിനിമകളുടെ കൊണ്ടാട്ടമുള്ള അനുഭവം. ആധുനികസാഹിത്യവും, ആ മൂശയിൽ തന്നെ വാർക്കപ്പെടുന്നു. സഹചാരികളിൽനിന്നും, സഹചരകന്മാരുടെ പുസ്തകങ്ങളിൽനിന്നും സാധാരണ സന്ദർശകന്മാരായ സിനിമാപ്രദർശനങ്ങളിൽനിന്നും കാര്യമായി സമ്പാദിക്കപ്പെടുന്നതു് മനുഷ്യനെ മൃഗത്തിനെക്കാൾ അധഃപതിപ്പിക്കുന്ന അശ്ലീലാഭാസങ്ങൾ മാത്രമാണെന്നു വന്നാൽ, അതുല്യമധികം വേദനാജനകമായിട്ടു മറ്റെന്താണുള്ളതു്? ബ്രഹ്മചര്യനിഷ്ഠയുടെ വിളനിലമായും കേളീരംഗമായും ആയിരിക്കേണ്ട വിദ്യാലയങ്ങൾ ഇന്നു നേരെമറിച്ചായിരിക്കുന്നു. "വീര്യസംരക്ഷണ"ത്തിന്റെ പ്രാഥമികപാഠങ്ങൾപോലുംകൂടിപഠിക്കുവാൻ തരപ്പെടാതെ, പാവപ്പെട്ട വിദ്യാർത്ഥികൾ - ഭാവിപൌരന്മാർ — അധർമ്മത്തിലേക്കും, അനാരോഗ്യത്തിലേക്കും, അകാലമരണത്തിലേക്കും അനുനിമിഷം നീങ്ങിക്കൊണ്ടിരിക്കുന്നു. അഹോ! കഷ്ടം!

ഇക്കാര്യത്തിൽ അദ്ധ്യാപകവർഗ്ഗത്തിനും രക്ഷിതാക്കന്മാർക്കുമുള്ള ചുമതലകളും നിസ്സാരങ്ങളല്ല. വളർന്നുവരുന്ന വിദ്യാർത്ഥിലോകത്തെ സദാചാരനിരതരും, ധർമ്മപ്രബുദ്ധരും ശക്തിയുക്തരുമാക്കുന്നതിനുള്ള ബാദ്ധ്യത ഇരുകക്ഷികൾക്കും രക്ഷിതാക്കന്മാർക്കുള്ളതുപോലെതന്നെ. അതിനുതക്ക പ്രേരണയും പ്രവൃത്തിസൗകര്യവും ഉണ്ടാക്കിക്കൊടുക്കുന്നതു ഗവർമ്മെൻറിന്റെയും കർത്തവ്യമാകുന്നു. രാഷ്ട്രം മതരഹിതമായാലും മതനിഷ്ഠമായാലും രാഷ്ട്രത്തുള്ളവർ സത്യധർമ്മാദികളെ ആദരിക്കണം, ആരോഗ്യവാന്മാരായിരിക്കണമെന്നു നിർവ്വിവാദമാകുന്നു. അതിലേക്ക് ഒന്നാമതായി ഗവർമ്മെൻറിന്റെ ചുമതലക്കാർ അത്തരത്തിലുള്ളവരായിരിക്കണം, അവരെ തുടർന്ന് അദ്ധ്യാപകവർഗ്ഗവും അത്തരത്തിലുള്ളവരായിരിക്കണം. സർവ്വോപരി, രക്ഷിതാക്കന്മാർ ആദർശഗൃഹസ്ഥന്മാരും, സദാചാരനിരതന്മാരും, ആത്മീയകാര്യങ്ങളിൽ വിശ്വാസമുള്ളവരുമായിരിക്കണം. എന്നാൽ ഈ മൂന്നവസ്ഥാനങ്ങളിലും, അനേകകാലത്തെ അനാസ്ഥകൊണ്ടായാലും അടുത്തു സംഭവിച്ച അവകാശലബ്ധിയാലുണ്ടായ അലസതകൊണ്ടായാലും അങ്ങേയറ്റത്തെ ആലോചനാരാഹിത്യമാണു, അക്ഷന്തവ്യമായ അലസതയാണു കാണപ്പെടുന്നതെന്ന വ്യസനിക്കാതെതരമില്ല.

II

എന്താണീ ബ്രഹ്മചര്യം? അതിനെ വളരെ സാധാരണമായ ഒരു സങ്കൽപ്പിതത്ത്വമുണ്ടു്. വളരെ വിശാലമായ ഒരു വേദാന്തതത്ത്വമുണ്ടു്. രണ്ടർത്ഥത്തിലും അടിയിലെ കഴമ്പും കാര്യവും ഒന്നുതന്നെ ആകുന്നു. നമ്മുടെ ഇന്ദ്രിയങ്ങളും, മനസ്സിന്റെ കിങ്കരന്മാരാകുന്നു. ആ മനസ്സുവെട്ടെ, ബുദ്ധിയുടെ നിയന്ത്രണത്തിൽ നിശ്ശേഷമല്ലെങ്കിലും അത്യന്തം ചഞ്ചലമാകുന്നു. ഇന്ദ്രിയനിഗ്രഹം മനോനിയന്ത്രണം എന്നൊക്കെ പറയപ്പെടുന്നവ, തന്നിമിത്തം ഏതൊന്നുതന്നെ അവസ്ഥാനുസരണം നിത്യജീവിതത്തിൽതന്നെ അത്യന്താപേക്ഷിതമാകുന്നു. നിയന്ത്രണാധിനങ്ങളല്ലാത്ത ഇന്ദ്രിയങ്ങളോടും, മനസ്സോടുംകൂടിയവനെയാണു നാം, ആ നിയന്ത്രണത്തിന്റെ അഭാവത്തിന്റെ അളവിനെ ആസ്പദിച്ചു ഭ്രാന്തൻ, ക്രിക്കൻ, നെസ്സൻ, 'സ്ക്രൂപ്പുള്ള കാരൻ എന്നൊക്കെ പറയുന്നതു്. യഥാർത്ഥത്തിൽ, കാമിയും, അക്രമിയും, കൊതിയനും, ചതിയനും, ആ വസ്തുത്തിൽപെട്ട മറ്റനേകംപേരും, ആ "സ്ക്രൂപ്പുള്ള"കാരന്റെ കൂട്ടത്തിൽപെട്ടവരാകുന്നു. "കാമ' മാണു് ലോകത്തിൽ മനുഷ്യന്റെ ഒന്നാംനംബർ ശത്രു. ആ രണ്ടിനേയും, ഏതു ദുഷ്ടോദ്ദേശത്തിനേറെയും, ദുരന്തനുഭവത്തിനേറെയും ആരംഭം 'കാമ'ത്തിൽനിന്നു — ആഗ്രഹത്തിൽനിന്നു് ആകുന്നു, ആ കാമത്തിന്റെ മൂലസ്വഭാവസ്ഥയാണു്, 'സ്ത്രീകാമത്തിൽ', — പെൺകൊതിയിൽ,— ലൈംഗികാസക്തിയിൽ,— പ്രത്യക്ഷപ്പെടുന്നതു്. അതിന്റെ നിയന്ത്രണമാണ് "ബ്രഹ്മചര്യം"കൊണ്ടു പ്രധാനമായി സാധിക്കേണ്ടതു് അതിനേറെയുള്ള ഒരു തൃഷ്ണ എല്ലാ ഇന്ദ്രിയങ്ങൾക്കുമുണ്ടു്. കാണാൻ കൊതി, കേൾക്കാൻ കൊതി, സ്പർശനേക്കാൻ കൊതി, സ്പർശിക്കാൻ കൊതി, ഘ്രാണിക്കാൻ കൊതി എന്നിങ്ങനെ പഞ്ചേന്ദ്രിയങ്ങൾക്കെല്ലാമുള്ള സഹജമായ കൊതിയെ, അടക്കണമെങ്കിൽ അത്ര ഭീമമായി വിപുലപ്പെടുവാൻ വിടുന്നപക്ഷം, ഒരാരോഗ്യമതി നാശത്തിൽ എത്തിക്കുവാൻ! അതുകൊണ്ടു പഞ്ചേന്ദ്രിയങ്ങളെല്ലാം നിയന്ത്രണാധീനങ്ങളായിരിക്കണം. ആയുക എല്ലാം നിയന്ത്രണങ്ങളും യഥാർത്ഥമായ "ബ്രഹ്മചര്യ"ത്തിൽ ഉൾപ്പെടുന്നതാകുന്നു. ഒരിന്ദ്രിയത്തിനുമില്ല മനസ്സിന്റെ മുൽകൂട്ടിയുള്ള അനുവാദം വരുത്താതെ എന്തെങ്കിലും പ്രവർത്തിക്കുവാനുള്ള ശക്തി. ആ മനസ്സുണ്ടെങ്കിൽ, കാറിനെപ്പോലെ പിടിച്ചുനിർത്തുവാൻ വഴിപ്പെടാത്തതുമാണു്. അതിലേയ്ക്കു നിരന്തരവുംനിഷ്കൃഷ്ടവുമായ അഭ്യാസംതന്നെ വേണം. "പഞ്ചേന്ദ്രിയാണി മനഃകൃഷ്ണ പ്രകൃതി ബലവദ്ദൃഢം തസ്യാഹം നിഗ്രഹം മന്യേ വായോരിവ സുദുഷ്കരം" എന്നു് അർജ്ജുനൻ പോലും അതിവലതായിപ്പെട്ടുകയും, "അസംശയം മഹാബാഹോ, മനോ ദുർന്നിഗ്രഹം ചലം; അഭ്യാസേന തു കൗന്തേയ! വൈരാഗ്യേണ ച ഗൃഹ്യതേ" എന്നു ഭഗവാൻ ഉപദേശിക്കയും ചെയ്യുന്നു. അതിൽനിന്നു ഒരു കാര്യം സ്പഷ്ടമായി. മനസ്സിന്റെ നിയന്ത്രണമാണു നിയന്ത്രണങ്ങളിൽ പ്രഥമവും പ്രധാനവും എന്നു്. അതു സാധിക്കുന്നതിനു്, ആദ്യമായും അവസാനമായും വേണ്ടതു ബ്രഹ്മചര്യമാകുന്നു. തന്നിമിത്തം ബ്രഹ്മചര്യം അയയ്ക്കുന്നതും താഴുകിടുമായി വിളങ്ങുന്ന ഒരു വിശ്വവിമോഹനതപശ്ചര്യയാകുന്നു.

അതുകൊണ്ടെന്തുവന്നു? ബ്രഹ്മചര്യം എന്നു പറയുന്നതു്, മനസ്സിന്റേയും, വാക്കിന്റേയും, പ്രവൃത്തികളുടേയും പരിശുദ്ധിക്കു കാരണമാകുന്നു. അല്ലാതെ ബ്രഹ്മചര്യം കേവലം "കാമാചാരനിവൃത്തി' മാത്രമല്ല. അതുകൊണ്ടാണു 'ബ്രഹ്മചര്യം' ശരീരപുഷ്ടിയെ ഉണ്ടാക്കുന്നതും, സദാചാരബോധത്തെ വളർത്തുന്നതും, ആത്മീയജ്ഞാനത്തെ ഉണർത്തുന്നതും, ഈശപ്രസാദത്തിനുതകുന്ന സംഭാരമാകുന്നതുമായ ഒരു മഹാവ്രതമോ, നിഷ്ഠയോ, തപസ്സോ ആകുന്നു എന്നു പറയപ്പെടുന്നതു്. സ്വഭാവശുദ്ധിക്കാരണം അതിന്റെ നേരിട്ടുള്ള ഫലമാകുന്നു. സ്വഭാവശുദ്ധിയാണു് ഒരു നശ്വരവും, അല്പംഛ്യവുമായ വിജയരഹസ്യം! ആ രഹസ്യത്തിനേറെയും രഹസ്യമാകുന്നു ബ്രഹ്മചര്യനിഷ്ഠ.

സാധാരണ അർത്ഥത്തിൽ, "വീര്യ'സംരക്ഷണമാണു ബ്രഹ്മചര്യത്തിന്റെ ദൃശ്യഭാവം. ആ സംരക്ഷണം കൊണ്ടുതന്നെ, മറ്റൊല്ലാം സാധ്യമാകുന്നതുകൊണ്ടു്, ആ അർത്ഥത്തിൽമാത്രം ആ പദത്തെയുപയോഗിക്കുന്നതിൽ അസംഗതിയുമില്ല. അതുകൊണ്ടാണു് യോഗശാസ്ത്രകർത്താവായ "യാജ്ഞവല്ക്യൻ" 'കായേന മനസാ വാചാ, സർവ്വാവസ്ഥാസു സർവ്വദാ, സർവ്വത്രമൈഥുനത്യാഗം, ബ്രഹ്മചര്യം പ്രചക്ഷതേ' എന്നു പറഞ്ഞിരിക്കുന്നതു്. സങ്കുചിതമായ ഈ അർത്ഥത്തിലും, ബ്രഹ്മചര്യത്തിനു രണ്ടു വശങ്ങളും — ഭാവങ്ങളും — ഉണ്ടു്. കായികവും മാനസികവും. ശരീരംകൊണ്ടുള്ള ബ്രഹ്മചര്യം പലർക്കും സാധിച്ചു എന്നുവരാം. എന്നാൽ മനസ്സംകൂടി വ്യഭിചരിക്കാതെ, വ്യഭിചരിക്കാതെ കഴിക്കുന്നതു് അത്ര എളുപ്പമല്ല. ദുർവിചാരങ്ങൾ മനസ്സിൽ ഉദിക്കാതെയും, ഉദിച്ചുപോയാൽത്തന്നെ അവയെ മനസ്സിനെ ചലിപ്പിക്കാതെയും കഴിയുമാറാകുമെങ്കിൽ വളരെ ക്ലേശപ്പെട്ട അനേകകാലം പരിശ്രമിക്കേണ്ടതുതന്നെ വേണം. ദീർഘകാലത്തെ തപസ്സുള്ള ദൃഢചിത്തനായ വിശ്വാമിത്രന്റെ പോലും, മനസ്സിളകുവാൻ ശക്തിയുള്ളതാണു് കാമം. അപ്പോൾ പിന്നെ സാധാരണന്മാരായ ലൌകികന്മാരുടെ കാര്യം പറയേണ്ടതുണ്ടോ?

എന്താണീ 'വീര്യ'സംരക്ഷണം എന്നൊന്നു സാമാന്യമായി പറയുന്നതു്, അസംഗതമാകയില്ലെന്നു വിശ്വസിക്കുന്നു. ശരീരശക്തിയുടെ സത്തായ വീര്യം; ശുക്ലശബ്ദത്തിൽ അറിയപ്പെടുന്ന അനർഘവും, അത്ഭുതാവഹവു

മായ വസ്തു! അതു പ്രാണനെന്നും പ്രാണനകേന്ദ്രം, ശരീരത്തിന്റെ ഓജസ്സും തേജസ്സും, നേത്രങ്ങളിലെ ദീപ്തിയും, കവിഹൃത്തടങ്ങളിലെ ആരക്തതയും, ബുദ്ധിയുടെ ക്ഷമതയും, ധാരണയുടെ സുസ്ഥിരതയും, മനസ്സിന്റെ ധൈര്യവും എല്ലാം ആ വീര്യത്തിന്റെ വ്യാപ്തിവിശേഷങ്ങളുടെ ഫലമാകുന്നു. അരുചരുതുക്കിൽ രക്തം വേണമെന്നു ഒരുതുള്ളി വീര്യം സംഭവിതമാകുവാൻ! 'നരേഷു പരുഷം' എന്ന ഗീതാവാക്യത്തിന്റെ വ്യാപ്തമായ അർത്ഥത്തിന്റെ പരിഗണനയിൽ വീര്യം—പൗരുഷം—തന്നെയാണ് ഈശ്വരൻ എന്നു വരുന്നതുകൊണ്ടു മനുഷ്യന്റെ സകലവിധമായ ശ്രേയസ്സുകളും നിദാനവും അവനെ ദൈവമാക്കി ഉയർത്തുന്നതിനു കഴിവുള്ളതും അതുതന്നെ അതെന്നു തെളിയുന്നു. ഒരുകാര്യം ഈ ഘട്ടത്തിൽ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതുണ്ട്. വീര്യനഷ്ടം, ഒരിക്കലും നികത്തപ്പെടുവാൻ സാധിക്കുന്നതല്ല. മരുന്നിനോ, മന്ത്രത്തിനോ ഒന്നിനും അതു പൊയ്പോയതിനെ വീണ്ടെടുക്കുവാൻ സാധിക്കുന്നതല്ല. സമുദ്രത്തിൽചേർന്ന നദീജലം, അതു പുഴയ്ക്കു എന്നെന്നേക്കും നഷ്ടപ്പെട്ടതുതന്നെയാകുന്നു. ഭോഗരക്ഷയ്ക്കും, ശക്തിക്കുവേണ്ടി ചെയ്യുന്നതൊന്നും—മരുന്നോ വ്യായാമമോ, ആസനമോ, പ്രാണായാമമോ ഒന്നും—ബ്രഹ്മചര്യനിഷ്ഠയില്ലാത്തവന്റെ കാര്യത്തിൽ, ഫലപ്പെടുന്നതും ഗുണപ്പെടുന്നതുമല്ല. 'ബ്രഹ്മചര്യേ തു സ്ഥിതേ' എന്നും, 'ബ്രഹ്മചര്യമഹിംസാ ച, ശരീരം തപ ഉച്യതേ' എന്നും, 'യദി ച്ഛന്തോ ബ്രഹ്മചര്യം ചരന്തി' എന്നും മറ്റുമുള്ള ഗീതാവാക്യങ്ങളും ശ്രദ്ധേയങ്ങളാകുന്നു.

സ്വർണ്ണങ്ങളെക്കൂടാതെ വ്യഞ്ജനങ്ങൾക്കു അസ്തിത്വമില്ല; ചുമരില്ലാതെ—കടലാസ്സോ, തുണിയോ, പലകയോ എന്തെങ്കിലുമൊന്നില്ലാതെ—ഒരു ചിത്രത്തിനും അസ്തിത്വമില്ല. വ്യഞ്ജനങ്ങൾക്കു സ്വരങ്ങൾപോലെയും, ചിത്രങ്ങൾക്കു ചുമരുപോലെയും ആകുന്നു മനുഷ്യവർഗ്ഗത്തിനു ബ്രഹ്മചര്യവും. യോഗാഭ്യാസപ്രകാരം, കുണ്ഡലിനിശക്തിയെ ഉണർത്തി, സുഷുമ്നയിൽക്കൂടി ഉയർത്തി, സഹസ്രാധാരത്തിൽ എത്തിച്ചു', അഷ്ടൈശ്വര്യസിദ്ധികളെ നിരസിച്ചു, ബ്രഹ്മരന്ധ്രം ഭേദിച്ചു, ജീവാത്മാവിനെ പരമാത്മാവിൽ വിലയംപ്രാപിപ്പിക്കുന്നതിനുള്ള ദീർഘവും, ദുഷ്കരവുമായ യാത്രയിൽ വഴിവെളിച്ചവും ഉറപ്പുവടിയും ബ്രഹ്മചര്യമാകുന്നു.

ശ്രീഹനുമാനും, ഭീഷ്മരും ബ്രഹ്മചര്യത്തിന്റെ സർവ്വോൽകൃഷ്ടമാതൃകകളാകുന്നു. ആധുനികകാലത്തിലെ മഹാബ്രഹ്മചാരി മഹാത്മാഗാന്ധിയായിരുന്ന "സ്വയ്ൻ അസ്മികാത്ത്" ഒരു മഹാസാമ്രാജ്യത്തെ ആകൃശഗാത്രൻ തന്റെ ഒരു ചൈവിരൽകൊണ്ടല്ലേ, തട്ടിമറിച്ചിച്ചതു്. ഹനുമാൻ ഒരുദ്ധവപ്രവീരം പറിച്ചുകൊണ്ടു പാഞ്ഞെത്തി എന്നകഥയെക്കാൾ അധികം അത്ഭുതാവഹമല്ലേ യഥാർത്ഥത്തിൽ സംഭവിച്ചിരിയുടെ ഈ പ്രവൃത്തി. എന്താണിതിനു ആ കഴിവിന്റെ നിദാനം? ചിരകാലമനഃപൂതമായിരുന്ന ബ്രഹ്മചര്യംതന്നെ! അവിടന്നതന്നെ രക്ഷ തുറന്നപറഞ്ഞിട്ടുണ്ട് "ഞാൻ ഒരു അല്പബ്രഹ്മചാരിമാത്രമാണ്" എന്നിട്ടും, എനിക്കിതുപോലെയൊക്കെ സാധിച്ചു നിലയ്ക്കുന്നു. ഞാനൊരു നൈഷ്ഠികബ്രഹ്മചാരിയായിരുന്നെങ്കിൽ എന്തൊക്കെ സാധിക്കുമായിരുന്നില്ല!" ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ, ശ്രീശങ്കരൻ, ജ്ഞാനദേവൻ, ശ്രീരാമകൃഷ്ണ വിവേകാനന്ദന്മാരും എല്ലാം നൈഷ്ഠികബ്രഹ്മചാരികളായിരുന്നു. ആരോഗ്യവും ബുദ്ധിശക്തിയും മാത്രമല്ല, ദീർഘായുസ്സും മോക്ഷപ്രാപ്തിയുംകൂടി ബ്രഹ്മചര്യനിഷ്ഠയെ സഹായിക്കുന്നതാണ്. "ബുദ്ധിർബ്ബലം, യശോ, ധൈര്യം, നിർഭയത്വമരോഗതാ, അജാഡ്യം, വാക്പടുത്വം ച ഹനുമത് സ്മരണാൽഭവേത്" "!!

III

ഭാരതത്തിലെപ്പോലെ ബ്രഹ്മചര്യത്തിന്റെ മഹാത്മ്യം മനസ്സിലാക്കുകയും അതിനെ പുകഴ്ത്തിക്കുകയും, നിഷ്കർഷിക്കുകയും ചെയ്തിട്ടുള്ള ഇതര രാജ്യങ്ങളും ഇല്ലെന്നതന്നെ പറയാം. ഭാരതത്തിലെ പ്രഥമനിയമകർത്താവായ മനു, ബ്രഹ്മചര്യത്തെക്കുറിച്ചു വളരെ നിശിതങ്ങളായ നിശ്ചയങ്ങളാണു ചെയ്യുവച്ചിരിക്കുന്നതു്. ഒരു വായിച്ചാൽ, ഇന്നത്തെ വിദ്യാർത്ഥികൾ അതു വിട്ട് അമരനാകുവോളം. ഇന്ദ്രിയനിഗ്രഹത്തെയും, മനോനിയന്ത്രണത്തെയും ഉദ്ദേശിച്ചുകൊണ്ടു മനുവെഴുതിരിക്കുന്ന ഉപദേശങ്ങളും നിഷ്കൃഷ്ടങ്ങളെന്നുകൂടി തോന്നിപ്പോകും. ലഹരിസാധനങ്ങൾമാത്രമല്ല, മാംസാഹാരംമാത്രമല്ല, പുഷ്പങ്ങളും, വാസനദ്രവ്യങ്ങളും, വിശേഷവസ്ത്രങ്ങളും, പാദരക്ഷകളും, മൃദുലങ്ങളായ ശയ്യോപകരണങ്ങളും മുതലായവയുംകൂടി ബ്രഹ്മചാരികൾക്കു — വിദ്യാർത്ഥികൾക്കു — വർജ്ജിക്കണമെന്നാണ് ശാസനം. സ്ത്രീകളോടു സംഭാഷണംചെയ്യുന്നതുപോലും നിരോധിക്കപ്പെട്ടിരിക്കുന്നു. കാമകഥകളും പ്രേമഗാനങ്ങളും വികാരോദ്ദീപകങ്ങളായ കൂട്ടികളും ചിത്രങ്ങളും വിനോദങ്ങളും നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ അറുത്തു് അശ്ലീലസ്സാനംകൂടി ഒരു ബ്രഹ്മചാരിക്കു വിഹിതമല്ലെന്നാണ് വിധി. "സഹവിദ്യാഭ്യാസം" സാർവ്വത്രികമായിരിക്കുന്ന ഇക്കാലത്തു് — വിദ്യാർത്ഥികളുടെ വേഷഭൂഷാദികളിലുള്ള ഭ്രമം പരിഭ്രമജനകമായിത്തീർന്നിട്ടുള്ള ഇക്കാലത്തു് — അശ്ലീലഭാഷണങ്ങൾ നിറഞ്ഞ കഥകളും, നോവലുകളും അവയെ പ്രദർശിപ്പിക്കുന്ന സിനിമകളും നാടകാഭിനയങ്ങളും സർവ്വസാധാരണങ്ങളായിട്ടുള്ള ഇക്കാലത്തു്, മനുവിന്റെവാക്കുകൾ പരിഹാസ്യങ്ങളായി തോന്നിയേക്കാം. എന്നാൽ ധർമ്മവൃക്ഷത്തിന്റെ കടപുഴക്കുവാനും, മനുഷ്യരുടെ തകിടംമറിച്ചിടുവാനും ഈ വിദ്യാലയങ്ങളിൽ നടക്കുകയാണു! അഹമ്മതിയും അനുസരണക്കേടും, അച്ചടക്കരാഹിത്യവും അധ്യയനകാര്യങ്ങളിലുള്ള അശ്രദ്ധയും മറ്റും ഇന്നത്തെ കലാലയങ്ങളുടെ കുപ്രസിദ്ധിക്കു വഴിതെളിക്കുന്നു! ബ്രഹ്മചര്യത്തിന്റെ അഭാവമാണ് അധ്യാപകരിലും, അധികാരികളിലും കാണപ്പെടുന്ന ബ്രഹ്മചര്യത്തിന്റെ അഭാവമാണ്, ഈ ദുരവസ്ഥയ്ക്കുള്ള കാരണമെന്നപറഞ്ഞാൽ തെറ്റില്ല. ബ്രഹ്മചര്യം, ബ്രഹ്മജ്ഞാനവും, 'ബ്രഹ്മചര്യം' വേണ്ടതുതന്നെ!

ദുഷ്ടചിന്തകളിൽ ആമഗ്നരാണിന്നത്തെ വിദ്യാർത്ഥിലോകം മുഴുവനും. ആണെന്നും, പെണ്ണെന്നുമുള്ള വ്യത്യാസംകൂടി അക്കൂട്ടത്തിൽ ഭേദനീയമല്ല. വിദ്യാർത്ഥികളുടെ വായനയും, സംഭാഷണവും സന്ദർശനങ്ങളും സാധാരണനടപടികളുമെല്ലാം സദാചാരത്തിൽനിന്നു് അവരെ അകറ്റിനിർത്തുകയും, അവരുടെ ഉപചാരങ്ങൾക്കും, മലിനവാസനകൾക്കും വളം വെച്ചുകൊടുക്കുകയും ചെയ്യുന്നവയാകുന്നു. 'ധാതുപുഷ്ടി'ക്കുള്ള മരുന്നുകളും മന്ത്രങ്ങളും അന്വേഷിക്കുന്നതു സർവ്വസാധാരണമായിരിക്കുന്നു. 'ധാതു'നഷ്ടമാണല്ലോ അതിന്റെ പുഷ്ടിക്കായുള്ള അന്വേഷണത്തിനുള്ളകാരണം. ആ നഷ്ടം എങ്ങിനെസംഭവിച്ചുഎന്നുള്ള സൂക്ഷ്മവിവരണം ലഭിക്കുന്നപക്ഷം അതിദാരുണവും ഭയനീയവുമായ ഒരു ചരിത്രമായിരിക്കും കിട്ടുക. ഒരൊറ്റ ചീത്തവാക്കിനു ക്രമേണ മനസ്സിനെ എത്രമാത്രം മലിനമാക്കുവാൻസാധിക്കുമെന്നു അറിയപ്പെടാതെപോകുന്നതാണ് അതിന്റെ ഭാഗ്യം. മനസ്സിൽ കടക്കുന്നതൊന്നും പിന്നീടൊരിക്കലും പുറത്തുപോകുന്നില്ല. കണ്ടുകിണറ്റിൽ വീണപോയ ഏതെങ്കിലും ഒരു സാധനത്തെപ്പോലെ, അതു മനസ്സിന്റെ അടിയിൽ—ഉപബോധമനസ്സിൽ—നിക്ഷിപ്തമായിരിക്കുകയും, നാം അറിയാതെ അതിന്റെ പ്രവൃത്തി തുടരുകയും; അവസരംവരുമ്പോൾ മാളത്തിൽനിന്നു പുറത്തുവരുന്ന സർപ്പത്തെപ്പോലെ നഴഞ്ഞുകയറുകയും, കയ്യേറാങ്ങാനടത്തുകയുംചെയ്യുന്നു! അതു സർവ്വവിദിതമായ ഒരു മനഃശാസ്ത്രതത്വമാകുന്നു. അതുകൊണ്ടാണ് സൽസംഗവും സൽഗ്രന്ഥപാരായണവും സൽഭാവദർശനങ്ങളും പ്രത്യേകിച്ചും, വിദ്യാർത്ഥികൾക്കു നിർബ്ബന്ധിക്കപ്പെടുന്നതു്. ഉപചാരങ്ങൾപോലും അകറ്റുകടക്കാതെതന്നെ സൂക്ഷിക്കണം. അനവധാനത്താൽ യാദൃച്ഛികമായി വല്ല ചീത്തവിചാരവും എടുത്തതിന്റെ വാതിൽ തള്ളിത്തുറന്നാൽ അകത്തുകടക്കുകയാണെങ്കിൽ, അരനിമിഷംപോലും അതിനെ അവിടെനിന്നുതന്നെ ശമിപ്പിക്കണം. അതിനെ സകലവും—ബോധപൂർവ്വകവും അതിനിന്റെ സ്വർത്തൽ അനുജ്ഞാമാത്രയിൽ ഉടലെടുത്തതും, ഉൽകൃഷ്ടചിന്തകളെ പ്രവേശിപ്പിച്ചും, സ്ഥിരപ്പെടുത്തിയും 'പുണ്യംഹകർമ്മം' നിർവ്വഹിക്കണം. ഇന്നുകേട്ടു, ആ ശുചീകരണം നടത്തപ്പെടുന്നില്ലെന്നമാത്രമല്ല, ദുഷ്ചിന്തകളെ വളർപ്പിക്കുന്ന സാഹചര്യങ്ങൾ കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ടു്. മനസ്സു നിർമ്മിക്കുന്ന, സങ്കല്പിച്ചുണ്ടാക്കുന്ന ചിത്രങ്ങളുടെ സ്വഭാവമാണു്, ശ്രേഷ്ഠമായ സ്വഭാവസംസ്കാരാദികളുടെ മാനദണ്ഡം.

മനസ്സും പ്രാണനും വീര്യവും ഒന്നുതന്നെയാണു്; അല്ലെങ്കിൽ, അവ സുദൃഢമായി സുസംഘടിതങ്ങളാണു്. മനസ്സിന്റെ ശരിയായ നിയന്ത്രിതാവസ്ഥയിൽ മറ്റവരണ്ടും സ്വയമേവ നിയന്ത്രിതങ്ങളാകുന്നുവെന്നാണു് അനുഭവജ്ഞന്മാർ പറയുന്നതു്. മനസ്സുവേട്ടു, ചഞ്ചലാവസ്ഥയെ പ്രാപിക്കുന്നതു്, പ്രവൃത്തിക്കുന്നതു്, മുഖ്യമായും രണ്ടുകാരണങ്ങളാലാണു്; പ്രാണന്റെയും വാസനകളുടെയും വികാരത്താൽ, ചലനത്തിലാകുന്നു. ഇവയിൽ ഏതെങ്കിലുമൊന്നിനെ ഇല്ലാതാക്കിയാൽ, തിരഞ്ഞെടുപ്പിച്ചാൽ മറ്റതും അതോടുകൂടി സമാപ്തീകരിക്കപ്പെടുന്നു. മനസ്സിന്റെ പരിപൂർണ്ണമായ ഏകാഗ്രാവസ്ഥയിൽ പ്രാണൻ നിശ്ചലമായിത്തീരുന്നു. പ്രാണനെ സ്വാധീനത്തിൽ നിർത്തുവാൻസാധിച്ചാൽ മനസ്സും നിശ്ചേഷ്ടമായിബ്ഭവിക്കുന്നു. മുക്തക്കത്തിൽ, മനസ്സും പ്രാണനും പരസ്പരം വസ്തുവും അതിന്റെ നിഴലും പോലെയാകുന്നു. മനഃപ്രാണങ്ങളെ നിലയ്ക്കുനിർത്തുവാൻ സാധിക്കുന്നവന്റെ ഇന്ദ്രിയങ്ങളും വെക്കിളിപിടിച്ച കുളകളെപ്പോലെയാകുന്നു.

മനസ്സിനെ സമുദ്രത്തിൽ പൊന്തിക്കാണുന്ന ഹിമശൈലത്തോടാണ് പാശ്ചാത്യശാസ്ത്രജ്ഞന്മാർ സാദൃശ്യപ്പെടുത്തിയിരിക്കുന്നതു്. ആ മഹാശൈലത്തിന്റെ വളരെ നിസ്സാരമായ ഉപരിതലം അല്പംമാത്രമാണു് സമുദ്രജലത്തിനുമീതെ പൊന്തിക്കിടക്കുന്നതു്. അജ്ഞാതമായ അദൃശ്യമായ അതിന്റെ വലിയഅടിഭാഗം മുഴുവനും വെള്ളത്തിൽ ആണ്ടുകിടക്കുകയാണു്. അതുപോലെ ചിത്തവൃത്തിയുടെ ലഘുവായ ഒരു ഉപരിതലം മാത്രമാണു് മനസ്സിന്റെ നാമത്തിൽ നാം അറിയുന്നതു്. "ഉപബോധമനസ്സ്" എന്നു് അവർ നിർദ്ദേശിക്കുന്ന വിസ്തൃതവും വിസ്മയാവഹവും വിശകലനാതീതവുമായ ഭാഗം, അടിത്തട്ടിലെങ്ങോ താണുകിടക്കുകയാണു്. അതിനെത്തന്നെയാണു്, ഭാരതീയശാസ്ത്രജ്ഞന്മാർ "വാസന"യെന്ന സാമാന്യമായി പറയുന്നതും. അനേകജന്മങ്ങളിലെ അനുഭവങ്ങളും വാസനാരൂപത്തിൽ അവിടെ നിക്ഷിപ്തങ്ങളാണെന്നും ഭാരതീയതം, അതില്ല, ഈജന്മത്തിലെ സകലവും—ബോധപൂർവ്വകവും അ

കുട്ടമ്പ്മിനാർ

★

വിമാനമാർഗ്ഗം സഞ്ചരിക്കുമ്പോൾ ഡൽഹിനഗരം സമീപിച്ചുതായി യാത്രക്കാരനു് മുന്നറിയിപ്പു നൽകുന്ന ഒരു ഗംഭീരസ്തംഭമാണു് ലോകപ്രസിദ്ധമായ കുട്ടബ്മിനാർ. മനുഷ്യപ്രയത്നത്തിനു് അതീതമായ സങ്കല്പങ്ങളിൽനിന്നുടലെടുത്തിട്ടുള്ള സൃഷ്ടികളിലൊന്നായ കുട്ടബ്മിനാർ ശംഭീരമായ ഒരു സങ്കല്പത്തിന്റെ പൂർണ്ണപ്രഭാവത്രപംമാത്രമായാണു് അവശേഷിക്കുന്നതു്—ഒരു ദേവാലയത്തിന്റെ പുരോഭാഗത്തു നിലകൊള്ളേണ്ട രണ്ടു ഗോപുരങ്ങളിൽ പൂർണ്ണമാത്രമാണു് അതു്. അതിശംഭീരമായ ഈ സ്തംഭം അതിന്റെ സ്രഷ്ടാവിന്റെ കല്പനാശക്തിയിൽ രൂപംകൊണ്ടു് സൃഷ്ടിയുടെ പൂർത്തിമാത്രമാണെന്നുവരികിലും പക്ഷെ അതു ഒരുവിധത്തിൽ ഈ രാജ്യത്തിലെ ഇസ്ലാമിന്റെ ആവിർഭവത്തിന്റെയും അതിന്റെ നിലനിൽപിന്റെയും ഒരു ചിഹ്നമായി കരുതപ്പെടാവുന്നതാണു്.

കുട്ടബ്മിന്റെ നാലുപാടും ചിതറിക്കിടക്കുന്ന അവശിഷ്ടങ്ങളും—അവ മനോഹരങ്ങളെന്നു നിസ്സന്ദേഹമായ പറയാം—ഇതു ഒരുകാലത്തു ഒരു മഹാനഗരത്തിന്റെ കേന്ദ്രമായിരുന്നു. 1198-ൽ കുട്ടബ്ദ്ദീൻഐബക്കു് എന്ന തന്റെ അനുയായിപ്രമുഖൻമുഖേന മുഹമ്മദുഘോറി പൃഥിരാജന്റെ ആസ്ഥാനമായ ഡൽഹിനഗരം പിടിച്ചടക്കി: പൃഥിരാജൻ രജപുത്രരാജ്യങ്ങളുടെ ചക്രവർത്തിയായിരുന്നെങ്കിലും, ഡൽഹി ഒരു ചെറുനഗരംമാത്രമായിരുന്നു. പക്ഷെ ഡൽഹി പ്രതിരോധശക്തിയുടെ ചിഹ്നമായി കരുതപ്പെട്ടിരുന്നു. ഘോറി തന്നുലം അതുപിടിച്ചടക്കി.

അന്നത്തെ ചരിത്രസംഭവങ്ങൾ ശരിക്കുഗ്രഹിക്കണമെങ്കിൽ ഇന്നു ഡൽഹി എന്നു അറിയപ്പെടുന്ന നഗരിക്കു 12-മൈൽ തെക്കും പടിഞ്ഞാറുമാണെന്നും നോക്കേണ്ടതു്. പ്രാകാരങ്ങളാൽ സംരക്ഷിതമായ ഒരു ചെറിയ ഹിന്ദുനഗരമായിരുന്നു അതു്. ഏതാനും ചതുരശ്രമൈൽ വിസ്തീർണ്ണം മാത്രമാണു അന്നു അതിനുണ്ടായിരുന്നതു്; കോട്ടയുടെ അവശിഷ്ടങ്ങൾപരിശോധിച്ച നഗരത്തിന്റെ വ്യാപ്തം കണക്കാക്കപ്പെട്ടിട്ടുണ്ടു്. നിരവധിക്ഷേത്രങ്ങളും അതിനുള്ളിൽ സ്ഥിതിചെയ്തിരുന്നു; ക്ഷേത്രങ്ങളെ പൃഥിരാജന്റെ സൗധവും. ഐബക്കിന്റെ ആക്രമണവും കാലംവരുത്തിയ കെടുതികളും ചെറുത്തുനിൽക്കുന്നതിനു ശിലകൊണ്ടു പണിചെയ്ത ക്ഷേത്രങ്ങൾക്കും അരമനയ്ക്കും സംഭവിച്ചതു വളരെയല്ലാം സ്മരിക്കാതിരിക്കുന്നതല്ല. അതു ബ്രഹ്മചര്യദീക്ഷയ്ക്കു് വലിയ തടസ്സമായി ഭവിക്കുകയുംചെയ്യും.

ബ്രഹ്മചര്യത്തിന്റെ വിപുലമായ അർത്ഥത്തിൽ സർവേന്ദ്രിയനിഗ്രഹത്തെന്നു ഉൾപ്പെട്ടുമെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ശരീരത്തിനും മനസ്സിനും വാക്കിനും "തപസ്സു്" നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. അതൊക്കെ ബ്രഹ്മചര്യത്തിലുൾപ്പെടുന്നു. ദേവദ്വിജഗുരുപ്രാജ്ഞപൂജനം ശൗചമാർജ്ജവം, ബ്രഹ്മചര്യമഹിംസാ ച ശാരീരം തപ ഉച്യതേ" എന്നു ശരീരത്തെക്കുറിച്ചും, "അനുദ്വേഗകരം വാക്യം, സത്യം പ്രിയഹിതം ച യത്, സ്വാധ്യായാഭ്യാസനം ചൈവ, വാങ്മയം തപ ഉച്യതേ" എന്നു വാക്കുകളെക്കുറിച്ചും, "മനഃപ്രസാദസൌമ്യത്വം, മൌനമാത്മവിനിഗ്രഹഃ, ഭാവസംശുദ്ധിരിത്യേതത്തപോമാനസമുച്യതേ" എന്നു മനസ്സിനെക്കുറിച്ചും ഉള്ള "തപസ്സി"നെപ്പറ്റി വിവരിച്ചിരിക്കുന്നതു നോക്കുക. ഏതുകാലത്തേയ്ക്കും, ഏതൊരാൾക്കും പിടിക്കുന്നതും, പറയുന്നതുമായ വാക്യങ്ങൾ!

ബ്രഹ്മചര്യം അതിന്റെ സങ്കുചിതാർത്ഥത്തിൽപോലും — വീര്യസംരക്ഷണം എന്ന അർത്ഥത്തിൽപോലും — അതിന്റെ പ്രചാരകരായ ഋഷികളുടെ ദൃഷ്ടിയിൽ വളരെ വിശാലമായ അർത്ഥവിവക്ഷയോടെ കൂടിയതാകുന്നു. അതിനു് അവർ അഷ്ടാവയവങ്ങളെ അംഗീകരിച്ചിട്ടുണ്ടു; ദർശനം, സ്പർശനം, കേളി, കീർത്തനം, ഗുഹ്യഭാഷണം, സങ്കല്പം, അദ്ധ്യവസായം, ക്രിയാനിർവൃതി എന്നിങ്ങനെ. ഇവയിൽ എട്ടാമത്തേതായ "ക്രിയ" മാത്രമാണു് നിഷിദ്ധകോടിയിൽ ഇനമുള്ളവർ, പ്രസംഗങ്ങളിലെങ്കിലും നിഷ്കർഷിച്ചിട്ടുള്ളതു്. സൂക്ഷിച്ചു നോക്കുന്നപക്ഷം എട്ടാമത്തേതായ "ക്രിയ" അതിനുമുമ്പുള്ള ഏഴുസോപാനങ്ങളിൽക്കൂടി കയറിച്ചെന്നിട്ടുള്ള "വിക്രിയ"യാണെന്നു സ്പഷ്ടമായിക്കാണാം. അതുകൊണ്ടു് അവ ഏഴും നിഷേധിക്കപ്പെട്ടിരിക്കയാണു്. കാമസംബന്ധമായ ബ്രഹ്മചര്യത്തെ വിസ്മരിക്കുകതന്നെചെയ്യുന്നു. ആഹാരത്തെക്കുറിച്ചു ഗീതാചാര്യൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ആയുഃസത്ത്വബലാരോഗ്യ- സുഖപ്രീതിവിവർദ്ധനാഃ രസ്യാ, സ്നിഗ്ദ്ധാഃ, സ്ഥിരാ ഹൃദ്യാഃ, ആഹാരാഃ, സാത്ത്വികപ്രിയാഃ" എല്ലാം മിതമായിരിക്കണമെന്നും നിർബ്ബന്ധിച്ചിരിക്കുന്നു. "യുക്താഹാരവിഹാരസ്യ, യുക്തചേഷ്ടസ്യകർമ്മസു, യുക്തസ്വപ്നാവബോധസ്യ, യോഗോഭവതിദുഃഖഹാ" സാധാരണ ജനങ്ങളെല്ലാം "അമിതാഹാര"ക്കാരരെന്നതന്നെ പറയാം. വിദ്യാർത്ഥികളും മിക്കപ്പോഴും വേണ്ടാത്തതൊക്കെ, വേണ്ടതിലധികം, സമയക്ലിപ്തം കൂടാതെ തിന്നുകൂട്ടുന്നവരാകുന്നു. അനിയന്ത്രിതമായ ആ ഉത്സാഭാവം കാലക്രമത്തിൽ അവരുടെ ബാഹ്യാന്തഃപ്രകൃതികളെയെല്ലാം സ്പർശിക്കാതിരിക്കുന്നതല്ല. അതു ബ്രഹ്മചര്യദീക്ഷയ്ക്കു് വലിയ തടസ്സമായി ഭവിക്കുകയുംചെയ്യും.

ലോഹിയുടെ സേനാധിപൻ നഗരം കരസ്തമാക്കി, മുസ്ലിംഭരണം പണിതീർത്തു. അനന്തരകാലങ്ങളിൽ ഡൽഹിപ്രദേശത്തു മറ്റു പല പുതിയ നഗരങ്ങളും ഉയർന്നുവന്നുകൊണ്ടിരുന്നെങ്കിലും —ഡൽഹി ഏഴു നഗരങ്ങളുടെ സ്ഥാനമാണെന്നാണു് ഐതിഹ്യമെങ്കിലും യഥാർത്ഥം അതിലേറെയാണു്—പതിനഞ്ചുശതകംവരെ മുൻപറഞ്ഞ സ്ഥാനത്തെയായിരുന്നു സുൽത്താന്മാരുടെ ആസ്ഥാനം. ഐതിഹ്യങ്ങളിൽ വിവരിക്കുന്ന ഹർമ്മ്യങ്ങളിലൊന്നുപോലും ഇന്നു കാണ്മാനില്ലെങ്കിലും, നിരവധിഎണ്ണം അന്നുണ്ടായിരുന്നെന്നതു് പരമാർത്ഥംമാത്രമാണു്. ഐബക്കും, അതിനുശേഷം ഷംസുദ്ദീൻ വാണതും, രസിയസുൽത്താനാ പ്രജകളെ അഭിസംബോധനചെയ്തതും അയ ദർബാറുഹാനാ; ചുവന്നകൊട്ടാരം, വെള്ളക്കൊട്ടാരം, പച്ചക്കൊട്ടാരം എന്നിവ പുരാതനമായ മന്ദിരങ്ങളിൽ ഖിൽജിമദ്ധ്യസ്ഥയുടെ അവശേഷങ്ങളും കാണാനുണ്ടു്. കൂടാതെ ഹിന്ദുദേവാലയങ്ങളുടെ ശാലഭികളുടെമുകളിലായി പണിതീർത്ത മുസ്ലിംദേവാലയത്തിന്റെ ആച്ചുകളും.

★

ല്ലുത്തുമായവയെക്കൊണ്ടു—അവിടെ മുളയ്ക്കുവാൻ തയ്യാറുള്ള വിത്തുകളെപ്പോലെ വിലസുന്നു, എന്നു പറയുന്നതു തന്നെപറയുന്നു. രണ്ടായാലും, ആ ഉപഭോഗമനസ്സു്, ആ വാസനാവാസസ്ഥാനം നിസ്സാരമായതോ, നിരാകരിക്കപ്പെടാവുന്നതോ അല്ല.

ആ വാസനയിൽനിന്നാണു് സങ്കല്പവികല്പങ്ങളും, ഭാവഭാവനകളുമെല്ലാം ഉടയംകൊള്ളുന്നതു്. അതിൽനിന്നാണു് ആഗ്രഹങ്ങളുണ്ടാകുന്നതും, ആസക്തികളായി വളരുന്നതും, കാമമോഹാഭിലാഷങ്ങളായി പടർന്നു തഴയ്ക്കുന്നതും. കാമനെ, ലൈംഗികവികാരത്തെ, ചിത്തജൻ, അനംഗൻ, മനോഭവൻ, പഞ്ചശ്രസൻ അഞ്ചിന്ദ്രിയങ്ങളേയും അലട്ടുന്നതിനാൽ) എന്നുംമാത്രം ഹൈന്ദവപുരാണകർത്താക്കന്മാർ വർണ്ണിക്കുന്നതു വെറുതെയല്ല. "പിത്തവൃത്തി നിരോധം:" സാധിക്കുന്ന വൈരാഗ്യസംസ്തുഷ്ടമായ തപസ്സുകൊണ്ടുമാത്രമേ ആ കാമനെ—ലൈംഗിക വാസനയെ—നശിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അതാണു് ജ്ഞാനിയും തപസ്വിയുമായിരുന്ന പരമശിവൻ നിഷ്കർഷിച്ചതായി പറയപ്പെടുന്ന "കാമദഹനം."

സംസർഗ്ഗംകൊണ്ടാണു് സ്വഭാവത്തിലെ ഗുണദോഷങ്ങളും ഉദിക്കുന്നതും ഉറയ്ക്കുന്നതും എന്നു നിരീക്ഷപമാണു്. ദുഷ്ടസംസർഗ്ഗം, ദുർവാസനകളും ദുർഭക്ഷണങ്ങളും ദുരാചാരങ്ങളുമുള്ളവരുടെ അടുത്തെങ്ങും പോകരുതെന്നു വിലക്കപ്പെട്ടിരുന്നതിന്റെ അർത്ഥവും ആവശ്യവും സ്പഷ്ടമാകുന്നു. യതീശ്വരന്മാർക്കപോലും സത്സംഗം സദാപേക്ഷിതമെങ്കിൽ, സാധാരണന്മാരുടെയും വിശേഷിച്ചും വിദ്യാർത്ഥികളുടെയുംകാര്യം പറയേണമോ? ചങ്ങാതിദോഷംകൊണ്ടുമാത്രം കാട്ടുകയറിപ്പോയിട്ടുള്ള വളരെ നല്ല വിദ്യാർത്ഥികളുടെ ദുഃഖകരമായ ചരിത്രങ്ങളും ഏതുകോളേജിലും, എല്ലാവർഷത്തിലും എഴുതപ്പെടുന്നുണ്ടായിരിക്കും. "ത്രിജഗതിസജ്ജനസംഗതിരേകാ—ഭവതി ഭവാബ്ധിതരണേ നൌകാ" എന്നാണു ശ്രീശങ്കരാചാര്യർപോലും പ്രകീർത്തിച്ചിട്ടുള്ളതു്. ഒരു മഹാപുരുഷനായുണ്ടായ യാദൃച്ഛികസമ്പർക്കത്താൽമാത്രം, അനേകരെ ദുഷ്ടനും ദുരാചാരനിരതനുമായിരുന്ന മനുഷ്യൻ, മനംമാറി, മട്ടുമാറി, മഹാത്യാഗിയും യോഗിയുമായിത്തീർന്നിട്ടുള്ള കഥകളും ഏതുകാലത്തും രാജ്യത്തിലും ഉണ്ടായിട്ടുണ്ടു്. ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ടു്. നന്നാകുവാൻകൂടി നല്ലവരുടെ സംസർഗ്ഗംമാത്രം മതിയെങ്കിൽ, ചീത്തയാകുവാൻ ചീത്തമനുഷ്യരുമായുള്ള സംസർഗ്ഗം എത്രയധികം കാരണമായിത്തീരണം. കയറിപ്പോകുവാനുള്ള ക്ലേശമെന്നും കീഴോട്ടു നിപതിക്കുന്നകാര്യത്തിലില്ലല്ലോ. "അനേകചിത്തവിഭ്രാന്തഃ, മോഹജാലസമാവൃതഃ, പ്രസക്തഃ കാമഭോഗേഷു പതന്തി നരകേ ശുചൌ" എന്നാണു ഗീതാവാക്യം.

ഭക്ഷണം, ശരീരത്തിന്റെ സ്വഭാവത്തെ സാരമായി സ്പർശിക്കുന്നു എന്നതു് ആക്ഷേപം നിഷേധിക്കാവുന്നതല്ല. അതുകൊണ്ടാണു് ഭക്ഷണത്തിന്റെകാര്യത്തിൽ വിദ്യാർത്ഥികൾപോലും പ്രത്യേകം മനസ്സിരുത്തേണ്ടതുണ്ടെന്നു്, മനുവിന്റെകാലംമുതല്ലു നിഷ്കർഷിക്കപ്പെട്ടിട്ടുള്ളതു്. കാമസംബന്ധകങ്ങളായ ഭക്ഷണംമാത്രമല്ല അവയ്ക്കു തുല്യം വിശേഷാൽമനുഷ്യകളേയുംകാടി യുവാക്കന്മാർ ആഗ്രഹിക്കുകയും, ആരാധിക്കുകയും, അനുഭവിക്കുകയുംചെയ്യുന്നു. 'ആഹാരം സാത്വികമായിരിക്കണമെന്നും, അതു 'മിത'മായിരിക്കണമെന്നുമുള്ള നിയമങ്ങളെ ആദരപൂർവം അനുസരിക്കുന്നപക്ഷം വിദ്യാർത്ഥിലോകത്തിന്റെ എല്ലാം പ്രവർത്തനങ്ങളും വികസിക്കുകയും, വർദ്ധിക്കുകയുംചെയ്യും. അന്തശ്ശക്തികളുടെ വികാസത്തെക്കാൾ, കായികശക്തിയുടെ വർദ്ധനവിൽ വിശ്വസിക്കുന്നവർപോലും, അതിനും അനുകൂലപ്രതികൂലങ്ങളായ ഭക്ഷണങ്ങളുടെ ഗുണദോഷങ്ങൾ അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും.

എന്താണീ ഭൂമിദാനയജ്ഞം?

★

— എം. പി. മന്മഥൻ —

I

ആചാര്യവിനോബാഭാവേയുടെ മഹനീയനേതൃത്വത്തിൽ സമാരംഭിച്ചിട്ടുള്ള ഭൂമിദാനയജ്ഞം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഭാരതജനതയുടെ മുഴുവൻ ശ്രദ്ധയെ ആകർഷിച്ചു കഴിഞ്ഞിട്ടുള്ള ഒരു മഹാപ്രസ്ഥാനമാണല്ലോ. ഭൂമിയില്ലാത്ത കർഷകനുവേണ്ടി, ഉള്ളവരോടു ഭൂമി ദാനമായി വാങ്ങുന്ന ഈ സംരംഭത്തെ സമാദരിച്ചു്, കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 13 ലക്ഷത്തിൽപരം ഏക്കർ ഭൂമി ജനങ്ങളും അദ്ദേഹത്തിനു ദാനംചെയ്തുകഴിഞ്ഞിട്ടുണ്ടു്. ദിവസംചെല്ലുന്തോറും ഈ പ്രസ്ഥാനത്തോടു ജനങ്ങൾക്കുള്ള മതിപ്പും വിശ്വാസവും വർദ്ധിച്ചുവരുന്നതായിട്ടാണു റിപ്പോർട്ടുകൾ വ്യക്തമാക്കുന്നതു്. പ്രജാസോഷ്യലിസ്റ്റുപാർട്ടിയുടെ നേതാവും ഇന്ത്യയിലെ വലിയ വിപ്ലവകാരിയുമായ ശ്രീ: ജയപ്രകാശ് നാരായണൻ അദ്ദേഹത്തിന്റെ മുഴുവൻസമയവും ഈ പ്രസ്ഥാനത്തിനുവേണ്ടി ഇന്നു സമർപ്പിച്ചിരിക്കയാണു്. ഭൂമിദാനയജ്ഞത്തെ ഒരു വലിയ ദേശീയപ്രസ്ഥാനമെന്നനിലയിൽ കോൺഗ്രസ്സ്ഗവർമ്മെൻറുതന്നെയും അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. പ്രജാ-സോഷ്യലിസ്റ്റുപാർട്ടിയാകട്ടെ അതിന്റെ ഒരു പരിപാടിയായി ഭൂമിദാനയജ്ഞത്തെ സ്വീകരിച്ചിരിക്കയാണു്. ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കാൻ അനുദിനം കൂടുതൽ പ്രവർത്തകർ രംഗത്തേയ്ക്കിറങ്ങിക്കൊണ്ടിരിക്കുന്നതായും കൂടുതൽ കൂടുതൽ ഭൂമി ഉടമസ്ഥർ ഭൂദാനത്തിനു തയ്യാറാകുന്നതായും കാണാനും കഴിയുന്നുണ്ടു്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനുശേഷം അതുപോലെയോ അതിൽകവിഞ്ഞോ ശക്തിയും പ്രാധാന്യവുമുള്ള രണ്ടാമത്തെ ദേശീയ ബഹുജനപ്രസ്ഥാനമെന്ന നിലയ്ക്കാണു രാഷ്ട്രീയവിചക്ഷണന്മാർ ഭൂമിദാനയജ്ഞത്തെ വീക്ഷിക്കുന്നതു്.

എന്നാൽ ഏതു മഹാപ്രസ്ഥാനവും അതിന്റെ ആവിർഭാവത്തിൽ ചില ആക്ഷേപങ്ങളെയും വിമർശനങ്ങളെയും അഭിമുഖീകരിക്കേണ്ടിവരികയെന്നതു കേവലം സ്വാഭാവികമാണല്ലോ. ഗാന്ധിജി നിർദ്ദേശിച്ച അഹിംസാമാർഗ്ഗത്തിലൂടെ സംഘടിപ്പിക്കപ്പെട്ട ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അസംഖ്യമെന്നും ബുദ്ധിശൂന്യതയെന്നും ആക്ഷേപിച്ചവർ ഇന്നും ജീവിച്ചിരിപ്പുണ്ടു്. മഹാനായ ആ വിപ്ലവകാരിയുടെ ഉപ്പുസത്യഗ്രഹത്തിനു പുറപ്പെട്ടപ്പോൾപോലും അതു 'ഉച്ചക്കിറക്കം' എന്നു പറഞ്ഞു അധിക്ഷേപിക്കാൻ ആളുകളുണ്ടായിരുന്നു. ഇതൊക്കെ ഒരു നല്ല പ്രസ്ഥാനത്തെ പരാജയപ്പെടുത്താനുദ്ദേശിച്ചു മനഃപൂർവം പറയുന്നതാണെന്നു ധരിക്കേണ്ടതില്ല. ആ പ്രസ്ഥാനത്തെ അതിന്റെ പൂർണ്ണരൂപത്തിൽ സങ്കല്പിക്കാൻ സാധിക്കായ്കയായിരിക്കണം അതിന്റെ കാരണം. ബഹുജനപ്രസ്ഥാനങ്ങളും ആക്ഷേപങ്ങളെയും വിമർശനങ്ങളെയും നേരിട്ടുകൊണ്ടുതന്നെ വളരേണ്ടതു അവയുടെ സഫലതയ്ക്കും പൂർണ്ണതയ്ക്കും ആവശ്യമാകയാൽ എപ്പോഴും സ്വാഗതാർഹങ്ങളുമാണു്.

ഭൂദാനയജ്ഞത്തെപ്പറ്റിയും ഈവിധം ചില ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്. സൂക്ഷ്മമായി പരിശോധിച്ചാൽ അവയെല്ലാം മൗലികത്തിൽ സന്തോഷത്തിനു കൂട്ടുതൽ വകനൽകുന്നു എന്നാണു പറയേണ്ടതു്. ഭൂമിയുടെ ഉടമയിലും വിതരണത്തിലും നീതിപൂർവകമായ ഒരു വ്യതിയാനം എത്രയും വേഗം ഉണ്ടായിക്കാണ്മാനുള്ള ആഗ്രഹമാണു ഈ ആക്ഷേപങ്ങളിൽ പലതിനും വാസ്തവത്തിൽ വഴിതെളിച്ചിട്ടുള്ളതു്. ഭൂമിദാനയജ്ഞം കൊണ്ടു നമ്മുടെ ഭൂപ്രശ്നം പരിഹരിക്കാൻ കഴിയുമോ? അല്പം പത്തോ രണ്ടോ സെൻറുകളായി ഭൂമിദാനം വാങ്ങുന്നതു്, ഭൂമിയെ തുണ്ടുതുണ്ടാക്കിത്തീർക്കുന്ന അശാസ്ത്രീയസമ്പ്രദായത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കയല്ലേ? ഭൂമി ധാരാളം അന്യായമായി കൈവശം വച്ചുകൊണ്ടിരിക്കുന്നവരോടല്ലാതെ, ചെറിയ തുണ്ടുഭൂമികളുള്ളവരോടും രണ്ടും നാലും സെൻറുകൾ വാങ്ങുന്നതെന്തിനു? ഇതേവരെ ഭൂമി ദാനംചെയ്തവർതന്നെയും വല്ല ചീത്ത ഭൂമിയുമല്ലാതെ, നല്ല ഭൂമി കൊടുക്കാൻ തയ്യാറായിട്ടുണ്ടോ? നല്ല ഭൂമി ദാനംചെയ്യാൻ ആരെങ്കിലും തയ്യാറാകുമോ?—ഇമ്മാതിരി ചില ചോദ്യങ്ങളാണു ഭൂദാനയജ്ഞത്തെപ്പറ്റി ഇന്നു സാധാരണ ചോദിക്കപ്പെടുന്നതു്. ഇതെല്ലാം, ഭൂമിയുടെ ഉടമയിൽ ഇന്നുകാണുന്ന അസമത്വത്തോടും അനീതിയോടുമുള്ള ആത്മാർത്ഥമായ അമർഷവും, അതു പരിഹരിക്കുന്നതിനുള്ള ഒരു പരിപാടിയെന്ന നിലയിൽ ഭൂദാനയജ്ഞം അപര്യാപ്തമല്ല എന്നൊരു ശങ്കയും ചേർന്നുണ്ടായിട്ടുള്ള ചോദ്യങ്ങളായിരിക്കാനേ തരമുള്ളൂ.

ഈ ചോദ്യകർത്താക്കളെ ആദ്യമായി അനുസ്മരിപ്പിക്കേണ്ടുള്ളതു് ഭൂദാനയജ്ഞം ചില തത്വങ്ങളെയും സിദ്ധാന്തങ്ങളെയും ആശ്രയിച്ചു നിലനിൽക്കുന്ന ഒരു പ്രസ്ഥാനമാണെന്നുള്ളതാണു്. ദാനം വാങ്ങുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നതാണു അതിന്റെ ഇന്നത്തെ പ്രത്യക്ഷരൂപമെങ്കിലും അടിസ്ഥാനമായ ചില തത്വങ്ങളെ അവലംബിച്ചുകൊണ്ടാണു അങ്ങനെ ചെയ്യുന്നതെന്നു മാത്രം വിസ്മരിച്ചുകൂടാ. ഈ തത്വങ്ങളോടു വിയോജിക്കുന്നവരുണ്ടായേക്കാം. അതു മനസ്സിലാക്കാവുന്നതാണു്. എന്നാൽ പ്രവൃത്തിരൂപത്തിൽ ബഹുമാന്യരായ കോൺഗ്രസ് സംഘടനകളെമാത്രം കണ്ടിട്ടു് സാമൂഹികമായി വ്യവഹരിക്കുന്നവർ സംശയങ്ങളും പുറപ്പെടുവിക്കുന്നവർ വസ്തുവിനുപകരം നിഴലിനെ കണ്ടു തുഛീയടയുകയാണു ചെയ്യുന്നതു്. ആനയെക്കണ്ട അന്ധന്മാരെയാണു ഇക്കൂട്ടർ അനുസ്മരിപ്പിക്കുന്നതെന്നു പറയുന്നതു പരിഹസിക്കുന്നതല്ല, സത്യം വെളിപ്പെടുത്തുന്നതിനുവേണ്ടിയാണു്.

II

ഭൂമിദാനയജ്ഞത്തെപ്പറ്റി സർവ്വസേവാസംഘം മുഖ്യമായി രണ്ടുപ്രമേയങ്ങളാണു പാസ്സാക്കിയിട്ടുള്ളതു്. ആദ്യത്തെ പ്രമേയത്തിൽ, "...ഭൂദാനയജ്ഞം ഇന്ത്യയിൽ അഹിംസാത്മകമായ ഒരു സമുദായം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള അവശ്യവും അനിവാര്യവുമായ ഒരു കാൽവെപ്പാണെ"ന്നു പ്രഖ്യാപിക്കുകയും, "രംഗത്തിന്റെ ധാർമ്മികമനസ്സാക്ഷി പ്രബുദ്ധമാക്കപ്പെടുവാനും, സമാധാനപരവും അക്രമരഹിതവുമായ മാർഗ്ഗങ്ങളിലൂടെ സാമൂഹ്യവിപ്ലവം മുഖേന ഈ രാജ്യത്തു സമത്വവും ശാന്തിയും സംസ്ഥാപിക്കപ്പെടുവാനുംവേണ്ടി എല്ലാ ശക്തിയും ഭക്തിയുമുപയോഗിച്ചു് ഈ യജ്ഞത്തിന്റെ ശ്രദ്ധതിയിലുള്ള പുരോഗതിക്കായി പ്രവർത്തിക്കുവാൻ....." ആഹ്വാനംചെയ്യുകയുംചെയ്യുന്നു. രണ്ടാമത്തെ പ്രമേയത്തിൽ "പൂർണ്ണമില്ലാത്തതും വ്യക്തിപരമായ വളർച്ചയ്ക്കും വികാസത്തിനും എല്ലാവർക്കും പൂർണ്ണാവസരം ലഭിക്കുന്നതും ജാതിരഹിതവും വർഗ്ഗരഹിതവുമായ ഒരു സമുദായസംസ്ഥാപന"മാണു "സർവോദയസമാജം ലക്ഷ്യമാക്കിയിട്ടുള്ളതെന്നു വ്യക്തമായി പ്രഖ്യാപിച്ചുകൊണ്ടു്, അതിന്റെ മുഖ്യപരിപാടിയായ ഭൂദാനയജ്ഞപ്രസ്ഥാനത്തിന്റെ മൌലികതത്വം, "ഭരണയുടെ മക്കൾക്കു" അമ്മയിലെന്നപോലെ ഈ ഭൂമിയിൽ പിറന്നവർക്കെല്ലാം ഭൂമിമേലുള്ള തുല്യാവകാശമുണ്ടെ"ന്നുള്ളതാണെന്നു സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. പ്രമേയങ്ങളിലെ ഉല്കൃഷ്ടതത്വങ്ങളിൽനിന്നും ഭൂദാനയജ്ഞം ഭൂമിയുടെ വെറുമൊരു വാങ്ങലും കൊടുക്കലുമല്ലെന്നും സമാധാനപരവും അക്രമരഹിതവുമായ മാർഗ്ഗങ്ങളിൽകൂടി ഒരു നവ്യസമുദായവ്യവസ്ഥയെ സൃഷ്ടിക്കാനുള്ള ഉദ്യമമാണെന്നും വ്യക്തമാണല്ലോ.

ഭൂമി ദാനംവാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതിൽകൂടി എങ്ങനെയാണു് ഒരു നവ്യസമുദായത്തെ സൃഷ്ടിക്കാൻ കഴിയുക? അതു വ്യക്തമാക്കുന്നതിനു് ഇന്നത്തെ സമുദായജീവിതത്തെപ്പറ്റി മനസ്സിലിരിക്കേണ്ടതുണ്ടു്.

ണലും, കൈകോത്തുപിടിച്ചുനടക്കലും, സരസസംഭാഷണങ്ങൾ—സൈരസല്ലാപങ്ങൾ—നടത്തലും, സിനിമകാണാൻപോകലുംമറ്റും "ഫാഷ്യനും", പുരോഗമനവും, സ്വാതന്ത്ര്യവും, സമഭാവനയുമായി ഏറ്റവുമടുപ്പിച്ചുള്ള ആധുനികയുഗത്തിൽ "ബ്രഹ്മചര്യം" കേവലം "ഏട്ടിലെ പശു"വായിത്തീർന്നതിൽ അൽഭുതപ്പെടുവാനില്ല. ബ്രഹ്മചര്യത്തെ നിരാകരിച്ചും, ലഘുതത്വത്തെ പൊക്കിപ്പിടിച്ചും ആകുന്നു ഇന്നത്തെ സന്താനനിയന്ത്രണപ്രചാരകന്മാരുടെ പുറപ്പാടുതന്നെയും!

ദൈവത്തിന്റെപേരിലോ, മതസംസ്ഥാനത്തിന്റെ നാമത്തിലോ അല്ലതന്നെ, ബ്രഹ്മചര്യനിഷ്ഠ വിദ്യാർത്ഥിലോകമെങ്കിലും അത്ഭുതമായും, അത്യാദരപൂർവ്വവും അനുഷ്ഠിക്കപ്പെടണമെന്നു അനുശാസിക്കുന്നതു്. ശരീരശക്തിയും, ബുദ്ധിവികാസവും, സദാചാരവും, സത്യനിഷ്ഠയും, ധീരതയും, അഭിപ്രായദാർഢ്യവും, ഭോഗവിരക്തിയും, ത്യാഗശീലവും ഉള്ള ഉത്തമന്മാരായ പൗരന്മാർ ഉണ്ടായിരിക്കുന്നതിനുവേണ്ടിയാണു ബ്രഹ്മചര്യം നിഷ്കർഷിക്കപ്പെട്ടതു്. അപ്രകാരമുള്ള ഒരു പൗരസഞ്ചയത്തെ സ്വതന്ത്രരായ ഇന്നത്തെ ഇന്ത്യ എന്നത്തെക്കാളുമധികം ആഗ്രഹിക്കുന്നുണ്ടു്; ആവശ്യപ്പെടുന്നുണ്ടു്; അത്യന്തയോടുകൂടി ആരായുന്നുമുണ്ടു്. ഭാവിപൗരന്മാരുണ്ടാകുന്നതെങ്ങനെയാണു വിദ്യാർത്ഥികൾ. അവരിൽക്കൂടിയാണു് ഭാരതഭൂമി അതിന്റെ ഭൂതകാലമഹിമയെ വീണ്ടെടുക്കുന്നതും, ഭാവിയിലെ രാഷ്ട്രങ്ങൾക്കു മാതൃകസൃഷ്ടിക്കുവാനും കാത്തിരിക്കുന്നതു്. ബ്രഹ്മചര്യത്തിൽകൂടിയല്ലാതെ പ്രശാന്തസുന്ദരവും, പ്രവർത്തനോന്മുഖവും, വിശ്വവിശാലവുമായ ആ "പൗരത്വം" സംപ്രാപ്തമാകുവാനുമല്ല. അതുകൊണ്ടു് ഭാവിപൗരന്മാരേ! ഭാരതത്തിന്റെ ആശാങ്കുരങ്ങളേ! ആധുനികവിദ്യാർത്ഥികളേ! മറ്റൊന്നും നിങ്ങൾക്കു സാധിച്ചില്ലെങ്കിലും, ബ്രഹ്മചര്യത്തിന്റെ സൗരഭാനർഘതയെ മനസ്സിലാക്കി, മനസ്സടക്കാതെ, ഭുജിപ്പിക്കാതെ, മനസ്സുവെച്ചുജീവിക്കുവിൻ. നിങ്ങൾക്കും നിങ്ങളിൽകൂടി ഭാരതഭൂമിക്കും സർവ്വശ്രേയസ്സുകളും കൈവരട്ടേ!

ഓം

★

ഇന്നത്തെ സാമൂഹ്യികജീവിതം വ്യക്തികളുടെ പരസ്പരസഹകരണത്തിലല്ല, പരസ്പരമത്സരത്തിലാണ് മുറപ്പിക്കപ്പെട്ടിട്ടുള്ളത്. ഓരോ വ്യക്തിയും സ്വന്ത ജീവിതാവശ്യങ്ങൾക്കുവേണ്ടി അന്യവ്യക്തികളോടും സമുദായത്തോടുപൊതുവേയും ഒരു മത്സരവിചാരത്തിൽ പെരുമാറുകയാണല്ലോ ചെയ്യുന്നത്. ഓരോ വ്യക്തിക്കും ഭാവിയിൽ തന്റെ ജീവിതം നേടുന്നതിന് അവൻ മാത്രമേ തുല്യമുള്ളവനായിരിക്കണമെന്നുള്ള എന്നും അതിനാൽ ഒരു ശത്രുമണ്ഡലത്തിലെന്നപോലെ സ്വന്ത കാര്യംനോക്കി ഈലോകത്തു ജീവിക്കുന്നവനാണ് ജീവിക്കാൻ പഠിച്ചവനെന്നുമുള്ളസിദ്ധാന്തത്തെ സ്വീകരിച്ചവരുടെ സമുദായമാണ് ഇന്നത്തെ സമുദായമെന്നുപറഞ്ഞാൽ വാസ്തവംകുറേക്കൂടി വ്യക്തമാകുമെന്നുതോന്നുന്നു. ജീവിതം ഇങ്ങനെയൊരു മത്സരമായിത്തീരുന്ന സമുദായത്തിൽ, മത്സരിക്കാനുള്ള കഴിവും സൗകര്യവും ജീവിതവിജയത്തിന്റെ രഹസ്യമായിഭവിക്കുന്നു. സായത്തികമായ അസമത്വത്തിന്റെയും ബഹുഭൂരിപക്ഷം ജനങ്ങളുടെ ദുരിതത്തിന്റെയും മൂലകാരണം ജീവിതത്തെപ്പറ്റി ഇന്നുള്ള ഈ മത്സരവിചാരമാണ്. എന്നാൽ മത്സരോത്കൃഷ്ടമായ ഒരു സാമുദായിക ജീവിതം എന്നും ലോകസമാധാനത്തിന്റെ ശത്രുവാണെന്നു പറയേണ്ടതില്ലല്ലോ. വ്യക്തികളുടെ മത്സരവിചാരം വളർന്ന്, ഒരേതാല്പര്യമുള്ള ഒരുകൂട്ടം ആളുകൾക്കു മറ്റുള്ളവരോടുള്ള മത്സരമായും വളരും. അതാണ് ജാതിപക്ഷപാതം, മുതലാളിപക്ഷപാതം, കർഷകപക്ഷപാതം, തൊഴിലാളിപക്ഷപാതം എന്നിങ്ങനെയുള്ള സംഘടിതശക്തികളെ സൃഷ്ടിച്ചത്. രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരമായിത്തന്നെ ഇന്നു വളർന്നിട്ടുള്ളതു് ജീവിതത്തിലെ ഈ മത്സരവിചാരത്തിന്റെ വളർന്ന രൂപമാണെന്നുകാണാം. ചുരുക്കത്തിൽ ജീവിതം മത്സരമാണെന്നുള്ള അഭിപ്രായത്തെ മാറാതെ ലോകത്തിൽ ഒരിടത്തും സമാധാനവും ശാന്തിയും ഒരുകാലവും സാധ്യമല്ല. മത്സരത്തിന്റെ സ്ഥാനത്തു്, ജീവിതം വ്യക്തികൾതമ്മിലുള്ള ഒരു സഹകരണമാണെന്നുള്ള അഭിപ്രായത്തെ ഉറപ്പിക്കേണ്ടിയിരിക്കുന്നു. സ്വന്തതാല്പര്യങ്ങളെ സമുദായത്തിന്റെ താല്പര്യത്തിനുവേണ്ടി ഉപേക്ഷിക്കാനുള്ള സന്നദ്ധതയിൽനിന്നാണ് സാമുദായികജീവിതത്തിൽ ഈ സഹകരണം പ്രത്യക്ഷപ്പെടുന്നതു്.

ജീവിതത്തിൽനിന്നു മത്സരത്തെ പറിച്ചെറിഞ്ഞു് (അഥവാ, ഹിംസയെ മാറ്റി) സഹകരണത്തെ (അഹിംസയെ) പ്രതിഷ്ഠിക്കാൻകഴിയുമോഇതാണ് ഒരു സർവോദയസമുദായം ഉണ്ടാകുന്നതു്. ഹിംസാത്മകമായ ഒരവസ്ഥയിൽനിന്നു് സമുദായത്തെ ഈ അഹിംസാത്മകമായ അവസ്ഥയിലേയ്ക്കു മാറ്റാനുള്ള ഹിംസകൊണ്ടല്ല അഹിംസകൊണ്ടായിരിക്കണം. അഥവാ, അഹിംസയിൽക്കൂടിയല്ലാതെ ഒരു അഹിംസാത്മകസമുദായത്തെ സൃഷ്ടിക്കാൻ ഒരുകാലത്തും കഴികയില്ല. ഹിംസാമാർഗ്ഗത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒരു സമുദായം ഹിംസയുടെ ബീജങ്ങളിൽനിന്നും ഒരിക്കലും വിമുക്തമാകുക സാധ്യമല്ല.

അപ്പോൾ, അഹിംസാമാർഗ്ഗത്തിലൂടെ ഒരു സർവോദയസമുദായത്തെ സൃഷ്ടിക്കുന്നതിനു തരണമാർഗ്ഗമേയുള്ളൂ — ജീവിതം സഹകരണമെന്നുള്ള അഭിപ്രായത്തിലേയ്ക്കു മാനസികപരിവർത്തനംവന്ന ആളുകളെ സംഘടിപ്പിക്കുക. ഈ നവ്യസമുദായവ്യവസ്ഥയിൽ വിശ്വസിക്കുന്ന ഏതാനംപേരുണ്ടായാൽ ആ വിചാരം വളർന്നു ജനതയെ ഒന്നടങ്കം അതിൽ ഉൾപ്പെട്ടുത്താൻ പര്യാപ്തമാകാതിരിക്കയില്ല. അതിനാൽ സർവോദയവ്യവസ്ഥയിൽ വിശ്വസിക്കുന്ന ആളുകളെ സംഘടിപ്പിക്കുക. ഈ വ്യവസ്ഥയിൽ വിശ്വസിച്ചു എന്നതിന്റെ, അഥവാ ജീവിതത്തെ ഒരു സഹകരണമായി അംഗീകരിക്കുന്നുള്ള സന്നദ്ധതയെ അളക്കുന്ന, മാനദണ്ഡമാണ്, ആവശ്യത്തിൽകവിഞ്ഞുള്ള ഭൂമിയോ ധനമോ ഒന്നുമില്ലെങ്കിൽ ഒരു സർവോദയസമുദായസൃഷ്ടിക്കുവേണ്ടിയുള്ള ശ്രമമോ ദാനംചെയ്കയെന്നുള്ളതു്. നിയമമുണ്ടാക്കുമ്പോൾ എല്ലാംമുപേക്ഷിച്ചുകൊള്ളാമെന്നുപറയുന്നതു ഇവിടെ വിലപ്പോകയില്ല. നിയമമുണ്ടാകുന്നതിനുമുമ്പുതന്നെ സന്നദ്ധതയുണ്ടായാലെ നിയമത്തിൽനിന്നു ഹിംസയെ ഒഴിവാക്കാൻ സാധിക്കയുള്ളൂ. ഒരു നവ്യവ്യവസ്ഥയ്ക്കു രൂപംനൽകിക്കൊണ്ടുള്ള നിയമം ജനതയുടെ സ്വയം സന്നദ്ധതയുടെ അംഗീകൃതരൂപംമാത്രമേ ആയിരിക്കാൻ പാടുള്ളൂ. അതുകൊണ്ടു സന്നദ്ധതയാണ് ആദ്യമുണ്ടാക്കേണ്ടതു്. പ്രവൃത്തിരൂപത്തിൽ പ്രകടിപ്പിക്കാൻ കഴിയാത്ത, വെറും വാക്കിനുമാത്രമുള്ള സന്നദ്ധത ആത്മാർത്ഥമല്ല. അതുകൊണ്ടാണ് ഭൂമിദാനംചെയ്തതുകൊണ്ടു ഒരു നവ്യസമുദായത്തിലുള്ള വിശ്വാസം രേഖപ്പെടുത്തേണ്ടിയിരിക്കുന്നതു്. ഈ നിലയിലാണ് ഭൂമിദാനം, ഇല്ലാത്തവർക്കു ഭൂമികൊടുക്കുക മാത്രമല്ല ഒരു നവ്യസമുദായത്തെ സ്വയം ആവിഷ്കരിക്കുകടിചെയ്യുന്ന എന്നും ധരിക്കേണ്ടതു്.

III

ഭൂമിദാനയജ്ഞത്തിന്റെ മേൽപ്പറഞ്ഞ അടിസ്ഥാനപ്രമാണം ഓർമ്മിക്കുമെങ്കിൽ ഒട്ടുവളരെ സംശയങ്ങൾ ഒഴിവാകും. ഭൂമിദാനത്തിനു ഭൂപ്രശ്നം പരിഹരിക്കാൻകഴിയുമോ? കഴിയുമെന്നു ആരും വാദിച്ചിട്ടില്ല. ഒരു നിയമനിർമ്മാണത്തിനെ ഭൂപ്രശ്നത്തെ അതിന്റെ വിവിധവശങ്ങളെ സ്പർശിച്ചുകൊണ്ടു ശാശ്വതമായി പരിഹരിക്കാൻ കഴിയുള്ളൂ. എന്നാൽ അപ്രകാരമൊരുനിയമത്തെ ലാഘവത്തോടും ക്ലേശരഹിതമായും സർവ്വാദ്ധ്യുമായ ഒരു നടപടിയാക്കിത്തീർക്കുന്ന അന്തരീക്ഷം ഉണ്ടാകാൻ ആദ്യമേ ഹൃദയം സന്നദ്ധമാകണം. നിയമത്തേക്കാളും ഹൃദയത്തിനു പ്രാധാന്യംനൽകേണ്ടിയിരിക്കയാൽ ആദ്യം ഭൂദാനയജ്ഞം, ഒടുവിൽ നിയമനിർമ്മാണം. വിനോബാജിതന്നെ ഇതേപ്പറ്റി ഇപ്രകാരം പറയുന്നു:— "അഹിംസനിയമനിർമ്മാണത്തെ പുരസ്കരിക്കുന്നില്ല. എന്നാൽ അതു പൊതുജനാഭിപ്രായത്തിന്റെ പിന്തുണയോടുകൂടിയ നിയമനിർമ്മാണമായിരിക്കണം, ഭൂരിപക്ഷാഭിപ്രായം അതിനനുകൂലമാകണം. മിലിട്ടറിയെ എതിർപ്പുണ്ടെങ്കിൽ സൈന്യമില്ല..... എന്റെ പദ്ധതിയും അവസാനത്തിൽ നിയമനിർമ്മാണത്തെ വിടവേണം ചെയ്യുന്നു. എങ്കിലും ഞാൻ തുടങ്ങുന്നതു അനന്തരാപേക്ഷയും ദയയുംകൊണ്ടാണ്. ഇന്നത്തെസ്ഥിതി അന്യായമാണെന്നു ഒരേഹൃദയത്തിനും തോന്നിത്തുടങ്ങിയാൽ, അനന്തരാപേക്ഷ സൃഷ്ടിക്കപ്പെട്ടാൽ, സമിതിയുടെ ശരിയായൊരുബോധം വളർത്തിക്കൊണ്ടുവന്നാൽ, അവസാനം നിയമനിർമ്മാണമാകും. ഇതാണ് അഹിംസയുടെവഴി." ഭൂമിദാനംലഭിക്കാൻ പണിപ്പെടുന്നതിനേക്കാളും, അധികാരം പിടിച്ചെടുത്തു് നിയമമുണ്ടാക്കുന്നുള്ള ഹിംസാമാർഗ്ഗങ്ങളാണ് സ്വീകാര്യമെന്നുള്ള കമ്മ്യൂണിസ്റ്റുകാരുടെ നിലപാടു വിനോബാജിയുടെ ശ്രദ്ധയിൽപെടുത്തിയപ്പോൾ അദ്ദേഹം ഒരിക്കൽപറഞ്ഞു: — "ഞാൻ ഈ ചെയ്യുന്നതെല്ലാം കമ്മ്യൂണിസ്റ്റുകാരുടെ ജോലിയാണ്. എന്റെ ഈ പണി ഫലിച്ചില്ലെങ്കിൽ നിയമംകൊണ്ടു വലിയ പ്രയോജനമൊന്നും ഉണ്ടാവില്ല. ദാനത്തിൽതുടങ്ങി നിയമത്തിൽ പര്യവസാനിക്കുന്നതാണ് എന്റെപണി. കമ്മ്യൂണിസ്റ്റുകാരാകട്ടെ, ഭീഷണികൊണ്ടുതുടങ്ങി നിയമം കൊണ്ടവസാനിപ്പിക്കുന്നു. പ്രശ്നത്തിന്റെ ശാശ്വതപരിഹാരത്തിനു കമ്മ്യൂണിസ്റ്റുകാരും ഞാനും അവസാനം നിയമത്തെത്തന്നെ ശരണംപ്രാപിക്കും. എന്നാൽ ഞാൻ തുടങ്ങുന്നതു പ്രേമംകൊണ്ടും ദാനംകൊണ്ടുമാണ്; കമ്മ്യൂണിസ്റ്റുകാരാകട്ടെ, ഭീഷണികൊണ്ടും കൊള്ളകൊണ്ടും." ഈ പ്രസ്താവനയിൽനിന്നും ഭൂദാനയജ്ഞവും നിയമനിർമ്മാണവുമായുള്ളബന്ധം സുസ്പഷ്ടമാണല്ലോ. ഭൂദാനയജ്ഞം ഭൂപ്രശ്നത്തെ സാമൂഹ്യമായി പരിഹരിക്കാനുള്ള ഒരു പദ്ധതിയെന്നു ആരും വ്യാമോഹിച്ചിട്ടില്ലെന്നും വ്യക്തമാണ്.

IV

അഞ്ചും പത്തും സെൻറുകളുള്ളവരോടും ഭൂമിദാനംവാങ്ങുന്നതും ധാരാളം ഭൂമിയുള്ളവർ കൊള്ളകിട്ടിയ ഭൂമിതന്നാൽ വാങ്ങുന്നതും തെറ്റാണെന്നും ഭൂമിദാനപ്രസ്ഥാനത്തെ പരാമർശിച്ചു പറയേണ്ടല്ലോ. ഒരു ഭൂസ്വത്തുടമസ്ഥനായ ഒരാൾ ഒടുക്കൽനിന്നു ചെറിയ തുണ്ടുഭൂമികൾ സംഭാവനവാങ്ങിയാൽ അതുകൊണ്ടു ഭൂമിപ്രശ്നം കയ്യുമായി പരിഹരിക്കപ്പെട്ടുമെന്നു് വിനോബാജി വിചാരിച്ചിട്ടില്ല. എന്നാൽ അവർ ദാനംചെയ്യുന്നതും, കാരണം, അവർ, ഭൂമിമുഴുവൻ സമുദായത്തിന്റേതായിത്തീരുന്ന ഒരു നവ്യവ്യവസ്ഥയിൽ അവക്കുള്ളവിശ്വാസം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ വാസ്തവം അവരറിഞ്ഞാൽ, വലിയ ഭൂസ്വത്തുടമസ്ഥന്മാരെക്കാളും വേഗം ഭൂമി ദാനംചെയ്യാൻ അവർ തയ്യാറാകും. വലിയവരേക്കാളും ചെറിയവർ ഭൂമിദാനത്തിനു ഇന്നു തയ്യാറാകുന്നതും ഇതുകൊണ്ടുതന്നെയാണ്. ചെറിയവരുടെ ഹൃദയം ഒരു നവ്യവ്യവസ്ഥയെ സൃഷ്ടിക്കാൻ കൂടുതൽസന്നദ്ധമാണ്. എന്നല്ല അവരാണു ആ ലോകത്തിന്റെ ആവിർഭാവത്തിനു കൂടുതൽ കൊതിക്കുന്നതു്. അവർ ഒറ്റയൊറ്റയായികൊടുത്തു് എല്ലാവക്കുംകൂടിയുള്ള ഒരു വലിയ സ്വത്തു വാങ്ങുകയാണെന്നും, ഇനി അവരനുഭവിക്കേണ്ടിവരുന്ന ക്ലേശവും അസമത്വവും അവസാനിച്ചു ഒരു ലോകത്തിൽ തുല്യ പങ്കാളികളായിത്തീരുകയാണെന്നും അവക്കറിയാം. അഥവാ, ഒരു നവ്യലോകനിർമ്മാണത്തിനു് ഈ ദാനത്തിൽകൂടി ഒപ്പുവച്ചു എന്നകൃതി അവർ കൃതകൃത്യരാകുകയാണുചെയ്യുന്നതു്. വലിയ ഭൂസ്വത്തുടമസ്ഥന്മാരോടു ഭൂമി ദാനംവാങ്ങുമ്പോൾ ഈ പ്രസ്ഥാനത്തിൽ ഏക്കറിന്റെ എണ്ണമേ വലിപ്പിക്കാൻകഴിയൂ. രണ്ടും നാലും സെൻറുമാത്രം പാവപ്പെട്ടവരോടു ഭൂമി വാങ്ങുമ്പോൾ ഹൃദയങ്ങളുടെ എണ്ണമാണ് കൂടുന്നതു്. ഏക്കറുകളുടെ എണ്ണത്തേക്കാളും ഹൃദയങ്ങളുടെ എണ്ണമാണ് ഭൂമിദാനയജ്ഞത്തെ അതിന്റെ ലക്ഷ്യപ്രാപ്തിയിലേക്കു അടുപ്പിക്കുന്നതു്.

ധനികന്മാർ കൊള്ളകിട്ടിയ ഭൂമി ദാനംതരുന്നുണ്ടെങ്കിൽ അതും ഒരാക്ഷേപമായി കരുതേണ്ടതില്ല. അവർ വേണ്ടിടത്തോളം തരുന്നില്ല എന്നും ആക്ഷേപമുണ്ട്. ഇവിടെ ആലോചിപ്പാനുള്ളതു്, നാം ഭൂമിദാനത്തേക്കാളും ഹൃദയപരിവർത്തനത്തിനല്ലേ പ്രാമുഖ്യംകൊടുക്കുന്നതെന്നുള്ളതാണ്. വളരെയുള്ളവർക്കു് പരിവർത്തനംവരാൻ കുറച്ചുള്ളവരേക്കാളും പ്രയാസമാണ്. കുറച്ചുകൊടുത്താൽ ചീത്തഭൂമിയാണെങ്കിൽപോലും, കൊടുത്തവക്കു് അത്രയ്ക്കു മാറ്റംവന്നു എന്നു സന്തോഷിക്കാനാണവകയുള്ളതു്. അതുകൊണ്ടു കാര്യം അവസാനിക്കയില്ല. വിനോബാജി ഇതേപ്പറ്റി പറയുന്നതു് ഇങ്ങനെയാണ്: 'കമ്മ്യൂണിസ്റ്റുകാർ എന്നെനോക്കി ചിരിച്ചുകൊണ്ടുപറയും, അയ്യായിരം ഏക്കർ ഭൂമിയുള്ളവൻ നൂറേക്കർ തന്നതുകൊണ്ടെന്തായി? കാച്ചുക്ഷമിക്കൂ എന്നാണ് എന്റെ മറുപടി. തല്ക്കാലം സ്നേഹപൂർവ്വംതന്ന നൂറേക്കർ ഞാൻ സ്വീകരിക്കും. ബാക്കിയുള്ള 4900 ഏ

കുട്ടികൾ സ്വന്തമായി നടത്തുന്ന വ്യാപാരങ്ങൾ

★

അമേരിക്കയിലെ ഏകദേശം 50 പട്ടണങ്ങളിലുള്ള ബാലികാബാലന്മാർക്ക് "ജൂനിയർ അച്ചീവ്മെൻറ് ഇൻകോർപറേറ്റഡ്" എന്ന ദേശീയസംഘടനയിൽനിന്നു വ്യാപാരസംബന്ധമായ നല്ല പരിശീലനം ലഭിച്ചുവരുന്നു.

കഴിഞ്ഞ സ്കൂൾവർഷത്തിൽ ഈ സംഘടനയിലെ 20000 ചെറുപ്പക്കാർ മുതിർന്ന ഉപദേഷ്ടാക്കളുടെ സഹായത്തോടുകൂടി സ്വന്തം കമ്പനികൾ രൂപവൽക്കരിച്ചു നടത്തുകയുണ്ടായി. ഓഹരികൾ വിറ്റുകിട്ടിയ മൂലധനം ഉപയോഗിച്ചു ഇവർ കളിപ്പാട്ടങ്ങൾ, ബൽറ്റുകൾ തുടങ്ങിയ പലതരം സാധനങ്ങൾ നിർമ്മിച്ചു വിൽപന നടത്തി.

ഒരു വ്യാപാരം എങ്ങനെ നടത്തണമെന്നു പ്രവർത്തിയിൽക്കൂടി ബാലജനങ്ങളെ പഠിപ്പിക്കുകയാണ് ഈ സംഘടനയുടെ ഉദ്ദേശം. കഠിനമായ സാധനങ്ങൾ നിർമ്മിക്കുക, സമയത്തിന് പണിതീർക്കുക, കണക്കുകൾ ശരിയായി സൂക്ഷിക്കുക, ഗ്രാഹകരെ തൃപ്തിപ്പെടുത്തുക എന്നീ കാര്യങ്ങൾക്ക് വളരെ പ്രാധാന്യം നൽകുന്നു. ക്ലാസ്സുകൾ കൂടിക്കൂടി വ്യാപാരനിയമങ്ങളും ചട്ടങ്ങളും വ്യാപാരലോകത്തിൽ സമൂസന്ധത പാലിക്കേണ്ടതിന്റെ ആവശ്യകതയും പഠിക്കുന്നു.

ജൂനിയർ അച്ചീവ്മെൻറ് കമ്പനികൾ രൂപവൽക്കരിക്കുന്നതു ഓരോ സ്കൂൾവർഷത്തിന്റെയും ആരംഭത്തിലാണ്. സെപ്റ്റംബർമാസത്തിൽ സംഘടനാപ്രതിനിധി സ്കൂൾതോറും നടന്നു ഈ പരിപാടിയിൽ ചേരുന്നതിനു വിദ്യാർത്ഥികളെ ക്ഷണിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ ജൂനിയർ അച്ചീവ്മെൻറ് ദേശീയബോർഡിന്റെ ഡയറക്ടറന്മാരായി ഇപ്പണിയിൽ സേവനമനുഷ്ഠിക്കുന്നു. തങ്ങളുടെ മക്കൾക്ക് ആത്മവിശ്വാസവും സമചിത്തതയും വർദ്ധിക്കുന്നതിന് ഈ പ്രസ്ഥാനം സഹായിക്കുന്നുവെന്ന് മാതാപിതാക്കൾക്കു മനസ്സിലായിട്ടുണ്ട്.

(യു. എസ്., ഐ. എസ്.)



ക്കുവാൻ എന്റെയാണ്. ഈ ദാനം കൊണ്ട്, ദരിദ്രരുടെ സ്നേഹവും സന്മനസ്സുകളും തങ്ങൾക്കു ലഭിക്കുന്നതിനെ സഹായിക്കുമെങ്കിൽ, ഭൂമിയുടമകൾ കൂടുതൽ ദാനമായി തരും. ഇന്നു ഞാനെത്രമാത്രം വേദനയനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഭൂമിയാചിക്കുന്നു. എനിക്കു മൂന്നടിനിലം കിട്ടിയാലുമതി. മൂന്നുകാലടികൊണ്ടു ത്രിഭുവനം അളക്കുന്നപോലെയുണ്ടതു".'' ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ധനികന്മാരുടെ ചീത്തഭൂമിയും അല്പം ഭൂമിയും ഈ പ്രസ്ഥാനത്തിനു ബന്ധകമല്ല സാധകമാണെന്നു സ്പഷ്ടമാണല്ലോ.

ഭൂമി തുണ്ടുതുണ്ടായിപ്പോകുമെന്നുള്ള ആക്ഷേപമാണു ഇനിയൊന്ന്. കുളംകുഴിക്കൽതീരുമാനിച്ചു ശ്രമിക്കുമ്പോൾ കോടിപിടിക്കുന്നകാര്യം നടക്കുമോ എന്നു ശങ്കിക്കുന്നതുപോലെയാണിതു. പട്ടയങ്ങളെ ഒന്നിപ്പിക്കാൻ ശ്രമിക്കുമ്പോൾ തൽക്കാലം ഭൂമി തുണ്ടുതുണ്ടായിപ്പോകുന്നതാണോ ഒരു വലിയപ്രശ്നം? ഭൂമി തുണ്ടുതുണ്ടാകുന്നതു് അശാസ്ത്രീയമാണ്. ഭൂമിദാനയജ്ഞം തുടങ്ങുന്നതിനുമുമ്പും അതുസംഭവിച്ചുകൊണ്ടിരിക്കയാണ്. അതവസാനിപ്പിച്ച് ഭൂമി സമുദായത്തിനേതാക്കിത്തീർക്കണം ശാസ്ത്രീയമായ അളവിൽകുറഞ്ഞ തുണ്ടിക്കുന്ന ഏർപ്പാടു് എന്നെന്നേക്കുമായി അവസാനിപ്പിക്കാനുമാണ് ഭൂമിദാനയജ്ഞം. അങ്ങനെയിരിക്കെ, ഭൂമി ഇപ്പോഴും തുണ്ടുതുണ്ടാകുന്നല്ലോ എന്നു പറഞ്ഞു് ആക്ഷേപം പുറപ്പെടുവിക്കുന്നതു് അജ്ഞതയെണ്ടല്ലെങ്കിൽ മറ്റൊന്നുകൊണ്ടുമല്ല. പുതിയ ഒരു പായും വാങ്ങാൻ പഴയപായും മുശയിലേയ്ക്കുറിയുന്നതിനുവേണ്ടി തല്ലിയുടച്ചു കഷണമാക്കുന്നതു കണ്ടാൽ പായും തുണ്ടുതുണ്ടാകുന്നല്ലോ എന്നോർത്തു് ആരെങ്കിലും കേശിക്കാറുണ്ടോ?

V

ഇതുമൊക്കെ പ്രസ്താവിച്ചുകൊണ്ടു് ഭൂമിദാനയജ്ഞം എല്ലാ അംശങ്ങളിലും സർവ്വതൃപ്തിയെ പ്രാപിച്ച ഒരു പ്രസ്ഥാനമാണെന്നവകാശപ്പെടുകയല്ല. അപൂർണ്ണതകൾ അതിൽ കണ്ടേക്കാം. ലോകചരിത്രത്തിൽ ഇന്നാദ്യമായി നടത്തുന്ന അത്ഭുതകരമായ ഒരു പരീക്ഷണമാണിതു്. ക്രമേണ പ്രവർത്തിച്ചുവരുമ്പോൾ അനുഭവത്തിന്റെവെളിച്ചത്തിൽ തിരുത്തേണ്ടതും പരിഷ്കരിക്കേണ്ടതും പലതും ഇതിൽ കണ്ടേക്കാം. അതൊന്നും പാടില്ലാത്തതല്ലതാനും. യഥാർത്ഥരാജ്യസ്നേഹികൾ ശങ്കിച്ചും അലസതഭാവിച്ചും നോക്കിനിൽക്കാതെ ഓരോ ഇതിന്റെമുമ്പിലേയ്ക്കു ഇറങ്ങിവരികയാണുവേണ്ടതു്. ഒരു വലിയ ബഹുജനപ്രസ്ഥാനമാണിതു. ഇതിനെ വളർത്തിക്കൊണ്ടുവരുവാൻ ഏതു ത്യാഗമനുഷ്ഠിച്ചും മുന്നോട്ടുവരേണ്ട വലിയ കർത്തവ്യത്തിന്റെ മുമ്പിൽനിൽക്കാൻ, ഇതിന്റെ അപൂർണ്ണതകളേ ഇതേപ്പറ്റിയുള്ള ആക്ഷേപങ്ങളോ തൽസ്ഥാനത്തിൽ ശക്തങ്ങളല്ലെന്നേ ഇവിടെ പ്രത്യേകം അനുസ്മരിപ്പിക്കേണ്ടതുള്ളൂ.

നമ്മുടെ രാഷ്ട്രീയപ്രവർത്തകന്മാർ ഒരു വലിയ പരമാർത്ഥംകൂടി ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. ഇന്ത്യക്കു കൈവന്ന ജനാധിപത്യം നാലഞ്ചുവർഷത്തെ പരീക്ഷണത്തിനുശേഷവും "ഏട്ടിലെ പശു"വായിത്തന്നെ കഴിയുന്നു എന്നതു പരക്കെ സമ്മതിക്കപ്പെട്ടതാണു വാസ്തവമാണ്. ജനതയുടെ ജീവിതത്തിലേയ്ക്കു ഇറങ്ങിച്ചെന്നു അവിടെ പ്രകാശം പരത്തുവാൻ അതിനു ഇനിയും കഴിഞ്ഞിട്ടില്ല. ഇന്ത്യക്കാർക്കു പുതിയതായ — ഇന്ത്യൻ സാമൂഹികജീവിതത്തിനു അപരിചിതമായ — ജനാധിപത്യം, വെറും നിയമത്തിന്റെ വാക്കുകൾകൊണ്ടോ പൊതുജനയായ രാഷ്ട്രീയോൽബോധനംകൊണ്ടോ തിരഞ്ഞെടുപ്പുകളിലെ വാശിയും വടംവലിയുംകൊണ്ടോ മാത്രം നിലനിൽക്കുകയില്ല. ജനാധിപത്യത്തിനു ഇന്ത്യയിലെ മർദ്ദിതലക്ഷ്യങ്ങളുടെ ദുരിതം നീക്കുവാൻ കഴിവില്ലെന്നുള്ള അഭിപ്രായത്തെ നമുക്കു സംഘടിതമായവിധം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. ഒരു ജനാധിപത്യഭരണം നേടാൻ അനുഷ്ഠിക്കപ്പെട്ട മാർഗ്ഗത്തിൽക്കൂടിത്തന്നെ അതിലും മഹത്തായ മറ്റൊരു ത്യാഗസമരം അഹിംസാത്മകവിപ്ലവം — അതിനാവശ്യമാണ്. അതിനാൽ ജനാധിപത്യത്തിൽ വിശ്വസിക്കുകയും അതിന്റെ സാക്ഷാത്ക്കാരത്തിനു കാത്തിരിക്കുകയും ചെയ്യുന്നവർ, തിരഞ്ഞെടുപ്പുകളിലും പാർട്ടിപ്രക്ഷോഭണങ്ങളിലും ഭരണകൂടത്തിന്റെ സൗമനസ്യത്തിലും വിശ്വാസം നിക്ഷേപിച്ചു അലസമായിരിക്കാതെ ഭൂദാനയജ്ഞം ആവശ്യപ്പെടുന്ന ത്യാഗത്തിന്റെ മുമ്പിലയ്ക്കു എത്രയുംവേഗം ചെല്ലുവാൻ വൈകിക്കൂടാത്തതാണ്. രാജ്യത്തെ ഗ്രസിക്കുന്ന അഴിഞ്ഞുകൂടുന്ന നിരവധി പ്രശ്നങ്ങളുടെ നേരായവേരിൽ ധർമ്മധീരതയോടുകൂടി കൈകളുപിച്ചിരിക്കുന്ന അഹിംസാമൂർത്തിയായ ആചാര്യവിനോബാജിയുടെ പിന്നിൽ അണിനിരക്കാൻ പാർട്ടിഭേദങ്ങളും കക്ഷിഭേദങ്ങളും മറന്നു നാം തയ്യാറാവുക. അതു നമ്മെ നമ്മുടെ മഹത്തായ ലക്ഷ്യത്തിൽ കൊണ്ടുചെന്നെത്തിക്കും നൂറപായം.



ആത്മപ്രതിപ്പു

ആഴ്ചയിലെ നക്ഷത്രഫലം

തകഴി കെ. രാമവാര്യർ

19-12-1128 – 25-12-1128

3-8-1953 – 9-8-1953

അശ്വതി—ഭാഗ്യപ്രതീക്ഷകളും നിരാശയുമുണ്ടാകും. പ്രബലവ്യക്തികളുമായി പ്രാദേശികകാര്യങ്ങളെപ്പറ്റി ചർച്ചനടത്തും. പുതിയ പരിപാടികൾ സൃഷ്ടിക്കും. ഗൃഹജനങ്ങളുമായി അഭിപ്രായഭിന്നതയുണ്ടാകും. ധനക്ഷയപ്രാപ്തികാണും.

ഭരണി—കഴിഞ്ഞ പ്രശ്നങ്ങളിൽ പലതും വലയംചെയ്യും. പ്രമുഖവ്യക്തികളുമായി സമീപിക്കും. ചില ആനുകൂല്യങ്ങളുണ്ടാകും. ആവശ്യമില്ലാത്തകാര്യങ്ങളിൽ ഇടപെട്ട് മനഃക്ലേശം വർദ്ധിപ്പിക്കും. വരവുനോക്കാതെ വ്യയംചെയ്യും. ശരീരസുഖം കുറയും.

കാർത്തിക—അതിവ്യയവും ഗൃഹാവശ്യവും ഹൃദയവ്യഥയുളവാക്കും. ആശ്രിതർ നീചമായ പന്ഥാവുകൾ സ്വീകരിച്ച് വിഷമിപ്പിക്കും. കാര്യവിളംബം തട്ടും. ശ്രീദേഷംകോപിക്കും. ഋണബാധ്യതകൾക്ക് പരിഹാരം ലഭിക്കയില്ല.

രോഹിണി—അകന്നിരുന്നവർ അടുത്തു സഹകരിക്കും. വിവാഹാലോചനകൾ പൊട്ടിപ്പുറപ്പെടും. വേണ്ടപ്പെട്ടവർ അകലും. ചെലവു വർദ്ധിക്കും. ആവശ്യം ഭംഗിയായി നിറവേറ്റുവാൻ വെമ്പൽ കൊള്ളും. കാർഷികകാര്യങ്ങളിൽ നിരാശ വളരും.

മകയിരം—സന്തോഷവർത്തമാനം ശ്രവിക്കും. ഉദ്യോഗസംബന്ധിയായുള്ള സംഘടനകളെ പുകഴ്ത്തും. ചില പ്രബലവ്യക്തികളുമായി എതിർപ്പിനിടവരും. ചില ക്രയവിക്രയങ്ങൾ നടത്തിയെങ്കിലും കാര്യങ്ങൾ നിഷ്പ്രയോജനമായിത്തീരും. തലവേദന നേരിടും.

തിരുവാതിര—ചുമതലകൾ വർദ്ധിക്കുമെങ്കിലും അഭിലാഷങ്ങൾ സാധിക്കും. എതിരാളികൾ ഭീഷണിപ്പെടുത്തും. അല്പംചില പരിവർത്തനങ്ങൾ സംഭവിക്കും. വിശ്വസിച്ചിരുന്നവർ ചതിക്കും. ഉത്തമവ്യക്തികളുടെ നിർദ്ദേശം സ്വീകരിക്കും.

പുണർതം—ധനപരമായ ക്ലേശങ്ങൾ കുറയും. കാര്യതടസ്സങ്ങൾ നീങ്ങും. അധികൃതരനുകൂല്യം ലഭിക്കും. അയൽക്കാർ സഹായിക്കും. പൊതുകാര്യനിർവ്വഹണത്തിൽ ശ്രദ്ധ പതിയും. അപവാദങ്ങൾ ധാരാളമുണ്ടാകും.

പൂയം—പ്രവർത്തനങ്ങൾ പുഷ്ടിപ്പെടുത്തും. രാഷ്ട്രീയനിലയിൽ വിദേശയാത്രയ്ക്കിടവരും. ധനം കടംവാങ്ങിയും ആവശ്യങ്ങൾ നിർവ്വഹിക്കും. മരാമത്തുകളിൽ ദൃഷ്ടിചെലുത്തും. കുടുംബാരിഷ്ടതയുണ്ടാകും.

ആയില്യം—സജ്ജനങ്ങൾ വൃഥാ കലഹിക്കും. ചുമതലകൾ ഭംഗിയായി വഹിപ്പാൻ വിഷമിക്കും. കരാറുകളിൽനിന്നും തെറ്റേണ്ടതായി വന്നുകൂടും. സാമൂഹ്യകാര്യങ്ങളിൽ ചിന്തയുദിക്കും. ധാരാളം കുറ്റങ്ങൾ കേൾപ്പാനിടവരും. ആഗ്രഹംപോലെ കാര്യങ്ങൾ പുരോഗമിക്കയില്ല.


മകം—ഭരണീയർ പല കുഴപ്പങ്ങളുമുണ്ടാക്കും. അനർഹമായ ചെയ്തികൾക്കു വശംവദരാകും. സംഘടനാശക്തി ബലപ്പെടുത്തും. ക്ഷതമോ കുത്തുകളോ നീർവീഴ്ചയോ സംഭവിക്കും. സന്താനസംരക്ഷണത്തിൽ ഭീതിയുളവാകും.

പൂരം—അഭിലാഷങ്ങൾ സാധിക്കും. പുതിയ സഹായികളുണ്ടാകും. ഭാഗ്യലക്ഷണങ്ങൾ കണ്ടുതുടങ്ങും. യഥേഷ്ടം പണം സുഖത്തിലായി ചെലവഴിക്കും. പൂർവ്വിരോധികൾ ചില വിനകളുണ്ടാക്കും.

ഉത്രം—ഒരു പരിവർത്തനം ആവശ്യമായിവരും. ചെലവുകൾ അനിയന്ത്രിതമായിത്തീരും. ആവശ്യങ്ങൾക്ക് തട്ടുകടംതെ പണം വന്നമറിഞ്ഞുകൊണ്ടിരിക്കും. സഹപ്രവർത്തകർ ആത്മാർത്ഥമായി നിലകൊള്ളും. ക്ലേശം കുട്ടും.

അത്തം—ചുമതലകളിൽ കുഴപ്പമുണ്ടാവാനിടയുണ്ട്. പ്രയത്നഫലം കാണ്മാനില്ലാതായിത്തീരും. വേണ്ടപ്പെട്ടവർക്ക് തെറ്റിദ്ധാരണയുദിക്കും. നിചമാർഗ്ഗത്തിൽകൂടിയായാലും കർമ്മം പുഷ്ടിപ്പെടുത്തും.

ചിത്തിര – സ്വാതന്ത്ര്യപ്രിയം നല്ലപോലെ പ്രകടമാക്കും. കൂട്ടുകെട്ടു നിമിത്തം ദുഷ്കീർത്തിയും ശത്രുതയും വർദ്ധിക്കും. സഹപ്രവർത്തകരിൽ ആത്മാർത്ഥത കുറയും. സ്വസ്ഥാനവും വന്നുചേരും. സഹോദരകലഹം ഉണ്ടാകും.



ഫ്രഞ്ച് ഇൻഡോചൈനയിലെ മൂന്ന് അസോസ്യേറ്റഡ് സ്റ്റേറ്റുകളായ ലാവോസും കംബോഡിയായും വീറ്റ്നാമും.

ചോതി – കാര്യങ്ങൾക്ക് ഒരു മാനസ്വസ്ഥപ്പെടുവെയുണ്ടാകും. പ്രശസ്തിക്കും ഭാഗ്യത്തിനും വരുമാനത്തിനുമായി അത്യന്തപരിശ്രമം നടത്തും. അർശോപീഡ വിഷമിപ്പിക്കും. ഭാര്യാസുഖം കുറയും.

വിശാഖം—ആരോടും നിശിതമായി പെരുമാറും. കുടുംബാവശ്യത്തിനുവേണ്ടി പണം നിർല്ലോഭം ചെലവിടും. അപജയവും അയോശുമായ കൂട്ടുകെട്ടും അവിചാരിതമായിട്ടുണ്ടാകും. ഭീതിയുണ്ടാകും.

അനിഴം—പ്രതീക്ഷകൾ സാധിപ്പാനുള്ള ഏതുവിധപരിപാടിയും സ്വീകരിക്കും. വിവാഹങ്ങളിൽ പങ്കെടുക്കും. മനസ്സിന് സദാ ഒരു പരിഭ്രാന്തിയുണ്ടാകും. ഉന്തുപീഡയോ ചുമയോ നേരിടും. സന്താനാരിഷ്ടത കാണും.

തൃക്കേട്ട – വിഷമതകൾ കുറഞ്ഞുകുറഞ്ഞുവരും. ആശ്രിതരെ അസ്ഥാനത്ത് സഹായിക്കും. അലസത നിമിത്തം കാര്യത്തിന വിളംബം തട്ടും. ഉദരരോഗങ്ങൾ പീഡിപ്പിക്കും. ഗാർഹസ്ഥ്യസുഖം കുറയും. പ്രശസ്തിയുണ്ടാകും.

മൂലം—പ്രയത്നങ്ങൾ ഫലപ്രദമായി കണ്ടാൻ കഴിയും. മോഹനസപ്നങ്ങൾ പലതും സാധിപ്പാനുള്ള ഉപായങ്ങൾ ആസൂത്രണംചെയ്യും. വഞ്ചകർ നിമിത്തം അല്പം വിശ്വാസക്കുറവു സംഭവിക്കും. അർഹമായ ധനത്തിന വിളംബം തട്ടും. വിമർശനം ശത്രുപീഡ ജനിപ്പിക്കും. ദൈവ്യം കാണിക്കും.

പൂരാടം—പ്രതിജ്ഞകൾ നിറവേറ്റുവാൻ ചില ക്രയവിക്രയങ്ങൾ ചെയ്യും. എന്നാലും ഉദ്ദിഷ്ടഫലപ്രാപ്തിയുണ്ടാകും. മനഃസന്തോഷം വരും. കുടുംബത്തെ പുഷ്ടിപ്പെടുത്തുവാൻ ധനിയും. മംഗളകാര്യങ്ങളെപ്പറ്റി ചിന്തിച്ചുറയ്ക്കും. പതനഭീതിയുദിക്കും.

ഉത്രാടം—പ്രശസ്തവ്യക്തികളുമായി കൂട്ടുകൾ സമ്പാദിക്കും പുലർത്തും. ആശ്രിതരെ സഹായിക്കും. ദുഷ്കീർത്തിക്കിടവരും. കുടുംബാരിഷ്ടതയുണ്ടാകും. ആദായമാർഗ്ഗത്തിനുള്ള പരിപാടികളിൽ പ്രവേശിക്കും.

തിരുവോണം—ഗൗരവമുള്ളതും ചുമതലയുള്ളതുമായ സംഗതികൾ ഏതുവിധവും സാധിക്കും. പുതിയ സ്ഥാനങ്ങൾ ഏറ്റെടുക്കും. സാമൂഹ്യപരിവർത്തനത്തിനായി യത്നിക്കും. മനഃപ്രീതികരമായ കാര്യം ഉണ്ടാകും.

അവിട്ടം—നേതൃത്വത്തിനുവേണ്ടി അല്പം ചില വ്യയങ്ങൾ ചെയ്യും. സ്നേഹിത സഹകരണത്തോടുകൂടി തൊഴിലുകളെ പുഷ്ടിപ്പെടുത്തും. സന്താനപീഡ മനസ്സിനെ ശല്യപ്പെടുത്തും. രക്തശുദ്ധി കുറയും.

ചതയം—അനർഹമായവിധം ധനവും പണവും ഉൽകർഷവും ലഭിക്കും. ആലോചിക്കാതുള്ള വ്യയം ആവശ്യംവന്നുപോലും തൊരുക്കുന്നതിനിടവരുത്തും. വിപ്ലവബുദ്ധിക്കാരെ പ്രേരിപ്പിക്കും. യാത്രാവ്യയമുണ്ടാകും.

പൂരുരുട്ടാതി—യാത്രനിമിത്തം ചില പ്രയോജനങ്ങൾ പ്രതീക്ഷാതീതമായി വന്നുകൂടും. പൊതുജനപ്രീതിയാർജ്ജിക്കും. ഔദ്യോഗികകാര്യങ്ങളിൽ ഇടപെട്ട് സമാധാനമുണ്ടാകും. സഹായവർത്തികൾ ഭിന്നിക്കും. വായുക്ഷോഭിക്കും.

ഉത്രട്ടാതി—തൊഴിൽ പുഷ്ടിപ്പെടുത്തുവാൻ കഴിയും. ചില ക്രയവിക്രയങ്ങൾ ചെയ്യും. നാൽക്കാലികളിൽനിന്നുള്ള അനുഭവത്തിന് ഹാനിതട്ടും. അസുഖമായ വാർത്ത ശ്രവിക്കും. ബന്ധുക്കൾക്ക് ഭാഗ്യം ലഭിക്കും.

രേവതി—അല്പം ചില പണച്ചെലവുകളും നഷ്ടവും നേരിടും. സ്ഥാപിതകാര്യങ്ങളിൽ സഹായികളുണ്ടാകും. ഭീപനശക്തി കുറയും. ഇതരചുമതലകൾ ഞെരുക്കും. ഉൽകർഷത്തിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാകും.


ഡാ: ഹോച്ചിമിൻ

★

ഫ്രഞ്ചു സാമ്രാജ്യത്വത്തിനൊരു പേടി സ്വപ്നം

★

— പി. എം. ബാലകൃഷ്ണൻ —



ഡാ: ഹോച്ചിമിൻ

ഇന്തോ ചൈന, ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ഇന്നാകർഷിച്ചുകഴിഞ്ഞിരിക്കുന്നു. ദിവസങ്ങൾ കഴിയുംതോറും ലോകസാമ്രാജ്യമോഹികളെ അമ്പരപ്പിക്കുന്ന വാർത്തകളാണ് അവിടെനിന്നു പുറത്തുവരുന്നതു്. വിയറ്റ്നാം വിമോചനപ്രസ്ഥാനത്തിന്റെ ഇരമ്പിക്കയറ്റത്തിനുമുന്നിൽ, ഫ്രഞ്ചുസാമ്രാജ്യത്വം അനുനിമിഷം മുട്ടുകുത്തിക്കൊണ്ടിരിക്കയാണു്. അനിതരസാമാന്യമായ ആ വിമോചനശക്തിയുടെ തിരയിളക്കത്തിനുമുന്നിൽ ആംഗ്ലോ-അമേരിക്കൻ പട്ടാളസഹായം കൊണ്ടുപോലും പിടിച്ചുനിൽക്കാനാവില്ലെന്നു ഫ്രഞ്ചുഭരണാധികാരികളും മനസ്സിലാക്കി തുടങ്ങിയതോടെ, ഇന്തോചൈനയിലിസത്തിനൊരു തലക്കെട്ടായി തീർന്നിരിക്കയാണു് വിയറ്റ്നാം.

വിയറ്റ്നാമിന്റെ രാഷ്ട്രപിതാവാണു്, ഹോച്ചിമിൻ. ഒരരനൂറ്റാണ്ടായി ഇന്തോചൈനയിലെ ജനങ്ങളുടെ സ്വാതന്ത്ര്യസമരത്തിനു് ധീരമായനേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ആ അപൂർവ്വപുത്രനുമുന്നിൽ വിയറ്റ്നാം ജനകീയവിപ്ലവത്തിന്റെ പ്രസിഡന്റാണു്. ഫ്രഞ്ചുകൊളോണിയലിസത്തിനെതിരായ ഇന്തോചൈനയുടെ ഐതിഹാസികമായ പോരാട്ടത്തിൽ ഹോച്ചിമിൻ വഹിച്ച പങ്കു്, അദ്ദേഹത്തിനെ അതിന്റെ അനിഷേധ്യനേതാവാക്കി തീർത്തിരിക്കുന്നു.

1890-മേയ് 19-നു് 'നഗേ അൻ' പ്രോവിൻസിൽ ഒരു ചെറിയ കർഷകകുടുംബത്തിലാണു് ഹോ ജനിച്ചതു്. എട്ടാമത്തെ വയസ്സുമുതൽ തന്നെ വിപ്ലവപ്രവർത്തനങ്ങളിൽ ഹോയ്ക്കു പങ്കെടുക്കേണ്ടിവന്നു. ഫ്രഞ്ചുസാമ്രാജ്യത്തിനെയും ഇന്തോചൈനയിലെ ജനങ്ങളെ പീഡനംചെയ്യാൻ മർദ്ദിച്ചമർത്തിയും ഭയങ്കരമായി പീഡിപ്പിച്ചുകൊണ്ടിരുന്നു. ഫ്രഞ്ചുകൊളോണിയലിസത്തിന്റെ ഈ കൊലയറയിൽ പൊറുതിമുട്ടിക്കഴിഞ്ഞിരുന്ന അവിടത്തെ ജനതയുടെ സാമ്രാജ്യത്വത്തിനെതിരായി മുന്നേറ്റത്തിനും ആളിപ്പടർന്ന ഈ സാമ്രാജ്യവിരുദ്ധസ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത കാര്യത്തിനും 1911-ൽ ഹോച്ചിമിൻ കുടുംബംമുഴുവൻ അറസ്റ്റുചെയ്യപ്പെട്ടു. ഭരണാധികാരിവർഗ്ഗം അവരെ ജീവപര്യന്തം തടങ്കലിൽ വയ്ക്കുന്നതിനു തീരുമാനിച്ചതു്. എന്നാൽ യുവാവായ ഹോച്ചിമിൻ ബന്ധനത്തിൽനിന്നും രക്ഷപ്പെട്ടു് ഫ്രാൻസിലേക്കു് ഒളിച്ചോടി. പാരീസിൽവച്ചു് കാൾമാർക്സിന്റെ പൗത്രനായ ചാൾസ് ലാങ്ങെ ഗൈഥർമായി അദ്ദേഹം പരിചയമായി. ലാങ്ങെ ഗൈഥറിന്റെ പ്രേരണയാൽ 'ലെപോപ്പുലെയർ' എന്ന പത്രത്തിലെഴുതി തുടങ്ങിയതോടെ ഹോച്ചിമിൻ വെളിയിലറിയപ്പെട്ടു. 1920-ൽ 'ഇൻഡോ കൊളോണിയൽ യൂണിയൻ' എന്ന സംഘടന പാരീസിൽ സ്ഥാപിക്കാൻ ഹോച്ചിമിനു സാധിച്ചു. ഇതിനു മുമ്പേതന്നെ ഫ്രഞ്ചുസോഷ്യലിസ്റ്റുപാർട്ടിയിലെ ഒരു പ്രമുഖപ്രവർത്തകനായിരുന്നു. സോഷ്യലിസ്റ്റുപാർട്ടിയുടെ വലതുപക്ഷപാർട്ടിയായിരുന്നു, പാർട്ടിയിൽ ഹോ തരമായ പിളർപ്പുണ്ടാക്കിയതോടെ അതിന്റെ അണികളിൽനിന്നും ആയിരക്കണക്കിനു പ്രവർത്തകർ ഇടതുപക്ഷപാർട്ടികളിലേക്കുപോയി. മൂന്നാം ഇൻറർനാഷണലിന്റെ പരിപാടികളിൽ വിശ്വാസംതോന്നിയ ഹോച്ചിമിൻ അങ്ങനെ ഒരു കമ്മ്യൂണിസ്റ്റായിത്തീർന്നു. സ: മാർസെൽ കാച്ചിൻ, വെയ്ലൻറ് കുടുതിയർ തുടങ്ങിയ നേതാക്കന്മാരുമൊത്തു് ഫ്രാൻസിലെ കമ്മ്യൂണിസ്റ്റുപാർട്ടി സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിനു് വലിയൊരു പങ്കുണ്ടായിരുന്നു. ഇതോടെ ഫ്രഞ്ചുശ്രദ്ധമെൻറിന്റെ ഒരു മുഖ്യശത്രുവായിത്തീർന്നു, ഹോച്ചിമിൻ.

ഫ്രഞ്ചുപോലീസിൽനിന്നും രക്ഷനേടുന്നതിനായി 1923-ൽ ഫ്രാൻസുവിട്ടു് ഹോയ്ക്കു സേവിയറ്റുയൂണിയനിലേക്കു പോകേണ്ടിവന്നു. ലെനിന്റെയും സ്റ്റാലിന്റെയും അതിവിദഗ്ദ്ധമായ നേതൃത്വത്തിൽ യു. എസ്. എസ്. ആറിൽ സോഷ്യലിസം വിജയകരമായി കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്നതു കാണുന്നതിനും, ഗ്രഹിച്ചുപഠിക്കുന്നതിനും ഈ അവസരം അദ്ദേഹം പ്രയോജനപ്പെടുത്തി. അടുത്ത വർഷംതന്നെ ചൈനയിലെത്തിയ ഹോ, കാൻറണിൽവച്ചു് ഡാ: സൺയാറ്റ്സൻറെയും സഹപ്രവർത്തകനായിരുന്ന ലിയോചങ്കായുടെയും സഹകരണത്തോടെ 'ഏഷ്യയിലെ അടിച്ചമർത്തപ്പെട്ട ജനതയുടെ സംഘടന' എന്നപേരിൽ ഒരു വിപ്ലവപ്രസ്ഥാനം രൂപീകരിച്ചു. വിയറ്റ്നാം, ചൈന, കൊറിയ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ കൊളോണിയൽ ജനതയെ ഏകോപിക്കുന്നതിനും, ഒരു കൊടിക്കീഴിൽ അണിനിരത്തുന്നതിനും ഈ സംഘടനയ്ക്കു കഴിഞ്ഞു. 1930-ൽ അദ്ദേഹം ഇന്തോചൈനയിലേക്കു മടങ്ങി. അതിവേഗഭരിതവും ഗംഭീരവുമായ ഒരു സ്വീകരണം അവിടെ ലഭിച്ചു. കാരണം, ഫ്രഞ്ചുസാമ്രാജ്യത്വത്തിന്റെ കൽച്ചിട്ടകളിൽനിന്നും തങ്ങളെ മോചിപ്പിക്കുന്നതിനു് ഹോയ്ക്കുമാത്രമേ കഴിയൂ എന്നു് അവർ ബലമായി വിശ്വസിച്ചു. തങ്ങളുടെ വിമോചനപ്രസ്ഥാനത്തിന്റെ സമുന്നതനേതാവായി അവരദ്ദേഹത്തെ കരുതി.

1931-ൽ ഹോച്ചിമിൻ വീണ്ടും അറസ്റ്റുചെയ്യപ്പെട്ടു. എങ്കിലും ശക്തിയേറിയ ബഹുജനപ്രക്ഷോഭണംമൂലം ആഭ്യന്തരസെക്രട്ടറിയുടെ തടങ്കലിനുശേഷം ഭരണാധികാരിവർഗ്ഗത്തിനു് അദ്ദേഹത്തെ മോചിപ്പിച്ചുകൊടുക്കേണ്ടിവന്നു. ഫ്രഞ്ചുകൊളോണിയലിസത്തിനെതിരായ രൂക്ഷമായസമരം ഇതോടെ ആരംഭിച്ചുകഴിഞ്ഞു. 1934-37-വരെയുള്ള കാലഘട്ടത്തിൽ പണിമുടക്കങ്ങളും പ്രകടനങ്ങളുംകൊണ്ടു് ഫ്രഞ്ചു "സിംഹാസനം" ഞെട്ടിവിറച്ചു. വിയറ്റ്നാമിലെ തൊഴിലാളിവർഗ്ഗം അഭൂതപൂർവ്വമായ കൃഷിക്കാരുടെ സമരൈക്യമുന്നണിയുണ്ടാക്കി വിമോചനസമരത്തിൽ ബഹുജനങ്ങളെ അണിനിരത്തിയതോടെ വിപ്ലവപ്രസ്ഥാനത്തിന്റെ ശക്തി ഉഗ്രമായിത്തീർന്നു. അങ്ങനെ കമ്മ്യൂണിസ്റ്റ്-വക്കേഴ്സ് പാർട്ടികളുടേയും, ഹോച്ചിമിന്റെയും നേതൃത്വത്തിൽ ഇന്തോചൈനയിൽ വിമോചനപോരാട്ടം ഒരു യഥാർത്ഥ്യമായിത്തീർന്നു.

അപ്പോഴായിരുന്നു രണ്ടാംലോകമഹായുദ്ധം ആരംഭിച്ചതു്. സോഷ്യലിസത്തിന്റെ പിതൃഭൂമിയായ സോവിയറ്റുയൂണിയനെ മുട്ടുകുത്തിക്കുവാനുള്ള ഹിറ്റ്ലർ—ഫാസിസ്റ്റുപ്ലാൻ കമ്മ്യൂണിസത്തിനെതിരായ കരിമ്പടയുദ്ധത്തിനു കൊമ്പുവിളിച്ചപ്പോൾ, ലോകത്തെങ്ങുമുള്ള ജനാധിപത്യശക്തികളും ഫാസിസത്തിനെതിരായ ഐതിഹാസികസമരത്തിൽ അണിനിരക്കണമെന്നു സ: സ്റ്റാലിന്റെ ആഹ്വാനം കേട്ടണികളിലെ വിമോചനസംഘങ്ങളിൽ ഒരു പുതിയ വെളിച്ചം വീശി. ഹോച്ചിമിൻ പ്രഖ്യാപിച്ചു ';ഇപ്പോൾമുതൽ നമ്മുടെ രാജ്യത്തിന്റെ മുഖ്യശത്രു ജപ്പാനീസ് ഫാസിസ്റ്റുമാണ്" പക്ഷെ, പൊതുശത്രുവിനെ എതിർത്തു തോല്പിക്കുന്നതിൽ ഫ്രാൻസിനെതിരായ സമരം നിർത്തിവച്ചു", ഫ്രഞ്ചുദേശഭക്തന്മാരുമായി യോജിച്ചുകൊണ്ടു് ഒരു ഫാസിസ്റ്റുവിരുദ്ധമുന്നണി ഉണ്ടാക്കുന്നതിനുള്ള കമ്മ്യൂണിസ്റ്റുപരിപാടി ഫ്രഞ്ചുസാമ്രാജ്യത്വം നിരാകരിക്കയാണെങ്കിലോയെന്നു".

എന്നാൽ, ഭാരമേറിയ ഒരു ഫാസിസ്റ്റുവിരുദ്ധശിലപോലും സമരമുന്നണി സൃഷ്ടിക്കാൻ ഹോച്ചിമിനുകഴിഞ്ഞു. യുദ്ധസാമഗ്രികളുടെയും, സൈനികോപകരണങ്ങളുടെയും കുറവു് ഈ മുന്നണിയുടെ പ്രവർത്തനം കുറച്ചുകാലമെങ്കിലും തടസ്സപ്പെടുത്തുന്നതിനു് പ്രതിബന്ധമായിരുന്നു. അതുകൊണ്ടു് സഖ്യകക്ഷിയിൽനിന്നും സഹായം ലഭിക്കുമെന്ന പ്രതീക്ഷയോടെ ഹോച്ചിമിൻ 'ഫുകിങ്ങി'ലേയ്ക്കുപോയി. 'യുനാൻ' അതിർത്തികടന്നതോടെ ചിയങ്ങിന്റെ സക്കർ അദ്ദേഹത്തെ അറസ്റ്റുചെയ്തു. ക്രമിനൽകുറ്റം തടങ്കൽപ്പുള്ളികളിലെ 14 മാസത്തെ തടവിനും നരകയാതനകൾക്കുംശേഷം മാത്രമേ ഹോയ്ക്കു് മോചനം ലഭിച്ചുള്ളൂ. ഉടൻതന്നെ ഒളിപ്പോരുസംഘടിപ്പിക്കുന്നതിനായി അദ്ദേഹം വിയറ്റ്നാമിലെത്തി. ഫാസിസ്റ്റുവിരുദ്ധസമരത്തിൽ വിയറ്റ്നാമിന്റെ സുധീരമായപങ്കു് സുപ്രസിദ്ധമാണു്.

ഫാസിസത്തിന്റെ പരാജയം ലോകചരിത്രത്തിൽ വമ്പിച്ച പരിവർത്തനങ്ങൾക്കുകാരണമായി. സോവിയറ്റുയൂണിയന്റെ അജയ്യമായ ശക്തി സാമ്രാജ്യലോകത്തിനെ അമ്പരപ്പിക്കുന്നതെന്നുമാത്രമല്ല, കിഴക്കൻയൂറോപ്പിലെ ജനകീയ ജനാധിപത്യരാജ്യങ്ങളുടെ ഉദയവും ചൈനയിലെ വിമോചനസമരം നിഷ്പ്രയാസമായ വിജയങ്ങൾനേടി ശക്തിയാർജ്ജിച്ചുകഴിഞ്ഞതും സോവിയറ്റുയൂണിയന്റെ സ്വാധീനം വർദ്ധമാനമാക്കി. ഇന്തോചൈനയിലും വിമോചനസമരം കൊടുമ്പിരിക്കൊണ്ടു. ജനകീയവിമോചനസേന വമ്പിച്ച വിജയങ്ങൾ നേടി. ഫ്രഞ്ചുസാമ്രാജ്യത്വം നിഷ്പ്രയാസമില്ലാതെ തുടരെത്തുടരെ പിന്തിരിഞ്ഞോടേണ്ടിവന്നു. 1945

വെളിച്ചം കീറി

ഓമല്ലൂർ രാജരാജവർമ്മ

കീറപിടിച്ച കുറിയുടുത്ത് എല്ലും തോലിനേയും വിഴുങ്ങിയിരിക്കുന്ന ജീർണ്ണിച്ചുപൊളിഞ്ഞ ആ മൺപുരയുടെ തിണ്ണയിൽ മറിയ ഭർത്താവിന്റെ വരവുംകാത്തിരിക്കുകയാണ്.

ആഗസ്റ്റ് 19-ാംതീയതിയോടെ എൻപത്തിമൂന്നുവർക്കത്തെ ഫ്രഞ്ചു ജപ്പാനീസ് അടിമത്വത്തിൽനിന്നും, സാമ്രാജ്യത്വ ചൂഷണങ്ങളിൽനിന്നും വിയറ്റ്നാംജനത പരിപൂർണ്ണമായും വിമോചിതരായി.

1945 സെപ്തംബർ 2-ാംതീയതി വിയറ്റ്നാം ജനാധിപത്യറിപ്പബ്ലിക്ക് ഏകകണ്ഠമായി രൂപംകൊണ്ടു. ഡാ ഹോച്ചിമിൻ പുതിയ ഗവൺമെന്റിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. തൊഴിലാളികളുടെയും കൃഷിക്കാരുടെയും ദേശീയ ഐക്യത്തിന്റെയും മറ്റു ജനാധിപത്യപാർട്ടികളുടെ സഹകരണത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു ഇങ്ങനെയൊരു ജനാധിപത്യഗവൺമെന്റ് രൂപംകൊണ്ടത്.

എന്നാൽ ഫ്രഞ്ചുസാമ്രാജ്യത്വം ഇതംഗീകരിക്കാൻ തയ്യാറായില്ല. സമാധാനപരമായ മാർഗ്ഗത്തിലൂടെ വിയറ്റ്നാം പരമാധികാരം വീണ്ടെടുത്തു. 1946 മേയിൽ പ്രസിഡന്റ് ഹോ, സന്ധിസംഭാഷണങ്ങൾക്കായി പാരീസ്സിൽപ്പോലും പോവുകയുണ്ടായി. ശാന്തമായ ഒരു പരിഹാരത്തിനു് ഫ്രഞ്ചുഗവൺമെന്റ് കൂട്ടാക്കിയില്ലെന്നുമാത്രമല്ല, വിയറ്റ്നാം ജനകീയറിപ്പബ്ലിക്കിനെ തകർക്കാൻ സർവ്വശക്തികളും അവർ കേന്ദ്രീകരിച്ചു. 1946 ഡിസംബർ 19-ാംനു ഫ്രഞ്ചുപട്ടാളം 'ഹനോയ്' ആക്രമിച്ചു. ഇതോടെ ഫ്രഞ്ചുവിയറ്റ്നാംയുദ്ധം കൊടുമ്പിരിക്കൊള്ളുകയായി.

ഹോച്ചിമിന്റെ മന്ത്രത്തായ നേതൃത്വത്തിൽ വിയറ്റ്നാംജനത, അമേരിക്കൻഡോളറിൽ തുങ്ങിനിൽക്കുന്ന ഫ്രഞ്ചുകൊളോണിയലിസ്റ്റ്കൾക്കും അവരുടെ പാവയായ ബാവോദായ്ക്കും ഇനി ചുട്ട മറുപടി കൊടുത്തുകൊണ്ടിരിക്കയാണ്. ഒരുരാത്രിയ സം കഴിയുന്നതോടെ ഫ്രഞ്ചുസാമ്രാജ്യത്വം വേച്ചുവേച്ച് ശവക്കുഴിയുടെ നടുവിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. വിയറ്റ്നാം വിമോചനപ്രസ്ഥാനം ഇന്തോചൈനയുടെ മുഴുവൻ വിമോചനത്തിനായി ഒരന്തിമസമരത്തിൽ അണിനിരന്നുകഴിഞ്ഞു. ആസന്നമായ ഈപോരാട്ടത്തിൽ ഫ്രഞ്ചിന്റെ പരാജയം സുനിശ്ചിതമാണ്. കൂരാണം, ഉണർന്നുകഴിഞ്ഞ ഒരു ജനതയെ വെടിയുണ്ടകൊണ്ട് അമർത്താൻ ഇനിയവർക്ക് സാധ്യമല്ല.

★

'നാഴിക്കഞ്ഞിക്കുള്ള വകയെങ്കിലും അയാൾ കൊണ്ടുവന്നെങ്കിൽ' അവളോർത്തു.

ഇല്ല, അയാൾ കൊണ്ടുവരികയില്ല. മുക്കാറാംകൂടിച്ച് തെറിയുംപാടിക്കൊണ്ടാണയാൾ വരാറുപതിവ്.

അയൽക്കാരെല്ലാം ഉറങ്ങിക്കഴിഞ്ഞിരിക്കണം. അവരെന്തിനാണാവോ തിരിക്കണം? ധനികനമ്മളൊന്നുമല്ല അയൽവീടുകളിൽ താമസിക്കുന്നതും. എല്ലാം കൂലിവേലക്കാർ എന്നാലും അവക്കാരണം അന്നന്ന വാണിയെടുത്ത് കുലിവാങ്ങി അവർ ഉണ്ണുന്നു, ഉറങ്ങുന്നു.

എന്നാൽ തനിക്കോ? —

അതോർത്തപ്പോൾ മറിയ കരഞ്ഞുപോയി.

അകത്തെമുറിയിൽ നെരിപ്പോടിൽ കിടന്നുനീറുന്ന ഉമിപോലെ അവളുടെ ഉള്ളം നീറി. അതിൽനിന്നും വമിച്ചുധൂമപടലങ്ങളും അവളുടെ ഭാവിയിൽ അന്ധകാരംവരച്ചു.

കീറിപ്പറിഞ്ഞ ഒരുപായിൽ മൂന്നുപേർക്കോലങ്ങളും കിടക്കുന്നുണ്ട്. എരിപൊരിക്കൊള്ളുന്ന ജീവിതത്തിലേക്ക് ആഞ്ഞെറിയപ്പെട്ട മൂന്നു തളിർ ജീവിതങ്ങളും.

അവളതൊന്നുംപറഞ്ഞില്ല. പതിവുകൃത്യങ്ങളും അയാളുംനടത്തി. അവളുടെ തലമുടിക്കുചുറ്റുപിടിച്ചു് മിത്തിയിൽ ഇടിച്ചു. അടിച്ചുതെറിച്ചു. ഒടുവിൽ തന്നത്താൻ മതിയാക്കി ഇറങ്ങിപ്പോയി. അവൾക്കവേദനയില്ല. ഇടിയും അടിയുംകൊണ്ടു തഴമ്പിച്ചതാണവളുടെശരീരം.

ഉള്ളിലെനീറൽ കൂടിക്കൂടി വരികയാണ്.

ഭിത്തിയിൽചാരിയിരുന്നു് അവൾ ഒന്നുമയങ്ങി.

.....

മറിയയുടെ ജീവിതത്തിന്റെ വഴിത്താരയിൽ പൂക്കാലം വിരിച്ചിരുന്ന കാലം കടന്നുപോയി. സുഖവും സ്വാതന്ത്ര്യവും വിളയാടിയിരുന്ന പൂവ്കാലം ഏതോ മയക്കത്തിലെ സ്വപ്നംപോലെ മറഞ്ഞുമറഞ്ഞുപോയിരിക്കുന്നു.

ഇന്നവളുടെ ജീവിതമാർഗ്ഗം കല്ലും മുള്ളും നിറഞ്ഞതാണ്. കൊടിയ ഇരുട്ടാണവിടെ. വെളിച്ചം കാണാത്ത ആ ജീവിതത്തിൽ രോഗിയും അവശയുമായ ആ അമ്മയും മൂന്നു കുഞ്ഞുങ്ങളും കിടന്നഴലുകയാണ്.

കർത്താവായ തമ്പുരാനേ! നിനക്കു കണ്ണില്ലേ?

അരണ്ട സ്വപ്നവീഥിയിൽക്കൂടി അവൾ ക്രിസ്തുമതത്തിന്റെ മധുരസ്മരണകളിലേയ്ക്കുനയിക്കപ്പെടുകയാണ്. വാത്സല്യമുള്ള അപ്പച്ചനും സ്നേഹമുള്ള അമ്മച്ചിയും ചേട്ടനും. സുഖമായ ജീവിതത്തിനൊക്കെ വകയുള്ളവീട്. അവളുടെ അന്നത്തെജീവിതം എന്തു സുഖമായിരുന്നെന്നോ? മധുരമയമായ ആ ജീവിതത്തിന്റെ പല സ്മരണകളും ആ സ്വപ്നത്തിൽക്കൂടി അവളുടെ ഉള്ളിൽക്കടന്നു. നീണ്ട നെടുവീർപ്പുകളായി അവ ബഹിർഗ്ഗമിച്ചു് ഇരുളിന്റെ അഗാധതയിൽ ലയിച്ചു.

സുഖമായി ജീവിക്കുന്നതിനും അതിനുവേണ്ടി പ്രയത്നിക്കുന്നതിനും മടിയില്ലാത്ത അവളുടെ അപ്പച്ചൻ ഒരു കൃഷിക്കാരനായിരുന്നു. അപ്പച്ചന് അവളുടെയും സ്നേഹമായിരുന്നെന്നോ? അവൾ അപ്പച്ചന്റെ മടിയിൽ കയറിയിരിക്കും. അപ്പച്ചൻ ചോദിക്കും:

"മോളിന്നു പള്ളിക്കൂടത്തിപ്പോന്നില്ലേ?"

"പോന്നപ്പച്ചാ" അവൾ തുള്ളിച്ചാടി എണീറ്റുപോകും. പള്ളിക്കൂടത്തിൽപോകുക അവൾക്കു വലിയ ഉത്സാഹമാണ്. കൂട്ടുകാരികളുമൊത്തു പാഠങ്ങൾക്കും നെല്ലിക്കാതിന്നാം. വഴക്കുകൂടാം. അതൊരുരസമാണ്.

പക്ഷേ അവൾ നല്ലൊരുക്രിസ്ത്യാനിയെ പഠിപ്പിച്ചുമുതിക്കുമെന്നു് അമ്മച്ചിപറഞ്ഞു: "പെണ്ണിനെ പഠിപ്പിച്ചുമുതിക്കുമെന്നു് ഇനീം വീട്ടിലെ ജോലിയൊക്കെ നോക്കിപ്പഠിക്കട്ടെ."

അപ്പച്ചന് അതിൽ അഭിപ്രായമൊന്നുമില്ലായിരുന്നതുകൊണ്ട് അമ്മച്ചിയുടെ നിശ്ചയംതന്നെ നടന്നു.

അങ്ങനെ മറിയ പഠിത്തംനിർത്തി വീട്ടുജോലിയിൽ പ്രവേശിച്ചു. അതിലും അവൾ ഒരു കൈച്ചൂടിക്കയായിരുന്നു. ഏതുജോലിയിലും ഉത്സാഹമുള്ളപെണ്ണ്. ആഹാരം പാകംചെയ്യുക, ഗൃഹം സൂചിയാക്കുക അടിനെമേയ്ക്കുക വസ്ത്രങ്ങൾ കഴുകുക എല്ലാം അവൾതന്നെ ചെയ്യുവതും. ഒന്നിലും അമ്മച്ചിയുടെ സഹായം അവൾ ആവശ്യപ്പെട്ടില്ല.

അങ്ങനെ കാലംപോക്കുന്നതിനിടയിൽ ഒരു താമരപ്പൂപോലെ അവളുടെയൗവനം വിടർന്നവന്നു് അവളതറിഞ്ഞില്ല. എങ്കിലും ഒരുദിവസം അമ്മച്ചി അപ്പച്ചനോടു പറയുന്നതുകേട്ടു:— "പെണ്ണിനു പ്രായമായി. ആരുടെയ്കുടെയെങ്കിലും പഠഞ്ഞയ്ക്കണം."

'ഉം. ഞാനും ആലോചിക്കാതെയല്ല' അപ്പച്ചൻ പറഞ്ഞു. അവൾ നാണിച്ചുപോയി.

പിന്നിടാരോ അവിടെ വരികയും പോകയുംചെയ്തു. അതവളുടെ വിവാഹാലോചനയായിരുന്നു.

ഒടുവിൽ ഒരു ഞായറാഴ്ച ആസ്ഥലത്തെ പള്ളിയിൽവച്ചു് അവിടത്തെ വൈദികന്റെ കാർമ്മികത്വത്തിൽ സുമുഖനായ ഒരു യുവാവു് അവളെ മിന്നുകെട്ടി.

വിവാഹാനന്തരം അവൾക്ക് ഭർത്താവിന്റെകൂടെ പോകേണ്ടതുണ്ട്.

ആ വേർപാടു് ഭയങ്കരമായിരുന്നു.

വാത്സല്യമുള്ള അപ്പനമ്മമാരെയും ആ വീടിനെയും പിരിയുക!

എങ്കിലും കടമകൾ അനുസരിക്കേണ്ടതായുണ്ടായിരുന്നു.

അവൾ ഭർത്തൃഗൃഹത്തിലേക്കു പോയി

സുഖസൗകര്യങ്ങൾക്കു് അവിടെയും യാതൊരുകോട്ടവുമുണ്ടായിരുന്നില്ല. അവിടെയുമുണ്ടു് സ്നേഹമുള്ള രപ്പച്ചനും അമ്മച്ചിയും.

പക്ഷേ എല്ലാറ്റിനും, തന്നിലുമധികമായി അവൾ അദ്ദേഹത്തെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ കവിത്തുമുണ്ട തലമുടിയേയും കളകളങ്ങളേയും നനുത്ത മീശയേയും അവൾ സ്നേഹിച്ചു. അദ്ദേഹത്തെ ഭാഗ്യമാ

നിച്ചു. തിരിച്ചു, കുണുപ്പെട്ട ദൈവമായി "ഭർത്താവിനെ അവൾ കരുതി.

മത്തായി. അതാണയാളുടെ നാമധേയം. സൗമ്യനും സുഭിക്ഷതയുള്ള തെക്കേ വാട്ടിലെ കർഷകരായ മാതാപിതാക്കളുടെ ഏകസന്താനമാണ്. മത്തായിയുടെ പിതാവു് കർഷകനായിരുന്നെങ്കിലും സാധാരണ കൃഷിക്കാരെപ്പോലെ ദരിദ്രനല്ലായിരുന്നു. മറിയയുടെ പിതാവും കർഷകനാണല്ലോ. ഇങ്ങനെ ഏതിലും പെരുത്തപ്പെട്ട ആ രണ്ടുവീട്ടുകാർ തമ്മിലുള്ള ബന്ധം ഒൻകൂടിപ്പറഞ്ഞാൽ ആ രണ്ടുയുവഹൃദയങ്ങളെ കോർത്തിണക്കിയതിനു് കർത്താവായ തമ്പുരാൻ സ്തുതിക്കപ്പെട്ടവനാണ്.

അങ്ങനെ ഒരു പുതിയ ജീവിതം തുടങ്ങി—

അവരുടെ ജീവിതത്തിന്റെ വഴിത്താരയിൽ കുസുമങ്ങൾ വിരിച്ചിരുന്നു.

സുഖവും സന്തോഷവും വഹിച്ചുകൊണ്ടു ദിനങ്ങൾ കടന്നുപോയി. ആ ദമ്പതിജീവിതം അവർക്കിടയിൽ മൽകുഞ്ഞിനെ കാഴ്ചവച്ചു. അവളും ഒരമ്മയായി!

അങ്ങനെ ആ ജീവിതം മുന്നോട്ടിക്കൊണ്ടിരുന്നു.

കഷ്ടത്തിന്റെ പോക്കിൽ പലപ്പോഴും ദേവികാസങ്കടങ്ങൾ അവരെ നേരിട്ടു.

അവരുടെ മാതാപിതാക്കന്മാർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. കർത്തവ്യങ്ങൾ പുതിയതലമുറക്കാരെ ഏല്പിച്ചിട്ട് പഴയതലമുറക്കാർ പിൻവാങ്ങി.

നിസ്സഹായതാബോധവും കനത്ത ദുഃഖവും അവരെ നേരിട്ടു. പക്ഷെ, എല്ലാംസഹിച്ചും പൊരുത്തും മുന്നോട്ടു കയറണല്ലോ ജീവിതത്തിന്റെ ലക്ഷ്യം.

അവൾ ഇന്നു മൂന്നുകുഞ്ഞുങ്ങളുടെ അമ്മയാണ്. രണ്ടാണും ഒരുപെണ്ണും. പ്രയാസമെന്തെന്നറിയിക്കാതെ ആ കുഞ്ഞുങ്ങളെ അവൾ വളർത്തിക്കൊണ്ടുപോന്നു.

പക്ഷെ ആ ശരണ്യാഭസ്സിൽ കാർകൊണ്ടൽ മൂടുവാൻപോകുകയാണ്. കുസുമങ്ങൾവിരിച്ച പന്ഥാവിനുപകരം കല്ലും മുള്ളും നിറഞ്ഞമാർഗ്ഗം അവരുടെമുമ്പിൽ വരാൻപോകുന്നു....

പിതാവിന്റെ മരണാനന്തരം മത്തായിയുടെ ജീവിതത്തിൽ ചില പരിവർത്തനങ്ങളെല്ലാം കടന്നുകൂടി. നന്നേ ചെറുപ്പത്തിലെ അയാളിൽ ശ്രുഢമൂലമായിരുന്ന ദുർവ്യസനകരം — പിതാവിനാൽ അപ്പഴപ്പോൾ അവ അടിച്ചമർത്തപ്പെട്ടിരുന്നു — ഈയവസരത്തിൽ നാമ്പുനീട്ടിത്തുടങ്ങി. അതിനു വളംവച്ചുകൊടുക്കുവാൻ ആളുണ്ടായപ്പോൾ അതു തഴച്ചുവളർന്നു.

അയാൾ ഒരു ചിട്ടിയും ബാങ്കുംതുടങ്ങി. ബാങ്കിലെ നിക്ഷേപത്തുകയെടുത്തു കൂട്ടുകാരുമായി കളിച്ചുപോരും ബാങ്കുപൊളിഞ്ഞു. നിക്ഷേപകർക്കു് തുക തിരിച്ചുകൊടുക്കേണ്ടിവന്നപ്പോൾ അയാൾ സ്വന്തംവസ്തു തീറെഴുതി. അയാൾ നാശത്തിലേയ്ക്കു വഴുതിക്കൊണ്ടിരുന്നു.

പിന്നീടയാൾ ഒരു മദ്യക്കുപ്പിലേലത്തിൽപിടിച്ചു. എന്നാൽ ആ ഇടപാടും നഷ്ടത്തിൽ കലാശിച്ചെന്നു മാത്രമല്ല അയാൾ ഒരു മുഴുക്കുടിയനായിത്തീരുകയുംചെയ്തു.


മറിയയ്ക്കു് ഇതൊന്നും സഹിക്കാമായിരുന്നില്ല. അവൾ ഭർത്താവിനെ ഉപദേശിച്ചു, നല്ലവാക്കുപറഞ്ഞും നോക്കി. പക്ഷെ കാട്ടുപോത്തിനോടു വേദംചൊല്ലിയപോലെയുമായി. അയാൾതന്നെ ആകെമാറി—അയാൾ ഒരു കാട്ടുപോത്തായിക്കഴിഞ്ഞിരുന്നു.

"ചട്ടമ്പിമത്തായി" എന്നേതു സ്ഥാനപ്പേരും അയാൾക്കു ലഭിച്ചു. പലരും അയാളെവെറുത്തു. ശപിച്ചു, ഭയപ്പെട്ടു.

മദ്യശാലയിലോ വേശ്യാലയത്തിലോ ചീട്ടുകളിസ്ഥലത്തോ അയാൾ സർവ്വസാധാരണമായി 'കൃത്യം' ചെയ്തുതുടങ്ങി.

വസ്ത്രവകകളും മുഴുവനും വിറ്റുകളിച്ചു. പുരയും പൊളിച്ചു. ഒരു ചെറുപ്പരായെഴുകെ യാതൊന്നുമവശേഷിക്കാതായി.

സൗഭാഗ്യത്തിന്റെയും സൗന്ദര്യസുഭിക്ഷതയുടെയും കൊടുമുടിയിൽനിന്നു്, നിസ്സഹായതയുടെയും ദരിദ്രത്തിന്റെയും രോഗത്തിന്റെയും പടുകുഴിയിലേക്കു് അയാൾ അവരെ തള്ളിയിട്ടു—അല്ല—അയാൾതന്നെ.



ഡോ: രാധാകൃഷ്ണൻ സാൻഫ്രാൻസിസ്കോയിൽ— വൈസ് പ്രസിഡൻറ് ഡോ. രാധാകൃഷ്ണൻ മോൾഡൻ സോറ് പാർക്കിലെ ഡീയാംഗ്മെമ്മോറിയൽ മ്യൂസിയത്തിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ള ഇൻഡ്യൻ കലാസൃഷ്ടികളും ദർശിക്കുന്നു. സമീപത്തു നിൽക്കുന്നതു അമേരിക്കൻ അക്കാഡമി അഫ് ഏഷ്യൻ സ്റ്റഡീസിന്റെ സ്ഥാപകനും പ്രസിഡൻറുമായ ലൂയിസ് പി. ഒയിൻസ്ബറോയാണ്. കൂടുതൽ അക്കാഡമി അഫ് ഫൈൻആർട്ട്സ്, തുടങ്ങിയ കലാസ്ഥാപനങ്ങളും ശേഖരിച്ചു അയച്ച പ്രസ്തുത സാധനങ്ങളും വിവിധ നഗരങ്ങളിൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്.

ഇതിനിടയ്ക്കു് അവൾ ഒരു പെൺകുഞ്ഞിനുകൂടി ജന്മം നൽകി.

ഞാൻ പാടുന്നു



സുലോചന

ആയിരംപൂവിളം ചിന്തകൾപാടുന്നൊ-
രീമനസ്സന്ദനം കേട്ടിട്ടുപോകുമോ?
പോകാൻ തിടുക്കമാണെങ്കിലുംപ്രേമാർദ്ര-
മീ വീണവാദനം ശ്രദ്ധിച്ചുകേൾക്കുമോ?
പോകാനൊരുങ്ങുന്നൊരക്കാലടികളിൽ
ആദരാലെൻതലചാച്ചുകിടന്നഞാൻ
അശ്രുവീണതൃപ്തമിച്ചുണ്ടകം
ഭക്തിപൂർവ്വംതവകാലിലണപ്പൂഞാൻ
ഞാനത്രപൂജിക്കുമീപുണ്യവേദിയിൽ
ഞാനത്ര ഓമനിച്ചീടുമീയോമ്മയിൽ
ഉൾക്കളമുമ്മവച്ചീടും കിനാവുകൾ
പ്രശ്രയപൂർവ്വം കിടക്കുന്നതോർക്കണേ...
പോകാൻവരട്ടെ—വരളുന്നൊരെൻജീവ-
നോരാനനേകം മധുരസ്മരണകൾ
മോളിലെ ചെമ്പകപ്പൂങ്കാവനത്തിലെ
മാണിക്യരശ്മികൾ വീണുതിളങ്ങുന്ന
കുത്തുകാഞ്ഞിരിനിം കാത്തുഞാനുണ്ടെയെ
കണ്ണാവാനൊറ്റയ്ക്കു കാണുവാൻവേണ്ടിഞാൻ
ആരാരുമോരാതെയാരമ്യമാരംഗ-
മാഗതമായി,—വീറയ്ക്കുന്നുപാണികൾ!!
പോകല്ലെ നിൽക്കൂ എനിക്കുമാത്രംവേണ്ടി
ഉറഞ്ഞിരിക്കൂ — മതി തൃപ്തയല്ലിഞാൻ!-
പോകല്ലെ! ഒന്നു ഞാനുച്ചരുളൻമുടി
മാടിവയ്ക്കട്ടെ മതി ധന്യയല്ലിഞാൻ!-
വീണ്ടും വിറയലോടെന്തിനീകോവിലിൽ
വീണ്ടു വിരയുവതെന്തിനീചാമ്പലിൽ
കാണിനേരം ചെറുപിന്തിരിഞ്ഞങ്ങതൻ
പ്രാണനിൽപറ്റിപ്പിടിക്കാൻകൊതിപ്പൂഞാൻ!!
ഈറനീയന്തരീക്ഷത്തിലൊതുങ്ങാതെ
ദൂരത്തകലത്തകലുന്ന ചിന്തകൾ
ഏകാന്തശാന്തിയിലെൻചുറുമെത്തുന്നൊ-
രേതുകിനാവിലും കണ്ണനീർത്തുള്ളികൾ
ഏതോവിജനതമന്ദമായൂതുന്ന-
ചേതോഹരമാം മുരളി യശാന്തിയിൽ
ഊരുമസ്വാസ്ഥ്യമൊത്തമ്പരന്നൊന്തിനോ
മാറുകയാണുഞാനെന്നെൻവിമോചനം?

കൂടി കൊച്ചുന്നാളിൽ മണ്ണുവാരിക്കളിച്ചതും അവിടെയായിരുന്നു!

ആ കുഞ്ഞുങ്ങളെക്കണ്ടപ്പോൾ മറിയ തന്റെ കുഞ്ഞുങ്ങളെ ഓർത്തുപോയി.

അവളറിയാതെതന്നെ കണ്ണുനിർപ്രവഹിച്ചു.

സ്വന്തം കുടുംബാംഗത്തിന്റെ ദയനീയമായ കഥകളെല്ലാം അറിഞ്ഞ ടീമാജ്ഞകേട്ടി അവളെ അവിടെ പാർപ്പിക്കുന്നതെന്തെന്നുചെയ്തു.

* * *

നമുക്കു വീണ്ടും ആ ചെറുപ്പുരയിലേക്കൊന്നു ചെല്ലാം. മറിയ ഇറങ്ങിപ്പോയതിന്റെ പിറേന്നു് ഉച്ചയായപ്പോൾ മത്തായി അവിടെവന്നു. എന്തോ ദൈവാധീനത്താൽ അയാൾക്കപ്പോൾ സുബോധമുണ്ടായിരുന്നു.

അയാൾ വിളിച്ചു.

"മറിയേ! എടീ മറിയേ?"

പക്ഷെ മറിയ അവിടെയെങ്ങും ഉണ്ടായിരുന്നില്ല. ആ പിഞ്ചുകുഞ്ഞുങ്ങളും തെരുന്നുണ്ടു്.

"മ്മോ...മ്മോ...വെള്ളം"

അയാൾ അയൽവീടുകളിൽ ചിലരോടു ചോദിച്ചു. ആരും മറിയയെ കണ്ടില്ല.

അയാൾ വീണ്ടും തന്റെ കുടിലിലേക്കുവന്നു. മറിയ എവിടെപ്പോയതായിരിക്കണം? ആരോടെങ്കിലും പറഞ്ഞിട്ടുണ്ടോ? അതോ അവളുടെ വീട്ടിലേക്കുപോയോ?

"എവിടെങ്കിലും പോയിത്തുലയട്ടെ!" അയാൾ പിറുപിറുത്തു.

പകുതിതുറന്ന കണ്ണുകളോടെ രണ്ടു കുഞ്ഞുങ്ങളും അയാളെ ദീനമായി നോക്കി. അവരുടെയുച്ചരണം—

"വ്വാ...വ്വാ...വെള്ളം. മ്മോ... വെ...ള...ളം."

വിശന്നുവലഞ്ഞാണു് അയാൾ വീട്ടിൽക്കയറിവന്നതു്. പക്ഷെ, അവിടെ യാതൊന്നുമില്ല. വിശപ്പും ദാഹിച്ചും പൊരിഞ്ഞു് ആ കുഞ്ഞുങ്ങൾ വെള്ളത്തിനുവേണ്ടി കെഞ്ചുകയാണു്. അയാൾ വിക്കിച്ചു.

തളർന്ന അയാൾ യാതൊന്നിനും ശക്തനല്ലാതെ അവിടെയിരുന്നു.

മനസ്സു് സുബോധാവസ്ഥയിലായിരുന്നതുകൊണ്ടു് ചിന്തകൾ അയാളെ അലട്ടി.

ആ കുഞ്ഞുങ്ങളുടെ നിലവിളി അയാളിൽത്താഡിച്ചുകൊണ്ടിരുന്നു. തനെ തുനാളായി ആ കുഞ്ഞുങ്ങളെ ശരിക്കുനോക്കുണ്ടിട്ടു്? ഒന്നുമവച്ചുകളിപ്പിച്ചിട്ടു്? ഒരു നല്ലവാക്കുപോലും പറഞ്ഞിട്ടു്? അവർക്കുവേണ്ടി എന്തെങ്കിലും താൻ വാങ്ങിക്കൊടുത്തിട്ടു? താൻ ആ കുഞ്ഞുങ്ങളുടെ അച്ഛനാണോ? അവരെ പട്ടിണിക്കിട്ടു വലച്ചു് ഈ നിലയിലാക്കിയതു് താനല്ലേ?...

...അയാൾ നീറിപ്പോയി.

പകുതിതുറന്ന കണ്ണുകളോടെ രണ്ടു കുഞ്ഞുങ്ങളും അയാളെനോക്കി ഞരങ്ങുകയാണു്. ഒരെണ്ണത്തിന്റെ കണ്ണുകൾ അടഞ്ഞിരിക്കുന്നു. അയാൾ എണീറ്റുചെന്നു് അതി ഇനി തുറക്കുകയില്ല!

നെ ഒതാട്ടനോക്കി. തണുത്തുമരവി

അവശയും വിവശയുമായി തങ്ങളെ യുപേക്ഷിച്ചുപോയ അമ്മയുടേയും സംരക്ഷണത്തിനുവേണ്ടി കാത്തുനില്ക്കാതെ ആ കുഞ്ഞു് യമലോകത്തേക്കു് യാത്രയായിക്കഴിഞ്ഞിരുന്നു. മറ്റു രണ്ടു കുഞ്ഞുങ്ങളും ആ യാത്രയ്ക്കു തയാറായിനിന്നു.

മദ്യത്തിന്റെ ലഹരിയിൽ മയങ്ങിക്കിടന്നിരുന്ന അയാളുടെ പിതൃഹൃദയം ഉണർന്നു.

അയാൾക്കു നിൽപും നിലയുമില്ലാതായി. സംഭ്രമവും ഭീതിയും അപരാധബോധവും അയാളെ വലയം ചെയ്തു.

"വ്വാ...വ്വാ...വെ...ള...ളം"

ആ വിളി അയാൾക്കു സഹിക്കാനായിരുന്നില്ല. അയാൾ വെളിയിലേക്കിറങ്ങിനടന്നു.

പിടികയിൽച്ചെന്നു അയാൾ ഒരു യൂണിറ്റോറി കടം ചോദിച്ചു. തന്റെ വിഷമങ്ങളെല്ലാം പറഞ്ഞു യാചിച്ചു. പക്ഷെ പിടികക്കാരൻ തീർത്തുപറഞ്ഞു.—"ഇവിടെ കടംതരാൻ പറ്റുകേല."

അയാൾ അവിടെനിന്നിറങ്ങി പലരോടും പണം യാചിച്ചു. അഭ്യുദയകാംക്ഷികൾ എട്ടണവരെ യാചിച്ചു. ആരും അയാൾക്കു പണംകൊടുത്തില്ല. എല്ലാവരും അയാളെ വെറുത്തുകഴിഞ്ഞിരുന്നു. തന്റെ ഏറ്റുകോമാളിത്തരത്തിനും ക്രൂരനിന്ദവർപേലും മുഴുത്തപ്പോൾ മത്തായിക്കു ഗത്യന്തരമില്ലാതായി. അയാളുടെ നിലപാടു് അയാൾക്കുതന്നെ മനസ്സിലായിത്തുടങ്ങി.

തുഞ്ചിച്ചത്താലെന്തെന്നവരെ അയാൾ ആലോചിച്ചു.

എന്നാൽ യാതൊന്നിനും കഴിവുണ്ടായിരുന്നില്ലയാൾക്കു്.

നിസ്സഹായനായി അയാൾ കുടിലിലേയ്ക്കു മടങ്ങി. അയൽവക്കത്തുള്ള ഏതോ അമ്മയോടു നുറുക്കുതെറിവെള്ളം വാങ്ങി മരിക്കാറായ കുഞ്ഞുങ്ങളുടെ വായിൽ അയാൾ ഒഴിച്ചുകൊടുത്തു.

ഹാവൂ!.....

ജീവിതത്തിലാദ്യമായി അയാൾ പശ്ചാത്തപിക്കുകയാണു്. മുമ്പു ചെറുപ്പത്തിൽ വളരെ സൗഖ്യമായി ജീവിച്ചിരുന്നപ്പോഴും ഏറിയകാലം ദുർവൃത്തനായി നടന്നപ്പോഴും അയാൾ പശ്ചാത്തപിച്ചിട്ടില്ല; ദുഃഖിച്ചിട്ടില്ല.

ഇന്നയാൾ നിസ്സഹായതയിലും ദുഃഖത്തിലുംകിടന്നു വലയുകയാണു്. താൻ ചെയ്യുപോയ അപരാധങ്ങളിൽ പശ്ചാത്തപിക്കുകയാണു്.

അയാളുടെ പശ്ചാത്താപത്തിലും കണ്ണീരിലുമായി ദിവസങ്ങൾ രണ്ടു മൂന്നു കടന്നുപോയി.

* * *

മരണത്തിന്റെയും ജീവിതത്തിന്റെയും ഇടയിൽക്കിടന്നു നരകിക്കുന്ന ആ കുഞ്ഞുങ്ങളെയും കൊണ്ടു്, നിസ്സഹായനായ ആ പിതാവു് ഒരുദിവസം രാവിലെ കടിലി

ന്റെം തിണ്ണയിലിരിക്കെ, അരേം രണ്ടുപേർ അങ്ങോട്ടു കയറിച്ചെന്നു.

മത്തായി നിസ്സിമേക്ഷനായി അവരെ നോക്കിയിരുന്നു.

മറിയയും തന്റെം അളിയൻ ജോഞ്ഞുകുട്ടിയുംകൂടിയാണു വന്നതു്.

മറിയ വന്നപാടേ പുരയ്ക്കുള്ളിൽ കയറി, താൻ കൊണ്ടുവന്ന റൊട്ടിയും പഴവും കുഞ്ഞുങ്ങൾക്കു കൊടുത്തു കൊണ്ടിരുന്നു.

പശ്ചാത്താപത്തിന്നധീനമായ മത്തായിയുടെ മുഖത്തു് യാതൊരു ഭാവഭേദവും കണ്ടില്ല.

അല്പസമയത്തേയ്ക്കു് ആരും ഒന്നും മിണ്ടിയില്ല.

ഒടുവിൽ ജോഞ്ഞുകുട്ടിതന്നെ മൗനം ഭഞ്ജിച്ചു.

"എങ്കിലും എൻ്റളിയാ! നീയിവരെയിങ്ങനാക്കിയല്ലാ. ഈ തള്ളയേം മക്കളേം മാൻ", വേണ്ടപ്പെട്ടവരെ മറന്നു", ദൈവത്തെപ്പോലും മറന്നു". ഉണ്ടായിരുന്ന സ്വസ്വവും വിറ്റുമുടിച്ചു് നീയിങ്ങനെ തന്നത്താൻ നശിച്ചല്ലും. നിൻറിഷ്ടക്കാരും നീയുംകൂടി ചേർന്നു കള്ളുകുടിച്ചും ചീട്ടുകളിച്ചും കണ്ടമാനം നടന്നപ്പോൾതന്നെയാണു നശിക്കുന്നീതെന്നു നീ ഓർക്കാഞ്ഞതു കഷ്ടമായിപ്പോയി. ഈ കുഞ്ഞുങ്ങളെയിങ്ങനെ ഇരുട്ടിലാക്കിയതും, ഒരെണ്ണം പട്ടിണികിടന്നു ചരക്കാന്നിടയാക്കിയതും നീയല്യോ എന്നു നീതന്നെ ആലോചിച്ചുനോക്കു"..."

ജോഞ്ഞുകുട്ടിയുടെ ഓരോ വാക്കും ക്രൗര്യപോലെ മത്തായിയുടെ ഹൃദയത്തിൽ തറച്ചുകൊണ്ടിരുന്നു. ഓരോ വാക്കും അയാളെ അപരാധബോധത്തിലേയ്ക്കും പശ്ചാത്താപത്തിലേയ്ക്കും നയിച്ചു. അയാളും കൂട്ടുകടെ കണ്ണുനീർ വാർത്തു.

ജോഞ്ഞുകുട്ടി തുടർന്നു—"പ്രയത്നിക്കുന്തോറുമെല്ലാവർക്കും സുഖമായി കഴിയാനുള്ള വക ഈ വീട്ടിലുണ്ടായിരുന്നു. നിനക്കും ഈ പിള്ളേർക്കും സുഖമായി ജീവിക്കുവാൻ നിൻറെ അപ്പച്ചൻ പാടുപെട്ടുണ്ടാക്കി നിനക്കുതന്ന സകലതും നിനക്കു വേണ്ടിയോ ഈ കുഞ്ഞുങ്ങൾക്കുവേണ്ടിയോ പ്രയോജനപ്പെടുത്താതെ സകലതും വിറ്റുമുടിച്ചു ദീപാളി കുളിച്ചു"; ഇവരെയിങ്ങനെ ഇരുട്ടിലാക്കിയതിനു് ദൈവം നിന്നോടു ക്ഷമിക്കുകയില്ല"

ജോഞ്ഞുകുട്ടിയുടെ ഈ പ്രഭാഷണം മത്തായിയുടെ മനസ്സിൽ ചില പരിവർത്തനങ്ങളുണ്ടാക്കി. കണ്ണുനീർവാർത്തുവാർത്തു അയാളുടെ ഹൃദയം ശ്രീഭൂമായി. വിഭ്രൽപ്രവാഹമേറുമ്പോലെ അയാളുടെ ഓരോ രോമവും കിടിലംകൊണ്ടു. അയാളുടെ ഓരോ നാഡികളും ഉണർന്നു.

ഗദ്ഗദകണ്ഠനായി അയാളും പറഞ്ഞു.—

"നിങ്ങളെല്ലാരും ... ... കർത്താവായ തമ്പുരാനും.....എന്നോടു"... എന്നോടു".....ക്ഷമിച്ചാ...,മതി....

ജോഞ്ഞുകുട്ടി തുടർന്നു—"അതുകൊണ്ടു്, അളിയാ! ഇനിയുമെങ്കിലും മനംമടുപ്പുടയായി തൻകാര്യംനോക്കി, ഈ കുഞ്ഞുങ്ങളെ സംരക്ഷിച്ചു കൊണ്ടു് ജീവിക്കണം. ഞാനും നിങ്ങളെ സഹായിക്കാം. ഇതാ ഇപ്പോൾതന്നെ എൻറെ സഹോദരിക്കും കുഞ്ഞുങ്ങൾക്കുംവേണ്ടി അഞ്ഞൂറുരൂപാ ഞാൻ നിങ്ങളെ ഏല്പിക്കാം. നിങ്ങളും കളഞ്ഞുകുളിക്കരുതു. എന്തെങ്കിലും ചെറിയ തൊഴിൽ തുടങ്ങി, നഷ്ടംവരാതെ നടത്തിക്കൊണ്ടുപോയാൽ വീട്ടുചിലവെങ്കിലും സുഖമായി കഴിയാം. ഇനിയെങ്കിലും ദൈവത്തെ മറക്കാതെ ജീവിക്കുക."

പിന്നീടും അവർ വളരെനേരം സംസാരിച്ചു.

അഞ്ഞൂറുരൂപാ മത്തായിയെ ഏല്പിച്ചു", പല ഗുണദോഷങ്ങളും നൽകിയശേഷം ജോഞ്ഞുകുട്ടി പോയി.

* * *

ആ സംഭാഷം ഒരു പുതിയ ജീവിതത്തിൻറെ നാന്ദിയായിരുന്നു.

അന്നുമുതൽ എല്ലാ രാത്രിയിലും മത്തായി താൻ ചെയ്തിട്ടുള്ള എല്ലാ അപരാധങ്ങളേയും ക്ഷമിക്കണമേയെന്നു കർത്താവായ തമ്പുരാനോടും മറിയയോടും പ്രാർത്ഥിക്കുമായിരുന്നു.

അയാൾസ്വയം നന്നാകുകയാണു്!

അന്ധകാരമയമായ അവരുടെ ജീവിതനഭസ്സിൽ ഒരു പുതിയ താരം ഉദയംചെയ്യുകയാണു്.

—ജോഞ്ഞുകുട്ടി കൊടുത്ത പണംകൊണ്ടു് ഒരു മാടക്കടയിൽ പണിയിച്ചു", അതു നിറയെ സാധനങ്ങളുമായി ആ ഗ്രാമത്തിലെ കവലയിലിരുന്നു" മത്തായി കച്ചവടം തുടങ്ങി. അയാൾ സ്വയം നന്നാകുന്നതു കണ്ടപ്പോൾ വെറുത്തവർ പലരും അടുത്തു. അയാളെ ശപിച്ചവർ സ്നേഹിച്ചു.

അയാളുടെ കച്ചവടം അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരുന്നു.

ദിവസം അഞ്ചാറുരൂപാ ലാഭം കിട്ടിത്തുടങ്ങി. വീട്ടുചിലവു കഴിഞ്ഞു മിച്ചമുള്ള കുശലല്ലും പാഴിൽ കളയാതെ സൂക്ഷിച്ചുവച്ചു. രണ്ടുമൂന്നു കൊല്ലങ്ങൾകൊണ്ടു് അഭ്യുദ്ധിനത്തിലായിരുന്ന വസ്തുവകകളും തിരിച്ചെടുത്തു.

കച്ചവടത്തിൽക്കൂടി അയാളും ഉയർന്നുകൊണ്ടിരുന്നു.

ആ ജീവിതത്തിൽ വീണ്ടും സുഖവും സമാധാനവും കളിയാടി. പഴയലേസും തകച്ചുനും—ആ രണ്ടു കുഞ്ഞുങ്ങളും—ഇന്നു പള്ളിക്കൂടത്തിൽ പോകുന്നുണ്ടു്. ഒരു പുതിയ ജീവൻറെ ചൈതന്യം അവരുടെ തുടുത്ത കപോലങ്ങളിൽ പ്രത്യക്ഷപ്പെട്ടു. മറിയയുടെ ജീവിതത്തിലെ അന്ധകാരം നീങ്ങിയിരിക്കുന്നു. ഒരു പുതിയ വെളിച്ചം അവിടെ പ്രകാശിച്ചു.

ഒരു ദിവസം രാത്രി എല്ലാവരും അത്താഴം ഉണ്ടുകൊണ്ടിരിക്കെ പതിവിലും തകച്ചുനുംകൂടി പറഞ്ഞു "പള്ളിക്കൂടത്തിലെ പിള്ളേരെല്ലാം ഞങ്ങളെ 'ചട്ടമ്പിമത്തായീടെ മോനേ' എന്നു വിളിക്കുവാ—"

"കുരുത്തംകെട്ട പിള്ളേർക്കു് ചട്ടമ്പിതന്നെയാണു പറഞ്ഞതു"—"

മറിയ പറഞ്ഞു.


മത്തായി പൊട്ടിച്ചിരിച്ചു.

അവരെല്ലാവരും ചിരിച്ചു.

ഒരു പുതിയ വെളിച്ചം അപരിസരങ്ങളിൽ തങ്ങിനിന്നു.

[പകർപ്പവകാശം വമ്പയ്ക്കു്]





പൂവ്പഞ്ചാബിൽ ജലന്ധറിലെ ഗണേഗ്രാമത്തിലെ ബസന്തസിംഗ് എന്ന കർഷകൻ ഒരേക്കർ ഭൂമിയിൽ 120 മണ്ണ് 37 സേർ 4 ചട്ടക്ക് നെല്ല് 1951-52-ൽ വിളയിച്ചിരിക്കുന്നു.



കുന്തിരിപ്പള്ളിയിൽ മി. വി. എം. സെയ്തുമുഹമ്മദുറാവുത്തരുടെ ആളിമുഖത്തിൽ പണിതിട്ടുള്ള "നൂൽപ്പുരാണിക" കോളേജ്,

സൗന്ദര്യഗീതം

★

കണയൻപ്ലാവൻ, എസ്സ്. ബി. കോളേജ്

പാടലവർണ്ണാങ്കിതം വെൺമുകിൽക്കീറാൽപട്ട-
പ്പാവാടയണിഞ്ഞോമൽക്രൂരിരുൾക്രുന്തൽ ചിന്നി,
പപ്പടക്കീറും, സചരാചരനിലവിൻതളികയിൽ
പച്ചരിച്ചോറും, പേറിയന്തിവന്നടുക്കുന്നു!
മുഗ്ധയാംപ്രപഞ്ചത്തിൻമാദകക്കിനാവുപോ-
ലെത്തുമീ സായാഹ്നത്തിൻസൗന്ദര്യപാനത്താലെ,
പുളകംപൂൽകിപ്പുൽകി, ദിവ്യമാമേതോശാന്തി-
കളിർപൂംകാറോടൊത്തെൻമാനസംപൊതിയുന്നു;

.....

അഴലിൻ മണൽക്കാട്ടിലുഴലുംമനങ്ങളി-
ലഴകിൻമദ്യംകൊണ്ടൊരാഹമൊട്ടടക്കുന്നു.
പുള്ളിപ്പുംകയിൽപെയ്യും ഗാനധാരയാൽകാട്ടു-
മുല്ലകൾകോരിത്തരിച്ചിളകും കാന്താരങ്ങളും,
വെണ്ണിലാപ്പുഞ്ചോലയാൽ പൂവുടൽമറച്ചുങ്ങു-
വിണ്ണിലെപ്പൂവാടിയിലെത്തിട്ടും ചന്ദ്രക്കല;
നീലശാലേയങ്ങളെ കിക്കിളിക്കുട്ടിക്കൊണ്ടെ-
നീളവേതെന്നിത്തെന്നിയലയുംമന്ദമാനിലൻ,
താരണിച്ചെരിവുകൾതോറുമേ 'കിലുകിലെ'-
യാരവംക്രുദ്ധപ്പോകുമാരണ്യപ്പുഞ്ചോലകളും,
ഇവയൊക്കെയും — മാമകാത്മാവിൽനിരന്തര-
മഴകിൻരസംതിങ്ങും ചഷകംകമിഴ്ത്തുന്നു!!
എന്നെയുംമറന്നുഞാൻ പൊങ്ങിടുമേതോ ദിവ്യ-
മന്നിലേയ്ക്കുതിൻ സാന്ദ്രമാദകലഹരിയാൽ!!

.....

അടവീതടങ്ങളെപ്പുളകംകൊള്ളിച്ചുകൊ-
ണ്ടിടയൻപെയ്യും പുല്ലാംകുഴലിൻനിനാദത്തിൽ;
ശിലയിൽപ്പോലും ജീവചൈതന്യംകൊളുത്തുന്ന
കലതൻവിദ്ധ്വംസമോഹനവിദ്യാസത്തിൽ,
ചിന്തതൻവീണക്കമ്പിമീട്ടിനീറിട്ടുമെന്നെറ-
യന്തരംഗത്തിൽ ശാന്തിചിന്തിടുംകവിതയിൽ,
നീകലർത്തിടുംദിവ്യമാധുരിസചിക്കവേ,
നാകമീജഗത്തെന്നതോന്നിടും സൗന്ദര്യമേ!

.....

മായതൻ ചലച്ചിത്രവേദിയിൽത്തുടിക്കുമീ-
ഹായകൗമാരക്കെഴുംഭംഗി, ക്ഷണികം! മറഞ്ഞുപോം.
എന്നുഞാനനാദ്യന്തസൗന്ദര്യസമുദ്രമേ!!
നിന്നിൽവന്നലിഞ്ഞലിഞ്ഞില്ലാതെയായിത്തീരും!

★

പഞ്ചാബിന്റെ പ്രത്യേകത

★

— കെ ശിവരാമൻനായർ —

ഇന്ത്യയിലെ ഓരോ ജനവിഭാഗത്തിനും ഓരോവിധ പ്രത്യേകതകളുണ്ട്. ഹോട്ടൽ നടത്തുന്നതിൽ പട്ടണങ്ങളിൽ സഹായത്തിനു പുകിലൊരു നായരും കാണും. പണിമിടപാടിനു സിന്ധികളും പ്രസിദ്ധരാണ്. വ്യാപാരത്തിനു ഗുജറാത്തികളും മാർവാഡികളും മറ്റാരേയുംകാൾ മുന്നിലാണ്. ഇക്കാര്യങ്ങളിൽ മിക്കവാറും സുപ്രസിദ്ധമാണ്. എന്നാൽ ഇന്ത്യയിലെ മറ്റുമാണ് മറ്റൊരുവിഭാഗം ജനതയെപ്പറ്റി അറിയാൻ എനിക്കു കഴിഞ്ഞതു്. ഡൽഹിയിലെത്തിയപ്പോൾ പട്ടാളക്കാരേപ്പോലെ ഒരുകൂട്ടം ആളുകളെ കാണാറായി. പട്ടാളവേഷവും ധരിച്ചു് പത്തോ പന്ത്രണ്ടോ പേർ വരുന്നതുകണ്ടാൽ അവരിൽ ഒന്നോ രണ്ടോ പരിചയക്കാരുണ്ടെങ്കിൽതന്നെ തിരിച്ചറിയാൻ പ്രയാസമാണ്. അതുപോലെതന്നെ ഇവയിലെ മാത്രം എനിക്കടുത്തു പെരുമാറാൻ സാധിച്ച തടിക്കാരായ ഒരുകൂട്ടമാളുകളും. തടിക്കാർ എന്നു പറഞ്ഞാൽ പൊട്ടനോമ്മവന്നു കളുടെ സന്യാസിമാരല്ല; കഥകളിയിലെ തടിയുമല്ല. 'തടി'യും 'ടർബണും' മറ്റെന്തിനേക്കാളും പ്രധാനമായിക്കരുതുന്ന സിക്കുകാർ. ഉത്തരേന്ത്യയിലേയ്ക്കു കടന്നാൽ ബസ്സിന്റെയും ലോറിയുടേയും കുടപ്പിറപ്പാണ് ഇവരെന്നു തോന്നിപ്പോകും. ഹോട്ടൽ നടത്തുന്നതും പട്ടാളം വ്യാപാരത്തിനു ഗുജറാത്തികളെന്നപോലെ തന്നെയാണ് ബസ്സോടിക്കുന്നതിൽ "സർദാർജി"മാരും.

ഇന്ത്യയിലെ മറ്റേതു ദേശത്തിലേക്കാളുമധികമായിരിക്കുന്നു പഞ്ചാബിലാണെ കാണാൻ കഴിയുക. ശരീരപുഷ്ടിയിലിവരുടെ നിഷ്പയോടൊപ്പം പ്രകൃതിയുടെ ആനുകൂല്യവുമിതിനു സഹായകമാകുന്നുണ്ട്. രാവിലെ ചായയുടെ സ്ഥാനത്തു ലസ്സി (മോര്) ആണ് ഇവർ കുടിക്കുന്നതു്. ഈ ലസ്സി രണ്ടുതരത്തിലുണ്ടാക്കുന്നുണ്ട്. തൈരിൽ പച്ചവെള്ളമൊഴിച്ചു പഞ്ചസാരയുമിട്ടാൽ ലസ്സിയായി. അതുപോലെതന്നെ പാലുകാച്ചി തണുപ്പിച്ച അതിൽ പച്ചവെള്ളമൊഴിച്ചു അല്പം പഞ്ചസാരയിട്ടാൽ ലസ്സിയുണ്ടാക്കുന്നുണ്ട്. ഇപ്രകാരമുണ്ടാക്കുന്ന "ലസ്സി"യാണ് രാവിലെ ചായയുടെ സ്ഥാനത്തു് ഇവർ കുടിക്കുന്നതു്.

പാലും തൈരും ഇവിടത്തുകാർ ധാരാളമുപയോഗിക്കുന്നുണ്ട്. എരുമകളുടെ ധാരാളത ഇതിനു സഹായകമാണ്. എരുമപ്പാലിനു വില്പനക്കും ഇഷ്ടം. പശുവിൻപാൽ വെറും പച്ചവെള്ളത്തിനു തുല്യമാണെന്നും അതിനു മൂല്യം കുറഞ്ഞതാണെന്നുമാണ് ഇവരുടെ ധാരണ.

പഞ്ചാബ് തീരെത്തന്നെ ഫ്രൈശുപൂർണ്ണമായ ദേശമാണ്. ഗോതമ്പാണ് ഇവിടത്തെ മുഖ്യഭക്ഷണം. ഗോതമ്പുകൊണ്ടുണ്ടാക്കുന്ന "ചപ്പാത്തി"യാണ് നമ്മുടെ ചോറിന്റെ സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളതു്. ഗോതമ്പിവിടെ ധാരാളമായി കൃഷിചെയ്യുന്നുണ്ട്. ഇവിടത്തെ ആവശ്യം കഴിഞ്ഞു മിച്ചമുള്ളതു് ഡൽഹി മുതലായ അയൽദേശങ്ങളിലേക്കയയ്ക്കുന്നു. രണ്ടുമാസമായി ഗോതമ്പിന്റെ കൺട്രോൾ നിർത്തലാക്കിയിരിക്കുന്നു. ഇപ്പോൾ അങ്ങാടിയിൽ ഗോതമ്പു് സുലഭിയായി ലഭിക്കുന്നുണ്ട്.

പഞ്ചാബികളുടെ മറ്റൊരു പ്രത്യേകത കാണുന്നതു് ആഹാരരീതിയിലാണ്. പ്രായേണ സുഖലോലുപരായ ഇവർ ആഹാരകാര്യത്തിൽ കൂടുതൽ നിഷ്ഠ പ്രകടിപ്പിക്കാറുണ്ട്. ഹോട്ടലിൽനിന്നും ആഹാരംകഴിക്കുക സാധാരണയാണ്. വീടുകളിൽ ആഹാരം പാകംചെയ്തിട്ടുണ്ടെങ്കിലും അങ്ങാടിയിൽ കൂടുംബസമേതം പോയി ഹോട്ടലുകളിൽനിന്നും ഇടയ്ക്കിടെ വല്ലതും കഴിച്ചില്ലെങ്കിൽ ഇവർക്കുസുഖമില്ല. വിശേഷദിവസങ്ങളിൽ മധുരപലഹാരങ്ങളും മറ്റും വീടുകളിൽ പാകംചെയ്യുന്നതിനുപകരം 90 ശതമാനംപേരും അങ്ങാടിയിൽനിന്നും വാങ്ങുകയാണു ചെയ്യുന്നതു്.

ഇവിടത്തെ സ്ത്രീകളും ഇന്ത്യയിലെ മറ്റേതുസ്ഥലത്തെ സ്ത്രീകളേയുംകാൾ കൂടുതൽ സ്വാതന്ത്ര്യമനുഭവിക്കുന്നുണ്ട്. ക്ലബ്ബുകളിലും മറ്റു പൊതുസ്ഥലങ്ങളിലും സ്ത്രീകളുടെസംഖ്യ പുരുഷന്മാരുടേതിനെക്കാൾ ഒട്ടും കുറവല്ല. ഉത്സവസ്ഥലങ്ങളിൽ സ്ത്രീകളാണ പുരുഷന്മാരെക്കാളധികം. ഓഫീസുകളിലും ഗണ്യമായസ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞിട്ടുണ്ട്. തനിയെ ദൂരെയാത്രചെയ്യുന്നതിനോ രാത്രിയിൽ ഒറ്റയ്ക്കുസഞ്ചരിക്കുന്നതിനോ ഇവർക്കു ഭയമില്ല.

വിദ്യാഭ്യാസകാര്യത്തിൽ പഞ്ചാബ് വളരെ പിന്നിലാണ്. പഠിത്തത്തെക്കാൾ ബിസിനസ്സുചെയ്യാനാണിവർക്കു വാസന. പഞ്ചാബ് യൂണിവേഴ്സിറ്റിയുടെ ഔദ്യോഗികപ്രസ്ഥാനമായ

കൊല്ലവർഷം നൂറ്റന്പത്തൊന്നിലെ ഒരു ശാസനം

★

— വി ആർ. പരമേശ്വരൻപിള്ള —

ദക്ഷിണപഥത്തിലെ അതിപുരാതനമായ ആരാധനാകേന്ദ്രങ്ങളിൽ പ്രമുഖസ്ഥാനം അർഹിക്കുന്ന ഒന്നാണ് ശ്രീപുരം സ്ഥാണുതീർത്ഥക്ഷേത്രം. നാഗർകോവിൽ—കന്യാകുമാരിറോഡിൽ മനോരഞ്ജകമായി വിളങ്ങുന്ന നെൽപ്പാടങ്ങളുടെ മദ്ധ്യേ നയനാകർഷകമായ ശോഭയോടുകൂടി വിളങ്ങുന്ന പ്രസ്തുത ദേശത്തെ അസംഖ്യം ചരിത്രകുതുകികളുടെ അഭയസ്ഥാനമെന്നുകൂടിയാകുന്നു. അത്യുന്നതമായ ഭിത്തികളാൽ വലയിതമായ ഒരു വലിയ വളപ്പിലാണ് ഏതൽക്ഷേത്രം സ്ഥാപിതമായിരിക്കുന്നത്. പുറമതിലിനുള്ളിൽ വിപുലമായ പ്രദക്ഷിണപഥം നിർമ്മിതമായിരിക്കുന്നു. ആ മാർഗ്ഗത്തിൽ പല ഉപദേവതകളും പ്രതിഷ്ഠിതരായിരിക്കുന്നു. പല മണ്ഡപങ്ങളും ശാലകളും ഭിത്തിനുള്ളിലുണ്ട്. പൂർവ്വാഭിമുഖമായിട്ടാണ് പ്രധാന പ്രതിഷ്ഠകളും രണ്ടും. അതു സുവർണ്ണസ്തൂപികകളാൽ അലംകൃതമാണ്. പ്രധാന പ്രവേശനദ്വാരത്തിൽ സ്ഥാപിതമായിരിക്കുന്ന ഏഴുനില ഗോപുരം. ഉത്തമശില്പങ്ങളുടെ എല്ലാ മാതൃകകളും അതിൽ കാണാവുന്നതാണ്. ഒന്നാംതരം പ്രതിമാശില്പങ്ങളുപയോഗിച്ചു പഠനം നടത്തണമെങ്കിൽ ശ്രീപുരത്തുതന്നെ പോകണം. താഴത്തെ നിലയിൽ പ്രവേശനദ്വാരത്തിനു മുകളിൽ പൂർവ്വഭാഗാധിപരായ പാർവ്വതീപരമേശ്വരന്മാരെക്കാണാം. പാർശ്വങ്ങളിൽ ഗരുഡാരൂഢനായ മഹാവിഷ്ണുവും ഹംസാരൂഢനായ ബ്രഹ്മാവും സ്ഥിതിചെയ്യുന്നു. ഏഴാമത്തെ നിലയിൽ മധ്യഭാഗത്തു കാണപ്പെടുന്ന നൃസിംഹവിഗ്രഹം അത്യന്തം രമണീയമാണ്. ശോഭപുരത്തിന്റെ ചുവട് വൈചിത്ര്യം തികഞ്ഞ ശിലാസ്തംഭങ്ങൾ, ലക്ഷണമൊത്ത വിഗ്രഹങ്ങൾ എന്നിവമൂലം ഹൃദയമോഹനമായിരിക്കുന്നു. തുണകളിലോരോന്നിലും കാണപ്പെടുന്ന ശില്പകലാവൈഭവം അവർണ്ണനീയമാകുന്നു. ഭിത്തിയുടെ ആരംഭഭാഗങ്ങൾ പ്രത്യേകതരം ശില്പങ്ങൾകൊണ്ടു ശ്രോത്രമനോഹരമാക്കിയിരിക്കുന്നു. ശംഖചക്രഗദാധാരിയായി ലോകക്ഷേമനിരതനായി വിളങ്ങുന്ന മഹാവിഷ്ണുവിന്റെ മറ്റൊരു കോമളവിഗ്രഹം മദ്ധ്യഭാഗത്തുണ്ട്. നാലാമത്തെ കൈ അഭയമുദ്രവഹിക്കുന്നു. സമീപത്തു ക്ലിപ്തകൈയോടെ ശങ്കരൻ നിൽക്കുന്നു. അധോഭാഗത്തുള്ള ഭിത്തി തക്ഷണചിത്രങ്ങളിൽ സിംഹം, കടുവ, കരടി, ആന, മാൻ, കുരങ്ങ്, മേഷം എന്നിവ ഉൾപ്പെടുന്നു. ഇന്ദ്രൻ, വരുണൻ എന്നിവരാൽ പരിതനായ മഹാവിഷ്ണുവിന്റെ വേറൊരു വിഗ്രഹം നമ്മുടെ ശ്രദ്ധയെക്കവരുന്നു. വജ്രായുധം, പാശുപതാസ്ത്രം എന്നിവ ഇന്ദ്രാസ്ത്രങ്ങളിലും ഖഡ്ഗം, പാശം എന്നിവ വരുണാസ്ത്രങ്ങളിലും കാണപ്പെടുന്നു. വരുണന്റെ വാഹനമായ മകരവും ചിത്രിതമായിരിക്കുന്നു. അവയ്ക്കു താഴെയാണ് മൃഗങ്ങളുടെ ശ്രേണികൾ. ശംഖും ചക്രവും ധരിച്ച് ഇരിക്കുന്ന ഭഗവാൻ. ഐതിഹ്യരംഗം കൂടിപിടിച്ചുവിധം നിൽക്കുന്നു. വാമാംകത്തിൽ സ്ഥിതയായ ലക്ഷ്മീദേവിയെ മൂർദ്ധാവിൽകൈകൊണ്ടു പിന്നിലൂടെ തലോടുന്നു. വലതുകാൽ താഴേക്കു നീട്ടിയിരിക്കയാണ്. ഭിന്നഭാവികളിലൊന്ന് പരശു, ഡമരു എന്നിവ വഹിച്ചുകൊണ്ടു ഒരു സ്ത്രീയിൽ നിന്നും ഭിക്ഷവാങ്ങുന്ന ഭിക്ഷാടനമൂർത്തിയുടെ ചേതോഹരപ്രതിബിംബമാകുന്നു. ആ സ്ത്രീയുടെ ഇടതുകൈ തഴച്ചുനീണ്ടുപോയ വസ്ത്രം യഥാസ്ഥാനം കൊണ്ടുവരുന്നതിൽ വ്യാപൃതമായിരിക്കുന്നു. ശേഖരിച്ച ഭിക്ഷയെല്ലാം ഉരുക്കൊണ്ട പാത്രം ശിരസ്സിൽ വഹിച്ചു ഒരു അനക്കിഭീർഘകായനെ സമീപത്തുകാണാം. ഭിക്ഷാടനമൂർത്തിയുടെ മുഖം ആ അശ്ലീലരൂപിണിയുടെ നേർക്കല്ലാതെ പിന്തിരിഞ്ഞുകണപ്പെടുന്നു. മാനും ഡമരുവും വഹിച്ച ശിവന്റെ മറ്റൊരു മോഹനപ്രതിമയും കാണാവുന്നതാണ്. ബ്രഹ്മാവും വിഷ്ണുവും പാർശ്വങ്ങളിൽ വണങ്ങി നിൽക്കുന്ന ലിംഗോദ്ഭവമൂർത്തിയുടെ നേത്രാകർഷകമായ വിഗ്രഹം മറ്റൊരു ഭംഗിയുള്ള സ്ഥാപിച്ചിരിക്കുന്നു. ഈ ശോഭപുരത്തിന്റെ പൂർവ്വസ്ഥപകൻ വിജയനൃപസേനനായിരുന്നു. രാമരായ വിട്ടലൻ ആയിരുന്നുവെന്നു അവിടത്തെ ഒരു രേഖതെളിയിക്കുന്നു. വിട്ടലന്റെ അനുജനും അതിൽ സഹകരിച്ചിരുന്നു. നാലു നൂറ്റാണ്ടുകൾക്കുശേഷം അതു ഇടിഞ്ഞിടിയാറായി തകർന്നുപോയി. പൂർവ്വമാതൃകയിൽ പിന്നീടു നിർമ്മിച്ചതാണ് ഇന്നു കണപ്പെടുന്നതു.

പഴയ പണിത്തരങ്ങളും അധികമൊന്നും അവിടെ അവശേഷിച്ചിട്ടില്ല. തെക്കേടിഞ്ഞാറേമൂലയിൽ പാറയിൽ നിർമ്മിച്ചിരിക്കുന്ന കൈലാസവും പശ്ചിമാഭിമുഖമായി ശോഭപുരത്തിനു അല്പം പടിഞ്ഞാറുള്ള കൊന്നായടിയും പഴമയേറിയ ചിഹ്നങ്ങളാണ്. കൈലാസത്തിൽ അനവധി വട്ടെഴുത്തുശാസനങ്ങളും കാണാവുന്നതാണ്. അതിനു പുറമേ ക്ഷേത്രത്തിനുള്ളിൽ പല ഭാഗങ്ങളിലും ചരിത്രകാരന്മാർ ഏറ്റുപയോഗപ്രദമായ അസംഖ്യം രേഖകളുണ്ട്. അവയോരോന്നും പ്രത്യേകം പഠനമർഹിക്കുന്നവയാകുന്നു. ശ്രീപുരത്തെ ശില്പങ്ങളും പ്രതിഷ്ഠകളും, മണ്ഡപങ്ങളും, ഐതിഹ്യങ്ങളും, ഉത്സവങ്ങളും മുതലായ ഓരോന്നും വിപുലമായ ഗവേഷണത്തിനു വകനൽകുന്നവയത്രേ. ഇത്രയേറെ പ്രതിഷ്ഠകളോടുകൂടിയ ക്ഷേത്രങ്ങളും അപൂർവ്വംതന്നെ.

ശ്രീകണ്ഠേശ്വരൻനായർ, ലക്ഷ്മിദാസൻ, കഞ്ചൻനമ്പിയാർ മുതലായവരുടെ ഭർജനത്തിനും വർണ്ണനത്തിനും പാത്രമായ ശ്രീപുരം ഭക്ഷിണപഥത്തിലെ പ്രധാന രാജവംശങ്ങളുടെയെല്ലാം ആരാധനയ്ക്കു വിഷയമായിരുന്നു. രാജകേശവദാസൻ, വേലുത്തമ്പിദളവ മുതലായ മന്ത്രീന്ദ്രന്മാർ ഏതൽസ്ഥാപനത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. അവിടെ ഇന്നും കാണപ്പെടുന്ന വമ്പിച്ച "കൈലാസപവ്വം" (വെള്ളിപവ്വഹനം) വേലുത്തമ്പിദളവ നിർമ്മിപ്പിച്ചു നടയ്ക്കുവച്ചതാണ്. അധീരന്മാർ അവിടെ ഏർപ്പെടുത്തിയ ചില പതിവുകളും ഇന്നും നടന്നുവരുന്നു.

അവിടെ നൂറിയമ്പതോളം ശിലാരേഖകളുണ്ട്. അവയിൽ ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത ഒന്നാണ് താഴെച്ചേർക്കുന്ന ലിഖിതം.

1. സ്വസ്തി ശ്രീ. ക
2. ലിയുകസമ"വത"സ
3. രം" 457
4. 2 ചെൻറ ഇടപ
5. ഇച്ചുനി കന്നിവി
6. യഴത്തിൽ കൊ
7. ല്ലം 646-ാമാണ്ടു
8. ഇടപഞായക ഇരു
9. പത്തുഴുഴചെൻറ
10. വെള്ളിയാട് ചൈയു
11. ട"പട്ടചമയം പുകഴും
12. ഉന്നാളുൽ ഉടയാർ
13. തണുമലയപ്പെരുമാടം
14. കൊവിലു കൊവിലുക്ക
15. വടക്കൻ പുത്തു
16. തിരുക്കളും തിരുക്കി
17. ണകം കുളപ്പുരയും
18. കല്ലുംകെട്ടി തിരുപ്പ
19. ണിചൈയ"വിത്ത കിഴപ്പെരുർ
20 ജയസിംഹനാട്ടു ഇല്ല
21. ത്തിൽ ശ്രീവീരരാമവീരമാർ
22. ത്താണ്ട വൻമരാനശ്രീ
23. കലചെകരപ്പെരുമാടം പണി
24 ചെയ"വിത്തതു".

കീഴ്പ്പേരൂർ ജയസിംഹനാട്ടു ഇല്ലത്തിൽ ശ്രീവീരരാമവീരമാർത്താണ്ഡവമ്മരായ ശ്രീ കലശേഖരപ്പെരുമാടം കൊല്ലം 646-ാമാണ്ടു ഇടവമാസം 27-ാംതീയതി വെള്ളിയാഴ്ച ഉടയാർ താണുമലയപ്പെരുമാടം കോവിലിന്റെ വടക്കുഭാഗത്തു തിരുക്കുളവും തിരുക്കിണറും കുളപ്പുരയും പണിയിച്ചുവെന്നു ഇതുകൊണ്ടു സൂചിപ്പിക്കുന്നു.



മായ ആനുകൂല്യങ്ങൾമൂലം വിദ്യാഭ്യാസം ക്രമേണ വർദ്ധിച്ചുവരുന്നുണ്ട്.

ഇപ്പോഴാകട്ടെ സിക്കുകാരിൽ നിറയപ്പെട്ടതും ആരോഗ്യകരമായ കാലാവസ്ഥയുള്ളതുമായ പഞ്ചാബ് ആകർഷണീയമായ ഒരു ദേശമാണ്. മുഖ്യഭക്ഷ്യപദാർത്ഥമായ ഗോതമ്പു ധാരാളമുണ്ടാകുന്നതും ഉത്പാദകരുടെ അധികാരത്തിൽ പരിപൂർണ്ണക്ഷാമമില്ലാത്തതുമായ ഈ ദേശം ആരോഗ്യസമ്പന്നമായ ജനതതിയാൽ അനുഗൃഹീതമാണ്. വിദ്യാഭ്യാസത്തിൽപിന്നോക്കമാണെങ്കിലും വ്യാപാരംമൂലവും മറ്റും പണം സമ്പാദിക്കാൻ സമർത്ഥരും സുഖലോലുപമായ ജീവിതം നയിക്കാൻ ഉൽസുകരുമാണ്. നമ്മുടെനാട്ടിലെ സ്ത്രീകളും അനീതിക്കും അകൃത്യത്തിനുമെതിരായി വിപ്ലവശംനവുമായി ജനതതിയെ ആവേശംകൊള്ളിക്കയോളം സൗന്ദര്യസമ്പന്നരായ ഇവിടത്തെ കമനിമണികളും മോടിയേറിയ വസ്ത്രങ്ങളിലും സുസജ്ജീകരണങ്ങളിലും മുഴുകി ക്ലബ്ബുകളിലും പാർക്കുകളിലും യുവജനഹൃദയകവരുകയാണ്. ഹംസതൂവികാശയ്യയിൽനിന്നും രാജ്ഞിത്തിന്റെ വിളികേട്ട് എഴുനേറ്റു പടച്ചട്ടധരിക്കുവാൻ ഇവിടത്തുകാർക്ക് ഒരുൽസാഹവുമില്ലെന്നുതന്നെവേണ്ടിവന്നേക്കാം.

★

ആയുർവേദ സുധാകരം

★

വ്യാഖ്യാതാ:—

കാവുങ്കൽ നീലകണ്ഠപ്പിള്ള.

അമേഹങ്ങളായ അനവധി വിശിഷ്ടരോഗങ്ങളും രോഗലക്ഷണവും ഉല്പത്തി വളച്ച് ചികിത്സ എന്നിവകളും കൃത്രിമസംയുക്തങ്ങളായ രോഗങ്ങൾക്ക് കൈകണ്ട ഫലസിദ്ധിയുള്ള ചില അപൂർവ്വ ചികിത്സാവിധികളും അടങ്ങിയതു.


വില രൂ: 2. ണ: 10.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്", കൊല്ലം.







മുകളിലത്തെ വരി—ഇടത്തുനിന്ന്

കൂട്ടുബ്മിനാറിന്റെ അഗ്രം

ങ്ങളം ഉല്ലേഖനംചെയ്തിരിക്കുന്നതു് ഇ

ഹിന്ദുദേവാലയങ്ങളിലെ മന

ദേവാലയത്തിനുപയോഗിച്ചിട്ടുള്ളതു്.

അടിമരാജവംശാനന്തരം അല്ല

ലിക്കുന്ന മന്ദിരസൃഷ്ടി ആഗ്രഹിച്ചു.

ത്തിൽ കാണുന്ന ഒന്നാമത്തെ നിലയു

കൂട്ടുബ്മിനാർ—സപ്രയമേവ അ

ർഷിക്കുന്ന ഗാംഭീര്യം അതിനുണ്ടു്.

താഴത്തെ വരി—ഇടത്തുനിന്ന്

കൂട്ടുബ്മിനാറിന്റെ ബാൽക്കണി


വീക്ഷിക്കാമായിരുന്നു. ഒരു വിദ്യാലയ

ക്കാണുന്നതു്. മധ്യത്തായി കാണുന്ന


മിനാറിന്റെ ആരോഹണത്തിനു ബാഹ്യശരീരം സ

ദേവാലയത്തിലെ ഒരു ആചാരം.

Courtesy







വിശ്വാ വേദപുസ്തകത്തിലെ വാക്യ
ൽ കാണാം.
ന ഹാരമായ സ്തംഭങ്ങളാണ് മുസ്ലിം
.
ല്ലാവരിൻഖിൽജി കുട്ടത്തിനെ അതിലധം
പക്ഷെ അതു പൂർത്തിയായില്ല. ചിത്ര
ള അപ്പുറം അതു എത്തിയില്ല.
ന കർക്കശമല്ലെങ്കിലും അതിനെയും അതു

നിയിൽനിന്നുകൊണ്ടു നഗരം മുഴുവൻ
ലയത്തിന്റെ അവശിഷ്ടങ്ങളുടെ മേൽ
ന ലോഹനിർമ്മിതമായ സ്തംഭം ഇസ്ലാ
സംവത്സരങ്ങൾക്കുമുമ്പുള്ളതാണ്.
അതിലെ കൊത്തുപണികൾ നോക്കുക.

Dr. P. V. Pathy, Raygraphs.

ജാതകം വേണ്ട

ഒ. ചി. രാജൻ.

വിനിക്കണ്ണ് കോളേജിൽപോകുവാൻ എന്തൊരു ധൃതിയായിരുന്നു? എന്തെല്ലാം കാര്യങ്ങളാണ് മാലയോട് പറയുവാനുള്ളത്. ആയിരംകൂട്ടം കാര്യങ്ങൾ!

ഇന്നലെ വൈകുന്നേരമാണ് ഞങ്ങൾ തമ്മിൽ പിരിഞ്ഞതു്. അതിനുശേഷം ഇരുപത്തിനാലു മണിക്കൂർ എത്രയുണ്ടായി?

ഉണ്ടായി, വളരെ ഉണ്ടായി. പക്ഷേ അതു ഞാനെങ്ങിനെ മാലയോട് പറയും? അവൾക്കതു കേൾക്കുവാൻ കൗതുകമുണ്ടായിരിക്കുമോ? ആ ഹൃദയം തകരുന്നതും വേദനിക്കുന്നതും കാണുവാൻ എനിക്കു കരുത്തുപോരാ. എങ്ങിനെ പറയാതിരിക്കും. അല്ലെങ്കിൽ ആത്മാർത്ഥതയുള്ളവർ അർത്ഥമെന്താണ്. അവളോട് ഞാനെല്ലാം പറയാറുണ്ട്. മാലയിൽനിന്നും രഹസ്യമായി ഇതുവരെ ഞാനൊന്നും സൂക്ഷിച്ചിട്ടില്ല.

എങ്കിലും എനിക്കു ധൃതിയായി. ഞാൻ മാലയെക്കണ്ടു. വേദനിക്കുന്ന ഒരു സത്യമാണ് ഞാനവതരിപ്പിക്കുവാൻപോകുന്നതെങ്കിലും അജ്ഞാതമായ ഒരാനന്ദം എന്നിൽ അലയടിച്ചിരുന്നു. ആ ആനന്ദം എല്ലാ യുവാക്കന്മാർക്കും ഒരുദിവസം ആദ്യമായി ഉണ്ടാകാറുണ്ട്. എന്റെ ജീവിതത്തിൽ അങ്ങിനെ ഒരുദിവസം വന്നുചേർന്നതു് ഇന്നലെയായിരുന്നു. എന്റെ വിവാഹാലോചന നടക്കുന്നു. ഇന്നലെ അതിന്റെ ആലോചനയുടെ ആദ്യകർമ്മം നടന്നു. എനിക്കതു മാലയോട് പറയണം. എങ്ങിനെ പറയുവാനാണ്. എന്റെ ജീവിതത്തിന്റെ പ്രണയമേഖലയിൽ മധുരഗാനങ്ങളുമായി പ്രതീക്ഷകളുടെ പൊൻചിറകുകൾ വിടർത്തി നൃത്തംചെയ്ത ആ മാല. അവൾ മരിക്കും തീർച്ചയാണ്. "മാലെ, ഇന്നെന്റെ ജീവിതത്തിലെ ഒരു പ്രധാനദിനമാണ്."

"—ങ്ഹും —" അവളുടെ മുഖത്തു് ഉൽക്കണ്ഠയുടെ മുല്ലപ്പൂക്കൾ വിരിഞ്ഞു. ആ കരിമിഴികളിൽ ഒരു കരിനീലക്കാടിന്റെ കമനീയത മുഴുവൻ തെളിഞ്ഞു. സൌന്ദര്യത്തിന്റെ സാപ്പുങ്ങൾ ഉൽഘാടനംചെയ്യുകൊണ്ട് അവൾ ഒരു വനദേവതയെപ്പോലെ എന്റെ മുമ്പിൽ നിലകൊണ്ടു.

എന്നിലെ മനസ്സാക്ഷി മന്ത്രിച്ചു. ഞാനെന്തിനാണ് മാലയോട് പറയുവാൻപോകുന്നതു്. ഞാനൊന്നും പറഞ്ഞില്ല. വികാരസമരത്തിനുള്ള ഒരു വേദിയായി മാറി എന്റെ ഹൃദയം."

"എന്താണ് കാര്യം പറയൂ" ഒരു കുളിച്ചിരി ആ ചോരച്ചുണ്ടുകളിലൂടെ ഓടിപ്പോയി. ആ കടക്കണ്ണിന്റെ അർത്ഥം?

"മാലെ, ഇന്നലെ അച്ഛൻ എന്റെ ജാതകം എവിടെയോ അയച്ചുകൊടുത്തു."

"എന്തിനു്?"

"ആരോ ആവശ്യപ്പെട്ടിട്ടു്"

"എവിടെയോ ഒരു കൊച്ചുകുളിർ ബാലനുവേണ്ടി കാത്തിരുപ്പുണ്ടു്"

"മാലെ..."

"ബാലനോട് അച്ഛനൊന്നും പറഞ്ഞില്ലേ"

"ഇല്ല"

"സുന്ദരിയായിരിക്കും"

"മാലെ, എന്താണീപ്പറയുന്നതു്."

"ഞാനെന്തുവേണം"

"നമ്മുടെ ഈ ബന്ധം"

"ഇന്നവസാനിപ്പിക്കണം"

"എന്നോട് മാല കഠിനമായി പെരുമാറുന്നു"

"അച്ഛനോട് എതിർത്തുപറയുവാൻ ധൈര്യമുണ്ടോ?"

"ഇല്ല" ഞാൻ പറഞ്ഞു.

"എന്നാൽ രക്ഷയില്ല"

എനിക്കൊന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. മാലയുടെ മനസ്സിനെ വിശകലനംചെയ്യുവാൻ എനിക്കു് സാധിച്ചില്ല. ഈ പ്രണയം ഒരു നേരംപോക്കായിമാത്രമാണോ മാല കരുതിയിരുന്നതു്. ആ മുഖത്തിനു് യാതൊരു ഭാവവ്യത്യാസവും ഉണ്ടായി ഞാൻ കണ്ടില്ല.

ഭയങ്കരിയാണവൾ. എനിക്കൊരു വിവാഹാലോചനവന്നെന്നറിഞ്ഞിട്ടു് അവൾക്കു് യാതൊരു ക്ഷീണവുമില്ല. മറ്റാരു കാമുകനെ അവൾക്കു് കിട്ടുമായിരിക്കും. അപ്പോൾ അവൾ.....?

എനിക്കെന്തു് യാതൊരു സ്വസ്ഥതയും ഉണ്ടായില്ല. ഉറങ്ങുവാൻ കിടന്നിട്ടു് ഉറങ്ങുവാൻ കഴിഞ്ഞില്ല ഞാൻ പഠിച്ച വാത്സ്യായനശാസ്ത്രത്തിലെയാണവൾ സ്വീകരിച്ചതു്. ആ ജീവിതത്തിലുള്ള അടിയൊഴുക്കുകൾ ഭയങ്കരങ്ങളായിരിക്കും. തീച്ചയായും അവളെ പ്രേമിച്ചുകൂടായിരുന്നു. ആ സൌന്ദര്യം മാരകവും മാരകവുമാണ്. ആ കണ്ണുകൾക്കുള്ളിൽ കരിനീലക്കാടും കരിംഭീതിയുമുണ്ട്.



"മാലെ, ഇന്നെന്റെ ജീവിതത്തിലെ ഒരു പ്രധാനദിനമാണ്."

എന്റെ മനസ്സിന്റെ സ്വസ്ഥതയ്ക്കുവേണ്ടി ഞാനവളെ മറക്കണം. ആ സുരഭിയുടെ വിക്ഷുബ്ധമായ വേരുകൾ എന്റെ ഹൃദയത്തിൽനിന്നും പരിപൂർണ്ണമായി പിഴുതെറിയണം.

രണ്ടുദിവസത്തേയ്ക്ക് ഞാൻ കോളേജിൽ പോയില്ല. എനിക്ക് മാലയുടെ മുഖത്തുനോക്കുവാൻ കഴിയുകയില്ല. ആ മുഖത്തു മലർവിരിക്കുന്ന മന്ദഹാസം എന്റെ ഹൃദയത്തിൽ വേദനയുടെ കള്ളിമുള്ളുകൾ കുത്തിയിറക്കും. അവൾ ഇനിയും എന്നെ കണ്ടാൽചിരിക്കും. എന്റെ അടുത്തുവരും. ഒരു സുപ്രഭാതത്തിനെപ്പോലെ പൊരുമാറും. ഞാനുമായി കഴിഞ്ഞ ആ രംഗങ്ങൾ അവൾ മറന്നുകാണും. മറക്കുവാൻ അവൾക്കു എളുപ്പമായിരിക്കും. ആ കഴിവാണ് ആ ജിവിതത്തിനു് ആനന്ദം നൽകുന്നതു്.

ഞാൻ കോളേജിൽ പോയി. എന്നെ അവൾ കണ്ടു, ചിരിച്ചു. എന്റെ അടുത്തുവന്നു, കുശലങ്ങൾ അന്വേഷിച്ചു. ഞാനൊഴിഞ്ഞുമാറുവാൻ ശ്രമിച്ചു.

"ഇപ്പോൾ ആരെയും അറിയുകയില്ല."

"അറിയാതിരിക്കുവാൻ ശ്രമിക്കുകയാണ്." എന്റെ ഉത്തരങ്ങൾക്കു് ഘനമുണ്ടായിരിക്കണമെന്നു ഞാൻ തീരുമാനിച്ചു.

"ഒരു കല്യാണാലോചന വന്നപ്പോഴുണ്ടായ സന്തോഷവും മാറ്റവും!" എന്നെ കളിയാക്കുവാനുള്ള ഒരു ശ്രമമായിരുന്നു അതു്.

"മാറ്റംവരുത്തണം. എന്നാൽമാത്രമെ എനിക്കു് സന്തോഷം ഉണ്ടാവുകയുള്ളൂ."

"മാറ്റംവരുത്തി സന്തോഷിച്ചുകൊള്ളണം" അവളുടെ കുളിച്ചിരിയാണ് എനിക്കു് മനസ്സിലാക്കുവാൻ കഴിയാത്തതു്. "മാലെ, ഞാനൊരുകാര്യം ചോദിക്കട്ടെ. ഞാനുമായി കഴിഞ്ഞദിവസങ്ങൾ നിനക്കു് മറക്കുവാൻ കഴിയുമോ".

"തീർച്ചയായും."

"ഞാൻ പണിപ്പെട്ടു് മറക്കുവാൻ ശ്രമിക്കുകയാണ്. എന്റെ മനസ്സിന്റെ സ്വസ്ഥതയ്ക്കു് അതാവശ്യമാണ്."

അവൾ പോയി; എന്നോടൊന്നും പറയാതെ. അതെന്നെ കൂടുതൽ വേദനിപ്പിച്ചു. ഓരോ നിമിഷവും ഞാനവളെ വിസ്മരിക്കുവാൻ ശ്രമിച്ചു.

പിറ്റേദിവസം ഞാൻ കോളേജിൽ പോയപ്പോൾ എനിക്കുവേണ്ടി അവൾ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ആ മുഖത്തു മുഴുവൻ പ്രസന്നതയുടെ ഒരു നീലസരസ്സ് തിരയടിക്കുന്നു. വെപ്രാളപ്പെട്ടുകൊണ്ടു ഞാൻ നടന്നുപോയി.

"ബാലാ..." പിറകിൽനിന്നൊരു വിളി. ആ ശബ്ദം മാലയുടേതാണ്.

മധുരമായ ആ ശബ്ദം എന്റെ ഹൃദയത്തിന്റെ ഉടിപ്പായിരുന്നു.

ഞാൻ നിന്നു. എന്റെ അടുത്തു് അവളും വന്നു.

"ബാലൻ എന്തുമായും ക്ഷീണിച്ചു പോയി."

"അതേ".

"ഇതിനുവേണ്ടി എന്തുണ്ടായി"

"ഒന്നും ഉണ്ടായില്ല."

"ബാലൻ ഇതിനുമുമ്പു് ആരേയും പ്രേമിച്ചിട്ടില്ല അല്ലേ?"

"അറിഞ്ഞുകൂടാ."

"ഇനി വരുന്ന ഭാര്യയെ പ്രേമിക്കുവാൻ കഴിയുമോ?"

"സ്നേഹിക്കുവാൻ കഴിയും".

"ഞാനൊന്നുകൂടി പറയട്ടെ ബാലൻ ആനന്ദംകൊണ്ടുമരിക്കുമോ."

"എനിക്കാനന്ദം ഉണ്ടാവുകയില്ല."

"ബാലന്റെ മനസ്സിന്റെ സ്വസ്ഥതയ്ക്കുവേണ്ടി എന്നെ മറക്കുവാൻ ശ്രമിച്ചിട്ടു് എന്തായി."

"വിജയിച്ചു."

"ഇനി എന്നെ ഓർക്കേണ്ടിവരുമ്പോൾ..."

ഞാനൊന്നും ഉത്തരം പറഞ്ഞില്ല. അവളെന്നെ വേദനിപ്പിക്കുവാൻ ശ്രമിക്കുകയാണു്. ദ്രോഹി!

"ബാലന്റെ ജാതകം ആക്കാണു് അച്ഛൻ അയച്ചുകൊടുത്തതു:"

"എനിക്കറിഞ്ഞുകൂടാ."

"ഞാൻ പറയാം. എന്റെ അച്ഛൻ."

എനിക്കൊരുനിമിഷനേരത്തേയ്ക്കു് ബോധമില്ലായിരുന്നു. ആനന്ദത്തിന്റെ ഒരു വസന്തം മുഴുവൻ എന്റെ തലച്ചോറിൽ വിരിഞ്ഞു. ആഹ്ലാദത്തിന്റെ ആയിരമായിരം മധുരഗാനങ്ങൾ എന്റെ ഹൃദയത്തിൽ പ്രതിധ്വനിച്ചു. അധികമായ സന്തോഷത്തിന്റെ നിശ്ശേഷമായ വീർപ്പുമുട്ടലിൽ എനിക്കൊന്നും പറയുവാൻ കഴിഞ്ഞില്ല.

"മാലെ..."

"ഈ വിവരത്തിനു് ഇന്നലെ ചേച്ചിയുടെ ഒരു കത്തു എനിക്കുണ്ടായിരുന്നു."

"ഇതു് കോളേജും, പരിതഃസ്ഥിതി ഇതും അല്ലായിരുന്നെങ്കിൽ ഞാൻ മാലയെപ്പിടിച്ചു് ആയിരം ഉമ്മ തരുമായിരുന്നു."

"അതിനെന്താ"

"ഇപ്പോഴം വേണ്ട. എനിക്കതിനു് സമയം കിട്ടും."

"എനിക്കും കിട്ടുമേ! ഒരുത്തരം.....൹"

"കള്ളി, നിന്നെ ഞാൻ...നോക്കിക്കോ. നിന്നെപ്പറ്റി ഞാൻ എന്തെല്ലാം വിചാരിച്ചു."

"ജാതകം കൊള്ളാമെന്നു് എഴുത്തിലുണ്ടായിരുന്നു."

"നേരത്തേ പറഞ്ഞിരുന്നെങ്കിൽ ജാതകം നോക്കേണ്ട കാര്യമില്ലെന്നു് ഞാനച്ഛനോടുപറയുമായിരുന്നു."

"ആങ്ങ്ഹാ...കൊച്ചുകള്ളി..."

"ജാതകം ഞങ്ങളൊന്നുനോക്കിക്കഴിഞ്ഞു എന്നും ഞാൻ പറയും. അപ്പോൾ

ഇന്ത്യയുടെ കയറ്റുമതി-തേയില

★

ബ്രിട്ടനിൽനിന്നു യന്ത്രങ്ങളും വാഹനങ്ങളും

മെയ്മാസത്തിലിറക്കുമതിചെയ്യപ്പെട്ട 16812000 രാത്തൽ തേയിലയടക്കം ഇക്കൊല്ലത്തെ ആദ്യത്തെ അഞ്ചുമാസങ്ങൾക്കുള്ളിൽ ബ്രിട്ടൻ 17225000 പവൻ വിലയുള്ള 116155000 രാത്തൽതേയിലയാണു് ഇന്ത്യയിലേക്കയയ്ക്കുമതി ചെയ്തതു്. ഇക്കാലങ്ങളിൽ ബ്രിട്ടൻ ആകെ ഇറക്കുമതിചെയ്ത തേയില 188641000 രാത്തലാണെന്നു സ്മരിക്കുമാണു്.

ബ്രിട്ടനു് ഏറ്റവുമധികം തുകൽ സാധനങ്ങളും നൽകുന്ന രാജ്യം ഇന്ത്യയാണു്. ഈ മേയ മാസത്തിൽ 1 74000 പവൻ വിലയുള്ള തുകലുൽപ്പന്നങ്ങളും ബ്രിട്ടൻ ഇന്ത്യയിൽനിന്നു വാങ്ങുകയുണ്ടായി. 1952 മേയ മാസത്തിലിറക്കുമതിചെയ്ത സാധനങ്ങളുടെ മൂന്നിരട്ടി ഇക്കൊല്ലം മേയ്മാസത്തിൽ ഇറക്കുമതിചെയ്യപ്പെട്ടിരിക്കുന്നു. അതോടുകൂടി മെയ്വരെയുള്ള അഞ്ചുമാസങ്ങളിലെ തുകൽസാധനങ്ങളുടെ ആകെത്തുക 5788000 പവനാകുന്നു.

പട്ടും പരുത്തിയും രോമവുമൊഴിച്ചുള്ള ടെക്സ്റ്റൈൽസാധനങ്ങളുടെ ഇനത്തിൽ ബ്രിട്ടൻ ഇക്കൊല്ലത്തെ ആദ്യത്തെ അഞ്ചുമാസങ്ങളിലുംകൂടി ഇന്ത്യയ്ക്കുനൽകിയ സംഖ്യ 5203000 പവനാണു്. വകതിരിച്ചുപറഞ്ഞാൽ 806000 പവൻ വിലയുള്ള കയറുപായും കയറുമെത്തയും, 1525000 പവൻ വിലയുള്ള ചണനൂലുണികളും 898000 പവൻ വിലയുള്ള ചണച്ചാക്കുകളും എന്നിങ്ങനെയുള്ള സാധനങ്ങളും അതിൽ പെട്ടതായുന്നവയാണു്.

മെയ്മാസത്തിൽ ഇന്ത്യ ബ്രിട്ടനിലേക്കയച്ച 30 ലക്ഷം രാത്തൽ രോമത്തിന്റെ വില 673000 പവനാണു്. പഞ്ഞിയുടേയും ചവറുപഞ്ഞിയുടേയുമടത്തിൽ ഇന്ത്യയ്ക്കു മെയ്മാസത്തിൽമാത്രം 260000 പവനും ആദ്യത്തെ അഞ്ചുമാസങ്ങൾക്കുള്ളിൽ 1477000 പവനും ലഭിക്കുണ്ടായി. ബ്രിട്ടൻ മെയ മാസംവരെ ഇറക്കുമതിചെയ്ത പുകയിലയുടെ മുന്നിൽ രണ്ടുഭാഗവും ഇന്ത്യയിൽനിന്നാണെപോയതു്. ആയിനത്തിലെ വ്യാപാരം ഇന്ത്യയ്ക്കു് അഞ്ചുമാസംകൊണ്ടു 1853000 പവൻ നേടിക്കൊടുത്തു.

ബ്രിട്ടൻ ഇക്കൊല്ലം ആദ്യത്തെ അഞ്ചുമാസങ്ങളിൽ ഇന്ത്യയിൽനിന്നിറക്കുമതിചെയ്ത മാംഗനീസ്ലോഹമണ്ണു് 2290000 പവൻ വിലയുള്ളതായിരുന്നു.

ബ്രിട്ടനിൽനിന്നു ഇന്ത്യയിലേയ്ക്കു്

നാനാരാജ്യങ്ങളിലേക്കും ബ്രിട്ടൻ കയറ്റി അയച്ച 402255 ടൺ യന്ത്രസാമഗ്രികളിൽ (17283000 പവൻ) 37817 ടൺ (14811000 പവൻ), ഇന്ത്യയാണു സ്വീകരിച്ചതു്. ഇതിൽ 7299 ടൺ (3242000 പവൻ) ടെക്സ്റ്റൈൽ യന്ത്രസാമഗ്രികളാണു്. മെയ്വരെയുള്ള അഞ്ചുമാസങ്ങളിലെ കണക്കാണു് മേല്പറഞ്ഞതു്. 1254 ടൺ വിദ്യുച്ഛക്തൂല്പാദനയന്ത്രങ്ങളും (812000 പവൻ) 702 ടൺ ഇലക്ട്രിക്മോട്ടോറുകളും (332000 പവൻ) 3989 ടൺ മറ്റു പലതരം ഇലക്ട്രിക്യന്ത്രങ്ങളും (1961000 പവൻ) യന്ത്രസാധനങ്ങളിലെ മുഖ്യമായ [illegible]ശങ്ങളായിരുന്നു. യന്ത്രങ്ങളുടെ [illegible]കയിലും പ്പെട്ടുന്ന മറ്റുസാധനങ്ങൾ 84 ടൺ മെഷീൻ ഹാൻഡ്ലിംഗ് എക്വിപ്മെന്റുകളും (566000 പവൻ-ഇതേറ്റവും കൂടുതൽ വാങ്ങിയതും ഇന്ത്യയാണു്) 2293 ലോഹവേലയ്ക്കുപകരിക്കുന്ന യന്ത്രങ്ങളും (884000 പവൻ) 250000 പവൻ വിലയുള്ള ഇന്റേണൽകംബസ്റ്റൻ എൻജിനുകളും 304000 പവൻവിലയുള്ള അച്ചടിയന്ത്രങ്ങളും 381000 പവൻ വിലവരുന്ന പമ്പുകളും എന്നിവയാണു്.

മെയ്മാസത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതോപകരണങ്ങളും വാങ്ങിയതും (1066000 പവൻ വിലയുള്ളതു്) ഇന്ത്യയാണു്. അതോടുകൂടി അഞ്ചുമാസങ്ങൾക്കുള്ളിൽ ആകെ 5239000 പവൻ വിലവരുന്ന വൈദ്യുതോപകരണങ്ങളും ബ്രിട്ടൻ ഇന്ത്യയിലേക്കയച്ചു. ഇതിൽ ഏറ്റവും വലിയ ഇനം (9526 ടൺ 2841000 പവൻ വിലയുള്ള വൈദ്യുതക്കമ്പികളും കേബിളുകളുമാണു്. ഇക്കണക്കുകൾക്കുമേലും കഴിഞ്ഞകൊല്ലം ഇതേകാലത്തിൽ കയറുമതിചെയ്തതിന്റെ ഇരട്ടിയാണിതു്.

250,000 പവൻ വിലയുള്ള ടെലഫോൺ, ടെലഗ്രാഫ് പ്രേക്ഷപണയന്ത്രോപകരണങ്ങളും എന്നുവേണ്ട ഇന്ത്യയിലേക്കയയ്ക്കപ്പെട്ട അതോടുകൂടി അഞ്ചുമാസങ്ങളിലായ ആകെ തുക 994 000 പവനായി ഉയർന്നു.

മെയ് അവസാനംവരെ ഇന്ത്യയിലേക്കയയ്ക്കപ്പെട്ട വാഹനങ്ങളും 6 321,000 പവൻ വിലവരുന്നതായിരുന്നു. മെയ്മാസത്തിൽ കയറ്റി അയച്ച 14 ചീവണ്ടിഎൻജിനുകളുംപ്പെടെ മെയ് അവസാനംവരെയുള്ള അഞ്ചുമാസങ്ങളിൽ 763 0൫0 പവൻ വിലയുള്ള 57 തീവണ്ടിഎൻജിനുകളും ഇന്ത്യ വാങ്ങിയിട്ടുണ്ടു്. ഇതേകാലയളവിൽ തീവണ്ടിയന്ത്രഭാഗങ്ങളും 958 ടണ്ണും (252000 പവൻ) തീവണ്ടിവാഹനഭാഗങ്ങളും 3423 ടണ്ണും (358 0 0 പവൻ, ഇന്ത്യയിലേക്കയയ്ക്കപ്പെട്ടു.

വാഹനങ്ങളുടെയിനത്തിൽപ്പെട്ടന്ന മറ്റു വ്യാപാരങ്ങളുടെ കണക്കു് താഴെ കൊടുക്കുന്നപ്രകാരമാണു്. 1,853 കാറുകൾക്കു് 549000 പവൻ,217 യന്ത്രക്കലപ്പകൾക്കു 79,000 പവൻ, 170 കൊമേർഷ്യൽവാഹനങ്ങൾക്കു്, 124,000 പവൻ, കാറുകൾ കൂടാതെയുള്ള 365 ചേസ്സുകൾ 305,000 പവൻ, 1,131 മോട്ടോർസൈക്കിളുകൾക്കു് 138,000 പവൻ 31091 സൈക്കിളുകൾക്കു് 232000 പവൻ 763 ടൺ സൈക്കിൾഭാഗങ്ങൾക്കു് 283000 പവൻ.

ഇന്ത്യയിലേക്കു കയറ്റി അയയ്ക്കപ്പെട്ട മറ്റു ചില പ്രധാന സാധനങ്ങളുടെ കണക്കും താഴെച്ചേർക്കുന്നു. രാസവസ്തുക്കളും ഔഷധങ്ങളും 3,084,000 പവൻ കമ്പിളിത്തുണിത്തരങ്ങളും 2,369 000 പവൻ; നിർമ്മാണതൈലങ്ങളും 2,030,000 പവൻ; ഭംഗികമായോ മുഖ്യമായോ നിർമ്മിതമായ മറ്റു സാധനങ്ങളും 2,369 000 പവൻ.

ഇക്കൊല്ലത്തെ ആദ്യത്തെ അഞ്ചുമാസങ്ങൾക്കുള്ളിൽ ബ്രിട്ടനിലേക്കുള്ള ഇന്ത്യയുടെ കയറുമതി 43,666,59 പവനും ഇന്ത്യയുടെ ബ്രിട്ടനിൽനിന്നുള്ള ഇറക്കുമതി 46 639,332 പവനുമാണു്.



ല്ല, മലതന്നെപറയൂ. നമ്മുടെ വിവാഹത്തിനു ജാതകം നോക്കണോ?"

"വേണ്ട".

ഞാൻ ചിരിച്ചു.

അവളും ചിരിച്ചു. ആ ചിരിയിലൂടെ ആയിരമായിരം മധുരസപ്പങ്ങളും മോഹനവസന്തങ്ങളും എത്തിനോക്കി.

[അവകാശം കഥാകൃത്തു്]

★

കേരളത്തിലെ നടിനടന്മാർ

★

അല്ലി പരമേശ്വരയ്യർ

★

— പി. ഏ. ജോസഫ് —

1088-ൽ ആണല്ലോ ശ്രീ: എ
വയിൽ എം. ചക്രപാണിവയ്യർ
രംകന്തളം മുഴവൻ സംഗീതനാടക
ാക്കിയത്. പ്രസ്തുത നാടകത്തി
ലെ ഒന്നാമങ്കത്തിലെ ഗാനങ്ങളെ
ല്ലാം ശ്രീ. ചമയത്തിൽ ചാത്തുക്കുട്ടമ
ന്നാടിയാർ എഴുതീട്ടുള്ളതാണെന്ന അ
തിന്റെ മുഖവുരയിൽ കാണുന്നു
മുണ്ട്.

മൂലകൃതിയിൽ കാളിദാസൻ
"രാജൻ! ആശ്ലേഷണീയം
ന ഹന്തവ്യം ന കുപ്രവൃ
ത്തൽ സംധൃകൃതസന്താപം
പ്രതിസംഹരസായകം
ആർദ്രഗുണായ വ ശസ്ത്രം
ന പ്രഹർത്തുമനാശസി"

എന്നെഴുതിയിട്ടുള്ള ശ്ലോകത്തിനു
കേരള കാളിദാസൻ,

"അതി ക്രൂരം ബാണം കുസുമതതിയിൽ
ചെകനലുപോൽ
പതിപ്പിച്ചീടൊല്ലും പരിഭൃദല
മാമീമൃഗതനൂം
നിതാന്തം നിസ്സാര ബത മൃഗമതിൽ
ജീവനെവിടെ
കൃതാന്തദ്വൈതീനം തവ ചകട
ബാണങ്ങളുവിടെ?"

എന്നിപ്രകാരം വിവർത്തനംചെയ്തതി
നെ മന്നാടിയാർ ഇപ്രകാരം ഗാന
മാക്കി രൂപഭേദപ്പെടുത്തി.

ഗാനം-ചെഞ്ചുരുട്ടിരാഗം ആദിതാളം

മുട്ടുമാനേനിയിൽ ശരമിതയയ്ക്കുവാൻ
പൂനിരയിൽ കനലൊന്നയപോലെ
ലോലതരം മൃഗജീവിതമെവിടെ?
സാരതരം തവസായകമെവിടെ?
അഹോ പോരുത മർത്ത്വിയിൽ ചേർത്ത
അയതു പിൻവലിച്ചീടുക നൃപതേ!
ദീനജനാവനം ചെയ്തതിനാണസ്സാ
ന്നനമനാശസി പ്രഹരിപ്പാനല്ല.

ഇപ്രകാരം ഗാനരൂപത്തിൽ കിട്ടി
ക്കഴിഞ്ഞപ്പോൾ സംഗീതപ്രിയന്മാ
ക്ക് വളരെ രസമായി. ഈ സം
ഗീതധാടി നാടകത്തിനു കൂടുതൽ മ
നോമോഹനത ം ഉണ്ടാക്കണമെന്നുള്ള
കണ്ടതോടുകൂടി നാടകങ്ങളെ സംബ
ന്ധിച്ചിടത്തോളം സംഗീതജ്ഞന്മാർക്ക
കൂടുതൽ സാമർത്ഥ്യം കാണിക്കാൻ അ
വസരങ്ങളും സുലഭമായിത്തീർന്നു.

ഒരുവിധത്തിൽപറഞ്ഞാൽ ഈ
അവസരംനോക്കി സംഘിതൃത്തിനു
രണ്ടാംസ്ഥാനം കൊടുത്തുകൊണ്ട്
സംഗീതം നാടകത്തിന്റെ മർമ്മസ്ഥാ
നങ്ങളെപ്പോലും കാൻതിനിന്ന അവ
സരമായിത്തീർന്നുഭവിച്ചു. എങ്കിലുംസംഗീ
തകലയുടെ വശ്യത സാമാന്യജനങ്ങ
ളായ പ്രേക്ഷകരെ പാട്ടിലാക്കിക്കൊ
ണ്ടുതന്നെ പ്രയാണംചെയ്തിരുന്നതല്ലാ
തെ നിശ്ചലമല്ല. എന്നുതന്നെയല്ല ഈ അവ
സരത്തിലായിരുന്ന തമിഴ്നാടക
സൊസൈറ്റികൾ കേരളത്തിലേക്ക വന്ന
തുടങ്ങിയതും.

കോവിലൻചരിത്രം, അല്ലിറാണി,
വള്ളിത്തിരുമണം, പാരിജാതപുഷ്പാ
പഹരണം മുതലായ പുരാണകഥക
ളെ ഉപജീവിച്ചുകൊണ്ടുതന്നെ മാത്രമ
ല്ലാ, പാർസി ലളിതാംഗി, ഹരിശ്ചന്ദ്രൻ
രാജാവലി എന്ന ഇതരനാടകങ്ങളും
ജ്ഞാനസുന്ദരി എന്ന ക്രൈസ്തവ
നാടകവും സംബന്ധമുതലായവർ
കളെഴുതിയ നാടകങ്ങളും കേരള
ത്തിൽ അങ്ങിങ്ങഭിനയിക്കപ്പെടാൻ
തുടങ്ങി. ഈ തമിഴ് നാടകങ്ങളുടെയും
75 ശതമാനം സംഗീതപ്രധാനമായി
രുന്നുഎന്നതുതന്നെ സാമാന്യമായി പറ
യാം. മാത്രമല്ല സംസ്കൃതനാടകര
ചനയിൽ കാണപ്പെടുന്ന ലക്ഷണങ്ങ
ളോ നിബന്ധനകളോ ഇവയിലെ
ല്ലാം കണ്ടിരുന്നുമില്ല. എങ്കിലും ഇ
വയിലാകൃഷ്ടരായ പ്രേക്ഷകർ പ്രസ്തു
ത നാടകങ്ങളേയും നാടകക്കാരേയും
കണ്ടമാനം പ്രോത്സാഹിപ്പിച്ചു തു
ടങ്ങി.

ഇക്കൂട്ടിൽ ആദ്യംവന്ന രാമുഡു,
സുബ്ബുഡു, ആലംവാർ മുതലായവർ
നല്ല തമിഴ് നടന്മാരായിരുന്നുവെങ്കി
ലും പിന്നീടുവന്ന ഒരുകൂട്ടം തമിഴ് ന
ടന്മാർ പല കോപ്രായങ്ങളും
കാണിച്ച മലയാളത്തുകാരെ തട്ടിച്ചു
പണംവാരിക്കൊണ്ടു പോകയുമുണ്ടാ
യി. ഏതിലും നല്ലതും തീത്തയുമു
ണ്ടാകുമല്ലൊ. ശ്രീ. പരമേശ്വരയ്യർ
മലയാളത്തുകാരനായിരുന്നെങ്കിലും
മലയാള നാടകങ്ങളഭിനയിച്ചതായി
എന്റെ അറിവിൽപെട്ടിട്ടില്ല. നാട
കകലയെ സമർത്ഥമായി കൈകാര്യം
ചെയ്ത ഒരു നടനാണ് പരമേശ്വര
യ്യർ.

അല്ലി പരമേശ്വരയ്യർ എന്നപേ
രിലാണ് ഈ വിദ്വാൻ നാടകനടനെ അ
റിയപ്പെട്ടിരുന്നതു്. സ്വദേശം തിരു
വിലാമലയാണ്. അദ്ദേഹത്തി
ന്റെ നാടകാഭിനയവും കമ്പനി മാ
നേജ്മെൻറും ജീവിതരീതികളും സ
ഹനടന്മാരുടെ ജീവിതപ്രകൃതി പരി
ഷ്കരിക്കുവാനുള്ള ഉത്സാഹങ്ങളും മ
റ്റും കണ്ടാൽ കേവലം ഒരു നടൻ മാ
ത്രമായിരുന്നില്ല പരമേശ്വരയ്യർ—
ഒരു നാടകാചാര്യൻതന്നെ
ന്നോ മറ്റോ പറയാം—അദ്ദേഹ
ത്തെപ്പറ്റി. അന്നു അതിന്റെ അ
വശ്യകതയും ധാരാളമുണ്ടായിരുന്നു.

സംഗീതനാടകങ്ങളുടെ ആവിർ
ഭാവകാലം—അതെ, അന്നതിനു വ
ലിയ ആദരവൊന്നും സിദ്ധിച്ചിരു
ന്നില്ല—തമിഴ്നാട്ടിലും കേരളത്തി
ലും. നാടകമെന്നതു അങ്ങാടിമരു
ന്നോ പച്ചമരുന്നോ എന്നറിയൻപാ
ടില്ലെന്നപറഞ്ഞതുപോലെ എട്ടും
പൊട്ടും തിരിയാത്ത കുറപ്പേർപോലും
എവിടെയെങ്കിലും ഒരു ചവലി വളച്ചു
കെട്ടി നാടകം നടത്തുകയായി. അസ്സ
മനംമുതൽ ഉദയംവരെ എന്തെങ്കി
ലും കോപ്രായത്തരങ്ങൾ കാണിച്ചും
ൽ ആളുകൾ തടിച്ചുകൂടും. കൊട്ട
കണക്കിനു പാട്ടുംപാട്ടും. പക്ഷേ
ഈ പാട്ടിനു സംഗീതത്തിന്റെ പ
ട്ടകയിൽ പെടുത്തുമോ എന്നുള്ളതാ
ണു നോക്കാനുള്ളതു്. ഏതായാലും
അതങ്ങു നടന്നു.

ഇംഗ്ലണ്ടിൽ എലിസബത്തുരാജ്ഞി
യുടെ കാലഘട്ടംകഴിഞ്ഞതിനുശേ
ഷം പതിനാറാംനൂറ്റാണ്ടിൽ അന്ന
ത്തെ നാടകവേദികളവണ്ണമുപോലെ
യൊരധഃപതനമവസ്ഥ എന്നുവേണ
മെങ്കിലിതിനേയും പറയാം. അതാ
യതു അല്പംപുന്നാരുടെകയ്യിൽ ഈ
വിശിഷ്ടകല ചെന്നു കുടുങ്ങുന്നകാ
ലം. ഇങ്ങനെയുള്ള വിഷമസന്ധി
കാലം ആദ്യകാലത്തുണ്ടായതിലുള്ള
പ്പെട്ടവാനില്ല. ബാലാരിഷ്ടതകളാ
ണെന്നുവച്ചുകൊണ്ടാൽമതി. യൂറോ
പ്പിൽതന്നെ നാടകകലയ്ക്ക് ഒരു ബ
ഹുമാന്യസ്ഥാനം കൈവന്നതും അ
ന്റെ ബാലാരിഷ്ടതകളും തീർന്നതും
പതിനാലാംശതകത്തിന്റെ മദ്ധ്യ
കാലഘട്ടത്തോടുകൂടിയായിരുന്നു.

അപ്പോൾ അല്ലിപരമേശ്വരയ്യർ
ഒരു നാടകപരിഷ്കർത്താവായിരുന്നുഎ
ന്നാണല്ലോ പറഞ്ഞതു്. അദ്ദേഹ
ത്തിന്റെ നാടകസെറ്റെന്നപറഞ്ഞാൽ
അതിന്റെ നിലയും വിലയും ഒന്നു
വേറെതന്നെയായിരുന്നു. അതിൽ
അല്ലിറാണിചരിത്രത്തിൽ അല്ലി പര
മേശ്വരയ്യരാണ് അഭിനയിക്കുന്ന
തെന്നുപറഞ്ഞാൽ കൊട്ടകയിൽ ഡ്രാ
മാ തുടങ്ങുന്നതിനു വളരെമുമ്പുതന്നെ
പ്രേക്ഷകർ നിറഞ്ഞുകഴിഞ്ഞു എ
ന്നാണു പൊരുക്കാനുള്ളതു്. അ
വരുടെ പൊരുതമനശ്ശാന്തി
അവിടെ ചെയ്യുന്നതു്? അദ്ദേഹം
ഒരു പുരുഷനല്ലെ? ഒക്കെശരിതന്നെ.
ആ വേഷച്ചേച്ച്, ആ നടപ്പ്, ആ
അഭിനയം അതൊക്കെ ഒരിക്കൽ ക
ണ്ടവരൊരിക്കലും മറക്കുകയില്ല. ഇ
ന്നു സ്ത്രീകൾതന്നെ സ്ത്രീവേഷം എടു
ക്കുന്നകാലമാണല്ലോ. ഇന്നും പര
മേശ്വരയ്യർ അല്ലിറാണിയായി അ
ഭിനയിക്കുന്നപക്ഷം അതിനെ വെ
ല്ലുന്ന നടികളുണ്ടാകുമോ എന്നു സം
ശയമാണ്. അന്നു നടികൾതന്നെ
സ്ത്രീവേഷമെടുക്കുന്നതിന്റെ കു
റവു് ഈദൃശമുള്ള പുരുഷനടനകോ
വിദഗ്ദ്ധർ പരിഹരിച്ചുകൊണ്ടാണിരു
ന്നതു്. കേരളത്തിന്റെ തറവാട്ട
സ്വത്തായ കഥകളിയിൽ സ്ത്രീകളുടെ
ഭാഗവുമഭിനയിച്ചു ഫലിപ്പിച്ചിട്ടുള്ള
അനേകം അഭിനയപട്ടക്കളുടെ നാ
മങ്ങൾകൊണ്ടലംകൃതമായതാണ
ല്ലോ ഈ മലനാടു്.

ഇതുപറഞ്ഞപ്പോൾ ഒരു കഥ
ഞാൻ കേട്ടതോർമ്മയിൽവരുന്നതുകൂടി
പ്രസ്താവിച്ചുകൊള്ളട്ടെ. ചാക്യാർകൂ
ത്തിൽ അതിവിദഗ്ദ്ധന്മാരായ രണ്ടു
ചാക്യാന്മാർ പണ്ടുണ്ടായിരുന്നത്രെ.
അന്നന്നൂർ ചാക്യാരും പൊതിയിൽ
ചാക്യാരും. ഇതിലൊന്നാമതുപറ
ഞ്ഞ വിദ്വാൻ അഭിനയത്തിനും ര
ണ്ടാമൻ സംഭാഷണത്തിനും അഗ്ര
ണ്യന്മാരായിരുന്നു. മഹാവിദ്വാനാ
യ ഉള്ളൂർപരമേശ്വരൻപിള്ള ഒരിക്കൽ അ
ന്നന്നൂർ ചാ
ക്യാരെ ഒന്നു കാണണമെന്നുകരുതി
അദ്ദേഹത്തിന്റെ വീട്ടിൽപോയി.
അവിടെ ചെന്നപ്പോൾ അദ്ദേഹം കു
ക്കടവിൽപോയെന്നറിയിച്ചു. ഉള്ളൂ
രപരമേശ്വരൻപിള്ള അങ്ങോട്ടുപോയി.
അവിടെ പലതും സ്നാനംചെയ്യുന്നിൽ
ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിനു
ള്ളൂരിനെ കണ്ടുപിടിക്കാൻ വളരെ വിഷമ
മായി. ശാസ്ത്രികളിപ്രകാരം ഉറക്കെ
ചോദിച്ചു:—

"അന്നന്നൂർ ഇങ്കെ ഇരുക്കാറാ?"

ചാക്യാർ കേഴിമുട്ടത്തോടുപോലെ
കുഞ്ഞനിയായ തന്റെ തല തുവർത്തു
കയായിരുന്നു. ഇതുകേട്ടപ്പോൾ ചാ
ക്യാർ തുവർത്തൽകഴിഞ്ഞതും ധാരാളം
തലമുടിയുള്ള ഒരു സ്ത്രീയുടെഭാവത്തി
ൽ കൈകൊണ്ടു് ആ കേശഭാരം ത
ലയിൽതന്നെ ചുറ്റിക്കെട്ടി മുടിക്കെ
ട്ടിൽ ഒരു പുഷ്പം മുടുകയും ചെയ്യുന്ന
വിധത്തിൽ അഭിനയിച്ചു. അങ്ങ
നെ ചികുരഭാരത്തിന്റെ ഭാരം താ
ങ്ങാനാവാത്തമട്ടിൽ ശാസ്ത്രികളെ കു
ടക്കണ്ണുകൊണ്ടൊന്നുനോക്കി. ഉടനെ
ശാസ്ത്രികൾക്കാര്യമനസ്സിലായി, അ
ദ്ദേഹം ഇങ്ങനെ അരുളുകയുമുണ്ടാ
യി. —

"നീതാൻ നീതാൻ അന്നന്നൂർ ചാ
ക്യാർ"

ഇപ്രകാരം ഒരു പുരുഷനായിരുന്നി
ട്ടും സ്ത്രീവേഷം എടുത്തു അങ്ങേയറ്റം
അനുഫലിപ്പിച്ചിരുന്ന വിശിഷ്ടനടനാ
യിരുന്ന അല്ലിപരമേശ്വരയ്യർ, അ
നുജൻ ലക്ഷ്മണയ്യരായിരുന്ന സാധാ
രണ അഭിനേതൃത്തിനൊക്കുടെ രംഗാ
പാർട്ടെടുത്തിരുന്നതു്. ലക്ഷ്മണയ്യർ
ജ്യേഷ്ഠനെപ്പോലെ പൊക്കംകുറഞ്ഞ
ആളല്ലായിരുന്നു. തടിച്ചുകൊഴുത്ത
സുഭഗനായൊരു രാജാവിനെയാണ്
ലക്ഷ്മണയ്യരുടെ പാർട്ടുമുഖേന കാ
ണികൾക്കു കണ്ടിരുന്നതു്. രണ്ടുപേ

മിസ്സിസ് ജേക്കബ് മാലിക്ക്



ലണ്ടനിലെ റഷ്യൻ അംബാസ്സഡർ മി: ജേക്കബ് മാലിക്ക് തന്റെ അധികാരപത്രങ്ങൾ രാജ്ഞിസമക്ഷം സമർപ്പിക്കുന്നതിനായി ബക്കിംഗാംകൊട്ടാരത്തിലേയ്ക്കു പുറപ്പെട്ട അവസരത്തിലെടുത്ത അദ്ദേഹത്തിന്റെ പത്നിയുടെ ഒരു ഫോട്ടോ.

റോത്താംസ്റ്റഡ് കാർഷിക ഗവേഷണശാല

★

ഡാ: കെ. കരുണാകരൻനായർ എം എ. പി.എച്ച്. ഡി

സർവ്വകലാശാലകളുടെയും, സർക്കാരിന്റെയും, പൊതുസംഘങ്ങളുടെയും ആഭിമുഖ്യത്തിൽ പലയിടത്തും ഇംഗ്ലണ്ടിൽ കാർഷിക ഗവേഷണശാലകളുണ്ട്. അവയിൽ റോത്താംസ്റ്റഡ് കാർഷികഗവേഷണശാല (Rothamsted Experimental Station) ആണ് ഏറ്റവും മികച്ചു നില്ക്കുന്നത്. ഇംഗ്ലീഷിൻപുറമെ യൂറോപ്പിലെ പലരാജ്യങ്ങളിൽനിന്നും, കാനഡ, അമേരിക്കൽ ഐക്യനാട്ടുകൾ, ചൈന, ഇൻഡ്യ സിലോൺ, ഈജിപ്ത് എന്നിവിടങ്ങളിൽനിന്നും പരിശീലനത്തിന് അനേകം ശാസ്ത്രജ്ഞന്മാർ ഇവിടെവന്നു താമസിക്കാറുണ്ട്, രണ്ടു മുതൽ രണ്ടുകൊല്ലക്കാലംവരെ ഇവർ പലതുറകളിലും ജോലിചെയ്തു പരിചയിച്ചശേഷമാണ് അവരുടെ നാടുകളിൽചെന്ന്, അതാതിനനുകൂലമായവിധം കാർഷികപരീക്ഷണങ്ങളും നടത്തുന്നതിനാണ് അവർ തിരിക്കുന്നത്.

ലണ്ടനിൽനിന്ന് ഉദ്ദേശം ഇരുപത്തിയഞ്ചുമൈൽ അകലെയുള്ള ഹാർപ്പൻഡൻ (Harpenden) എന്ന ഗ്രാമത്തിലാണ് ഈ ഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്നത്. ഈ ഗ്രാമത്തിനു പ്രസിദ്ധിനേടിക്കൊടുത്തിട്ടുള്ളതു റോത്താംസ്റ്റഡ് ഗവേഷണശാലയാകുന്നു.

റോത്താംസ്റ്റഡ് ശാല സ്ഥാപിച്ചതു ലാസ് (Lawes) എന്ന ഒരു ഇടപ്രഭുവാണ്. രസതന്ത്രത്തിൽ സാമാന്യം വിദ്യാഭ്യാസംസിദ്ധിച്ച ഇദ്ദേഹം, 1834-ൽ ചില പരീക്ഷണങ്ങൾ നടത്തിത്തുടങ്ങി. ഒരു ഗവേഷണശാലയില്ലാതെ വിഷമിച്ച അദ്ദേഹം വീട്ടിലുള്ള ഒരു മുറിയിലാണ് പരീക്ഷണങ്ങൾ നടത്തിയതു. തീകത്തുകയോ പൊട്ടിത്തെറിക്കുകയോ ചെയ്യുമെന്നുള്ള ഭയംകൊണ്ട് അദ്ദേഹത്തിന്റെ അമ്മ മിക്കദിവസവും രാത്രി പരീക്ഷണസാധനങ്ങൾ എടുത്തു പുറത്തുകളയുക പതിവായിരുന്നു. കുറെദിവസംകഴിഞ്ഞു ഒരു ചെറിയ ചൊറപ്പുരപോലെ വളച്ചുകെട്ടിയുണ്ടാക്കി അതിനകത്തുവച്ചു അദ്ദേഹം പരീക്ഷണങ്ങൾ തുടർന്നു. എല്ലു്, മണ്ണിൽകലർത്തിയാൽ, ചില പ്രദേശങ്ങളിൽ ഇണമുണ്ടാകുമെന്നും മറ്റു ചിലയിടങ്ങളിൽ പ്രയോജനമുണ്ടാകയില്ലെന്നും പൊതുവെ കർഷകർക്കിടയിൽ അഭിപ്രായമുണ്ടായിരുന്നു. അതിനെപ്പറ്റി അദ്ദേഹം പരീക്ഷണങ്ങൾ നടത്തിനോക്കി. ചില പ്രദേശങ്ങളിൽ എല്ലിലുള്ള ഭാഗത്തിനു ദ്രവിക്കുമെന്നും മറ്റു ചിലയിടങ്ങളിൽ ഇല്ല എന്നും കണ്ടുപിടിച്ചതിനെത്തുടർന്ന്, അതിന്റെ രാസപ്രയോഗങ്ങളെപ്പറ്റി പഠിക്കുകയും, ആ പരീക്ഷണങ്ങളുടെ ഫലമായി സൂപ്പർ ഫോസ്ഫോറ്

സമയം വിനിയോഗിക്കാറില്ല എന്നു നഷ്ടപ്പെടുണ്ട്. അതിലൊട്ടും കൂട്ടുതലവദിക്കയില്ല. പാട്ടുകൊണ്ട് ബഹുടിക്കാനോ, പക്കമേളങ്ങൾകൊണ്ട് സദസ്യരെ അസഹ്യപ്പെടുത്താനോ, വളരെനേരംനിന്നു നടന്മാർ ലക്ഷ്യടിക്കാനോ അദ്ദേഹം അനുവദിച്ചിരുന്നില്ല. ക്ലിപ്തതയും അച്ചടക്കവും അദ്ദേഹത്തിന്റെ നാടകസെറ്റിൽ അങ്ങോളമിങ്ങോളം പരിലിക്കപ്പെട്ടിരുന്നു. സ്വന്തം സഹോദരൻ ലക്ഷ്മണയ്യർപോലും പല അവസരങ്ങളിൽ പിഴകൊടുക്കേണ്ടിവന്നിട്ടുണ്ട്.

55 വയസ്സായിരുന്നകാലത്തും പരമേശ്വരയ്യർ സ്റ്റീപ്പിൾച്ചേസ്സിൽ വന്നാൽ മധുരപ്രതികാരിതന്നെ, അല്ലിറാണിയുടെ ഡർബാറിലേയ്ക്കുള്ള വരവു്, ഈശ്വരാ! അതൊരുനോക്കു കാണേണ്ടതുതന്നെ. ഭൈരവസുന്ദരംപിള്ള, നടരാജപിള്ള, ഇട്ടിരാരപ്പൻനായർ മുതലായ പല നടന്മാരും ഇദ്ദേഹത്തിന്റെ ഡ്രാമാസെറ്റിൽ ഉണ്ടായിരുന്നവരാണ്. ഹിന്ദുസ്ഥാൻ ശവായ് കെ. ടി. നടരാജപിള്ള, മാണിക്യം, ദേവുഡു അയ്യർ മുതലായ പ്രഗത്ഭനടന്മാരെ അദ്ദേഹം നിയമിച്ചതും അവരോരോ അവസരങ്ങളിൽ അദ്ദേഹത്തിനു കയനിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആലുവായിൽവച്ചായിരുന്നുവെന്നതോന്നുന്നു അദ്ദേഹത്തിന്റെ അവസാന നാടകാഭിനയം. അതുകഴിഞ്ഞു പനിപിടിക്കുകയും ഏറെത്താമസിയാതെ മരണമടയുകയുംചെയ്തു. 55-ംവയസ്സിൽ വടക്കൻപാറുള്ള ഭാഗ്യാഗ്രഹത്തിൽവച്ചാണ് അദ്ദേഹം മരിച്ചതെന്നറിവു്. [illegible] അദ്ദേഹം പരീക്ഷണങ്ങൾ നടത്തിനോക്കിയ പ്രദേശങ്ങളിൽ എല്ലിലുള്ളഭാഗത്തിനു ദ്രവിക്കുമെന്നും മറുചിലയിടങ്ങളിൽ ഇല്ല എന്നും കണ്ടുപിടിച്ചതിനെത്തുടർന്ന്, അതിന്റെ രാസപ്രയോഗങ്ങളെപ്പറ്റി പഠിക്കുകയും, ആ പരീക്ഷണങ്ങളുടെ ഫലമായി സൂപ്പർ ഫോസ്ഫോറ്

രും തമ്മിൽ നല്ല വേഷച്ചേർച്ചയായിരുന്നു. അഭിനയത്തെ സംബന്ധിച്ചേടത്തോളം പരമേശ്വരയ്യരെ കവച്ചുവയ്ക്കുന്നതരം സ്ത്രീപാർട്ടുകാരുണ്ടായിരുന്നതായി അദ്ദേഹത്തിന്റെകാലത്തു തമിഴരുടെയിടയിൽ ഉണ്ടായിരുന്നോ എന്നു സംശയമാണ്. ഒരുപക്ഷേ, ലക്ഷ്മണയ്യരെക്കാളും സമർത്ഥരായ പുരുഷവേഷധാരികളെക്കണ്ടേക്കാമെങ്കിലും, ഏതാണ്ട് 55 വയസ്സുവരെ പരമേശ്വരയ്യർ അതേപ്രശസ്തിക്കും അഭിനയപാടവത്തിനും ലേശവും കോട്ടംതട്ടിക്കാതെ കലാസേവനം ചെയ്തുവന്നു. അമ്പത്തഞ്ചാംവയസ്സിൽതന്നെയാണദ്ദേഹം ദിവംഗതനായതെന്നറിവു്.

സുപ്രസിദ്ധരായിരുന്ന മാനഭാഗവതർ, അപ്പുക്കുട്ടൻഭാഗവതർ മുതലായ സംഗീതവിദ്വാന്മാരുടേയും മട്ടളം വായനയിൽ അദ്വിതീയനായിരുന്ന വെങ്കയ്യൻ മുതൽപേരുടേയും കുടുംബത്തിൽ ജനിച്ച പരമേശ്വരയ്യരും ലക്ഷ്മണയ്യരും ശാസ്ത്രീയസംഗീതത്തിൽ സമർത്ഥന്മാരായിരുന്നതിൽ അതിശയിപ്പാനില്ല. അദ്ദേഹം നാടകക്കമ്പനി ഉടമസ്ഥനായിരുന്ന അവസരങ്ങളിൽ കാണിച്ചിരുന്ന ഭരണസാമർത്ഥ്യവും ചിട്ടയും ഒന്നുവേറെതന്നെയായിരുന്നു. അനിതരസാധാരണമായ സംഗീതജ്ഞാനിയായിരുന്ന അയ്യരുഭാഗവതർ. അദ്ദേഹത്തെ പരമേശ്വരയ്യർ ബഹുമാനവുമായിരുന്നു. പക്ഷേ, സ്റ്റേജിൽനിന്നുകൊണ്ട് തനിക്കനുവദിച്ചതിലധികം സമയമെടുത്തു പാട്ടുപാടിയാൽ അയ്യരുഭാഗവതരും നിയമാനുസൃതം പിഴകെട്ടണം. നാടകത്തിനലഭിക്കുന്ന പ്രതിഫലത്തിൽ പിഴയൊടുക്കാനുള്ള സംഖ്യകഴിച്ചേ പ്രതിഫലം കൊടുക്കുകയുള്ളു. ഇക്കാര്യത്തിൽ നിർദ്ദാക്ഷിണ്യമായി പെരുമാറുന്ന ആളാണ് പരമേശ്വരയ്യർ.

ഓർമ്മോനടനം, ഹർമ്മോണിസ്റ്റിനം, മൃദംഗവായനക്കാരനും എല്ലാം ഇത്ര

(Super phosphate) എന്ന വളം രവകുണ്ടുപിടിക്കുകയുംചെയ്തു. ഇതാണ് രാക്കുളംനിർമ്മാണത്തിന്റെ (Fertilizer) രക്കുടസ്സം. 1842-ൽ ഒരു ഫാക്ടറി നി ലെ മിക്കുകയും അതിൽനിന്നുണ്ടായ വര ട്ടുകൊണ്ട് റോത്തംസ്റ്റഡിലെ ഒ ന്നാംകിട ഗവേഷണകേന്ദ്രം അദ്ദേ ഹം കെട്ടിപ്പടുക്കുകയുംചെയ്തു. അ ദ്ദേഹത്തിനുലഭിച്ച ഗണ്യമായ ധനം മുഴുവൻ അദ്ദേഹം ഗവേഷണപ്രയ ത്നത്തിനു നിക്കിവയ്ക്കുകയുണ്ടായി. Lawes Trust എന്നറിയപ്പെടുന്ന ഒരു ലക്ഷ്യം പൂർത്തീകരിച്ചു. അദ്ദേ ഹം 1889 ൽ മരിച്ചപ്പോൾ അതി നെത്തുടർന്ന് അധികൃതന്മാർ ഇം ഗ്ലീഷ് കാർഷിക ഗവേഷണകേന്ദ്രങ്ങ ൾക്കു വേണ്ടത്ര ധനസഹായം നൽകി ഈ കേന്ദ്രത്തെ പ്രോത്സാഹിപ്പിക്കുകയു ണ്ടായിട്ടുണ്ട്.

ഈ കേന്ദ്രത്തിന്റെ സ്ഥാപനത്തിൽ ഗിൽബർട്ട് (Gilbert) എന്ന രസതന്ത്രജ്ഞനും ലാസ് നോട്ടേൽ പ്രവർത്തിക്കുകയുണ്ടായി. ചെടികളു ടെ ആഹാരസമ്പർക്കമങ്ങളും, വ ളങ്ങളുടെ പ്രയോജനവും സംബന്ധ വും, കന്നാലികളുടെ ആഹാരപോ ഷകങ്ങളും എന്നീ ഗവേഷണങ്ങൾ ഗിൽബർട്ടും ലാസും കൂടിയാണ് നട ത്തിയിട്ടുള്ളതു്.

ലാസ്. ഗിൽബർട്ട് എന്നിവ രെത്തുടർന്ന് ഹാം, റസ്സൽ എന്നീ പ്ര സിദ്ധന്മാർ ഈ ഗവേഷണകേന്ദ്ര ത്തിന്റെ അധിപന്മാരായിരുന്നു. ഇ പ്പോഴത്തെ ഡയറക്ടർ സർ വില്യം ഓഗ് എന്ന സ്കോട്ടലണ്ടുകാരനാണ്.

രസതന്ത്രം (Chemistry) ഊർജ്ജ തന്ത്രം (Physics) സസ്യശാസ്ത്രം (Botany) പ്രാണിശാസ്ത്രം (Entomology) എന്നീ വിഷയങ്ങ ളെപ്പറ്റിയും, മണ്ണ് (Pedology) മണ്ണിലുള്ള അണുക്കൾ (Soil microbiology), ചെടികളുടെരോഗ വിവരങ്ങൾ (Plant Pathology) തേനീച്ച (Bees), നൂൽപ്പുഴുക്കൾ (Nematology) പ്രാണിസംഹാരവ സ്തുക്കൾ (insecticides), സംഖ്യാശാ സ്ത്രം (Statistics) എന്നിവയെപ്പ റ്റിയും വിശകലനംചെയ്തു പഠി ക്കുന്ന പതിനൊന്നു പ്രധാന വകു പ്പുകളാണ് ഈ കേന്ദ്രത്തിലുള്ള തു്. ഓരോ വകുപ്പും ലോകപ്ര സിദ്ധന്മാരായ ശാസ്ത്രജ്ഞന്മാരാണ് നയിക്കുന്നതു്. അനേകം പേരടങ്ങു ന്ന ശാസ്ത്രജ്ഞന്മാർ ഇവരോടൊന്നി ച്ചു സമീപം ജോലിക്കാരായി പരീക്ഷ ണങ്ങൾനടത്തുന്നു. വിദേശങ്ങളിൽ നിന്നുംവരുന്ന ശാസ്ത്രജ്ഞന്മാർ അ തിഥികളായി ഇവരോടൊന്നിച്ചുജോ ലിചെയ്യുകയോ, വിദ്യാർത്ഥികൾക്ക് ചേർക്കയോ ചെയ്യുകപതിവു്.

ചെടിക്ക് വളം എങ്ങിനെ ഉപ യോഗപ്രദമാകുന്നു എന്നും, ഏതെ ല്ലാംതരത്തിൽ വളമുണ്ടാക്കാംഎന്നും, പ്രത്യേകപോഷകാംശങ്ങൾ ഉള്ള വ ളങ്ങളേതൊക്കെയെന്നുംആണ് രസ തന്ത്രവകുപ്പിലെ പ്രധാനഗവേഷണ ങ്ങൾ. ജലാംശം വലിച്ചെടുക്കുന്ന തിനെപ്പറ്റിയും, ശിതോഷ്ണാവസ്ഥാ ഭേദങ്ങളെപ്പറ്റിയും, മണ്ണിലുള്ള പോ ഷകാംശങ്ങളുടെ ഭാവഭേദങ്ങളെപ്പ റ്റിയും ആണ് ഊർജ്ജതന്ത്രവകുപ്പിൽ ഗവേഷണംനടത്തുന്നതു്. സസ്യ ശാസ്ത്രവകുപ്പിലെ ഗവേഷണങ്ങൾ ചെടികളുടെ ആഹാരം, പുല്ലുവർ ഗ്ഗങ്ങൾ, ജലാംശവും വളച്ചുവും, ചെടി കളുടെ വളർച്ചയ്ക്കാവശ്യമുള്ള പോഷ കപദാർത്ഥങ്ങൾ എന്നിവയെപ്പറ്റിയാക ണം. മണ്ണിലുള്ള അണുക്കൾ bacteria തുടങ്ങിയവയെപ്പറ്റി സൂക്ഷ്മമായ പഠനംനടത്തു കയാണ് Soil Microbiologist ചെ യ്യുന്നതു്. Pedology വകുപ്പിൽ ശിതോഷ്ണാവസ്ഥ മണ്ണിൽക്കൂടി ബാ ധിക്കുന്നവിധം, എക്സ്റേയും മണ്ണും, സൂര്യപ്രകാശവും മണ്ണിന്റെ ഫലവു ഷ്ടിയും എന്നീ വിഷയങ്ങളെപ്പറ്റി ഗ വേഷണംനടത്തുന്നു. ഈ വകുപ്പി നോട്ടേൽ മണ്ണിന്റെ ഇനങ്ങളെ പ്പറ്റി പഠിക്കുന്നതിനായി ഒരു Soil Survey Section കൂടി ഉണ്ടു്. വൈ റസ് (Virus) എന്നറിയപ്പെടുന്ന രോഗകാരണങ്ങളായ സൂക്ഷ്മാണുക്ക ളെപ്പറ്റി പ്രത്യേകം പഠിക്കുകയാണ് Plant Pathology വകുപ്പു ചെയ്യുന്നതു്. Virus എന്ന വസ്തുവെപ്പ റ്റി വളരെയധികം ഗവേഷണങ്ങൾ നടത്തുന്ന ഒരു കേന്ദ്രമാണ് റോ ത്തംസ്റ്റഡ്. അമേരിക്കക്കാർ ഇ വിടുത്തെ വൈറസ് ഗവേഷണങ്ങൾ ക്കു പാരിതോഷികമായി ഒരു ഇല ക്ട്രോണിക്സൂക്ഷ്മദർശിനി (Electron microscope) നൽകിയിട്ടുണ്ട്. പ തിനായിരംമുതൽ ഇരുപത്തയ്യായിരം ഇരട്ടിവരെ വലുതാക്കിക്കാണിക്കുന്ന ഈ സൂക്ഷ്മദർശിനി ഒരു പ്രത്യേക ഇ രുട്ടുമുറിയിലാണ് സ്ഥാപിച്ചിട്ടുള്ളതു്. ഒരു മില്ലിമീറ്ററിന്റെ പതിനായിര ത്തിലൊരംശം വ്യാസമുള്ളതാക്കിയെടു ത്ത ശകലങ്ങളെയാണ് ഇവയിൽക്കൂ ടി വൈറസുണ്ടോ എന്നറിവാൻവേ ണ്ടി പരിശോധിക്കുന്നതു്. ഇതിനു പ്രത്യേകം പരിചയംനേടിയിട്ടുള്ള ജോലിക്കാരും ഈ വകുപ്പിലുണ്ട്. ഇതുകൂടാതെ ചെടികളുടെ മാരകരോ ഗങ്ങളെപ്പറ്റിയും ഈ വകുപ്പിൽ ഗ വേഷണം നടക്കുന്നുണ്ട്. ചെടി കളെ ആശ്രയിക്കുന്ന പല ക്രിമികീടങ്ങളെപ്പറ്റിയുമുള്ള ഗവേഷണങ്ങളും ണ് പ്രാണിശാസ്ത്രവകുപ്പിൽ നടക്ക ന്നതു്. പ്രധാനമായി പ്രാണികളു ടെ സംഖ്യയെപ്പറ്റി (Population) കഴിഞ്ഞ '27' കൊല്ലങ്ങളായി നട ത്തുന്ന ഈ വിശകലനം ലോകപ്ര സിദ്ധിനേടിയിട്ടുണ്ട്. പ്രാണിനാശ കവസ്തുക്കളുടെ പ്രയോഗികമാ മാക്കേണ്ട വഴികളെപ്പറ്റിയും അവ എങ്ങിനെ പ്രാണികളെ നശിപ്പിക്കു ന്നു എന്നുള്ളതിനെപ്പറ്റിയുമാണ് insecticide വകുപ്പുനടത്തുന്ന ഗവേ ഷണങ്ങൾ. തേനീച്ചകളെപ്പറ്റിയും അവയുടെ ജീവിതരീതി, ഭക്ഷണ എ ന്നിവയെപ്പറ്റിയും, തേനിന്റെ ഗു ണം വർദ്ധിപ്പിക്കുന്നതിനുള്ള വഴിക ളെപ്പറ്റിയും Bees വകുപ്പിൽ പരീ ക്ഷണങ്ങൾനടത്തുന്നു. ചെടികളു ടെയേതിനെ ബാധിക്കുന്ന നൂൽപ്പു ഴുക്കളെപ്പറ്റിയാണ് Nematology വകുപ്പിൽ ഗവേഷണ ങ്ങൾ നടത്തുന്നതു്. എല്ലാ വകുപ്പു കളിലും ആവശ്യമുള്ള സംഖ്യാപഠന ങ്ങൾ (Statistical analyses) നട ത്തുന്നതു് Statistics വകുപ്പാണ്. ഗവേഷണങ്ങളെ സഹായിക്കുന്നതി നതകുന്ന അനേകം വാല്യങ്ങളുള്ള വായനശാലയും പടങ്ങൾ എടുക്ക ന്നതിനുള്ള വകുപ്പും പ്രത്യേകമായി ഈ കേന്ദ്രത്തിലുണ്ട്.

കാലത്തു മയ്യുമണിമുതൽ വൈ കിട്ട് ആറുമണിവരെയാണ് ഗവേ ഷണശാലയിലെ സമയം. എന്നാൽ പഠ നമുണ്ടെങ്കിലും രാത്രി പത്തുമണിവ രെ മിക്ക വകുപ്പുകളിലും ജോലി നട ക്കുന്നതായി കാണാം. മേരിസംമുത ൽ ആഗസ്റ്റ് മാസംവരെ കാലത്തു നാലുമണിമുതൽ വൈകിട്ട് പത്തുമ ണിവരെ സൂര്യപ്രകാശമുള്ളതുകൊ ണ്ട് ഈ സമയമത്രയും ശാസ്ത്രജ്ഞ ന്മാരെ ഗവേഷണശാലയിലൊ അ തിനോടുചേർന്നുള്ള പരീക്ഷണപ്രദേ ശങ്ങളിലൊ കാണുവാനുണ്ടാകും. ഉച്ചയൂണിനുപോലും വരുന്ന സ്ഥലം രണ്ടായിരത്തഞ്ചുവ. പ്രത്യേ കക്വർട്ടേഴ്സുകളിലായി താമസിച്ച് ഓരോ വകുപ്പിന്റെയും പരീക്ഷണപ്രദേശങ്ങ ളായി മാറിയിട്ടുണ്ട്. കൂടാതെ അ നേകം സ്ഥടികംകൊണ്ടു നിർമ്മിച്ച ശാലകളും (Glass houses) ചെറിയ പരീക്ഷണകേന്ദ്രങ്ങളായി ഉണ്ടാക്കിട്ടു ണ്ട്. പ്രത്യേകപരീക്ഷണങ്ങളും ഇ വയ്ക്കുകത്താണ് നടത്തുക.

ലോകപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഈ കേന്ദ്രത്തിൽ ഇരുനൂറോളം ശാ സ്ത്രജ്ഞന്മാർ ജോലിചെയ്യുന്നു. ഇതിൽ പകുതിയും സ്ത്രീകളാണ്. പൊതു വെ ഇംഗ്ലീഷുകാർ വേഷത്തിലും ആ ഹാരത്തിലും സാമൂഹ്യജീവിതത്തിലും ചടങ്ങുകളിലും അതിവ ശ്രദ്ധയുള്ളവ രാണ്, എന്നാൽ റോത്തംസ്റ്റഡിലെ ശാസ്ത്രജ്ഞന്മാർ അവരുടെ ഗവേഷ ണങ്ങൾക്കാണ് പ്രാധാന്യം നൽകി യിട്ടുള്ളതു്. യാതൊരു ശ്രദ്ധയുമില്ലാ തെ വേഷം ധരിച്ചും, ആഹാരക്ര മവും സമയവും തെറ്റിയും, 'Society' എന്ന ഇംഗ്ലണ്ടിലെ സായന്തനവി ഹാരങ്ങളെ തൃജിച്ചും, കാർക്കിശ്യ സ്വഭാവത്തിന്റെ പ്രതീതിക്കും തടവ രും നാട്ടിന്റെ ശ്രേയസ്സിനു അനവ രതം ശ്രമിക്കുന്നവരാണ് ഇവർ. നാ ട്ടുകാർ ഇവരോടു പ്രത്യേക സ്നേഹവും ബഹുമാനവും കാണിക്കുന്നു. ഇത്തര ത്തിലുള്ള ഒരു ഗവേഷണശാലയും ശാസ്ത്രസംഘവും നമ്മുടെ നാട്ടിലു ണ്ടാകേണ്ടതു് അത്യാവശ്യമാണ്.



അറ്റ്ലാന്റിക്ക് തരണംചെയ്തിയ ബ്രിട്ടീഷ് സബ്മറീൻ—ബ്രിട്ടീഷ് 'എ' ക്ലാസ്സ് സബ്മറീൻ വിജയത്തിലുംപ്പെട്ട 1385 ടൺ "ആൻഡ്രൂ" സമുദ്രത്തിനടിയിൽക്കൂടി ഇയ്യിടെ അറ്റ്ലാന്റിക്ക് മഹാസമുദ്രതരണം നടത്തിയിരിക്കുന്നു. ബെർമുഡയിൽനിന്നു 2840 മൈൽ ജലാന്തർഭാഗത്തുക്കൂടി യാത്രചെയ്തു അതു ഇംഗ്ലീഷുചാനലിൽ എത്തിച്ചേർന്നു. സ്പിറ്റ്ഹെഡിൽവച്ചു നാവികപ്രമുഖർ പരിശോധിക്കുകൊണ്ടിരുന്ന അവസരത്തിലായിരുന്നു ചാനലിൽ ഇതുയന്ത്രവന്നതു്. ലഫ്. കമാൻഡർ W. D. S. സ്യൂട്ട് ആണ് കമാൻഡർ. കടലിലായിരുന്നപ്പോൾ നടത്തിയ നാവികർ പോർട്ട്ലാൻഡ് ദ്വീപുമുഖത്തിൽ ശുദ്ധവായു ശ്വസിക്കുന്നു.

ലിപിപരിഷ്കരണം

★

വി. കെ മൂത്തത്ത് ബി. എ. ബി. എൽ, ആർ. ബി. വി.

മലയാളത്തിലെ നിഘണ്ടു നിർമ്മാണംപോലെ ലിപിപരിഷ്കരണവും ഒരു പഴയ പ്രശ്നമാണ്. ഇതൊരുപ്പും സംഘടിതമായ യത്നം കൊണ്ടല്ലാതെ സാധ്യമല്ലെന്നിരിക്കെ തിരുവിതാംകൂർ സർക്കാരുടെ ആഭിമുഖ്യത്തിൽ യത്നം ആരംഭിച്ചകാണുന്നത് സ്തുത്യർഹമാണ്. സംഭവകമായി ഇതിനെപ്പറ്റി പുതിയ വീക്ഷണങ്ങളും അഭിപ്രായങ്ങളും പത്രപംക്തികളിൽ പ്രകടിപ്പിച്ചകാണുന്നുണ്ട്. അച്ചുകളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി ലിപിപരിഷ്കരിക്കുന്നതിനെപ്പറ്റി ജൂലൈ 15-ംതീയതിയിലെ കേരളഭൂഷണത്തിൽ ശ്രീ. ടി. കെ. ജോസഫ് ചില നിർദ്ദേശങ്ങളും പുറപ്പെടുവിച്ചകാണുന്നു. വിലയേറിയ ആ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട ചില വസ്തുതകൾകൂടി നാം പരിശോധിക്കുന്നേണ്ടതുണ്ട്.

ശ്രീ. ജോസഫിന്റെ മുഖ്യനിർദ്ദേശങ്ങൾ നാലാണ്. (1) കുനമ്മാവ് അച്ചുകൂടക്കാർ ചെയ്തുപോലെ ഉ, ഊ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങളും എല്ലാ വ്യഞ്ജനങ്ങളിലും ഒരുപോലെ ആക്കുക. (2) തമിഴിലെപ്പോലെ ചന്ദ്രക്കലയോ മറ്റുചിഹ്നമോ ചേർത്തു കൂട്ടക്ഷരങ്ങളും പിരിക്കുക. (3) ന - മറിച്ചിട്ടാൽ ധ ആകുന്നതുപോലെ കഴിയുന്നിടത്തോളം ലിപികൾ മറിച്ചും തിരിച്ചും ഉപയോഗിക്കുക. (4) ചില്ലുകൾക്കുപകരം ണ, ല മുതലായവയ്ക്കു ചന്ദ്രക്കലചേർക്കുക.

നിയമങ്ങളും കൂടുകളുടെ ഭേദപ്പെടുത്തുന്നതിലുള്ള ബുദ്ധിമുട്ട് ലിപിനിയമത്തിലും അനുഭവപ്പെടുന്ന ഒന്നാണ്. അതുകൊണ്ട് ലിപി പരിഷ്കരണത്തിൽ മുമ്പ് സൂചിപ്പിച്ചതുപോലെ സംഘടിതമായും കൂടിയാലോചനമായും യത്നിക്കുന്നതിനുള്ള സൗകര്യമുള്ളപ്പോൾതന്നെ പരമാവധി പ്രയോജനം ലക്ഷ്യമാക്കണം. സ്വരചിഹ്നങ്ങളും എല്ലാം വ്യഞ്ജനങ്ങളുടെ വലത്തുവശത്തു ചേർത്തക്കവണ്ണം ചിഹ്നങ്ങൾ രൂപീകരിക്കയും വരിവിട്ട് മേൽപോട്ടും കീഴ്പോട്ടും തമ്മിനിഷ്കർഷതെ അവയുടെ വലിപ്പം ശരിപ്പെടുത്തുകയും ചെയ്യുന്നതു നന്നായിരിക്കും. അതുപോലെ സ്വരലിപികൾക്കു വരുത്തേണ്ടിയിട്ടുള്ള മാറ്റം നമുക്ക് അനുകരിക്കാവുന്നതാണ്. അ, ആ, ഇ, ഈ മുതലായവയ്ക്കുപകരം അ എന്ന ലിപിമാത്രം വെച്ചുകൊണ്ട് അതിനോടുകൂടി ആ-മുതലുള്ള സ്വരങ്ങളുടെ ചിഹ്നം ചേർക്കയാണ് അടുത്തവർ ചെയ്യുന്നതു.

തമിഴിൽ ബിന്ദുചേർത്തു കൂട്ടക്ഷരങ്ങളും പിരിച്ചു എഴുതുകയാണുപതിവു്. മലയാളത്തിനെ അപേക്ഷിച്ചു് അവിടെ ലിപികൾ കുറവാകയാൽ ഈ ഏർപ്പാടു് അത്ര ബുദ്ധിമുട്ടുള്ളതല്ല. നമ്മുടെ കഥ അതല്ല. ഈ കൂട്ടു പിരിക്കൽകൊണ്ടു് മലയാളത്തിൽ ശ്രീ. ജോസഫ് പറഞ്ഞതുപോലെ എഴുത്തിലെ വലുപ്പം മുതലായതിനു് ലാഭത്തിനു് വഴിയുണ്ടു്. ക്ക, ച്ച മുതലായ ഇരട്ടിപ്പു് അക്ഷരങ്ങൾ ക്ക, ച്ച എന്ന എഴുതുന്നതിനുപകരം ഇരട്ടിപ്പിന്റെ ചിഹ്നമായ ് ഒരു ചിഹ്നം ഏർപ്പെടുത്തിയാൽ മതിയായും.

മൂന്നാമത്തെ നിർദ്ദേശവും അപാകമുള്ളതല്ല. അതനുസരിച്ചു് ലിപികൾ മറിച്ചും തിരിച്ചും വെച്ചു അച്ചടിക്കുന്നതിനു് കൂടുതൽ അവധാനത വേണമെന്നേയുള്ളൂ. അതുപോലെ അവ എഴുതുമ്പോഴും ഇംഗ്ലീഷിലെ U. N. M. W. എന്നിവ എഴുതുമ്പോഴും സാധാരണ കുണ്ടുവരുത്തുള്ളപോലെ സംശയത്തിനിടയായെന്നും വരാം.

ചെങ്ങന്നൂർ എന്നതിനു ചെങ്ങന്നൂര എന്നും മറ്റും നമ്മൾ എഴുതിപോന്നവരാണു്. എഴുത്തും ഉച്ചാരണവും ഒരുപോലെ വേണമെന്നകത്തിയാണു ചില്ലുകൾ വെച്ചതു്. എന്നിട്ടും ശബ്ദങ്ങൾക്കു ഇന്നിയും ഐകരൂപ്യം വന്നുകഴിഞ്ഞിട്ടില്ല. കണ്ണു്-കവിൾ-തുടങ്ങിയ ശബ്ദങ്ങൾ നോക്കിയാൽ ഇതു സ്പഷ്ടമാവും. ഹിന്ദിയിൽ വാക്കുകളുടെ അവസാനത്തെ അകാരം ലോപിക്കയാണു പതിവു്. ഘർ എന്നെഴുതി ഘർ എന്നു ഉച്ചരിക്കണം. അതുപോലെ നമുക്കും നിയമംവെച്ചാൽ പ്രയോഗം ചില്ലുകൾ ഒഴിവാക്കാം. തല-പോന മുതലായ മലയാളശബ്ദങ്ങളുടെ ഉച്ചാരണം സ്വാഭാവികമായും ഭേദപ്പെട്ടുണ്ടാകുമെന്നേയുള്ളൂ. രാമ രാമൻ-വൃക്ഷം വൃക്ഷം എന്നിങ്ങനെ സംസ്കൃതത്തിലെ അകാരാന്തങ്ങൾക്കു മലയാളത്തിൽ മാറ്റമുള്ളതുകൊണ്ടു ഈ കുഴപ്പം അവയെ ബാധിക്കുന്നില്ല.

ലിപികളുടെ എണ്ണം കുറയ്ക്കുന്നതിനു ഭാഷോപരമായും ചില മാർഗ്ഗങ്ങളും ഉണ്ടു്. 1) ഖരങ്ങളോടു ഹകാരം ചേർന്നു അതിഖരങ്ങളും ഘോഷങ്ങളോടു ഹകാരം ചേർന്നു ഘോഷങ്ങളും ഉണ്ടാകുന്നതുകൊണ്ടു ഹ-എന്നതിനു ഒരു ചിഹ്നം നിശ്ചയിച്ചാൽ ലിപി സൗകര്യമാകും. 2) വർഗ്ഗം-ചക്ര മുതലായ ശബ്ദങ്ങളും സംസ്കൃതത്തിലും ഹിന്ദിയിലും ഉള്ളതുപോലെ വർഗ്ഗം-ചക്രം-ഇന്നാക്കിയാൽ ഒരു കുഴപ്പവും വരാനില്ല. 3) പങ്കജം-സഞ്ചയം-പണ്ഡിതൻ-മന്ത്രി-പഞ്ചരം-ഇവ യഥാക്രമം പംകജം-സംചയം-പംഡിതൻ-മംത്രി-പംചരം-എന്നാക്കിയാൽ ധാരാളം മതിയായും. 5) ഐ-ഔ എന്നിവ അഇ-അഉ എന്നു പേനു ഉണ്ടാകുന്നതാണ്. അവയ്ക്കു പ്രത്യേകം ലിപിവേണോ എന്നു ആലോചിക്കാവുന്നതാണ്. അതുപോലെ ക്ൺ-ത്സ്-എന്ന മാറാവാക്കിനുവേണ്ടി ണ-എന്ന ലിപിയും അക്ഷരമാലയുടെ ഐകരൂപ്യത്തിനുവേണ്ടി അതിന്റെ ഭിന്നരൂപവും വെച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ല. ജ-അതിന്റെ ഭിന്നരൂപം ഇവയുടെകാര്യവും ഏതാണ്ടിങ്ങനെതന്നെയാണ്. ദേവൻ-തേവനാകുന്നിടത്തു ശ്രീ-തിരി ആയുന്നതിൽ ഒരു തെറ്റുമില്ല. അതുപോലെ ദുഃഖം മാറി ദുഖമാക്കാം. 6) നാട്ടിൽ-ലാക്കുള്ളേജ് എന്നിങ്ങനെയുള്ള വാക്കുകളിൽ അക്ഷരം ഇരട്ടിക്കുന്നതു് വംസ്കൃതത്തിൽ അനാവശ്യമാണ്. നാടിൽ-ലാകുളേജ് എന്നൊക്കെ ആയാൽപോരെ. അതുപോലെ തോമ്മസ്സ്-തോമസ്; തപസ്സ്-തപം; എന്നിങ്ങനെ; എന്നൊക്കെ പല ഭേദഗതികളും വരുത്താവുന്നതാണ്. അതുകൊണ്ടു ലിപികളുടെ എണ്ണം കുറയുക ഇല്ലെങ്കിലും ഉപയോഗം കുറയും.

ഇങ്ങിനെയൊക്കെയാണ് നമ്മുടെ ലിപിപരിഷ്കാരത്തിന്റെ ഭാവങ്ങൾ. ഏതായാലും ലിപികളും അതുമൂലം പരിഷ്കരിക്കുക ദുഷ്കരമാണ്. അച്ചടി മുതലായതിന്റെ സൗകര്യം നോക്കി അങ്ങിനെ ചെയ്താൽതന്നെ പരിഷ്കരിച്ച ലിപി പ്രചരിപ്പിക്കാൻ അതിലേറെ പ്രയാസമാണ്. ഇതെല്ലാം ഒത്തിട്ടായിരിക്കാം മലയാളം ഉൾപ്പെടെയുള്ള ഭാരതീയഭാഷകളും ഇംഗ്ലീഷുലിപി സ്വീകരിച്ചകൂടെ എന്നു ശ്രീ. ജോസഫ് ചോദിച്ചിരിക്കുന്നതു്. ഭാരതീയ ഭാഷകൾക്കെല്ലാം പൊതുവായ ലിപി ഉണ്ടാവുന്നതു അനേകംകാരണങ്ങൾകൊണ്ടു് അഭിലഷണീയമാണ്. ഓരോ ഭാഷയിലും പ്രത്യേകം അച്ചുകളും ടൈപ്പുയന്ത്രങ്ങളും നിർമ്മിക്കുന്നതു പ്രയാസം കുറയുമെന്നതന്നെ ആദ്യം കണക്കാക്കാം. ഭാരതത്തിലെ മുഖ്യഭാഷകളായി ഭരണഘടന 8-ംപട്ടികയിൽപറയുന്നതു് 14 എണ്ണമാണ്. അവയിൽ ഉർദുവും സംസ്കൃതവും ഉൾപ്പെടുത്തി. ബാക്കി 12-ം വ്യവഹാരമാണ്. അവയ്ക്കു തമിൽ തമിഴ് സംസ്കൃതമായിട്ടും ഏതാണ്ടു് ശതമാനം ശബ്ദസമ്പന്നമാണു്. ലിപികളുടെ വൈവിധ്യംകൊണ്ടാണ് ഈ ബന്ധം പരസ്പരം ദുർഗ്രഹമായിരിക്കുന്നതു്. പ്രചാരം അടിസ്ഥാനമാക്കി ദേവനാഗരിലിപിയിൽഉള്ള ഹിന്ദി ഭാരതത്തിന്റെ ഔദ്യോഗികഭാഷയായി ഭരണഘടന അംഗീകരിച്ചിരിക്കുന്നു. ഹിന്ദിയുടെ പ്രചാരത്തിനും സർക്കാരിന്റേയും മറ്റു സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ നടന്നുമുഖമായ പ്രവർത്തനങ്ങളും നടന്നവരികയുംചെയ്യുന്നു. ഈസ്ഥിതിക്കു ഭാരതീയഭാഷകൾക്കെല്ലാം ദേവനാഗരിലിപി സ്വീകരിക്കയാണ് ഏറ്റവും പ്രായോഗികവും പ്രയോജനകരവുമായ മാർഗ്ഗം. അതു സ്വീകരിക്കപ്പെടുന്നപക്ഷം ഭാരതീയഭാഷകൾതമ്മിൽ കൂടുതൽ സമ്പർക്കത്തിനും പരസ്പരധാരണയ്ക്കും ഭാഷാടിസ്ഥാനത്തിലുള്ള പ്രചാരത്തിനും അത്യന്തം സഹായകരമായിത്തീരുന്നതാണ്.

[illegible]നെ അപേക്ഷിച്ചു ദേവ[illegible] പല പരിമിതികളും ഉള്ളതാണെങ്കിലും സമ്മതിക്കണം. നാം പൗരാണികമായ ടൈപ്പ് അച്ചടിയിൽ രണ്ടിനം വേണ്ടിവരുന്ന അച്ചുകളുടെ എണ്ണം തുല്യമാണ്. ഇന്നത്തെ മലയാളം അച്ചടിയിൽ 300 നമേൽ അച്ചുകളും വേണ്ടിവരുന്നുണ്ടെന്നു ശ്രീ. ജോസഫ് പൂണ്ടിക്കാണിക്കുന്നു. മലയാളത്തിലെ എ-ഴ-റ-ഒ മുതലായവയ്ക്കു ദേവനാഗരിയിൽ പുതിയ ചിഹ്നങ്ങളോ ലിപികളോ ആവശ്യമായിവരും. അവയെല്ലാം ചേർത്താൽതന്നെ 100 അച്ചുകൾകൊണ്ടു ദേവനാഗരിയിൽ മലയാളം അച്ചടിക്കാൻകഴിയും. ഇതുതന്നെ വലിയ ലാഭമാണ്. ദേവനാഗരിടൈപ്പ്യന്ത്രവും നടപ്പായിക്കഴിഞ്ഞു. അതിനു് മലയാളംടൈപ്പ്യന്ത്രത്തെക്കാൾ പ്രചാരവുംഉണ്ടു്. ടൈപ്പ്യന്ത്രത്തിലെ അച്ചുകളുടെ എണ്ണക്കൂടുതലും അതുകൊണ്ടു ടൈപ്പ്ചെയ്യാനുള്ള താമസവും അച്ചടിയിൽ ഇംഗ്ലീഷും മലയാളവുംപോലെതന്നെ ചെറിയ അക്ഷരങ്ങളും ഉപയോഗിക്കാനുള്ള വിഷമവും അതുകൊണ്ടു കൂടുതൽ കടുലസ്സു ചിലവുമാണ് ദേവനാഗരിയുടെ ശേഷിച്ച ന്യൂനതകൾ. എന്നാൽ അതു ലിപി സാധ്യമാക്കാനുതിന്റെ പ്രയോജനംനോക്കിയാൽ ഈ ന്യൂനതകളും എത്രയോ നിസ്സാരമാണ്. ഈ പരിതഃസ്ഥിതികളിൽ അച്ചടി മുതലായതിന്റെ സൗകര്യംനോക്കി എട്ടുപത്തു ഭാഷകളുടെ ലിപി പരിഷ്കരിക്കുന്നതിനെ ഓരോദേശത്തും പ്രത്യേകം യത്നംചെയ്യുന്നതും ചെയ്യേണ്ടിവരുന്നതും വ്യർത്ഥമാണെന്നു വേണംപറയാൻ. ഭാവിയിൽ അഖിലേന്ത്യാഅടിസ്ഥാനത്തിൽ ആവശ്യംപോലെ ദേവനാഗരിലിപി പരിഷ്കരിക്കയും അതിന്റെഔദ്യോഗിക ഇംഗ്ലീഷുലിപി സ്വീകരിക്കയും ചെയ്യുമെന്നുമാണ്. മനഷ്യരാശി ക്കൊട്ടാകെ ഒരു ഭരണവും ഒരു ഭാഷയുംഒക്കെ നടപ്പായിവെങ്കിൽ അതു വലിയ നാട്ടംതന്നെ ആയിരിക്കും. അത്തരം ഒന്നാണ് എത്തിച്ചേരുക.



ശ്രീ: നെഹ്റു ടെലിവിഷനിൽ — കിരീടധാരണം സംബന്ധിച്ചു ഇൻഡ്യൻ പ്രധാനമന്ത്രി ബ്രിട്ടൻ സന്ദർശിച്ച അവസരത്തിൽ ബി. ബി. സി. അധികൃതരുമായി ജൂൺ 12-ാംതീയതി ഒരു പ്രസ്കോൺഫറൻസ് നടത്തുകയുണ്ടായി. പ്രസ്കോൺഫറൻസ് ടെലിവിഷൻവഴി പ്രക്ഷേപണം നടത്തി ഒൊട്ടുജനങ്ങൾക്കു അദ്ദേഹത്തെ കാണ്മാനും പ്രഭാഷണം ശ്രവിക്കുന്നതിനും അവർ സന്ദർഭം നൽകി. ഒരു സംഘം പത്രപ്രതിനിധികളുടെ ചോദ്യങ്ങൾക്കു അദ്ദേഹം മറുപടി പറയുകയായിരുന്നു ചെയ്തതു. ഇടതുനിന്നും; ഒബ്സർവർ പ്രതിനിധി വില്യംക്ലാക്ക്, ഏക്കോണമിസ്റ്റ് പ്രതിനിധി ഡോണാൾഡ്മക്കലക്കൻ, നെഹ്റു.

ഗോൾഡുകോസ്റ്റിലെ പബ്ളിക് സർവീസ്

—o—

ഗോൾഡുകോസ്റ്റിലെ പബ്ലിക് സർവീസിനെപ്പറ്റി ഡോ: നക്രുമ പുറപ്പെടുവിച്ച അഭിപ്രായം കോമൺസ്സഭയിൽ മി: ആറ്റ്ലിയും മി: ലിറ്റിൽട്ടണും ഒരുപോലെ സ്വാഗതംചെയ്തിരിക്കുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ടു 'ടൈംസ്' ഇങ്ങനെ എഴുതുന്നു — അനന്തരങ്കമായ അഭിപ്രായങ്ങളും തമ്മിലിടയുകയെന്ന അപായമാണിവിടെയുള്ളതു". ഗോൾഡുകോസ്റ്റിലെ പുതിയ സ്വയംഭരണത്തെ വിജയപ്രദമാക്കാൻ തങ്ങളുടെ കഴിവു മുഴുവനുപയോഗിച്ചു ബ്രിട്ടീഷുദ്യോഗസ്ഥന്മാരെ ജോലിവിട്ടു പോകരുതെന്നു പ്രേരിപ്പിക്കുന്ന ബ്രിട്ടീഷ്ഭരണാധികാരികളും ഒരു വശത്തു". ഏതുവന്നാലും ശരി പബ്ലിക് സർവീസുമുഴുവൻ ആഫ്രിക്കക്കാരെക്കൊണ്ടു നിറയ്ക്കുണമെന്നു വാദിക്കുന്ന മറ്റൊരു കൂട്ടർ മറുഭാഗത്തു".

"ബ്രിട്ടീഷ്" സിവിലുദ്യോഗസ്ഥന്മാരുടെ ആവശ്യകത ഘാനയിലേക്കു കുറച്ചുകാലത്തേക്കുകൂടിയുണ്ടെന്നു ഗോൾഡുകോസ്റ്റ് പ്രധാനമന്ത്രി ഡോ: നക്രുമ മനസ്സിലാക്കിയിട്ടുണ്ടു. ഗവൺമെന്റിന്റെ കാര്യക്ഷമതയ്ക്കുവേണ്ടിത്തന്നെ പാർട്ടിയുടെ ഉദ്യോഗക്കയറ്റങ്ങൾ വിട്ടുകൊടുത്തുകൊണ്ടുള്ള ആശ്രയിച്ചായിരിക്കയില്ല, യോഗ്യതയെ ആശ്രയിച്ചായിരിക്കും. ഈ നയംകൊണ്ടു ജോലിയിൽനിന്നും "പിരിച്ചുവിടപ്പെടുന്ന" ബ്രിട്ടീഷുദ്യോഗസ്ഥന്മാർക്കു ന്യായമായ നഷ്ടപരിഹാരം ഉൽകുകയും സംരക്ഷണവ്യവസ്ഥകളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണു.

ഒരൊറ്റടിക്കു വർണ്ണവിവേചനം തിരിച്ചുപായ്മെന്നുള്ള മോഹിനി നീങ്ങിപ്പോയിരിക്കുന്നു. കാലമാകുന്നതുവരെ ഗോൾഡുകോസ്റ്റിനുമാത്രമായിരിക്കയില്ല മറ്റുള്ള പ്രദേശങ്ങൾക്കും മാതൃകാപരമായ ഒരു ഏർപ്പാടായിരിക്കും ഇതു്.

രാജാകേശവദാസൻ

ഈ ധീരദേശാഭിമാനിയുടെ ചരിത്രത്തിൽ അവിസ്മരണീയനായ വലിയദിവാൻജി അവർകളുടെ അവിശ്രാന്തമായ ജീവിതരംഗത്തിലെ അവസാന ഭാഗം.

വില ണ. 12.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

എവറസ്റ്റാരോഹണ ചിത്രം

★

ക്യാമറാമാൻ സ്റ്റോബാർട്ട് നല്കുന്ന ക്രൂതൽ വിവരങ്ങൾ

എവാസ്റ്റ് കൊടുമുടി കയറിയ ബ്രിട്ടീഷ് സംഘത്തിന്റെ ഫോട്ടോഗ്രാഫറായിരുന്ന മി: തോമസ് സ്റ്റോബാർട്ട് ലണ്ടനിൽവച്ചു നടത്തിയ ഒരു പത്രസമ്മേളനത്തിൽ പർവ്വതാരോഹണമായുള്ള ഗ്രഹണത്തിന്റെ വിഷമതകളും വിവരിക്കയുണ്ടായി. 30 രാത്തലോളം ഭാരമുള്ള തന്റെ ക്യാമറകിടക്കസഞ്ചിയിലാണ് സൂക്ഷിച്ചിരുന്നതെന്നും അതല്ലെങ്കിൽ അതിനു വേണ്ടതു പൂട്ടു ലഭിക്കയില്ലെന്നും അദ്ദേഹം പറഞ്ഞു. 1949-ലെയും 1950-ലെയും അൻപാർട്ടിക്ക് അന്വേഷണസംഘത്തെ അനുഗമിച്ചിരുന്നയാളാണ് മി: സ്റ്റോബാർട്ട്. അൻപാർട്ടിക്കിലെ അനുഭവങ്ങളും എവാസ്റ്റിലേതിനേക്കാൾ താരതമ്യപ്പെടുത്തുമ്പോൾ ആദ്യത്തേതു വെറുമൊ "രപ്പക്കഷ്ണ"മായിട്ടാണ് തനിക്കു തോന്നിയതെന്നു അദ്ദേഹം അറിയിച്ചു.

എവാസ്റ്റിൽ തണുപ്പുമാത്രമല്ല പ്രശ്നമെന്നും മഴയുണ്ടാകുമ്പോൾ ക്യാമറയുടെ "വാട്ടർപ്രൂഫിംഗ്" ഏപ്പാടു് എപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കണമെന്നും കണ്ണാടിവച്ചു ഫോട്ടോ എടുക്കുകയെന്നതു വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണെന്നും മി: സ്റ്റോബാർട്ട് വെളിപ്പെടുത്തി.

2,000 അടിവരെയുള്ള എവറസ്റ്റാരോഹണം 16 മില്ലിമീറ്റർ കളർ ഫിലിമിലാക്കിയിട്ടുള്ളതു് വികസിപ്പിച്ചുയിരിക്കും എവാസ്റ്റാരോഹണചലച്ചിത്രം തയാറാക്കുന്നതെന്നദ്ദേഹം പറഞ്ഞു. പർവ്വതപ്പിളർപ്പുകളും കയർപാലത്തിൽ തരണംചെയ്യുന്നതു്, ഷെർപ്പാഗ്രാമത്തിലെ ജീവിതരീതി, ഹിലാറിയും ടെൻസിംഗും ശിഖരിയിലെത്തിയശേഷം മടങ്ങുന്ന കാഴ്ച മുതലായവയെല്ലാം ഈ ചിത്രത്തിൽ കാണാവുന്നതാണ്".

ഒരൈന്നാംതരം മലകയറ്റക്കാരനായ മി: സ്റ്റോബാർട്ട് അൻപാർട്ടിക് സംഘത്തിന്റെ പര്യടനത്തെക്കുറിച്ചു 'ധവളഭൂഖണ്ഡം' എന്നൊരു ചിത്രം തയാറാക്കിയിട്ടുണ്ട്. 1941-ൽ ഇദ്ദേഹം ഇന്ത്യൻ സൈന്യത്തിലെ ഒരു മേജറായിരുന്നു.

★

റബ്ബർ മുദ്രകൾ

★

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കുറഞ്ഞ ചെലവിൽ ഉപയോഗിക്കത്തക്കവിധം ഉറപ്പായും ഭംഗിയായും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service
KRISHNAN NAIR'S WATCH Co
TRICHUR-ERNAKULAM & QUILON



സെൻച്വറിയൺ 111 — ബ്രിട്ടന്റെ ഏറ്റവും പുതിയ സെൻച്വറിയൻ ടാങ്ക് "ആണ മാർക്ക് 111". കിഴക്കാംതൂക്കായി 30 അടി കീഴിലേയ്ക്കു അതു ഇറങ്ങുന്നതാണ് ചിത്രത്തിൽ കാണുന്നതു്. 49 ടൺ ടാങ്കാണ് ഇതു്.



ബാലസമിതി അംഗങ്ങളോട്

★

(പത്രാധിപർ)

ജി. ആർ. ഭാസ്കരൻനായർ(1155) സാധാരണ മഷിയിൽ വരച്ച ചിത്രങ്ങളും 'ബ്ലോക്കു'കളും ഉണ്ടാക്കുന്നതിനെ പറ്റിയവയല്ല. ഇൻഡ്യൻ ഇങ്കു് ആണു് ഉത്തമം. വണ്ണച്ചിത്രങ്ങളും ബ്ലോക്കിനെ പറ്റിയവയല്ല.

രാധാഭായി, ചെങ്ങന്നൂർ. ഇൻഡ്യൻഇങ്കു് പട്ടണങ്ങളിൽ സ്റ്റേഷനറിക്കടകളിൽ കിട്ടുന്നതാണു്.

ത്രിവിക്രമമേനോൻ (1269) സ്റ്റാമ്പു് അയയ്ക്കേണ്ട ആവശ്യമില്ല. മേൽവിലാസമോ അംഗനമ്പരോ എല്ലാം കത്തുകളിലും ലേഖനങ്ങളിലും. എഴുതേണ്ടതാണു്.

സന്താനവല്ലി (1463) കടലാസിന്റെ ഒരുവശത്തുമാത്രം എഴുതണം. ശരിയായ സ്റ്റാമ്പു് ഒട്ടിച്ചു അയച്ചാൽമതി. നല്ല ലേഖനങ്ങളും കഥകളും സ്ഥലസൗകര്യം അനുസരിച്ചു പ്രസിദ്ധപ്പെടുത്തുന്നതാണു്.

ആർ. ശ്രീധരൻപിള്ള (1408) കണക്കു വ്യക്തമല്ല.

സി. ജി. കരുണാകരപ്പണിക്കർ നമ്പർ കൊടുത്തതു്. 1213 ആണെന്നു ഓർമ്മിച്ചുകൊള്ളുക.

മണി, മങ്ങാട്ടുകര. മുൻപു പ്രസിദ്ധപ്പെടുത്തിയതാണു കഥ.

പി. കെ. ഹരി, കെ. ചന്ദ്രശേഖരൻപിള്ള, പി. എഫ്. സ്റ്റീഫൻ (കരുണാംശപ്പിള്ളി), ഇ. എസ്സ്. രംഗപ്രസാദ് (പന്തളം). നിബന്ധനകളൊന്നുമില്ല. പേരും മേൽവിലാസവും വയസ്സും എഴുതുക. പ്രതിഷേധവാചകവും.

പി. നാരായണൻനായർ (1259) വീണ്ടും ശ്രമിക്കുക.

കുമാരി സുശീല, കോട്ടയം. നമ്പർ 1466 ആണു്. ദയവായി ഓർത്തുകൊള്ളുമല്ലോ.

★

കുട്ടിച്ചേച്ചിക്കുള്ള കത്തുകൾ

★

വൈ. തോമസ് (60) കുട്ടിച്ചേച്ചിയുടെ 19-7-53-ലെ കത്തുവായിച്ചു. കൊല്ലത്തുനടന്ന പ്രദർശനത്തെപ്പറ്റി ഒരു സഹോദരി പൂർണ്ണവിവരണം എഴുതിയിരുന്നതായി ചേച്ചി അതിൽ പ്രസ്താവിക്കുന്നു. "ഞാൻ കണ്ട പ്രദർശനം" എന്ന തലക്കെട്ടിൽ "ഒരു പൂർണ്ണവിവരണം ഞാനല്ലേ ചേച്ചി എഴുതിയിരുന്നതു"? അനുജത്തി ഒരു കുത്തുമുഖേന മത്സ്യകന്യകയെപ്പറ്റി ഒരു സംശയം ചോദിക്കുക മാത്രമല്ലേ ചെയ്തതു"?"

എസ്സ്. സുകുമാരിഅമ്മ(320)യ്ക്കു കുട്ടിച്ചേച്ചിയുടെ പെൺമക്കളുമായി പരിചയപ്പെടണം. "അവർ എനിക്കു പ്രത്യേകം എഴുതയയ്ക്കണം."

രാധാഭായി, ചെങ്ങന്നൂർ—ചെറുകഥാമത്സരത്തിൽ സമ്മാനമായി 'ആട്ടക്കഥകം' ലഭിച്ചതിലുള്ള ഹർഷം നിറഞ്ഞ നന്ദിപാടുന്നു. "ഹോ! അതു കിട്ടിയപ്പോൾ എനിക്കെന്തു സന്തോഷം ഉണ്ടായെന്നോ! പക്ഷെ അതു വായിച്ചുതീരാൻ കുറെക്കാലം പിടിക്കുമെന്നൊരു ഭയം. ഇനി ചിത്രമെഴുത്തുമത്സരവും ഉപന്യാസമത്സരവും മറ്റും എന്നാണെന്നു അനുജത്തിക്കറിയണം.

കുമാരി സുശീല (1466) ചേച്ചിയെക്കണ്ടുപിടിക്കുവാൻ വളരെ ആഗ്രഹിക്കുന്നു. 'ചേച്ചി എന്നെങ്കിലും കോട്ടയത്തു വരുമോ? വരുമെങ്കിൽ ഈ അനുജത്തിയുടെ വീട്ടിൽക്കൂടി വരണേ' എന്നു ക്ഷണിക്കുന്നു.

★

തിരുത്തു്

1400-ാംനമ്പരായി ചേർത്തിട്ടുള്ള കെ. ലക്ഷ്മണൻപിള്ളയുടെ പകരം പി. എൻ. തങ്കപ്പൻപിള്ള, പുളിക്കൽവീട്ടിൽ, അരൂർ എന്നു തിരുത്തിവായിക്കുവാനപേക്ഷ. ലക്ഷ്മണൻപിള്ളയുടെ അംഗനമ്പർ 1379 ആണു്.

★

ചെറുകഥ

കൃഷിക്കാരനും പക്ഷിയും

ഒരിക്കൽ ഒരു ഗ്രാമത്തിൽ വൃദ്ധനും പാവപ്പെട്ടവനും ആയ ഒരു കൃഷിക്കാരനുണ്ടായിരുന്നു. അയാൾ ദിവസേന തന്റെ കൃഷിസ്ഥലംനോക്കിക്കൊണ്ടിരുന്നു. അങ്ങനെ ഇരിക്കേ ഒരുദിവസം അയാൾ പാടത്തേക്കുപോയി. അപ്പോൾ അയാൾ കണ്ടതു് തന്റെ ധാന്യങ്ങൾ ധാരാളം കിളികൾ തിന്നുന്നതാണു്. അയാൾ അപ്പോൾ യാതൊന്നും ചെയ്തില്ല. പിറ്റേദിവസവും അയാൾ പതിവുപോലെ പാടത്തേക്കുപോയി. അപ്പോഴും ഇതുതന്നെ ആണുകണ്ടതു്. അയാൾക്കു് സഹിക്കുവാൻ പാടില്ലാത്തകോപം ഉണ്ടായി. ഉടൻതന്നെ അയാൾ ഒരു വല്ലിട്ടു് ആ പറവകളെ പിടിച്ചു.

അതിൽനിന്നു് "സ്റ്റോർക്കു്" (Stork) എന്ന പക്ഷി ഇപ്രകാരം പറഞ്ഞു— "പ്രീയപ്പെട്ട കൃഷിക്കാരാ ഞാൻ നിങ്ങളുടെ കൃഷി നശിപ്പിക്കുവാൻ വന്നതല്ല. ദയവുചെയ്തു് നിങ്ങളെന്നെ സ്വതന്ത്രനാക്കിവിടണം. അയാൾ മറുപടിപറഞ്ഞു. "നീ ധാന്യംതിന്നുവാൻ വന്നതല്ലെങ്കിലും നിന്റെ ശരീരമിതുതന്നെ" എന്നു പറഞ്ഞും കൊണ്ടു് അയാൾ അതിനെ ഞെക്കിക്കൊന്നു.

ചിത്തരഞ്ജകളുടെ കൂട്ടത്തിൽ നല്ല വർണ്ണിനിയാണെങ്കിലും അവൾ ചീത്ത ആണെന്നല്ലേ എല്ലാവരും പറയുക ഉള്ളു, അല്ലേ ചേച്ചീ. "കൈരളീബാലസമിതി നീണാൾ വാഴട്ടെ!"

കുമാരിരാധാ (നമ്പർ 555)

★

"തമ്പി! കുരുവി പറന്നു"

ഏതാനുംമാസങ്ങൾക്കുമുൻപു് "തമ്പിയും കുരുവിക്കുട്ടിയും" എന്ന ഒരു ചെറുകഥ മലയാളരാജ്യം വാരികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്റെ ആ ചെറുകഥ പല സഹോദരിമാർക്കും രസാവഹമായി തോന്നിയതായി ഞാൻ അറിഞ്ഞു. അതുകൊണ്ടു തമ്പിയുടെ കുരുവിവളർത്തലിനെപ്പറ്റിയുള്ള ഒരുസംഭാഷണംകൂടി പറയാം.

തമ്പി അച്ഛനോടുകൂടി പലപ്പോഴും കൊല്ലത്തിലെ കടകളിൽ പോകാറുണ്ടു്. ചില കടകളിൽ പക്ഷികളിൽ ചെറിയമൺകൂടുകളിൽ കുരുവികളെ വിൽക്കുന്നതു് അവൻ കണ്ടിട്ടുണ്ടു്. ഒരുദിവസം തെങ്ങുകളുടെ വേലക്കാരിയോടു് ഇപ്രകാരം കൂടം വിൽക്കുന്നതിന്റെ ഉപയോഗം എന്താണെന്നു അവൻ ചോദിച്ചു. "കുരുവിയെ വളർത്തുന്നതിനുവേണ്ടി കടയുടമസ്ഥന്മാർ വച്ചിരിക്കയാണെന്നും, കുരുവികൾ ആ കൂടുകളിൽ മുട്ടയിട്ടു് കുഞ്ഞുങ്ങളെ വിരിപ്പിക്കുമെന്നും അവ പാറുമുറ്റുമ്പോൾ പറന്നുപോകുമെന്നും" അവൾ പറഞ്ഞു. അന്നുമുതൽ കുരുവിയെ വളർത്തുന്നതിനു തമ്പിക്കും അത്യാഗ്രഹമായി. അവൻ വേലക്കാരിയെ കൂട്ടുപിടിച്ചു് ഒരു ചെറുകടംവാങ്ങി അതിന്റെ ഒരുവശത്തു പോരമിട്ടു ഭിത്തിയിൽ ഒരാണി അടിച്ചു് അതിൽ തൂക്കി. അതിൽ അവൻ പുഞ്ചിയും ചകിരിയും വച്ചിട്ടുണ്ടായിരുന്നു. ആ കൂടും വച്ചശേഷം തമ്പിയുടെ ശ്രദ്ധ എപ്പോഴും ആ കൂടത്തിലേക്കായിരുന്നു. മാറ്റത്തും ചെടികളിലും വന്നിരിക്കുന്ന കുരുവികൾ കൂടത്തിൽ കയറുന്നുണ്ടോ എന്നറിയുന്നതിലും മറ്റും പതുങ്ങിയിരുന്നു നോക്കുന്നതു് അവന്റെ പതിവായിരുന്നു. ഏതാണ്ടൊരുമാസംകഴിഞ്ഞിട്ടും കുരുവികൾ കൂടത്തിനടുത്തെങ്ങുംവന്നില്ല. എന്നിട്ടും തമ്പി നിരാശനായില്ല. മാറ്റത്തു വന്നിരിക്കുന്ന കുരുവികൾക്കു നെല്ലും അരിയുംകൊടുത്തു സ്വാധീനപ്പെടുത്തുന്നതിനായിരുന്നു അവന്റെ അടുത്തശ്രമം. ഇങ്ങനെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഒരു കുരുവി കൂടത്തിന്റെ മുകളിൽ വന്നിരിക്കുന്നതു് അവൻ കണ്ടു. സന്തോഷംകൊണ്ടു തമ്പി തുള്ളിച്ചാടിത്തുടങ്ങി. അതിനെ കൂടെ ചില മുറിപ്പാട്ടുകളും. ഏതാനുംദിവസങ്ങൾക്കുശേഷം രണ്ടു കുരുവികൾകൂടത്തിൽ താമസമുറപ്പിച്ചു. കുറച്ചുനാൾകഴിഞ്ഞപ്പോൾ കൂടത്തിൽനിന്നും കുരുവിക്കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടുതുടങ്ങി.

ഇണക്കുരുവികൾ കുഞ്ഞുങ്ങൾക്കു തീറ്റികൊടുക്കുന്നതു് അവൻ കണ്ടിട്ടുണ്ടു്. ഒരുദിവസം അവൻ കൂറച്ചു



എസ്സ്. ബാലകൃഷ്ണൻ (734) ഡാറാഡൂൺ മിലിട്ടറി അക്കാഡമിയിൽ ആഗസ്റ്റ് 1-നു് സമാരംഭിക്കുന്ന സെക്കന്റ് ടേം കോഴ്സിനു് ഈ സംസ്ഥാനത്തുനിന്നു കെറ്റുനാമാത്രം സെലക്ഷൻകിട്ടി പുറപ്പെട്ടിരിക്കുന്നു.



പൂച്ചികളെ പിടിച്ചുകൊണ്ടുവന്നു. കടംവച്ചിരുന്നതു ഉയരത്തിലായതുകൊണ്ടു് വേലക്കാരിയുടെ സഹായത്തോടുകൂടി മൂന്നുസ്റ്റൂളുകളും ഒന്നിനുമുകളിൽ ഒന്നായിവച്ചു് തമ്പി അതിന്റെമുകളിൽ കയറി. സാവധാനം കുട്ടിനകത്തേയ്ക്കുനോക്കി. തമ്പി യെക്കണ്ട കുരുവിക്കുഞ്ഞുങ്ങൾ വാപിളർന്നു കീ. കീ. എന്നു ശബ്ദിച്ചുകൊണ്ടു തല വെളിയിലേക്കുനീട്ടി, ചിറകുകൊണ്ടിളിത്തു പറക്കമുറ്റിയവയായിരുന്നു അതു കുഞ്ഞുങ്ങൾ. തമ്പി നിക്കറിന്റെപാക്കറ്റിൽനിന്നും പൂച്ചികളെയെടുത്തു് അവയുടെ വായിലേക്കു് ഇടാൻതുടങ്ങി. "അച്ഛൻവരുന്നു, വേഗം! വേഗം!" എന്നു വേലക്കാരി ധൃതിയിൽ തമ്പിയോടുപറഞ്ഞു. തമ്പി പരിഭ്രമത്തോടുകൂടി എവിടെ! എന്നുചോദിച്ചുകൊണ്ടു് തിരിഞ്ഞുനോക്കി. സ്റ്റൂളുമറിഞ്ഞു. തമ്പി വേലക്കാരിയുടെപുറത്തും, സ്റ്റൂളുകളും അവന്റെ [illegible] ടി ഒരു വലിയശബ്ദത്തോടുകൂടി നിലത്തും. വേലക്കാരി ഒരുവിധത്തിൽ തപ്പിത്തടഞ്ഞെഴുനേറ്റു. "സ്റ്റൂളുമറൊടീ! ഞാൻ എഴുനേൽക്കട്ടെ" തമ്പിയുടെ ആജ്ഞയാണു്. "അമറുചിലപ്പോഴും ഇങ്ങനെ ചിരിയ്യോ! തമ്പീ കുരുവിപറന്നു. അതാ ക്കാരുണ്ടു്. വേലിയിൽ ഇരിക്കുന്നു." തമ്പി സ്റ്റൂളിന്റെ അടിയിൽനിന്നും സംഭ്രമത്തോടുകൂടി എഴുനേറ്റു. "അച്ഛനെവിടെ? കുരുവിക്കുഞ്ഞുങ്ങളെവിടെ? രണ്ടുമില്ല. അവനും അച്ഛൻ വരുന്നെന്നുപൊളിയാണുപറഞ്ഞതു്. അവനും ചിരിക്കുന്നുണ്ടായിരുന്നു. അവളുടെ ചിരി അവനു സഹിച്ചുകൂടാ. അവന്റെ കണ്ണും വേലക്കാരിയുടെ ചെകിട്ടുമായി [illegible] കുടിക്കാൻതുടങ്ങി. അടിയുടെ ശബ്ദംകേട്ട കുരുവിക്കുഞ്ഞുങ്ങൾ വേലിയിൽനിന്നും പറന്നുപോയി. തമ്പിയുടെ ആശകളും അസ്തമിച്ചു. ഇതുവരെയും അവ തിരിയെവന്നിട്ടില്ല.

സി. ഡി. ശാന്തകുമാരി, (നം: 105)

★

[illegible]

[illegible] മുരളിയും [illegible] ഒരുദിവസം റോഡിലിറങ്ങി അങ്ങോട്ടുമിങ്ങോട്ടും അങ്ങനെ നടക്കുകയായിരുന്നു. അപ്പോൾ കുട്ടത്തിൽ തന്നെന്നെ ചിരിച്ചുപോയി. വല്ല തമാശകളും കണ്ടിട്ടും അല്ലെങ്കിൽ വെറുതേ ഒന്നിച്ചിരിച്ചിട്ടും ഒക്കെ ഞാൻ മറന്നുപോകുമ്പോഴും ഇങ്ങനെ ചിരിയ്ക്കുമായിരുന്നു. ഏതൊരു ചിരികേട്ടു് മുരളി ചോദിച്ചു: "എന്തുകൊണ്ടു്, തന്നത്താൻ ചിരിക്കുന്നതു്. ചിരിക്കുന്നതിനു കാര്യമെന്തുണ്ടെന്നുവെച്ചാൽ ഞാൻകൂടി ചിരിക്കുമായിരുന്നു."

ഉത്തരംമുട്ടിയ എന്നെനോക്കിക്കൊണ്ടു് മുരളി തുടർന്നു: "ഒരിക്കൽ മൂന്നു സ്നേഹിതന്മാർകൂടി ഒരു വഴിക്കുപോകുകയായിരുന്നു. അപ്പോൾ റോഡിന്റെ ഒരു വശത്തിനുള്ള പോസ്റ്റിൽ ഒരു ബോർഡുകണ്ടു; "ബസ്സ്സ്റ്റാൻഡ്" എന്നെഴുതി അതിനടിയിലുള്ള 'ആരോ മാർക്ക്' കൊണ്ടു് വഴിയും നിർദ്ദേശിച്ചിരുന്നു. എന്നിട്ടും തീർന്നില്ല. അടിയിൽ "എൻ. ബി. എഴുത്തറിഞ്ഞുകൂടാത്തവർ അടുത്ത വീട്ടിൽ കയറി ചോദിച്ചാൽ അറിയാവുന്നതാണ്." എന്നും എഴുതിയിരുന്നു.

ഞാൻ ചിരിക്കാൻ ഭാവിക്കയാണെന്നു മനസ്സിലാക്കിയ മുരളി, ഇതുംകൂടി കേൾക്കു. ഇതുകൂടി വായിച്ചുകേട്ടശേഷം അവരിൽ രണ്ടുപേർ ചിരിക്കാൻതുടങ്ങി. ചിരിയോടെ ചിരി, കടത്തിട്ടചിരി; ചിരിച്ചുചിരിച്ചു് റോഡിന്റെ ഇരുവശത്തേയും അതിരു ചവുട്ടിയിടിക്കാൻ തുടങ്ങി. അതിനിടയ്ക്കു് അവക്കൊന്നും മറിഞ്ഞുവീണാൽ കൊള്ളാമെന്നും തോന്നി. കാരണം, ചിരി. ഇതും കണ്ടുകൊണ്ടു മൂന്നാമൻ മാറിനില്ക്കുകയാണു്. അയാളാകട്ടെ ചിരിവന്നില്ല; അതിരുചവുട്ടിയിടിക്കണമെന്നോ മറിഞ്ഞുവീഴണമെന്നോ തോന്നിയുമില്ല. അയാളുടെ വിചാരം; വൈദ്യനെ വിളിക്കാൻപോകണമോ, പൂട്ടിയിട്ടന്നതിനു തന്നെ സഹായിക്കുവാൻവേണ്ടി ആളുകളെ വിളിക്കാൻ പോകണമോ, അതോ അവരിവിടെ കിടന്നു കിറുക്കുകാണിക്കട്ടെയെന്നു കരുതി തൻ തിരിച്ചുപോകണമോ എന്നൊക്കെയായിരുന്നു.

കൂട്ടുകാരന്റെ ഭാവംകൂടി കണ്ടപ്പോൾ അവക്കു പെട്ടെന്നു ചിരി നിന്നാൻ സാധിച്ചില്ല. ചിരിയെല്ലാം കഴിഞ്ഞു് സ്നേഹിതർ മുഖത്തുകൂടി യാത്രതുടർന്നു: എന്നിട്ടും അവക്കു ചിരിക്കണമെന്നുതന്നെയായിരുന്നു ഭാവം. മൂന്നാമനോ, 'ഈ നശപരങ്ങളുടെകൂടെ ഇറങ്ങിയല്ലോ' എന്നോർത്തു് കരയണമെന്നും.

അത്യാഴമൂന്നും കഴിഞ്ഞു് മുറ്റത്തു ലാത്തിക്കൊണ്ടിരുന്ന നമ്മുടെ മൂന്നാമൻ ചിരിക്കാൻതുടങ്ങി. പകലേ കൂട്ടുകാർ ചിരിച്ചുതിനേക്കാളും ഒരു പത്തുഡിഗ്രിയെങ്കിലും കൂട്ടൽ ചിരിക്കണമെന്നു അയാളും നിശ്ചയിച്ചു. മാറുമ്മുവരെല്ലാം പകലേ

അയാൾ വിചാരിച്ചതുപോലെ വിചാരിച്ചുകൊണ്ട് കാര്യമെന്താണെന്നു ചോദിച്ചു. "അയാൾ എങ്ങനെയാണ് കാര്യംപറയുക; പിന്നാരോണ് ചിരിക്കുന്നതു"! കുറച്ചുനേരംകൂടി കഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു: "അല്ലേ ആ വീട്ടിലോട്ടുകയറിച്ചെല്ലുമ്പോൾ അവിടെ ആരുമില്ലെങ്കിലോ?"

ഈ മൂന്നാമനെങ്കിലും തന്നെപോയി സഹായമെങ്കിലും സാമൂതിരിയെന്നാണ് എനിക്കു തോന്നിയതു".

മുരളി നിൽക്കുന്നതുകണ്ടപ്പോൾ ഞാൻ ചോദിച്ചു: "ഇങ്ങനെ ഒരു ബോർഡെഴുതിവച്ചു അധികൃതരെയും ബുദ്ധിമാന്മാരായിരിക്കുന്ന അങ്ങനെയുള്ള ബുദ്ധിമാന്മാരെ അധികൃതസ്ഥാനത്തു നിയമിക്കുന്ന കാലമേതാണെന്നു? അങ്ങനെയൊരുകാലം ഉണ്ടാകുമെന്നു എനിക്കുവിശ്വാസമില്ല."

"ങ്ങ് ആ, നമ്മൾ ചരിത്രത്തിൽ പഠിച്ചിട്ടില്ലേ, മുഹമ്മദ് ബിൻതുഗ്ലക്കിന്റെ കഥ. തലസ്ഥാനം ഡെൽഹിയിൽനിന്നും ദേവഗിരിയിലേക്ക് മാറുവാൻവേണ്ടി അയാളെന്താണു ചെയ്തതു"? ഡെൽഹിയിലുള്ള സകലമനുഷ്യരും ആബാലവൃദ്ധം കന്നുകാലികളെപ്പോലും കൂട്ടിക്കൊണ്ടു", അവരുടെ ഗൃഹോപകരണങ്ങൾസഹിതം ദേവഗിരിയിലേക്കും, അതുപോലെതന്നെ ദേവഗിരിയിലുള്ളവർ ഡെൽഹിയിലേയ്ക്കും, ഒരു നീണ്ട മാസങ്ങൾകൊണ്ടുമാത്രം അവസാനിക്കുന്ന യാത്രചെയ്യുകയല്ലേ ചെയ്തതു"? ഈ യാത്രകഴിഞ്ഞു ഇരുസ്ഥലങ്ങളിലും എത്തിച്ചേരുന്നവർ പുറപ്പെട്ടതിന്റെ പകുതി ശരീരമാനംപോലും കാണുകയില്ലെന്നു അയാൾ ആലോചിച്ചിട്ടോ?....."

മുരളിക്കു കാച്ചുകൂടി പാടുണ്ടെന്നുതോന്നിയതുകൊണ്ടായിരുന്നു. പക്ഷെ ഞാൻ ഇടയ്ക്കുകയറി പറഞ്ഞു: "ഏതായാലും ഈ ബോർഡിന്റെ കാര്യം ഞാൻ 'കുട്ടിച്ചേച്ചി'യോടുപറയും. കുട്ടിച്ചേച്ചിക്കുണ്ടെങ്കിൽ തന്റെ ബുദ്ധിശക്തികൊച്ചുണ്ണാക്കന്മാരെയും കൊച്ചുനാടുഭരിപ്പിക്കുന്നതിന് ഒറ്റത്തവണ പഠിപ്പിച്ചാൽ മതിയാകും നമ്മളോ....."

ഭക്തൻ, മാന്നാർ,
അ: നാ: 1446.

ചോദിക്കാതെ പറഞ്ഞാൽ വരുന്ന ആപത്തു്

ഒരു മലയുടെ അടിവാരത്തിൽ കുറെ കർഷകർ വസിച്ചിരുന്നു. അന്നു മഴക്കാലവും ആയിരുന്നു. അവർ കിട്ടുകിടാ വിതച്ചുതുടങ്ങി. ഒരു കർഷകൻ പറഞ്ഞു "ഞാൻ കുറെ തീ കൊണ്ടുവരാം."

അവൻ കാട്ടിൽ തീക്കുവേണ്ടി അലഞ്ഞുതിരിയുമ്പോൾ ഒരിടത്തു ഒരു കനൽ മിന്നുന്നതുപോലെ തോന്നി. തീ കിട്ടിപ്പോയി എന്നു അവൻ സന്തോഷിച്ചു. അവൻ അതിന്റെ അടുത്തുചെന്നു. ഒരു ചെടിയുടെമുട്ടിൽ പറിച്ചിടിച്ചിരുന്ന ഒരു മിന്നാമിനുങ്ങായിരുന്നു അതു. കർഷകൻ അതിനെ പിടിച്ചെടുത്തു. തീകിട്ടിയ ഉത്സാഹത്തോടെ അവൻ കൂട്ടുകാർ ഇരിക്കുന്ന സ്ഥലത്തേയ്ക്കു ഓടിച്ചെന്നു.

തീകിട്ടിയതുകൊണ്ടു അവർ സന്തോഷിച്ചു. അവർ തീകത്തിക്കുന്നതിനു് ചുള്ളിയും കമ്പും പെറുക്കികൊണ്ടുവന്നു. തീനാളങ്ങളെ ആ വിറകിന്റെ അടിക്കുവച്ചു അവർ ഊതാൻതുടങ്ങി. വാനരന്മാരുടെ ഈ വിഡ്ഢിത്തംകണ്ടിട്ട് അടുത്തിരുന്ന ഒരു കരടി വിളിച്ചുപറഞ്ഞു: 'നിങ്ങളും എന്തു മാത്തരമാണുകാണിക്കുന്നതു"? ഇതു മിന്നാമിനുങ്ങാണു". ഇതിൽനിന്നു തീ കത്തുകയില്ല."

കരടിയിന്റെ ഈ പാഠത്തിൽ വാനരന്മാർക്ക് രസിച്ചില്ല. "നിനക്കു് ഞങ്ങളെക്കാളും ഇത്രകൂടുതൽ ബുദ്ധിയുണ്ടോ? നിന്റെ ബുദ്ധി ഞങ്ങളാരും ആവശ്യപ്പെട്ടിട്ടില്ല."

അവർ ആ കരടിയിനെ പിടിച്ചു നിലത്തടിച്ചുകൊന്നു.

എന്തിനാണു് ആ വിഡ്ഢിത്തം നമ്മൾക്ക് കരടിയിൽ ബുദ്ധി,ഉപദേശിക്കുന്നതു"? (ഹിന്ദിയിൽനിന്നു്)

എന്നു്,
എസ്. ബാലകൃഷ്ണവാര്യർ.
അ: നാ: 1433. (വയസ്സു് 13.)

മാതൃസ്നേഹം

—:*:—

ഒരു പുലയ്ക്കു് രണ്ടു മക്കളുണ്ടായിരുന്നു. ഒരുദിവസം അവരുടെ ഗൃഹത്തിനു തീപിടിച്ചു. അപ്പോൾ മൂത്തപുത്രൻ കുറെ പണവും എടുത്തുകൊണ്ടു വീട്ടിൽനിന്നും ഓടിപ്പോയി വഴിയിൽവച്ചു് കുറെ കള്ളന്മാർ അയാളെ പിടിച്ചു വധിച്ചു.

അവരുടെ ഗൃഹം കത്തിയെരിഞ്ഞുകൊണ്ടിരുന്നു. പുലവീട്ടിനുള്ളിൽ കിടന്ന ഉറക്കെ നിലവിളിച്ചു. ഇളയപുത്രൻ തന്റെ മാതാവിനേയും എടുത്തുകൊണ്ടു വേഗത്തിൽ യാത്രയായി. വഴിയിൽവച്ചു കള്ളന്മാർ അയാളെ പിടികൂടി ഇങ്ങനെ പറഞ്ഞു. "നിങ്ങളുടെ കയ്യിലുള്ള പണം ഇട്ടു തരിക' ഇളയ പുത്രൻ പറഞ്ഞു. "എന്റെ ധനമായി വാത്സല്യമേറിയ ഈ മാതാവു മാത്രമേയുള്ളു: എന്റെ പക്കൽ വേറെ യാതൊന്നും ഇല്ല."

കള്ളന്മാർ അയാളുടെ മാതൃസ്നേഹം കണ്ടിട്ടു വളരെ അതിശയിച്ചു. അവർ പുലയേയും അവരുടെ മകനേയും വിട്ടയച്ചു.

എം. കൃഷ്ണവാര്യർ, നയർ 958.

അംഗങ്ങളുടെ വിലാസം

(തുടർച്ച)

1536	കെ. നാരായണക്കുറുപ്പ് കുടിയാഴത്തുവീട്ടിൽ, മങ്കൊമ്പു്. (ഗ പാരായണം)
1537	എം. ശ്രീധരൻ ആലിങ്കീഴിൽവീട്ടിൽ, നഴിക്കോടു് പെ
1538	കെ. എസ്സ്. പിള്ള [illegible] ചെറുകഥ)
1539	എം. പി. രാമചന്ദ്രൻപിള്ള [illegible] വേലിൽ മുതുകുളം.
1540	എം. ചന്ദ്രശേഖരൻആശാരി [illegible] ഈ. എച്ചു. എസ്സു് നെടുമങ്ങാടു്. (ചെറുകഥ
1541	പി. രാജേന്ദ്രൻനായർ [illegible] വീടു് [illegible] ന്നിമേൽ പിരിക്കൊല്ലർ.
1542	കെ. കൃഷ്ണൻപോറ്റി വടശ്ശേരിമഠം, കുളക്കടു.
1543	പി. മാധവൻപിള്ള പുതുവീട്ടിൽ വടക്കതിൽ, കടപ്പാ മൈനാഗപ്പള്ളി. (ചെറുകഥ)
1544	എ പി. ശ്രീകണ്ഠൻനായർ [illegible] ഭാരം V ബി. ഈ. എച്ചു. എസ്സു്. നെടുമങ്ങാടു്. (ചിത്രശേഖരനം)
1545	ടി. എൻ. രാമചന്ദ്രൻ C/o കെ. നാരായണവൈദ്യൻ പെരുമുഴ കണ്ടം. (ചെറുകഥ)
1546	എൻ. കൃഷ്ണപ്പൈ വാസുദേവസദനം, നെടുമ്പ്രക്കാടു് മേത്തല. (പുസ്തകപാരായണം)
1547	പി. വി. ആനന്ദ് [illegible] ടി ടി പന്തുകളി)
1548	പി. ഗോപാലകൃഷ്ണൻനായർ താഴത്തടത്തുവീട്ടു്, മൈനാഗപ്പള്ളി. (ചെറുകഥ)
1549	എൻ. ശിവശങ്കരൻനായർ, രാമപുരത്തുവീട്ടിൽ, കരിപ്പൂരു് നെടുമങ്ങാടു്. (ചെറുകഥ)
1550	കെ. സരോജിനിഅമ്മ തോട്ടത്തിൽപുത്തൻവീട്ടിൽ, മുരുന്തൽ, പെരിനാടു്, കൊല്ലം. (സംഗീതം)
1551	കെ. ജി. ബാലകൃഷ്ണപിള്ള മുത്തനഴികത്തുവീട്ടിൽ, കുറുമണ്ടൽ എസ്സു്. പരവൂർ. (പുസ്തകപാരായണം)
1552	എം. മണി ഭക്ഷണൻനായർ മാവറവീട്ടിൽ, വെള്ളനാടു്. (സ്നേഹം ശരണം)
1553	കെ. പങ്കജാക്ഷിഅമ്മ തോട്ടത്തിൽപുത്തൻവീട്ടിൽ, മുരുന്തൽ പെരിനാടു് കൊല്ലം. (സംഗീതം)
1554	പി. വി. ഒരുമനക്കുട്ടൻനായർ പുതിയവീട്ടിൽ, വടക്കൻവെളിയനാടു്. (കടംകഥ)
1555	കെ. എൽ. ചന്ദ്രമതി, ആറാപുറത്തുവീട്ടിൽ, ചതുരുപുകരി, മങ്കൊമ്പു്. (കടംകഥ)
1556	വി. എൻ. സുരേന്ദ്രനാഥൻപിള്ള, വടശ്ശേരിൽ, മൈനാഗപ്പള്ളി. (ചെറുകഥ)
1557	വി. എൻ. സുശീലാദേവി ടി ടി ടി (ചെറുകഥ)
1558	കെ. എൽ. [illegible] യാമണിഅമ്മ ആറാപുറത്തുവീട്ടിൽ, ചതുരുപുകരി, മങ്കൊമ്പു്. (കവിത)
1559	എൻ. [illegible] പിള്ള C/o എൻ. നാണുനായർ ചാങ്ങയിൽ, വള്ളികുന്നം
1560	എൻ. [illegible] ടി ടി ടി
1561	എൻ. [illegible] ടി ടി ടി
1562	എൻ. [illegible] ടി ടി ടി
1563	എൻ. [illegible] ടി ടി ടി
1564	എം. [illegible] കളപ്പുരയ്ക്കിഴക്കതിൽവീട്ടു്, പെരിങ്ങിലിപ്പുറം [illegible] എണ്ണയ്ക്കാടു്. (ലേഖനം എഴുതു")
1565	പി. [illegible] ൻനായർ പെരിങ്ങിലിപ്പുറത്തെക്കു് പുത്തൻമഠം, എണ്ണയ്ക്കാടു്. (ചെറുകഥ)
1566	ജി. രാമമോഹനൻ സുഭഗനിവാസം, വടയാറ്റുകോട്ട, കൊല്ലം. (ചെറുകഥ)
1567	ജി. ഭാസ്കരൻപിള്ള, തുണ്ടുപുരയിടം, വടയാറ്റുകോട്ട കൊല്ലം. (ചെറുകഥ)
1568	എം. ലക്ഷ്മണൻപിള്ള വടക്കേപുരവിളാകം, തിരുവനന്തപുരം പേരൂർക്കട. (ചിത്രമെഴുതു")

(തുടരും)

തിരുനക്കര കൊച്ചുകൊമ്പൻ

★

— തിരുവാർപ്പു ബാലൻ —

വൈക്കത്തു തിരുനിലകണ്ഠൻ, ആറാമുള്ള വലിയബലകൃഷ്ണൻ, കൊടുരേക്കര ചന്ദ്രശേഖരൻ എന്നിങ്ങനെ ചില ആനകളെപ്പറ്റി ശ്രീ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല [illegible] നാം കേട്ടിട്ടുണ്ട്. ഐതിഹ്യമാ [illegible] ഓരോ ഭാഗങ്ങളിലും ഓരോ [illegible] റി അദ്ദേഹം വിവരിച്ചി [illegible] തികഞ്ഞ പ്രഭാ [illegible] യിരുന്ന അവ [illegible] ൽ വൈക [illegible] ടെ മ [illegible] യി ഒര [illegible] കം. [illegible] കാലചരിത്രസ [illegible] ഗംഗാധരൻ, [illegible] മുഴ [illegible] ടങ്ങിയ ചില ചട്ടമ്പി(ആന)കളെപ്പ [illegible] റിയും ഉത്തരതിരുവിതാംകൂറിൽ [illegible] ലക്ഷം പലതും അറിയും. എന്നാൽ ഈ വീരന്മാരൊന്നും പത്രങ്ങളെപ്പോലെ പ്രത്യേകശ്രദ്ധയുള്ള വിഷയമായിട്ടില്ല. അതിനാലുള്ള ദുഃഖം പുതുക്കാൻ ചില ആനകൾക്കേ ഉണ്ടായിട്ടുള്ളൂ.

തിരുവനന്തപുരം കാര്യബ്ലാവിൽ അഞ്ചൊട്ടകൊല്ലംമുമ്പ് ഒരു വെള്ളാനയെ കൊണ്ടുവന്നു. അതു ഒരു അത്ഭുതമായിരുന്നു. വെള്ളാന, വേഴാമ്പൽ, അരയന്നം തുടങ്ങിയവ കവിസങ്കല്പങ്ങളാണെന്നായിരുന്നു വയ്പ്. അതിനു വിപരീതമായി ഒരു വെള്ളാനയുണ്ടായാൽ അതു ഒരു അതിശയമല്ലേ. പക്ഷേ വെള്ളാന എന്ന പേരേ ഉണ്ടായിരുന്നുള്ളൂ. ആന തികഞ്ഞ ചെമ്പനായിരുന്നു. ഏതായാലും അവൻ പത്രക്കാരുടെ നോട്ടത്തിൽപ്പെട്ടു.

ഇൻഡ്യയുടെ പരിതോഷികമായി ചില വിദേശരാജ്യങ്ങൾ നമ്മുടെ പ്രധാനമന്ത്രി ചില ആനകളെ സമ്മാനിച്ചു അശോകൻ, ചന്ദ്രിക, ഇന്ദിര എന്നെല്ലാം ഉള്ള പേരാണ് ആ ആനകൾക്കു നൽകിയിരുന്നതു്. അവയെ ചിലതിനെ വിമാനത്തിലാണ് കൊണ്ടുപോയതുമെന്നോർക്കുന്നു. പത്രങ്ങളിൽ ആ വാർത്ത വന്നു. 'അശോകൻ ജപ്പാനിലേയ്ക്കു', 'ഇന്ദിര പാക്കനു' എന്നെല്ലാം.

തുടരെ വെണ്ടയ്ക്കാ ഡബ്ബിക്കാളത്തിൽ പത്രത്തിൽ മാന്യമായ ഒരു സ്ഥാനം നേടിയ ചരിത്രപുരുഷനാണു തിരുനക്കര കൊച്ചുകൊമ്പൻ.

'കൊറിയൻ സന്ധിസംഭാഷണം തകരുമോ?' 'ബ്രിട്ടീഷ്'-യു. എസ്-പ്രാഞ്ചിപ്രതിനിധികളും സമ്മേളിക്കുന്നു' 'പഞ്ചായത്തുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു സീറ്റില്ല' 'കോൺഗ്രസ്സ്'-പി. എസ്. പി. സംയോജനം' തുടങ്ങിയ ഡബ്ബിളും, ട്രിബ്ബിളും, മത്തങ്ങയും, വെണ്ടയ്ക്കയും [illegible] കൊപ്പും, തിരുനക്കര കൊച്ചുകൊമ്പനും പത്രങ്ങളിൽ മാന്യമായ സ്ഥാനം നേടി. ആലോകപ്രധാനവും, അഖിലേന്ത്യാപ്രശ്നങ്ങളും, സാംസ്ഥാനികരോഗിയും ഉൾക്കൊള്ളുന്ന വാർത്തകൾക്കൊപ്പം തിരുനക്കര കൊച്ചുകൊമ്പൻ വയനക്കാർക്കൊരു ചിന്താവിഷയമായി. അല്ല; പത്രങ്ങൾ ചിന്തിക്കാൻവേണ്ടി വായനക്കാരുടെ മുമ്പിൽ കൊച്ചുകൊമ്പനെ നിരത്തി കൊടുത്തു. അവനുമായി ചില പത്രപ്രതിനിധികൾ അഭിമുഖസംഭാഷണം നടത്തിയോ എന്നുപോലും സംശയം. ദേവസ്വം അധികാരികൾക്കും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനും പോലീസ്സിനും അവൻ ഒരു പ്രശ്നമായി മാറി. 'എന്തുചെയ്യും നോക്കുന്നതെങ്ങനെ?' 'ആനയ്ക്കുമുണ്ടു വേറെ വേണ്ട' 'നാട്ടുകാർ മുഴുവൻ ഭയപ്പെട്ടിരിക്കുന്നു' പത്രപ്രതിനിധികൾ ക്യാമറയുമായി കാത്തുനിൽക്കുകയാണു്.


കഴുവിയിൽ ഒരു 'ചട്ടമ്പി' എന്നതേ നേരുള്ളൂവെങ്കിലും കൊച്ചുകൊമ്പൻ ആൾ ശുദ്ധനാണു്. ഏഴരയടി പൊക്കവും; ഒത്ത ഉടൽനീളവും, നീണ്ട ചില്ലക്കൊമ്പും; നല്ല തലയെടുപ്പും ഉള്ള പതക്കാരി (പാണ്ടു്) ഇല്ലെന്നുള്ള ഒരു നല്ലയാനയാണവൻ. അവനു് നാലുത്തിരുവയിരംരൂപാ വിലവരുമെന്നു ഒരു നിശ്ചയമുള്ള പാപ്പാൻ (ആനക്കാരൻ) അഭിപ്രായപ്പെട്ടു. ഇതു നല്ല അറിവായില്ലെന്നും അയാൾതന്നെ തുടർന്നുപറഞ്ഞു. ഇങ്ങനെ ഒരു പ്രതിഷ്ഠാവനകൂടി ഇല്ലായിരുന്നുവെങ്കിൽ ഇന്നവൻ ഉണ്ടാകുമായിരുന്നോ എന്നു സംശയമാണു്.

വൈക്കത്തു തിരുനിലകണ്ഠനും "അറിയാതെ തന്റെ കടക്കൊമ്പു കൊണ്ടു തട്ടുകയൽ" ഒരു കൊലപാതകം ചെയ്തിട്ടുണ്ടു്. എന്നാൽ ഈ കാലത്തിനിടയ്ക്കു കൊച്ചുകൊമ്പൻ അങ്ങനെ ഒരു തെറ്റുചെയ്തിട്ടില്ല. തന്റെ പേരു് അനുചിതമാക്കുന്ന (ശ്രീവിക്രമൻ എന്നാണു് കൊച്ചുകൊമ്പന്റെ പേരു് പല വിക്രിയകളും അവൻ കാട്ടിയിട്ടുണ്ടെന്നുമാത്രം. അതു് ഇനിയും അവൻ കാണിക്കുമെന്നു ഒരു പത്രപ്രതിനിധിയോടു് "ചിരിച്ചുകൊണ്ടു് രഹസ്യമായി പാപ്പാനുമായി." ആനയിലും ഉണ്ടു് ജാതിവിഭേദം. ജാതിയിൽ കൊച്ചുകൊമ്പൻ ശൂദ്രനാണു്. അവൻ കൊലപാതകം ചെയ്യുമെന്നു ജാതകത്തിലുണ്ടു്. പക്ഷേ ഇതുവരെയും ആരെയും കൊന്നിട്ടില്ല

ആനമക്കടലാസ്സിൽ നാം ഒരു തരം പൂച്ചക്കുട്ടിയെപ്പോലെ കുച്ചിക്കുടിനിൽക്കുന്ന ആനയെ കണ്ടിട്ടില്ലേ. അതുപോലെ വളരാത്ത ഒരു കുട്ടനായിരിക്കും കൊച്ചുകൊമ്പൻ എന്നു ഒരിക്കൽ ഒരു ജ്യോത്സ്യൻ പറയുകയുണ്ടായി. പക്ഷേ അനുഭവത്തിൽ ആ ജാതകം പിഴച്ചു. ഇനി കൊലപാതകക്കുറ്റത്തിൽ. അതു് എങ്ങനെയോ? ആയുസ്സുവനകിടക്കുന്നല്ലേയുള്ളൂ.

പേരുകൊണ്ടു് ഈ "കൊമ്പൻ" "കൊച്ച" നാണെങ്കിലും പ്രായം അവനു് മുപ്പതിനുമേലായിട്ടുണ്ടു്. ഇതു [illegible] ക്കായും എനിക്കു പറയാനുള്ളതു്, കുട്ടിക്കാലത്തു ഞങ്ങളുടെ കൂടെത്തന്നെയുണ്ടായിരുന്നതുകൊണ്ടാണു്. അന്നവൻ വളർന്നതു് തിരുവാർപ്പിലാണു്. തിരുവാപ്പിലെ "ശ്രീവിക്രമൻ" എന്നാണു് അവന്റെ ദേവസ്വത്തിലെ മേൽവിലാസം. കഴിഞ്ഞ കൊല്ലംവരെയും തിരുവാപ്പുത്സവത്തിനവൻ ഒരു സ്ഥിരംപുള്ളിയായിരുന്നു.

തിരുവാർപ്പുക്ഷേത്രത്തിൽ ഉത്സവത്തിനു് കൊടിയേറിനും, പള്ളിവേട്ടയ്ക്കും ആനയെ ഓടിക്കുകയെന്ന ഒരു ചടങ്ങുണ്ടു്. ഇക്കഴിഞ്ഞ ഉത്സവംവരെയും 25 കൊല്ലമായി അവനാണു് ഓടുന്നതു്. ആനയുടെ കഴുത്തിൽ മണികെട്ടി പുറകിൽനിന്നു ജനങ്ങൾ ശ്രദ്ധിക്കുക, ആന ഓടുക ഇതാണു ചടങ്ങു്. "പക്ഷി പറക്കുന്നതുപോലെ" അവൻ ഓടും. പക്ഷേ ക്ഷേത്രത്തിനകത്തു് ആപ്രദക്ഷിണം ഓടിക്കഴിഞ്ഞാൽ പിന്നീടു് അവനെ ഓടിക്കാൻ ആരുദ്ദേശിച്ചാലും സാധ്യമല്ല. എണ്ണിച്ചുകൊണ്ടു് ആ



കൊച്ചുകൊമ്പൻ മദമിളകി നിൽക്കുന്നു.



കൊച്ചുകൊമ്പനെ തളയ്ക്കുവാനുള്ള ശ്രമത്തിൽ പോലീസും ബദ്ധപ്പെടുന്നു.

പ്രദക്ഷിണംകഴിഞ്ഞാൽ അവൻ അവിടെ ഉറച്ചുനിൽക്കും. ഓടിക്കഴിഞ്ഞാൽ അവനു് ദേവസ്വത്തിൽനിന്നു് ചില പതിവുകളുണ്ടു്. കദളിപ്പഴവും, നാളികേരവും, ശക്കരയും. അതു് ആ കുന്നക്കനെസരിച്ചു കിട്ടാതെ കലവറവായ്ക്കൽനിന്നു മാറുകയുമില്ല. വൃശ്ചികം മുപ്പതുടിവസം തിരുവാറ്റുദിവസത്തിൽ കുറച്ചുപ്രത്യേകമാണു്. അക്കാലമത്രയും ആനതിരുവാർപ്പിൽ കാണും. ഉച്ചശ്രീവേലികഴിയുമ്പോൾ ഒന്നരഇടങ്ങഴി പായസം (ആകപട അവനവകാശമുണ്ടു്. അതു കൊടുക്കാൻ ഒരു കൈക്കുഞ്ഞിനും അവന്റെ അടുക്കൽ പോകില്ലാം.

ആനക്കോറത്തിൽ പഴമയും പാരമ്പര്യവുമുള്ള മാതിരപ്പുള്ളി (ഒയ്യനം) കുടുംബക്കാരാണു് തിരുവിയുടെ സ്ഥിരം പാപ്പന്മാർ. അവരുടെ സഹായത്തിനു് ചിലരെക്കൂടി നിയമിക്കുകയേപതിവുള്ളു. ആ കുടുംബത്തിലെ അപകടങ്ങൾക്കു നാന്ദിയായാണു് അവനു് ഇടഞ്ഞോടി തുടങ്ങുന്നതു്. അഞ്ചാറുകൊല്ലം മുമ്പു് അവൻ ഒരു മാസത്തിനുമേൽ ബന്ധിതനായി കിടന്നു. അവനെ ബന്ധിച്ചു് ഒഴുക്കുള്ളിൽ അവന്റെ ഒന്നാംപാപ്പാനായ മാതിരപ്പുള്ളി "കുമാരൻ അമ്മാവൻ" മരിച്ച കുമാരൻ അമ്മാവന്റെ അപദാനങ്ങൾ കൊച്ചുകൊമ്പനു് നന്നേ രസമാണു്. അമ്മാവന്റെ കുഴിയും പാറയുമോർമ അവൻ കരയും.

രണ്ടാംപാപ്പാനായ മാതിരപ്പുള്ളി പരമുപിള്ള മരിച്ചതു്. ഇക്കഴിഞ്ഞ ബഹളവും അങ്ങനെയുള്ള മാതിരപ്പുള്ളിയുടെ ഒരു അപകടസന്ധിയായിരുന്നു. കുമാരപിള്ളയുടെ അനന്തരഗാമിയായിരുന്ന മാതിരപ്പുള്ളി ഗോവിന്ദപ്പിള്ള അവന്റെ ഈ ബഹളക്കാലത്താണു മരിച്ചതു്. ഇനി മാതിരപ്പുള്ളിയിൽ ആനപ്പിട്ട അറിയാവുന്ന ആരുമില്ല. സമൂലമായി ആനയുമായുള്ള ബന്ധം ആ കുടുംബത്തിനാകപോയതല്ലെ ഈ ബഹളങ്ങൾ ഇതു വർദ്ധിക്കാൻകാരണം.

കൊച്ചുകൊമ്പൻ ഒരു പൊറിബൂർക്കുപയാണു്. ഹൃദലിംഗത്തിന്റെ തകർച്ച ഇനിയും ഉണ്ടാകയില്ലെന്നാണവന്റെ സുചിന്തിതമായ (ഈ ജനകീയയുഗത്തിലും) അഭിപ്രായം. അമ്പലത്തിൽ അണിഞ്ഞൊരുങ്ങി [illegible] തടിപിടിക്കുവനിഷ്ടമില്ല. എഴുന്നള്ളിപ്പാൻ അവനു് എതുമനക്കെട്ടാലും വിക്ഷേപമുമില്ല. ദേവന്റെ ബിംബവുമെഴുന്നള്ളിച്ചു് എതുഉക്കമിളച്ചുനിന്നാലും അവനു വഴക്കില്ല. തിരുവങ്കുടന്റെ "നാഗവരാളി" നാദത്തിലും അവൻ ലയിക്കും. തെറ്റാതെ ചെവികൊണ്ടു താളംപിടിക്കും. ചില താളസേവകക്കാർ കൊച്ചുകൊമ്പന്റെ ചെവിയാട്ടത്തിനൊപ്പിച്ചു താളംപിടിക്കുന്നതു കണ്ടിട്ടുണ്ടു്. ദേവനെ അവന്റെ തലയിൽ കൊട്ടത്തില്ലെങ്കിൽ അവനു നീരസമാണു്. ആനക്കു് ആ ദിവസം അവന്റെ [illegible] ലിൽ ചാരിഇരുന്നാങ്ങൽ കഴിഞ്ഞു എന്നുവരുകയില്ല. അല്ലെങ്കിൽ എഴുന്നള്ളിപ്പു നീങ്ങുമ്പോൾ അവൻ കാലിൽ ചാരിയിരുന്നാങ്ങുന്ന [illegible] ക്കാരെ ഉണർത്തിക്കൊള്ളും.

ബുദ്ധിവൈഭവത്തിൽ ആനകളിൽ പൊതുവെ പ്രശസ്തരാണു്. [illegible] കിച്ചും കൊച്ചുകൊമ്പൻ. [illegible] സമരകാലത്തും അവൻ സമർത്ഥമായി പെരുമാറിപ്പോന്നു. [illegible] വിഹരിക്കാൻ കഴിയുമായിരുന്ന കൊച്ചുകൊമ്പൻ, കുമ്മനത്തിൽ [illegible] വീട്ടുപോലും തകർത്തില്ല. ഇടയ്ക്കിടയ്ക്കു ചെറുസക്കീട്ടുകൊണ്ടതുന്നതും. [illegible] രുകെട്ടിടത്തിന്റെ ഒരു [illegible] ൺ അവൻ തകർത്തു. അതിനു [illegible] കാരണമുണ്ടു്. അട്ടിമറിപ്പുപണിയിൽ താൻ സമർത്ഥനാണെന്നു് ഒരു [illegible] തുക്കീതു നൽകാൻ. രണ്ടാമതു് [illegible] സ്ക്രൂം കെട്ടിടംതകർത്തുലോ [illegible] വിളിച്ചുപറഞ്ഞു. "മോനെ [illegible] പള്ളിക്കുടമാണെ" എന്നു്. [illegible] കടന്നുപോയി. അവനെ [illegible] പാപ്പാൻ ചെറുതായി [illegible] തളച്ചുല്ലോ. തളച്ചുമരവും പിഴുതുകളയാൻ അവൻ ഒന്നുശ്രമിച്ചു. ആരോവിളിച്ചുപറഞ്ഞു:—"തളച്ചുമരം പിഴുതുകളയുക പതിവില്ലാത്തകനെ" എന്നു്. അവൻ ആ പ്രവർത്തനത്തിനു പിന്നീടൊരുങ്ങിയില്ല.

രാത്രി ഈ [illegible] അവൻ സുഖമായി [illegible] കൃത്യനിഷ്ഠയുള്ള പോലീസുകാർ തോക്കുമായി കണ്ണു [illegible] കണ്ണുമൊഴിച്ചുങ്ങനെനിൽക്കുകയും, അവൻ സുഖമായി ഉറങ്ങുകയും. ഈ ഉറക്കത്തിലും അവൻ ഒന്നുകുതി. തന്റെ ദേഹത്തുനിന്നുള്ള തുടലിന്റെ കാലിൽനിന്നും ബാക്കിയുള്ളഭാഗം അലക്ഷ്യമായി കിടക്കുമായിരുന്നതു് ഉറങ്ങാൻസമയത്തു് മടക്കി കൊമ്പിനും തുമ്പിക്കൈയ്ക്കും വായ്ക്കുമിടയിൽ തിരുകിവച്ചേ ഉറങ്ങുമായിരുന്നുള്ളു. "ബോധമില്ലാതെ ഉറങ്ങിപ്പോയാൽ....." "ആരെങ്കിലും തന്നെ ബന്ധിച്ചുപോയാൽ....." എന്നായിരുന്നു കൊച്ചുകൊമ്പന്റെ ചിന്ത.

കൊച്ചുകൊമ്പനിനിയും പൂർവ്വസ്ഥിതിയിലെത്തിയിട്ടില്ല. അതിനു് അതു 45 ദിവസം കഴിയണമെന്നാണു് പൊതുജനങ്ങൾ പറയുന്നതു്. ഇന്നു് അവൻ പൂർവ്വബന്ധനത്തിലെങ്കിലും, തന്റെ വിട്ടുപോയ ആരോ [illegible] വീണ്ടെടുക്കുകയാണു്, സമരകാലത്തും [illegible] പട്ടിണിയുംമൂലമുള്ള ക്ഷീണം [illegible] പരിഹരിക്കുയാണു്. ഇനി അയാൾ യാതനാപ്രതിഫലം ചോദിക്കുമോ? എന്തുതുകയാണോ? ചോദിക്കുന്നതു്, നിശ്ചയമില്ല.

★

വായനക്കാർ പറയുന്നു.

[illegible] അല്പം ചൂടുപിടിച്ചു [illegible] തിരിഞ്ഞാണു് അലക്കുന്നതു്. [illegible] ലക്കം [illegible] കുകം [illegible] യിൽ [illegible] [illegible] ക്കുന്നപപ്പണ്ണൻ [illegible] ക്ഷത്തെപോലും എന്നെ [illegible] യെ ഉരെ ആകർഷിച്ചു. കേ [illegible] സംസ്കൃതം കരുപ്പിടിച്ചു് അവയെ [illegible] ദ്യാർത്ഥികളെയും പകർത്തേണ്ട [illegible] ത്തരം ഏതു [illegible] പപ്പണ്ണിമാസ്റ്റർ'മാർ [illegible] ഇബ്ബിഞ്ചസ്ഥാനം, ബഞ്ചസ്ഥാനപോലും ഇ [illegible] പ്പായുയുംമൂലം നാശത്തിൽ നിന്നുണ്ടു [illegible] തയെ തുറിച്ചുനോക്കിയിരിപ്പുണ്ടു്.

ശ്രീമാൻ 'കവപ്പുള്ള ദാമോദരനു്' ഈ മഹനാടൻ മലയാളിയുടെ അഭിനന്ദനങ്ങളും.

ജോസ്സുമാത്യു ബി. സി. കല്ലൂപ്പാറ.

★

കഴിഞ്ഞ ലക്കം മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ മി: വി. എൻ. പുതുപ്പണം എഴുതിയ ഹൃദയത്തിൽ [illegible] ന്നാനം എന്ന ചെറുകഥ വളരെ നന്നായിട്ടുണ്ടു്. മാത്രമല്ല, മി പുതുപ്പണം ഒരു തികഞ്ഞ ചിന്തകനും, കവിയുംആണു്. ഇന്നത്തെ വളർന്നവരുന്ന സാഹിത്യകാരന്മാർക്കു് ഒരു വഴികാട്ടികൂടിആണു്.

വി. കെ. അച്യുതൻപിള്ള, മുതുകുളം.



ഗ്രന്ഥാവലി

നടല്യന്റെ അശ്വാസ്യം

(മലയാളഭാഷാവിവർത്തനം)

★

കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിറ്റിയിൽനിന്നു പ്രസിദ്ധീകരിക്കുന്നതു്

വില രൂ 3.

പൂരാതനഭാരതീയരുടെ ചിന്താഗതി അദ്ധ്യാത്മികദർശനത്തിലും കാവ്യനാടകാലങ്കാരരസാദ്ധ്യുപചയനത്തിലും പര്യവസാനമായി പ്രവർത്തിച്ചിരുന്നുവെന്നല്ലാതെ സാമൂഹ്യജീവിതപ്രശ്നങ്ങൾക്കു് ആ വിചാരപരിധിയിൽ പ്രവേശനമനുവദിച്ചിരുന്നില്ല എന്ന ഒരു ന്യൂനത ആരോപിച്ചുകണ്ടിട്ടുണ്ടു്. പ്ലേറ്റോയുടെ റിപ്പബ്ലിക്കും അരിസ്റ്റോട്ടിലിന്റെ പോളിറ്റിക്സും, ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ആ പാശ്ചാത്യരുടെയുയർച്ചയുടെ ആ നിലയിൽ നമുക്കു പിൻതിരിഞ്ഞുനോക്കുമ്പോൾ സംശയിച്ചിരുന്നുള്ളു. പ്രാചീന ഭാരതീയവിജ്ഞാനഗ്രന്ഥങ്ങളും പലകാരണങ്ങൾകൊണ്ടും അന്ധകാരത്തിന്റെ അന്തരാളങ്ങളിൽ അടിഞ്ഞുകിടന്നിരുന്ന ഒരു കാലഘട്ടവുമായിരുന്നല്ലോ അതു്. കൗടില്യൻ എന്ന അപരാഭിധാനത്തിൽ വിശ്രുതനായ വിഷ്ണുഗുപ്തന്റെ അർത്ഥശാസ്ത്രം ആ അന്ധകാരത്തെ ഭേദിച്ചു പുനഃപ്രകാശം കൈക്കൊണ്ടതോടുകൂടി ഭാരതീയനാഗരീകതയുടെ പ്രകേതനപ്രഭവം പരിവ്യക്തമായിത്തുടങ്ങി. പ്രാചീനയവനചിന്തകന്മാരുടെ രാജ്യമീമാംസാതന്ത്രമായ ചാണക്യന്റെ അർത്ഥശാസ്ത്രസൂത്രത്തിൽ നിബന്ധിക്കപ്പെട്ടവയാണെന്നുള്ളതു് ലോകം വ്യക്തമായിക്കണ്ടു. പാശ്ചാത്യപൗരസ്ത്യവിജ്ഞാനശാഖകളിൽ സഗൗരവമായി പരിചയസമ്പാദിച്ചിട്ടുള്ള ഒരു പണ്ഡിതൻ ഈ അർത്ഥശാസ്ത്രത്തെക്കുറിച്ചുപറയുന്നതു് അതുമാക്യവെല്ലിയുടെ പ്രിൻസ് എന്ന ഗ്രന്ഥത്തോടു പക്ഷേ തുല്യമായിരിക്കും എന്നാണു്. ഭാരതീയവിജ്ഞാനഭണ്ഡാഗാരത്തിലെ അമൂല്യരത്നമായ ഈ അർത്ഥശാസ്ത്രത്തിന്റെ അക്ഷയഭാസ്സു് നമ്മുടെ അഭിമാനത്തെ കോരിത്തരിപ്പിച്ചു അഭിനവമായ ആത്മപ്രചോദനമുളവാതിരിക്കയില്ല.

മാർത്തോമാശ്ലീഹ കേരളത്തിൽ വന്നിട്ടില്ല

അഥവാ

ഗന്ധവ്വനഗരത്തിലെ രക്തസാക്ഷി

★

കർത്താവു്;
തിരുവനന്തപുരം സി. കൃഷ്ണപ്പിള്ള,
ആവശ്യപ്പെടേണ്ടതു്: മേരി വിലാസം,
ശ്രീരാമവിലാസം പ്രസ്, കൊല്ലം.
വില — അണ 10.

കളിപ്പാൻകൂടം, കൽക്കട്ടയിലെ ഇരുട്ടറ തുടങ്ങിയ ചരിത്രവസ്തുതകളെ വെറും കെട്ടുകഥകളാണെന്നു സത്യാന്വേഷകന്മാരെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ള ഗ്രന്ഥകാരൻ ഇപ്പോൾ പ്രസ്തുത പ്രസിദ്ധീകരണം, പഴയതിനെയും അധികരണങ്ങളിലായി നിറച്ചുണ്ടാക്കിയതു പ്രകരണങ്ങളുടെ കൊള്ളാവുന്നവിധമാണു് ഈ ഗ്രന്ഥവിസ്തൃതി. 755-പേജുകളോളം വ്യാപിച്ചുകിടക്കുന്ന ഈ അർത്ഥശാസ്ത്രത്തിന്റെ അകത്തെവൈപുല്യവും അന്തർഹിതമായ പ്രമേയവൈവിധ്യവും ഉപരിപ്ലവന്മാരായ ചിന്തകന്മാരെ പരിചയപ്പെടുത്തുമെന്നുതോന്നുന്നില്ല. ഭരണശാസ്ത്രപരമായ തന്റെ ഉപരിചിന്തനത്തിനു ഉൽസുകരാക്കുന്ന ഈ ശാസ്ത്രസംഹിതയിൽ സാമാന്യജനങ്ങൾക്കു രസാസ്വാദനം തീരെയുണ്ടാകയില്ലെന്നുള്ളതു സ്പഷ്ടം. അവയ്ക്കു പ്രാചീനനീതിന്യായങ്ങളെപ്പറ്റി അറിയുന്നതിനു ഈ ഗ്രന്ഥം അത്യാവശ്യമുണ്ടാക്കിക്കൊടുക്കുന്നു. ശാസ്ത്രഗ്രന്ഥത്തിനു അപരിഹരണീയമായ സാങ്കേതികപദജടിലത അല്പം വൈക്ഷമ്യം സൃഷ്ടിക്കുമെങ്കിലും വിവർത്തനം പൊതുവെ സുലളിതവും സുഗ്രാഹ്യവുമായിട്ടുണ്ടെന്നുവേണം പറയുവാൻ. ശ്രീമാന്മാർ, കെ. വാസുദേവൻ മൂസ്സതു്, ഈ വിവർത്തനം ഇത്രകണ്ടു ജനകീയ സഹഭാവമുള്ളതാക്കിത്തീർക്കുന്നതിനു അനുദ്യോഗമായ ക്ഷമയും അനന്യസാമാന്യമായ ആലോചനകൗശലതയും പ്രദർശിപ്പിച്ചിട്ടുണ്ടെന്നുള്ളതു് സന്തോഷാസ്പദകരം. അപ്രമേയമായ സമ്മതിക്കുന്നതെന്തെന്നാൽ ഗ്രന്ഥത്തിന്റെ പുറപ്പുറത്തിനു പ്രാചീനമെന്നു തോന്നിക്കുന്നവിധത്തിൽ അർത്ഥശാസ്ത്രത്തിന്റെ മലയാളികരണത്തെ സുലഭമാക്കിച്ചെയ്ത കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിറ്റിക്കാരുടെ ഏതഭിലഷണീയമായ പരിശ്രമങ്ങൾക്കും ഭവ്യകാംക്ഷാസൂചക

ലോകവൃത്താന്തഗതി



മാർഗരറ്റ് രാജകുമാരി (ഒരു പുതിയചിത്രം)
രാജകുമാരിയുടെ പ്രണയകഥ ബ്രിട്ടനിലെ രാഷ്ട്രീയചരിത്രത്തിൽ
വീണ്ടും കോളിളക്കം സൃഷ്ടിക്കുമോ?

അങ്ങിനെ കൊറിയൻസമരം അവസാനിച്ചു. ജൂലൈ 27-ാംതീയതി സമാധാനസന്ധി ഒപ്പുവയ്ക്കപ്പെട്ടു. തടവുകാരെ തിരിച്ചയയ്ക്കുന്നതിനും സാധാരണസ്ഥിതി കൈവരുത്തുന്നതിനും ഉള്ള നടപടികളും ഉടനെ ആരംഭിക്കുന്നതാണ്. ഇതിനായി നിയുക്തമായിട്ടുള്ള നിഷ്പക്ഷകമ്മിഷന്റെ അധ്യക്ഷൻ ഇന്ത്യയാണ്. സ്ഥലത്തെത്തി തങ്ങൾ ഏൽക്കേണ്ട ചുമതലയുടെ രീതികളും ഗ്രഹിക്കുവാൻ ആർ. കെ. നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഒരു മുന്നോടിസംഘം ഇന്ത്യ വിട്ടുകഴിഞ്ഞു.

ഭയങ്കരതയിലും നാശനഷ്ടങ്ങളിലും കഴിഞ്ഞ രണ്ടുലോകമഹായുദ്ധങ്ങളെക്കാളുമെ കൊറിയയുദ്ധവും പിന്തള്ളുന്നുള്ളൂ. ഒരു പോലീസ് നടപടി എന്നനിലയ്ക്കു ആരംഭിച്ച പ്രസ്തുതയുദ്ധം ഒരു ലോകമഹായുദ്ധമായി മാറി. ഇരുപക്ഷങ്ങളും ഒരുമിച്ചുചേർന്നടത്തിയ ഒരുസമരവും കാണുകയില്ല സമാധാനസ്ഥാപനാർത്ഥം ഐക്യരാഷ്ട്രസഭയുടെ അഭിമുഖ്യത്തിൽ നടത്തപ്പെട്ട ആദ്യയുദ്ധവുമാണിതു്.

1950 ജൂൺ 25-ാംതീയതി ആണ് യുദ്ധം ആരംഭിച്ചതു്. ദക്ഷിണകൊറിയയിലേക്കു ഉത്തരകൊറിയക്കാർ നടത്തിയ തള്ളിക്കയറ്റത്തെ തടയുവാൻ ഐക്യരാഷ്ട്രങ്ങൾ സഹായിക്കണമെന്നു് ദക്ഷിണകൊറിയ അഭ്യർത്ഥിച്ചു. അതനുസരിച്ചു് അക്രമകാരികളെ പുറന്തള്ളുവാൻ നടപടികളും എടുക്കണമെന്നു് സംഘം തീരുമാനിച്ചു. രക്ഷ ഒഴിച്ചു എല്ലാരാജ്യങ്ങളുടേയും സഹകരണം ഇതിൽ ഉണ്ടായി എങ്കിലും, മുൻകൈ എടുത്തതു് അമേരിക്കയാണ്. കൂടുതൽ നാശനഷ്ടങ്ങളും സഹിച്ചതും അമേരിക്കരുതന്നെ. ഇന്ത്യ നേരിട്ടു സമരത്തിൽ പങ്കെടുത്തില്ല. [illegible] സന്ദർഭത്തിൽ കൃഷ്ണമേനോൻ ചെയ്ത മധ്യസ്ഥശ്രമങ്ങളുടെ തീരുമാനത്തെ മാനിക്കുകയും ചെയ്തു. യുദ്ധത്തിൽ മുറിവേറ്റവരേയും കഷ്ടമനുഭവിച്ചവരേയും ശുശ്രൂഷിക്കുന്ന ഭാരമാണ് ഇന്ത്യ ഏറ്റതു. എല്ലാവരുടേയും ആദരവിനെയും കൃതജ്ഞതയേയും കവർന്നുകൊണ്ടു് ഇന്ത്യ ആ കൃത്യം സ്തുത്യർഹമായി നിർവഹിക്കുകയും ചെയ്തു. കൊറിയായിൽ സന്ധി കൈവരുത്തുവാൻ ഇന്ത്യ ചെയ്തശ്രമങ്ങളും സകലരുടേയും പ്രശംസയ്ക്കു പാത്രമായിട്ടുണ്ടു്. ഇന്ത്യയുടെ നിർദ്ദേശങ്ങളും നേരത്തെ സ്വീകരിക്കപ്പെട്ടില്ലെങ്കിലും, അവയേറ്റ വളരെ സാമ്യമുള്ള വ്യവസ്ഥകളും പ്രകാരമാണ് ഇപ്പോൾ സന്ധി നടപ്പിൽ വന്നിട്ടുള്ളതു്. ഇക്കാര്യത്തിൽ ഇന്ത്യ വഹിച്ച പങ്കിനെ മാനിച്ചായിരിക്കണം നിഷ്പക്ഷകമ്മിഷന്റെ അധ്യക്ഷപദം ഇന്ത്യയ്ക്കു നൽകപ്പെട്ടതു്.

റിയുടെ ഉദ്ദാരം യുദ്ധം നീട്ടിക്കൊണ്ടുപോകുമോ എന്ന ആശങ്കയ്ക്കുവഴിവച്ചിരുന്നു. സമാധാനം പരിരക്ഷിക്കേണ്ട ഇന്ത്യൻ സൈന്യം കൊറിയായിൽ ഇറങ്ങുവാൻ അനുവദിക്കുന്നതല്ലെന്നും അഭിപ്രായം ഭീഷണിമുഴക്കിയിരുന്നു. എന്നാൽ അമേരിക്കൻ പ്രസിഡന്റിന്റെ പ്രതിനിധി റംബർട്ട് സൺ നടത്തിയ തുടരെയുള്ള കൂടിയാലോചനകളുടേയും, അദ്ദേഹം നൽകിയ ഉറപ്പുകളുടേയും ഫലമായി ഈ സമാധാനത്തിനു സമ്മതിക്കുകതന്നെചെയ്തു. അതനുസരിച്ചു് സന്ധി ഒപ്പുവയ്ക്കപ്പെട്ടു. സൈന്യങ്ങൾ പിൻമാറിക്കൊണ്ടിരിക്കുന്നു. യുദ്ധരംഗം തികച്ചും ശാന്തമായിത്തീർന്നിരിക്കുന്നു.

* * *

കറാച്ചിയിലെത്തി പാകിസ്ഥാൻ പ്രധാനമന്ത്രി മഹമ്മദാലിയുമായി സംഭാഷണം നടത്തിവന്ന നെഹ്റു ന്യൂഡൽഹിയിൽ മടങ്ങിയെത്തിയിരിക്കുന്നു. സംഭാഷണം എതൃപ്തിപ്രദമായിരുന്നു എന്നു് രണ്ടു പ്രധാനമന്ത്രിമാരും പ്രസ്താവിച്ചിരിക്കുന്നു. പല പ്രധാനകാര്യങ്ങളെ സംബന്ധിച്ചും സംഭാഷണം നടത്തിയതിൽ തൃപ്തികരമായ പുരോഗതി ഉണ്ടായി എന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു. കാശ്മീർപ്രശ്നം സംഭാഷണത്തിൽ പ്രധാനമായിത്തന്നെ വിഷമംപിടിച്ചതാണെന്നു് ഇരുകൂട്ടരും സമ്മതിക്കുന്നുണ്ടു്. അതിനാൽ അക്കാര്യത്തിൽ പുരോഗതി ഉണ്ടായില്ലെങ്കിൽ അതിൽ അതിശയിക്കാനില്ല. രണ്ടുരാജ്യങ്ങളും തമ്മിൽ ഏറ്റവുമധികം വിഷമിപ്പിക്കുന്നതും ഭയശങ്കകളുളവാക്കുന്നതുമായ പ്രശ്നമാണിതു്. ഇതിനു പരിഹാരം കാണുവാൻ ഈ സന്ദർഭം പ്രയോജനപ്പെടുത്തണമെന്നതാണു് പ്രധാനം. നെഹ്റുവിനു കറാച്ചിയിൽ ലഭിച്ച സ്വീകരണം എത്രയും ഹൃദ്യവും ഹൃദയംഗമവും ആയിരുന്നു. അതു കെട്ടിച്ചമച്ച ഒന്നായിരുന്നില്ലെന്നും ഏതെയുപൂവിനു നൽകപ്പെട്ടതാണിതെന്നുവെന്നും നെഹ്റുതന്നെ പറഞ്ഞിട്ടുണ്ടു്. സെപ്റ്റംബർ മദ്ധ്യത്തോടെ ഈ പ്രധാനമന്ത്രിമാർ തമ്മിലുള്ള സംഭാഷണം തുടരുന്നതാണു്. ഇതിനുവേണ്ടി മഹമ്മദാലി കറാച്ചിയിൽ വന്നതായിരിക്കും. ഒരു വർഷത്തിനകം രണ്ടു രാജ്യങ്ങളും തമ്മിലുള്ള ഭിന്നതകളും അവസാനിക്കുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്.

* * *

കൽക്കട്ടയിലെ പത്രപ്രവർത്തകരുടെ മേൽ പോലീസ് നടത്തിയ മർദ്ദനത്തെ രാജ്യമൊക്കെ പ്രതിഷേധിക്കുകയുണ്ടായി. ഈ തെറ്റിൽ കല്പ്പിതശത്രുവെന്നു പശ്ചിമബംഗാൾ ശത്രുവെന്നും [illegible] പോലെ ഭേദം പ്രകടിപ്പിച്ചിട്ടുണ്ടു്. [illegible] പ്രസ്താവം സംഭവത്തെപ്പറ്റി [illegible] ഒരു ഹൈക്കോടതി [illegible] ജിയെ മൃതിപ്പെടുത്തിയിരിക്കയാണു്. കൽക്കട്ടയിലെ സ്ഥിതികളും ശാന്തമായിട്ടുണ്ടു്. ടാംചാങ്കൈ വദ്ധനവുപ്രശ്നം മദ്ധ്യസ്ഥതത്തിനുമാനത്തിനു വിട്ടു. അറസ്റ്റു ചെയ്യപ്പെട്ടിരുന്നവരെ ഒന്നായി മോചിപ്പിക്കുകയുംചെയ്തു.

* * *

തിരുകൊച്ചിയിലെ രാഷ്ട്രീയനിലയ്ക്കു ഒന്നിനൊന്നു അവ്യക്തമായിത്തീർന്നുകൊണ്ടിരിക്കുന്നു. തമിഴ്നാട്ടുകോൺഗ്രസ്സുമായുള്ള ബന്ധം തുടരണമോ വേണ്ടയോ എന്നു തീരുമാനിക്കുവാൻ വേണ്ടി പി. സി. സി. യുടേയും കോൺഗ്രസ് പാർലമെന്ററിപാർട്ടിയുടേയും ഒരു യോഗം 8-ാംതീയതി കൊല്ലത്തു വച്ചുകൂടുന്നുണ്ടു്. അതേഅവസരത്തിൽ തങ്കവും സ്വീകരിക്കേണ്ടനിലയെന്തെന്നതീരുമാനിക്കുവാൻ തമിഴ്നാട്ടുകോൺഗ്രസ്സു് 2-ാംതീയതിയും യോഗംകൂടുന്നുണ്ടു്.

* * *

ഇംഗ്ലണ്ടിൽ മാർഗരറ്റ് രാജകുമാരിയെ റീജൻസി കൗൺസിലിൽനിന്നുമാറ്റി പകരം എഡിൻബറോ പ്രഭുവിനെ നിയമിക്കുന്നതുള്ള ശ്രമങ്ങളും നടക്കുന്നു. രാജകുമാരിയും ഗ്രൂപ്പ് ക്യാപ്റ്റൻ ടൗൺസെൻഡുമായുള്ള വിവാഹബന്ധത്തിനു തടസ്സമുണ്ടാകാതിരിക്കുവാൻ വേണ്ടിയാണു് രാജ്ഞി ഈ വിധം ശ്രമംചെയ്തിട്ടുള്ളതു്.

* * *

റഷ്യയിൽ ചത്ത ഒരുപട്ടിയെ ജീവിപ്പിച്ചിരിക്കുന്നു. ചത്തുകഴിഞ്ഞു പത്തുമിനിട്ടിനുശേഷം അതിനെ ജീവിപ്പിക്കാനും നടത്താനും ശാസ്ത്രത്തിനു കഴിഞ്ഞു എന്നാണു് റിപ്പോർട്ടുചെയ്യുന്നതു്.

* * *

പെനിസിലിനേക്കാളും ശക്തിയേറിയ ഒരു ഔഷധം കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ബൈസിലിൻ എന്നാണു് ഇതിന്റെ പേരു്. പെനിൻസിലിനെക്കാളും കൂടുതൽകാലം കേടുകൂടാതെ സൂക്ഷിക്കുവാൻ കഴിയുമെന്നതാണു് ഇതിനുള്ള ഒരു പ്രത്യേകത.

ഭാഗങ്ങളെ തീരെ സ്പർശിക്കാതെ ഈ വിമർശം ദോഷൈകദൃശ്യമായി പ്പോയിയെന്ന ഒരു വലിയ ദോഷം ഇതിനെസംബന്ധിച്ചു് പറയേണ്ടതായുണ്ടു്. പാണ്ഡിത്യമായ വിമർശനം ആരോ എടുത്തുവിട്ടു എന്നതോന്നിക്കുംവിധമാണു് ഇതിലെ ദോഷസ്വഭാവം. മലയാളത്തിൽ ഇതേവരെ വന്നിട്ടുള്ള ശാകുന്തളവിവർത്തനങ്ങളെ മൂലഗ്രന്ഥവുമായി ഒട്ടിച്ചുനോക്കി സമഗ്രമായ പഠനമായിരുന്നെങ്കിൽ ലേഖകന്റെ അപവാദരഹിതകരണത്തിനും അധീതികൾക്കു സത്യംനിർണ്ണയത്തിനും അതു് അത്യന്തം ഉപകരിക്കുമായിരുന്നു.

—സി. എം. പി.

(2-ംപേജിൽനിന്നും തുടർച്ച)

ജാതിയുടെയും സാമ്പത്തികമായും അവശതയുള്ള കുടുംബത്തിൽ ജനിക്കുന്നവർ ഇന്നത്തെലോകത്തു് അഭിമുഖീകരിക്കേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളെ മുഴച്ചിയിൽ [illegible] ഇടയുപക്ഷേ ചി [illegible] ആദർശപ്രചാരണങ്ങളും [illegible] അസ്ഥാനത്തും [illegible] കേ [illegible] ളും സാമൂഹ്യനീതിയുടെ [illegible] അവരുടെ പ്രണയബന്ധത്തിനാധാരമായ പ്രതിബന്ധം സൃഷ്ടിക്കുന്നതും കഥയുടെ കൂടി ആവിഷ്കരിച്ചിട്ടുണ്ടു്. പക്ഷേ കഥയുടെ പല രംഗങ്ങളിലുമുള്ള ഹാസ്യരസവും വല്ലായ്മയും ചേരുമായ പെരുമാറ്റത്തേക്കേടുകളും [illegible] അശരണനും അനാഥനുമായ മുത്തു എന്ന കുട്ടിയും അയാളുടെ യജമാനൻ സുന്ദരംപിള്ളയുടെ പുത്രി സുന്ദരിയെ പ്രേമിച്ചു എന്ന മഹാപരാധത്തിനു് ഗ്രാമത്തിൽനിന്നു് ആട്ടിപ്പായിക്കുന്നതും. നിസ്സഹായനായ മുത്തു കോയമ്പത്തൂരിൽ എത്തിച്ചേരുന്നതും. അവിടത്തെ വൻകിട ട്രേഡ്സ്മെന്റു് ഉടമസ്ഥനായ ജന്മിയുടെകീഴിൽ മുത്തുവിനു് ഒരു ജോലിയും ലഭിച്ചു. ജന്മിക്കു് സുന്ദരിയായ സുശീല എന്നൊരു മകളുണ്ടായിരുന്നു. സുശീല മുത്തുവിനെ പ്രേമിക്കുവാനും ആരംഭിച്ചു. അധ്വാനശീലനും സ്ഥിരോത്സാഹിയുമായ മുത്തുവിന്റെ ശ്രമത്തിൽ ജന്മിയുടെ കാർഷികഭൂമിയിൽ അദ്ഭുതപൂർവ്വമായി വിളവുവർദ്ധിച്ചു. മുത്തു തെഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനു് സൃഷ്ടിമുഖമായ പ്രവർത്തനങ്ങളും ആരംഭിച്ചു. ആധുനികകൃഷിസമ്പ്രദായങ്ങളും സ്വീകരിച്ചു് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് കർഷകജനതയെ ഉത്ബോധിപ്പിച്ചു. സംഘടനയുടെയും സമരത്തിനുമെല്ലാം കളമൊരുക്കി. വിപ്ലവോൽസുകനായ മുത്തുവിന്റെപേരിൽ കള്ളക്കേസുണ്ടാക്കി പോലീസ് അറസ്റ്റുചെയ്തു. സുന്ദരംപിള്ളയുടെ മകനും സുന്ദരിയുടെ ഇടപെടൽമൂലം മുത്തു ജയിലിൽനിന്നു് മോചിപ്പിക്കപ്പെടുന്നു. സുശീല മുത്തുവിൽ [illegible] ദ്ധാനരക്തയായിരുന്നെങ്കിലും സുന്ദരിയുടെ ജീവിതസുഖത്തിനുവേണ്ടി അവരും ഒരു ത്യാഗിയായി വഴിമാറിക്കൊടുക്കുന്നു. മുത്തുവും സുന്ദരിയും തമ്മിലുള്ള വിവാഹം ആഘോഷപൂർവ്വം [illegible] പ്പെടുന്നു. കർഷകപ്രക്ഷോഭവും തെഴിലാളികളുടേയും [illegible] ക്കുമായി അവർ സേവനം തുടരുന്നു. ഇതത്രെ മുത്തുവിന്റെ കഥയുടെ രത്നച്ചുരുക്കം.

വിദഗ്ദ്ധനായ ഒരു സംവിധായകന്റെ കയ്യിൽ ഈ കഥ ലഭിച്ചിരുന്നുവെങ്കിൽ ചിത്രം ഒരു വിജയമായിത്തീരുമായിരുന്നു. പക്ഷേ കഥ വേണ്ടതരത്തിൽ വെള്ളിത്തിരയിലേക്കു് പകർത്തുന്നതിനു് ജോസഫ് പള്ളിപ്പാട്ടു് മിനക്കെട്ടിട്ടില്ല. മുത്തു അനാകർഷകവും നിർജ്ജീവവുമായി അനുഭവപ്പെടുന്നതിനുള്ള ഉത്തരവാദിത്വം വഹിക്കേണ്ടതു് ഡയറക്ടർമാത്രമാണെന്നുമല്ല. മി: ജോസഫിന്റെ സംവിധാനവൈദഗ്ദ്ധ്യം സുവ്യക്തമായിക്കാണാൻ [illegible] കഥാനായകനായ മുത്തുവിനെ [illegible] ധാരണാലോകത്തെങ്ങും കണ്ടെത്തുവാൻ കഴിയാത്ത ഒരു അത്ഭുതമനുഷ്യനായിട്ടാണു് കഥയിൽ അവതരിപ്പിച്ചിരിക്കുന്നതു്. രംഗങ്ങളും സ്ഥാപനങ്ങളും നിരവധി വർഷങ്ങളും കൊണ്ടു് സാധിക്കാത്ത മഹാൽകാര്യങ്ങളും ഒരു വ്യക്തിയായ മുത്തു ഞൊടിയിടകൊണ്ടു് സാധിക്കുന്നതു കാണുമ്പോൾ ആശ്ചര്യം അതിൽ അവിശ്വാസമെ ജനിക്കുകയൊള്ളൂ. നായകന്റെ പ്രണയപ്രശ്നം കൈകാര്യം ചെയ്തിരിക്കുന്നതും വിചിത്രമായരീതിയിലാണു്. മുത്തുവും സുന്ദരിയുമായി വിദ്യാന്തരക്തരായിരുന്നുവെന്നു് പ്രേക്ഷകർ സ്വയമേവ ധരിച്ചുകൊള്ളുമെന്നാണു് ഡയറക്ടരുടെ നിർബന്ധമെന്നു തോന്നുന്നു. മുത്തു അധഃസ്ഥിതനായിരുന്നുവെന്നും അതുകൊണ്ടു് സുന്ദരിയുടെ സമീപത്തിൽ എത്തിച്ചേരുവാൻ [illegible] ശ്രമിക്കുന്നതും സുന്ദരിയുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നതും. തെഴിലാളികളുടെ ഇടയിൽ [illegible] അതിനുവേണ്ടിയുള്ള ജാതിവ്യത്യാസത്തിന്റെ അസ്തിത്വത്തെക്കുറിച്ചു് ഉൽഘോഷിക്കുവാനും നായകൻ സുന്ദരിയുടെ മുൻപിൽ ദുർബ്ബലനും പരാധീനനുമായിട്ടാണു് നിലകൊള്ളുന്നതു്. സുശീല എന്ന പാത്രം കഥയിലെ ഒരധികപ്പറ്റാണു്. ത്രികോണപ്രേമം ഉണ്ടാക്കാൻവേണ്ടി മാത്രമാണു് ആ കഥാപാത്രത്തെ [illegible] ആവിഷ്കരിച്ചിരിക്കുന്നതെന്നും തോന്നിപ്പോകുന്നുണ്ടു്. മുപ്പിരിപ്രേമമില്ലെങ്കിൽ പ്രേമത്തിനു് വേണ്ടത്ര ജീവൻ ലഭിക്കുകയില്ലെന്നു് കഥാകൃത്തിനു് [illegible] തോന്നിയിരിക്കാം. സുന്ദരിയുടെ ഇളയമ്മയും അടുപ്പക്കാരിയായി, സുന്ദരംപിള്ളയുടെ [illegible] ലോഭനകമായ [illegible] പ്രദർശിപ്പിച്ചിരിക്കുന്നു. സുന്ദരിയുടെ വേലക്കാരി ആയ [illegible] ളവിനിന്നു [illegible] സുന്ദരിക്കു് "റിപ്പോർട്ടു്" നൽകുന്നതും മറ്റും തന്മയത്വമായി ആവിഷ്കരിച്ചിട്ടുമില്ല. കഥയിൽ അസംഭാവ്യതകളും യുക്തിഭംഗങ്ങളും [illegible] നരസിംഹഭാരതിയാണു് ഈ ചിത്രത്തിൽ മുത്തുവിന്റെ ഭാഗം അഭിനയിച്ചിരിക്കുന്നതു്. അഭിനയകലയിൽ കഴിവുള്ള ഒരു നടനാണു് നരസിംഹഭാരതി. പക്ഷേ വിരസമായ ഭീർഘിച്ചപ്രസംഗങ്ങളും ഉപേക്ഷിച്ചിരുന്നുവെങ്കിൽ ആനടൻ ഇതിലും കൂടുതൽ ശോഭിക്കുന്നതിനു് സാധ്യതകളുണ്ടായിരുന്നു. രേവതിയും (സുന്ദരി) ലക്ഷ്മിപ്രഭയും (സുശീല) തന്മയത്വമായി അഭിനയിച്ചു് പ്രേക്ഷകലോകത്തെ തൃപ്തിപ്പെടുത്തിയിട്ടില്ല. സുന്ദരംപിള്ളയുടെ ഭാഗം വി. കെ. രാമസ്വാമി പാത്രസ്വഭാവമനസരിച്ചു് അഭിനയിച്ചിട്ടുണ്ടു്. മറ്റുള്ള നടികളും അവരുടെകൃത്യം ചുമതലാബോധത്തോടെ നിർവ്വഹിച്ചിട്ടില്ല.

ശ്രീനിവാസന്റെ സംഭാഷണരചന നടകീയമായിട്ടുണ്ടു്. കഥാപാത്രങ്ങളിൽ [illegible] പലതും മൈതനപ്രസംഗികന്മാരെപ്പോലെയാണു് പ്രത്യക്ഷപ്പെടുന്നതു്. എസ്സ്. ജി. [illegible] യുടേയും, പി. കലിംഗരായുവിന്റേയും സംഗീതസംവിധാനം അനുമോദനാർഹമായിട്ടുണ്ടു്. ഛായാഗ്രഹണവും മെച്ചമാണു്. സൌണ്ടു് റിക്കാർഡിംഗും സാമാന്യം ഭേദമായിട്ടുണ്ടു്. പള്ളിപ്പാട്ടിന്റെ സംവിധാനം ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണു്. ആവശ്യമില്ലാത്ത രംഗങ്ങളും അടുക്കും ചിട്ടയുമില്ലാത്ത കഥാഗതി എന്നിവയുടെ സങ്കലനമാണു് മുയച്ചു്. സാധാരണക്കാരായ പ്രേക്ഷകരെ കബളിപ്പിച്ചു പണം വാരണമുള്ള സ്റ്റണ്ടുകളെല്ലാം ഈ ചിത്രത്തിൽ നിർമ്മാതാക്കൾ ചെലുത്തീട്ടുണ്ടു്. ആവശ്യത്തിൽ കവിഞ്ഞു് മുദ്രാവാക്യങ്ങളും മുഴക്കിയിട്ടുമുണ്ടു്. പക്ഷേ കാണികളെ മുഷിയിപ്പിക്കാതെ ഇരുത്തുവാനുള്ള സംഭവബഹുലമായ കഥയില്ലാത്തതാണു് മുയച്ചിയുടെ മറ്റൊരു ബലഹീനത. ചിത്രത്തിന്റെ ചില ഭാഗങ്ങളും "ഡോക്ടർ മെൻറാറി" ചിത്രങ്ങളെ അനുസ്മരിപ്പിക്കുന്നവയാണു്. നല്ലൊരു ഉദ്ദേശത്തിലാണു് ഈ ചിത്രം നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. പക്ഷേ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു് നിർമ്മാതാക്കൾക്കു് കഴിവില്ലാതെപോയി. തമിഴിലെ പരാജയപ്പെട്ട ചിത്രങ്ങളുടെ പടികവയ്പ്പിക്കുന്നതിനുമാത്രമെ മുയച്ചിയും പ്രയോജനപ്പെട്ടിട്ടൊള്ളൂ.

★

വാർത്തകൾ

എക്സൽ പ്രൊഡക്ഷൻസ് ആലപ്പുഴ ഉദയസ്റ്റുഡിയോയിൽ "അവൻ വരുന്നു" എന്ന പേരിൽ ഒരു പുതിയ മലയാളചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ബി. എസ്. സരോജ, പ്രേംനസീർ, തിക്കുറിശ്ശി എന്നിവരാണു് ഈ ചിത്രത്തിലെ പ്രധാനഭാഗങ്ങൾ അഭിനയിക്കുന്നതു്. എസ്. പി. പിള്ളയും മറ്റുപ്പനും ഫലിതനടന്മാരായി പ്രത്യക്ഷപ്പെടും. ഗാനരചന അഭയദേവു് നിർവ്വഹിക്കുന്നു. സംഗീതസംവിധാനം ദക്ഷിണാമൂർത്തി. ഡയറക്ടർ എം. ആർ. എസ്. മണിയാണു്. അക്ടോബർമാസത്തിൽ ചിത്രം റിലീസ്ചെയ്യുന്നതാണു്.

* * *

രാജ്കപൂർ നിർമ്മിക്കുന്ന "ആഹ്" എന്ന ചിത്രത്തിന്റെ തമിഴും തെലുങ്കും പതിപ്പുകളുടെ നിർമ്മാണം ഏതാണ്ടു് പൂർത്തിയാകാറായിരിക്കുന്നു. മദ്രാസിലെ ഭരണിസ്റ്റുഡിയോയിലാണു് ഡബ്ബിംഗ് ചെയ്തുകൊണ്ടിരിക്കുന്നതു്. തമിഴ്പതിപ്പിനു് രാജിനുവേണ്ടി ശ്രീ: വാസുവായും, നർഗീസിനുവേണ്ടി ശകുന്തളയും സംസാരിക്കുന്നതാണു്. ചിത്രത്തിന്റെ എഡിറ്റിംഗും ഡബ്ബിംഗും ജോലികളുടെ മേൽനോട്ടം വഹിച്ചുകൊണ്ടിരിക്കുന്നതു് എം. വി. രാമനാണു്.

* * *

ആലപ്പുഴ കെ. ഫിലിംസിന്റെ ശ്രീ: "ചാർ സൗബിസ്" എന്ന പുതിയ ചിത്രത്തിന്റെ നിർമ്മാണമാരംഭിച്ചു

7 നാൾക്കുള്ളിൽ

പ്രമേഹം

സുഖപ്പെട്ടു

മൂത്രത്തിലധികം പഞ്ചസാര പോകുന്നതിനാണു് പ്രമേഹ (Diabetes) മെന്നു പറയുന്നതു്. ഇതു ഒരു ഭയങ്കരവ്യാധിയാണു്. പ്രമേഹരോഗി അനുദിനം മരണത്തിലേയ്ക്കു നീങ്ങുന്നു. പ്രമേഹചികിത്സയ്ക്കു ഡാക്ടർമാർ വിധിച്ചിട്ടുള്ളതു് ഇൻസുലിൻ കുത്തിവെപ്പാണു്. ഈ കുത്തിവെപ്പുകൊണ്ടൊന്നും രോഗശമനമുണ്ടാകുന്നതല്ല. കുത്തിവെപ്പിന്റെ ശക്തിയുള്ള കാലത്തോളം പഞ്ചസാര തല്ക്കാലം ഇല്ലാതായി കാണാം.

അധികദാഹം, വിശപ്പു്, ഇടയ്ക്കിടെ മൂത്രം പോകുക (പഞ്ചസാരയോടുകൂടി,) ചൊറിയുക എന്നിവയാണു് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങളും. ഇതു കഠിനമായാൽ പ്രമേഹക്കുരു, വീക്കം, തിമിരം മുതലായ രോഗങ്ങളും ബാധിക്കുന്നു.

"വീനസ്സ് ചൂരം" ആധുനികശാസ്ത്രത്തിന്റെ ഒരത്ഭുത കണ്ടുപിടിത്തമാണു്. ഇതുപയോഗിച്ചു ആയിരമായിരം പ്രമേഹരോഗികളും മരണത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ടിട്ടുണ്ടു്. "വീനസ്സ് ചൂരം" രണ്ടുമൂന്നു ദിവസം ഉപയോഗിക്കുമ്പോഴേക്കുതന്നെ മൂത്രത്തിലെ പഞ്ചസാര കുറയുകയും ഇടയ്ക്കിടെ മൂത്രം ഒഴിയുന്നതു് നിൽക്കുകയും ചെയ്യുന്നു. മൂന്നാഴ്ചയിലധികം കൊണ്ടുതന്നെ പകുതി സുഖമായ അനുഭവം ഉണ്ടാകുന്നു. യാതൊരു ചൂടോ, പുഴുക്കമോ കുത്തിവെപ്പോ ആവശ്യമില്ല. കൂടുതൽവിവരത്തിനു് ഇംഗ്ലീഷ് ലഘുലേഖയ്ക്കു് ആവശ്യപ്പെടുക. 50 ഉളികയുള്ള കുപ്പിക്കു് വില 6 ക. 12 ണ. പാക്കിങ്ങുപോസ്റ്റേജ് സൌജന്യം.

Venus Research Laboratory,
P.B. No. 587, Calcutta, (MNW)

രിക്കുന്നു. അബ്ബാസാണ് ഈ ചിത്രത്തിന്റെയും കഥ എഴുതിയിരിക്കുന്നത്. രാജകപൂറും നാഗിസ്സുമായിരിക്കും പ്രധാനഭാഗങ്ങൾ അഭിനയിക്കുന്നത്. ഫോട്ടോഗ്രാഫി, സംവിധാനം, സംഗീതം തുടങ്ങിയ ജോലികളെല്ലാം നിർവ്വഹിക്കുന്നത് "അവാര"യുടെ ടീമായിരിക്കും.

* * *

വിനോദ് ഫിലിംസിന്റെ നേതൃത്വത്തിൽ ബോംബെ പ്രകാശ് സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന "നാഗപഞ്ചമി" ആഗസ്റ്റ് മാസത്തിൽ റിലീസ് ചെയ്യുന്നതാണ്.

* * *

സുപ്രസിദ്ധനടിയും നർത്തകിയുമായ സിത്താറാ തന്റെ പാർട്ടിയുമൊരുമിച്ച് കേരളത്തിലെത്തിയിട്ടുണ്ടെന്നും ആഫ്രിക്കയിലേയ്ക്കുപോകുന്നതിനുമുമ്പ് അവർ ഇവിടെ കലാപരിപാടികൾകൂടി നടത്തുന്നതാണെന്നും അറിയുന്നു.

* * *

ആർ. കെ. ഫിലിംസിന്റെ "ആഗ്" (ടെക്നിക്കളർചിത്രം)യുടെ പ്രാരംഭക്യൂട്ടിംഗ് നിർവ്വഹിച്ചുകഴിഞ്ഞു. ആദ്യമായി ക്യാമറയെ അഭിമുഖീകരിച്ചതു രാജ്കപൂറാണ്.

* * *

ബോംബെയിൽ പി. എൻ. ഫിലിംസ് നിർമ്മിക്കുന്ന "പ്രിസണർ ഓഫ് ഗോൽക്കൊണ്ട" (ഗോൽക്കൊണ്ടയിലെ തടവുകാരൻ) എന്ന ചിത്രത്തിൽ ഡാൻസുമാസ്റ്റർ ഗോപീകൃഷ്ണന്റെ കീഴിൽ പരിശീലനംസിദ്ധിച്ച ഇരുപതു ബാലികാബാലന്മാരടങ്ങിയ ഒരു ഗ്രൂപ്പിന്റെ കഥകളിനൃത്തം ഉൾപ്പെടുത്തുന്നതാണ്.

* * *

അവ്വയാറിന്റെ നിർമ്മാണം പൂർത്തിയായി. ആഗസ്റ്റ് പതിനഞ്ചാംതീയതി ചിത്രം തെൻഇന്ത്യയിലെ പ്രമുഖകേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്നതാണ്. കെ. ബി. സുന്ദരാംബാളാണ് അവ്വയാറായി ഈ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നത്.

* * *

"സ്റ്റാർസിസ്റ്റം" അവസാനിപ്പിക്കുവാൻ "ഇംവാ"(ഐ. എം. പി. എ) ഒരു പുതിയ നിയമം നടപ്പിൽവരുത്തിയിരിക്കുന്നു. ഒരേസമയത്തു് മൂന്നുചിത്രങ്ങളിലഭിനയിക്കുന്ന ഒരു താരത്തിനെ നാലാമത്തെ ചിത്രത്തിൽ അഭിനയിക്കുന്നതിനും തിരഞ്ഞെടുക്കരുതെന്നു്.

* * *

നവലോകംനിർമ്മിച്ച പേപ്പർ [illegible] പ്രൊഡക്ഷൻസ് മറ്റൊരു മലയാളചിത്രത്തിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കഥയും സംഭാഷണവും പൊൻകുന്നം വക്കിയുടേതു്. ഗാനങ്ങൾ ശ്രീ: പി. ഭാസ്കരൻ. സംഗീതസംവിധാനം ദക്ഷിണാമൂർത്തി. ഡയക്ടർ വി. കൃഷ്ണൻ. സ്റ്റുഡിയോ കോയമ്പത്തൂർ സെൻട്രൽ.

ആഴ്ചപ്പതിപ്പ്

അത്തൊപിക് ഫ്ലേഴ്സിന്റെ ഒരു ഉത്തമ സാമൂഹ്യചിത്രമായ "ശ്യാമചിത്രമായി" വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരു ഉത്തമമാർഗ്ഗദർശിയായിരുന്നുകൊണ്ടു് ചിത്രത്തെ ഒരുവർഷത്തേക്കു വിനോദനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

* * *

"കങ്കൺ" "ബന്ധൻ" "ജ്വാല" എന്നീ ചിത്രങ്ങളിൽ കാമുകീകാമുകരായി പ്രത്യക്ഷപ്പെട്ടിട്ടുള്ള ലീലാമിശ്രനും അശോക്കുമാറും വീണ്ടും [illegible] കുമാർപ്രൊഡക്ഷൻസിന്റെ "രിക്തരാ" എന്ന ചിത്രത്തിൽ കാമുകീകാമുകരായി അഭിനയിക്കുന്നു.

* * *

സംഗീതപ്രൊഡക്ഷൻസിന്റെ "ശബാബു" എന്ന ചിത്രത്തിന്റെ നിർമ്മാണം ധൃതഗതിയിൽ പുരോഗമിക്കുന്നു. ഈ ഹിന്ദിചിത്രത്തിന്റെ കഥയും സംഭാഷണവും അസംബസിദ്ധപുരിയാണു രചിച്ചിരിക്കുന്നതു്. ഗാനങ്ങളും ശകീൽബദായുനി. സംഗീതം നൗഷദ്. സംവിധാനം സുഭിക്കു. താരങ്ങൾ; ഭരത് ഭ്രിക്ഷണൻ, യശോധരാകട്ജൂ, വാസ്തി, ബദ്രീപ്രസാദ്, ശങ്കുമാർ, അമീർബാൻ, അബ്ബാസ്, എസ്. നസീർ തുടങ്ങിയവർ.

* * *

മിസ്സിസ് ദുർഗ്ഗാഭായിദേശ്മുഖിനെ പകരം മിസ്സിസ് വൈലാറ് അവരെ കേന്ദ്രസെൻസർബോർഡിലെ ഒരംഗമായി നോമിനേറ്റുചെയ്തിരിക്കുന്നു.

★

രജി: നമ്പർ: 1905. കമ്പി: 'Republic'

ആഗസ്റ്റ് 15 സംബന്ധമായ സംഭവന.

വൻപിച്ചസമ്മാനങ്ങൾ

നിങ്ങളും നേടുക.


എല്ലാം സമ്മാനങ്ങളും ഉത്തരവാദമുള്ളതു്

എല്ലാം ശരിയായ ഓരോ ഉത്തരത്തിനും

ആദ്യരണ്ടുവരി ശരിയായ [illegible] ഉത്തരത്തിന

[illegible] ശരിയായ [illegible] ഉത്തരത

രണ്ടാമത്തെ രണ്ടക്കം ശരിയായ ഒരു [illegible]



3 മുതൽ 18 [illegible]
നേരെയും [illegible]
യാൽ ആ[illegible]
ങ്കുക. ഒ[illegible]
അവ[illegible]
ഉത്തരം പ്രസി[illegible]
ഉത്തരത[illegible]
ങ്ങിയ ഒരു സൊറിസ് തു 6/- മാ[illegible]

കഴിഞ്ഞ ശരിഉത്തരം 38.

4	8	11	15
17	13	2	6
3	7	16	12
14	10	9	5

നേരുടേതു് അവസാനമു[illegible]
ഉത്തരവും തു[illegible]

LIBERTY
P. B. 8[illegible]

H. O. തൊടുപുഴ ഫോൺനമ്പർ 36.

നിങ്ങളുടെ ആ[illegible]

വർദ്ധിച്ചു് യൌവനം നിലനിൽക്കുന്നതിനു് സഹായി[illegible]
ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേ[illegible]


ധന്വന്തരി[illegible]

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗി[illegible]
രോഗങ്ങളും ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ള[illegible]
ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്ര[illegible]
എല്ലാം ബ്രാഞ്ചുകളിലും ഹൈഡ്രാഫീസിലും എപ്പോഴും

ധന്വന്തരിവൈദ്യശാല, H. [illegible]

1. [illegible]പ്പുഴ	10. ക്രുത്തട്ടുകുളം	19. [illegible]
2. ആലുവാ	11. കൊട്ടാരക്കര	20. [illegible]
3. ആറിങ്ങൽ	12. കൊച്ചി	21. [illegible]
4. ഇടപ്പള്ളി	13. കൊല്ലം	22. [illegible]
5. ഈരാറ്റുപേട്ട	14. കോതമംഗലം	23. [illegible]
6. എറണാകുളം	15. കോഴിക്കോട്	24. [illegible]
7. കായംകുളം	16. കോട്ടയം	25. [illegible]
8. കാഞ്ഞിരപ്പള്ളി	17. ചങ്ങനാശ്ശേരി	26. [illegible]
9. കിളിമാനൂർ	18. ചേർത്തല	

LG/G/2



ഒരുപോലെ സമ്മതിക്കുന്ന . . .

വലിയ ശിശു ഭക്ഷണ വിദഗ്ധരായ നെസ്ലിൽസ്
ാഷണത്തിനായി പ്രത്യേകം ഉണ്ടാക്കപ്പെട്ട ലാക്ട
ഷ്ടപ്പെടുന്നു അമ്മ ഇതു് ഇഷ്ടപ്പെടുന്നു, എന്തു
രോഗ്യത്തിന് ആവശ്യമായ പോഷകാംശങ്ങൾ
ിറാമിനും ഇരുമ്പുസത്തും ചേർന്നതുമായ ഒരു

ാമിൻ 'എ', ബലമുള്ള അസ്ഥികൾക്കും ശോഭ
ിൻ 'ഡി'. വിളർച്ചയിൽനിന്ന് എന്നെ തടയുന്ന

കാരണം ഇതു് നല്ല രുചിയുള്ളതും ഒരിക്കലും
ാണ്. എനിക്ക് വിശക്കുമ്പോൾ കാത്തിരുന്ന
പ്രയാസം കൂടാതെയും ഇതു് ഉണ്ടാക്കാവുന്ന
സ്നഹിതന്മാരും ലാക്ടജൻ കൂട്ടത്തിൽ ഇഷ്ടപ്പെ
ട അമ്മമാരും അതുതന്നെ പറയുന്നു! നീ



CTOGEN

"ശിശുക്കൾക്ക്
ഉത്തമമായ പാൽ"

ം വായി
പുണിൽ

പേര്

. Chandrasekharan Nair at the Sree Rama Vilas Press, Quilon.